# ഇബ്നു ബത്തൂത്തയുടെ കള്ളക്കഥകൾ

ഡോ: സി.കെ. കരീം

വിചാരം ബുക്സ്

ഐ.പി.എച്ച്. ടവർ
പോസ്റ്റോഫീസ് റോഡ്, തൃശൂർ-1
ഫോൺ: 0487-2426476, 9847367074

**Ibn-Battuthayude Kallakkathakal**
(Malayalam)

Author:
**C.K. Kareem**

**Rights Reserved**

First Published : 2013

Cover & Layout : **Mahin**
Printed at: color image, clt

9789351049494 00100

Publishers & Distributors
**VICHARAM BOOKS**
I.P.H Tower, P.O Road, Thrissur-680 001

Rs. **100.00**

അകാലത്തിലണഞ്ഞുപോയ
എന്റെ  സഹോദരിമാർക്ക്

# പ്രസാധകവിചാരം

ഇന്ത്യയെ ലോകത്തിനു പരിചയപ്പെടുത്തിയത് മുസ്‌ലിം സഞ്ചാരി കളായിരുന്നു. അവർ ലോകമെമ്പാടും സഞ്ചരിച്ചു. പഠിച്ചും പഠിച്ചത് പ റഞ്ഞുകൊടുത്തും നയതന്ത്ര പ്രതിനിധികളായുമൊക്കെ അവർ ലോ കം ചുറ്റി. തീർഥാടകന്റെ വിശുദ്ധിയോടെയാണ് അവർ ലോകം ചുറ്റിയ ത്. അവരിൽ നിന്നൊക്കെ ഭിന്നനായിരുന്നു മറ്റൊരു അറബി സഞ്ചാരി യായിരുന്ന ഇബ്നു ബത്തൂത്ത. സുഖലോലുപത മാത്രം കൈമുതലാ ക്കി യാത്ര തിരിക്കുകയും അസത്യങ്ങളും അർധ സത്യങ്ങളും കൂട്ടി ക്കുഴച്ച് തന്റെ യാത്രാവിവരണം രചിക്കുകയും ചെയ്തു ബത്തൂത്ത. പ ക്ഷെ, ഇന്ത്യയിലെ ചരിത്ര വിദ്യാർഥികളെ സംബന്ധിച്ചേടത്തോളം ഏ റ്റവും ആധികാരിക ചരിത്രകാരനാണ് ബത്തൂത്ത. ബത്തൂത്തയുടെ യാ ത്രാ വിവരണത്തിലെ അസത്യങ്ങളും അർധസത്യങ്ങളെയും അക്കാല ത്തെ പ്രമുഖരായ ചരിത്രകാരന്മാരുടെ രചനകളിലൂടെ വിമർശന വി ധേയമാക്കുകയാണ് പ്രമുഖ ചരിത്രകാരനായ സികെ.കരീം.

ഇബ്നു ബത്തൂത്ത ഒരു തീർഥാടകനോ പുണ്യാത്മാവോ ആയിരു ന്നില്ല. സുഖം തേടിതടന്ന ഒരു സഞ്ചാരി മാത്രമായിരുന്നു എന്ന് ഈ കൃതി നമ്മെ ബോധ്യപ്പെടുത്തുന്നു. ചരിത്രരചനയിൽ സംഭവിച്ച ദൗർ ഭാഗ്യകരമായ ഒരു ദുരന്തമാണ് ബത്തൂത്തയുടെ സഞ്ചാര വിവരണം. എപ്പോഴുമല്ലെങ്കിലും പലപ്പോഴും ഇബ്നു ബത്തൂത്ത പറഞ്ഞതിനു നേ രെ വിപരീതമായിരുന്നു സത്യം. ഇതിനുദാഹരണമാണ് മുഹമ്മദ് ബിൻ തുഗ്ലക്കിനെ സംബന്ധിച്ച് ഇബ്നു ബത്തൂത്ത കെട്ടിച്ചമച്ച കള്ളക്കഥ കൾ. ഈ കള്ളക്കഥകളിൽ നിന്നാണ് മഹാനായ ഒരു ഭരണാധികാരി യെ വിഡ്ഢിയും വിവേകശൂന്യനുമായി വെള്ളക്കാരൻ വരച്ചെടുത്തത്.

ഇബ്നുബത്തൂത്തയുടെ പേരിൽ സത്യവും അർദ്ധസത്യവും പച്ച ക്കള്ളവും ഭാവനകളും കൂട്ടിക്കുഴച്ചു പലരിൽ നിന്നുമായി കേട്ട കെട്ടു കഥകളിൽ ചാലിച്ചു തൊടുത്തുവിട്ട ചരിത്രവങ്കത്തത്തെ വളമാക്കി നൂ റ്റാണ്ടുകൾകൊണ്ടു പണിതീർത്ത ഒരു അയഥാർഥ ചരിത്ര സൗധം,

അഥവാ, ചരിത്രത്തിന്റെ അരക്കില്ലത്തെ സൂക്ഷ്മപരിശോധന നടത്തി ഭസ്മീകരിക്കുകയാണ് തന്റെ അനുഗൃഹീത തൂലികയിലൂടെ ഡോ. സി. കെ കരീം ചെയ്തിരിക്കുന്നത്.

ഭാവി ചരിത്രകാരന്മാർക്കു കൂടി നേർവഴികാട്ടുന്ന ചരിത്രത്തിലെ ഈ വഴിത്തിരിവ് വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകരുതെന്നു ഞങ്ങൾക്കു നിർബന്ധമുണ്ട്. ആ നിർബന്ധം പ്രിയ വായനക്കാർക്കുമുണ്ടാകട്ടെ. അങ്ങനെ ഏതു ചരിത്രത്തിനും ഒരു മറുവശമുണ്ടെന്നും ചരിത്രത്തിന്റെ മറുവായന കൂടാതെ ചരിത്രപഠനം പൂർത്തിയാവില്ലെന്നും ഭാവി ചരിത്രവിദ്യാർഥികളും ചരിത്രവുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതികൾ തയ്യാറാക്കുന്നവരും മനസ്സിലാക്കിയാൽ ഈ കൃതിയുടെ കർത്താവിനെപ്പോലെ പ്രസാധകരും കൃതാർഥരായി.

**പ്രസാധകർ**

# ഉള്ളടക്കം

ഒന്നാം പതിപ്പിലെ പ്രസ്താവന ........................................................ 9

രണ്ടാം പതിപ്പിലെ പ്രസ്താവന ...................................................... 10

1. ഇബ്നു ബത്തൂത്തയുടെ പുസ്തകം ........................................ 11
2. സഞ്ചാരിയായ ബത്തൂത്ത ........................................................... 23
3. സഞ്ചാരം സഞ്ചാരത്തിനുവേണ്ടി. ............................................ 32
4. മുസ്ലിം രാഷ്ട്രങ്ങളിലെ സ്ഥിതി. ............................................... 42
5. സാമൂഹ്യ വൈകൃതങ്ങൾ ............................................................ 48
6. ബത്തൂത്തയും തുഗ്ലക്ക് മുഹമ്മദും. ............................................ 59
7. കുറ്റകരമായ ആരോപണങ്ങൾ. .................................................. 67
8. തലസ്ഥാന മാറ്റകാര്യം-ഊക്കൻ നുണ. .................................. 78
9. ചൈനീസ് ആക്രമണവും ചരിത്രവങ്കത്തം തന്നെ ............... 92
10. മുഹമ്മദ് തുഗ്ലക്കിന്റെ രക്തദാഹം ............................................ 98

അനുബന്ധം-ബത്തൂത്തയുടെ സ്ത്രീണാഞ്ചചിത്തം ......... 121

## ഡോ: സി.കെ. കരീമിന്റെ കൃതികൾ

- ഇന്ത്യാചരിത്രത്തിന് ഒരു മുഖവുര
- ചരിത്രത്തിലെ ഗുണപാഠങ്ങൾ
- മുഹമ്മദ് തുഗ്ലക്ക്-ഒരു പഠനം
- ഇബ്നു ബത്തൂത്തയുടെ കള്ളക്കഥകൾ
- കേരള ചരിത്രവിചാരം
- ഫ്രാൻസ്
- തിരുവിതാംകൂർ ചരിത്രം (തർജ്ജിമ)
- ചരിത്രസംവേദനം
- Kerala under Haidar Ali and Tipu Sultan
- What Happened in Indian History
- Kerala and her culture-An introduction
- Indian History Part I and II

# ഒന്നാം പതിപ്പിലെ പ്രസ്താവന

ഇബ്നു ബത്തൂത്ത എന്ന വിശ്വപ്രശസ്തനായ സഞ്ചാരി ഇന്ത്യാചരിത്ര വിദ്യാർഥികൾക്ക് സുപരിചിതനാണ്. അദ്ദേഹത്തിന്റെ യാത്രാവിവരങ്ങളും ചരിത്രാംശങ്ങൾ കലർന്ന പ്രതിപാദനങ്ങളും ഇന്ത്യാ ചരിത്രപഠനത്തിൽ ഒഴിച്ചുകൂട്ടാനാവാത്ത വിഷയമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. മലയാളത്തിൽ പോലും ബത്തൂത്തയുടെ സഞ്ചാരകഥ കുറെയൊക്കെ വിവർത്തനം ചെയ്തിട്ടുണ്ട്. എന്നാൽ ഇബ്നു ബത്തൂത്ത ആരായിരുന്നു? അദ്ദേഹത്തിന്റെ രാഷ്ട്രീയ മതവീക്ഷണങ്ങളെന്തൊക്കെ? അദ്ദേഹം ജീവിച്ച ആ കാലഘട്ടത്തിന്റെ സ്വഭാവ വിശേഷങ്ങളെന്തൊക്കെ? ബത്തൂത്ത തന്റെ പുസ്തകങ്ങൾ എഴുതുവാനുണ്ടായ സാഹചര്യങ്ങളേവ? ബത്തൂത്തയുടെ സഞ്ചാരവൃത്താന്തം എത്രമാത്രം ചരിത്രപഠനത്തിന് ഉപയോഗപ്പെടുത്താം? ഇത്തരം കാര്യങ്ങൾ ചരിത്രദൃഷ്ട്യാ ഇതുവരെ അപഗ്രഥന വിധേയമാക്കിയിട്ടില്ല. തന്മൂലം ഇന്ത്യാ ചരിത്രത്തിൽ നിരവധി കള്ളക്കഥകൾ കടന്നുകൂടിയിരിക്കുന്നു. ഇവയുടെ ചരിത്ര യാഥാർഥ്യങ്ങൾ വിശകലനം ചെയ്യുകയാണ് ഞാൻ ചെയ്തിട്ടുള്ളത്.

ചരിത്ര വിദ്യാർഥികൾ ഇന്ത്യാചരിത്രം പഠിക്കുന്നതുകൊണ്ടു മാത്രം വഴി പിഴച്ചുപോകുന്ന ഒരത്ഭുത സ്ഥിതിവിശേഷമാണ് നമുക്കുള്ളത്. ചരിത്രത്തിനു സാധിക്കുന്ന മഹത്കൃത്യങ്ങൾ ഇന്ത്യാചരിത്രത്തിന്റെ ഇന്നത്തെ സംവിധാനം മൂലം നിർവഹിക്കൽ അസാധ്യമാണ്. അതിനുകാരണം ഇന്ത്യാചരിത്രം ആദ്യമായി ക്രോഡീകരിച്ച ഇംഗ്ലീഷ് എഴുത്തുകാരുടെ ദുരുദ്ദേശ്യമായിരുന്നു. അതു മനസ്സിലാക്കി വിവേചനപൂർവം കാര്യങ്ങളെ കാണേണ്ടമാതിരി കണ്ടാൽ മാത്രമേ നമുക്ക് ചരിത്ര പ്രതിപാദനം യഥാർഥമാക്കുവാനൊക്കൂ. ഒറ്റയൊറ്റയായ അത്തരം പരിശ്രമങ്ങളിൽപെട്ട ഒരെളിയ സംരംഭമാണ് ഞാൻ നടത്തിയിട്ടുള്ളത്. സഹൃദയരുടെയും ചരിത്ര ജിജ്ഞാസുക്കളുടെയും മുമ്പിൽ ഞാനിതവതരിപ്പിക്കുകയാണ്.

തിരുവനന്തപുരം

15–2–1967

**സി. കെ. കരീം**

# രണ്ടാം പതിപ്പിലെ പ്രസ്താവന

ഈ പുസ്തകം വിറ്റഴിഞ്ഞിട്ട് വളരെ നാളുകളായി. എങ്കിലും ഇത് പുനഃപ്രകാശനം നടത്തുവാൻ ഇപ്പോൾ മാത്രമാണവസരം കിട്ടിയത്. ഇതിന്റെ പ്രതിപാദനത്തിൽ ആദ്യപതിപ്പിൽ നിന്നും കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെങ്കിലും ഭാഷാപരമായ തെറ്റുകൾ പലതും തിരുത്തുവാനുള്ള ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ പ്രൊഫ. നളിനകുമാരിയുടെ സഹായം ഞാൻ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു.

പുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് കേരള സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിരുന്നു. നന്ദിയോടുകൂടി ഞാൻ അതിവിടെ സ്മരിച്ചുകൊള്ളട്ടെ. ഈ പതിപ്പിന്റെ അച്ചടി നിർവഹിച്ചുതന്ന അനുപമ പ്രസ്സ് ഭാരവാഹികളോട് ഞാൻ കൃതജ്ഞനാണ്. ചരിത്രകുതുകികളും ജിജ്ഞാസുക്കളുമായ സഹൃദയസമക്ഷം ഞാനീപുസ്തകം അവതരിപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം **ഡോ. സി.കെ. കരീം**

1–5–1980 ചരിത്രം പബ്ലിക്കേഷൻസ്

# 1

# ഇബ്നു ബത്തൂത്തയുടെ പുസ്തകം

അറുന്നൂറ് സംവത്സരങ്ങൾക്കു മുമ്പ് സാഹസികനായ ഒരു സഞ്ചാരി മൊറോക്കോവിൽ ടാൻജിയർ എന്ന നഗരത്തിൽ നിന്നും ഇറങ്ങിത്തിരിച്ചു. അദ്ദേഹത്തിന് ഇരുപത്തൊന്ന് വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. കൃത്യമായി പറഞ്ഞാൽ 1325 ജൂൺ 14-ാം തീയതി വ്യാഴാഴ്ചയാണ് ഈ സഞ്ചാരിയുടെ ക്ലേശകരമായ യാത്ര ആരംഭിക്കുന്നത്. മക്കയിലെത്തി, പുണ്യകർമം ചെയ്ത് മടങ്ങുകയെന്നതിൽ കവിഞ്ഞ് മറ്റൊരാഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പക്ഷേ, രണ്ടു വ്യാഴവട്ടത്തിലധികം നീണ്ടുനിന്ന ഈ സഞ്ചാരം മധ്യകാലഘട്ടത്തിൽ അറിയപ്പെടുന്നതിൽ വെച്ച് ഏറ്റവും ദീർഘവും വിസ്മയജനകവുമായിരുന്നു. ആധുനിക ചരിത്രവിദ്യാർഥികളെ സംബന്ധിച്ചേടത്തോളം കൗതുകകരമായ പല സംഗതികളും വെളിച്ചത്തുകൊണ്ടുവന്നു എന്നതിനാൽ ഇബ്നുബത്തൂത്തയുടെ യാത്ര വളരെ വിലപ്പെട്ടതാണ്. ഒരു കാര്യം തീർച്ചയാണ്; തങ്ങളുടെ അരമനയിൽ അഭയം തേടുകയും ആതിഥേയത്വം അനുസ്യൂതം അനുഭവിക്കുകയും ചെയ്ത, അനാകർഷകമായ ആകാരത്തോടുകൂടിയ, ഈ മൊറോക്കോക്കാരന്റെ വിവരണമായിരിക്കും, തങ്ങളെക്കുറിച്ച് വരും തലമുറയ്ക്ക് വിധിയെഴുതാൻ ആധാരമായിത്തീരുകയെന്ന് അവരാരും അന്ന് ഓർത്തിരിക്കുകയില്ല. എങ്കിൽ അവർ കുറേക്കൂടി ബോധപൂർവമേ ഇദ്ദേഹത്തോട് പെരുമാറുമായിരുന്നുള്ളു. 1304 ഫെബ്രുവരി 24-ാം തീയതി ടാൻജിയറിൽ ജനിച്ച് 1368-ൽ മൊറോക്കോയിൽ വെച്ച് മരണമടഞ്ഞ ആ സഞ്ചാരി, ഇബ്നു ബത്തൂത്ത എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന അബു അബ്ദുല്ലാ മുഹമ്മദ് എന്ന സാഹസികനാണ്. ബത്തൂത്ത എന്നത് കുടുംബപേരായിരുന്നു. ഈ പേരിൽ അറിയപ്പെടുന്ന കുടുംബാംഗങ്ങൾ ഇന്നും മൊറോക്കോവിലുണ്ട്.

ഇന്ത്യൻ വിദ്യാർഥികളെ സംബന്ധിച്ചേടത്തോളം ഇബ്നു ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പ് പ്രകടമായ പല അബദ്ധധാരണകൾക്കും

ഇടം കൊടുത്തിട്ടുള്ളതാണ്. ഒട്ടു വളരെ കാര്യങ്ങൾ നമുക്ക് ബത്തൂത്തയുടെ വിവരണത്തിൽ നിന്നും ലഭിക്കുന്നുവെന്നത് സന്തോഷകരമാണെങ്കിലും, ചരിത്രപഠനത്തിൽ നിരവധി കീറാമുട്ടികൾകൂടി ഇതുമൂലം കടന്നുവന്നിട്ടുണ്ട്. തന്മൂലം ബത്തൂത്തയുടെ യാത്രാവിവരണം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുമുമ്പു തന്നെ ആവശ്യമായ പരാമർശം തൽകർത്താവിനെക്കുറിച്ചു ചെയ്യേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഗുണത്തേക്കാൾ ദ്രോഹമായിരിക്കും ഇന്ത്യാ ചരിത്ര വിദ്യാർഥികളോടു ചെയ്യുന്നത്. ഇബ്നു ബത്തൂത്തയുടെ യാത്രയുടെ ആന്തരികോദ്ദേശവും, അദ്ദേഹത്തിന്റെ മത-സാമൂഹിക വീക്ഷണങ്ങളും നിശ്ചയമായും പഠന വിധേയമാക്കേണ്ടതുണ്ട്. അതു പോലെ തന്നെ ബത്തൂത്ത ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ലെങ്കിൽ ഇബ്നു ബത്തൂത്തയുടെ ആശയ വിശദീകരണം ഉപയോഗപ്രദമാകുകയുമില്ല. 14-ാം നൂറ്റാണ്ടിലെ ഇന്ത്യൻ രാജാക്കന്മാരെ കുറിച്ചു ബത്തൂത്ത എഴുതിയിട്ടുണ്ട്. ഈ രാജ്യത്ത് അദ്ദേഹം കണ്ടതും പലരിൽ നിന്നും അറിഞ്ഞതുമായ പല സംഗതികളും സുദീർഘമായി ഈ സഞ്ചാരി പ്രസ്താവിച്ചിരിക്കുന്നു. പ്രത്യേകിച്ചും കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സമ്പ്രദായങ്ങളെ കുറിച്ചുള്ള ഇബ്നു ബത്തൂത്തയുടെ വിവരണം ചരിത്രമില്ലാത്ത ഈ നാട്ടിൽ വളരെ പ്രയോജനകരവുമാണ്. എന്നാൽ, ഇന്ത്യയിൽ ഏതൊരു ചക്രവർത്തിയുടെ ഔദാര്യത്തിലാണോ അദ്ദേഹം സുദീർഘമായ എട്ടുകൊല്ലം കഴിഞ്ഞത്, ആ ചക്രവർത്തിയെ കുറിച്ചുള്ള ഇബ്നുബത്തൂത്തയുടെ പരാമർശങ്ങളാണ് ഏറ്റവും പക്ഷപാതപരമായിപ്പോയത്. തന്റെ വിവരണമായിരിക്കും ആ ഇന്ത്യൻ ചക്രവർത്തിയെക്കുറിച്ചുള്ള ആധികാരികരേഖയെന്ന് അദ്ദേഹം ഒരിക്കലും ധരിച്ചിരിക്കാനുമിടയില്ല. ഇന്ത്യാ ചരിത്ര സംവിധാനത്തിൽ ബ്രിട്ടീഷ് ചരിത്രകാരന് ഏറ്റവും പ്രിയങ്കരമായി എടുത്തു പെരുമാറാൻ പറ്റിയ ഉപകരണമായി താൻ തീരുമെന്ന് ബത്തൂത്ത സ്വപ്നത്തിൽപോലും വിചാരിച്ചിരിക്കുകയുമില്ല. തന്റെ കേൾവിക്കാരുടെ ആസ്വാദനത്തിന് അനുയോജ്യമാംവിധം അദ്ദേഹം കണ്ടതും കേട്ടതും കൂട്ടിക്കലർത്തി, അതിശയോക്തിയുടെ ആവരണമിട്ടവതരിപ്പിച്ചെന്നുമാത്രം. വളരെയേറെ അബദ്ധങ്ങളും പച്ചക്കള്ളങ്ങളും സാഹസികനായ ഏതൊരു സഞ്ചാരിയും അനുവർത്തിക്കാറുള്ളതുമാതിരി അദ്ദേഹവും തട്ടിവിട്ടു. തന്റെ കേൾവിക്കാരെ രസിപ്പിക്കുകയെന്നതിൽ കവിഞ്ഞ് ഒരുന്നവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. സുദീർഘമായ ഇരുപത്തൊമ്പത് കൊല്ലത്തെ യാത്രാനുഭവം എന്തുമാത്രം അനുഭവാനുഭൂതികൾ അദ്ദേഹത്തിലുണ്ടായിരിക്കാമെന്നതിൽ ആർക്കും സംശയത്തിന് ഇടമില്ല. പല രാജ്യങ്ങളും, പല ഭാഷാഭൂഷാദികളും, സാമൂഹികസമ്പ്രദായങ്ങളും, ആചാരമര്യാദകളും കണ്ടും കേട്ടും അനുഭവിച്ചറിയുന്ന ജിജ്ഞാസുവാ

യ ഒരു സത്യാന്വേഷകൻ, അമൂല്യമായ സമ്പത്താണ് ഈ അനുഭവജ്ഞാനം സംഭാവന നല്കുക. പക്ഷേ, ബത്തൂത്തയുടെ കാര്യത്തിൽ അത്രമാത്രം ഗുണകരമായിരുന്നുവോ ഈ മുപ്പതു കൊല്ലത്തോളമുള്ള അദ്ദേഹത്തിന്റെ സഞ്ചാരം എന്നു സംശയിക്കേണ്ടതുണ്ട്.

ബത്തൂത്തയ്ക്കുമുമ്പും അറബിലോകം നിരവധി ഭൂമി ശാസ്ത്രജ്ഞന്മാരെയും ചരിത്രകാരന്മാരെയും സഞ്ചാരകുതുകികളെയും ലോകത്തിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. അവരിലധികവും അനർഘമായ മുതൽക്കൂട്ടാണ് ചരിത്ര ശാസ്ത്ര ശാഖകൾക്കു നല്കിയിട്ടുള്ളത്. സുലൈമാനെപ്പോലെയോ, അൽബിറൂനിയെപ്പോലെയോ ഏതെങ്കിലും ചക്രവർത്തിയുടെ പ്രതിപുരുഷനായിട്ടോ, സന്തത സഹചാരിയായിട്ടോ ഒക്കെയാണ് അവരിലധികപേരും ഇവിടെ വന്നിട്ടുള്ളത്. തന്റെ പ്രതിപുരുഷനായി അയക്കുന്ന ആൾ പണ്ഡിതനും യോഗ്യനുമായിരിക്കുക എന്ന പ്രാഥമികനയം രാജാക്കന്മാർ എന്തിനെക്കാളും വിലമതിച്ചിരുന്നതുകൊണ്ടാണ് ഈ പണ്ഡിതന്മാരുടെ ചേതനാവിലാസവും വിജ്ഞാനതൃഷ്ണയും വിലമതിക്കാനൊക്കാത്ത വിഭവങ്ങൾ വിജ്ഞാനഭണ്ഡാഗാരത്തിലേക്കു വിളമ്പിക്കൊടുത്തത്. അതുകൊണ്ടുതന്നെയാണ് ഇന്ത്യാചരിത്രരചനയ്ക്കൊരുങ്ങിയ ഇംഗ്ലീഷുകാർ ഈ രേഖകളെ ആവതും തേടിപ്പിടിക്കുവാനായാസപ്പെട്ടതും, തന്മൂലം ശ്രമകരമായ ചരിത്രരചന കുറെയൊക്കെ അനായാസമായിത്തീർന്നതും. എന്നാലും ഇനിയും എത്രയോ അധികം വിലപ്പെട്ട ശേഖരങ്ങൾ അറബി, തുർക്കി, പേർഷ്യൻ മുതലായ ഭാഷകളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നുണ്ട്. പരിശ്രമികളായ ഗവേഷകരുടെ ശ്രദ്ധയുംകാത്ത് അവ വിശ്രമം കൊള്ളുകയാണ്. മധ്യകാല ഇന്ത്യാചരിത്രം പുനഃസംവിധാനം നടത്തുമ്പോൾ ഇനിയും ഇന്ത്യൻ ഭാഷകളിലേക്കു വെളിച്ചം കണ്ടിട്ടില്ലാത്ത ധാരാളം പ്രസിദ്ധീകരണങ്ങൾ തേടിപ്പിടിച്ചു വിവർത്തനം ചെയ്തെടുക്കേണ്ടതായുണ്ട്. എന്നാൽ മാത്രമേ യഥാർഥമായ ഒരു വിവരണം സാധ്യമാകുകയുള്ളു. അതേ സന്ദർഭത്തിൽ പലതിന്റേയും നെല്ലും പതിരും തരംതിരിച്ചെടുക്കുകയും വേണം. ബത്തൂത്തയുടെ പുസ്തകം അത്തരത്തിൽപെട്ട, ശ്രദ്ധാപൂർവം കൈകാര്യം ചെയ്യേണ്ട ഒന്നാണ്. അതുകൊണ്ടാണ് ബത്തൂത്തയെക്കുറിച്ചു സുദീർഘമായ ഒരാമുഖത്തിനൊരുമ്പെടുന്നതുതന്നെ.

ബത്തൂത്ത ഒരു രാജാവിന്റെയും പ്രതിപുരുഷനായിട്ടല്ല യാത്ര തിരിച്ചത്. സുലൈമാന്റെ യാത്രാ ഗ്രന്ഥമായ സിൽസലാത്തുൽ തവാരീഖ് എന്ന പ്രസിദ്ധമായ അറബി ഗ്രന്ഥം ഇബ്നു ബത്തൂത്തയെ ഇന്ത്യൻ ദേശാടനത്തിനു സഹായിച്ചിരിക്കാം. ഇരുപത്തി ഒന്നാമത്തെ വയസ്സിലാണ് അദ്ദേഹത്തിന്റെ പുറപ്പാട്. പക്വമതിയായ ഒരു പണ്ഡിതന്റെ ജിജ്ഞാസയോ, വിജ്ഞാനതൃഷ്ണയോ, നിഗമനങ്ങളോ ഒന്നും വശമായിരിക്കുവാനിടയില്ലാത്ത ഈ പ്രായത്തിൽ യാത്ര തിരിച്ച ഇബ്നു ബ

ത്തൂത്തയിൽ നിന്നും ഒരു സഞ്ചാരിയുടെ കൗതുകകരമായ വീക്ഷണ വിശേഷണമെന്നതിൽക്കവിഞ്ഞ്, വൈജ്ഞാനിക പ്രതിഭാ വിലാസം പ്ര തീക്ഷിക്കുന്നതു ശരിയായിരിക്കുകയില്ല.

അദ്ദേഹം പേരെടുത്ത ഒരു പണ്ഡിതനായിരുന്നില്ല. പരമ്പരാഗത മായി മതപണ്ഡിതന്മാരുടെ കുടുംബത്തിലാണു താൻ ജനിച്ചതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നതു വിശ്വസിച്ചാൽതന്നെ അൽബിറൂനിയെ പ്പോലെയോ അറബിലോകത്തിലെ പ്രതിഭാസമ്പന്നരായ ഒട്ടനവധി ച രിത്ര ശാസ്ത്രകാരന്മാരെപോലെയോ ഇബ്നു ബത്തൂത്ത ഒരിക്കലും അറിവിന്റെ കാര്യത്തിൽ എണ്ണപ്പെട്ടിരുന്നില്ലെന്നുള്ളതു പരമാർഥമാണ്. സമകാലികരായ ഇന്ത്യൻ പണ്ഡിതന്മാർ അദ്ദേഹത്തെക്കുറിച്ചോ, അ ദ്ദേഹം പറഞ്ഞു കൊടുത്തെഴുതിയ ബൃഹത്തായ ഈ ഗ്രന്ഥത്തെക്കു റിച്ചോ ഒന്നും തന്നെ പരാമർശിച്ചതായി ഇതുവരെ കണ്ടിട്ടില്ല. ബത്തൂ ത്ത അറിയപ്പെട്ടിരുന്ന ഒരു പണ്ഡിതനായിരുന്നില്ലെന്നു സമർഥിക്കു വാൻ ഇതുതന്നെ മതിയായ തെളിവാണ്. ഈ വ്യത്യാസം കണക്കിലെ ടുത്തില്ലെങ്കിൽ ഇബ്നു ബത്തൂത്തയുടെ സഞ്ചാരഗ്രന്ഥത്തിന്റെ പരിമി തികൾ മനസ്സിലാക്കൽ അസാദ്ധ്യമാകും. ബത്തൂത്തയെ ഇവിടെ കാ ര്യമായി വിസ്തരിക്കേണ്ടതുണ്ട്. വളരെ കുറവുകൾ അദ്ദേഹത്തിന്റെ യാത്രാഗ്രന്ഥമായ കിത്താബുറഹല എന്ന ഗ്രന്ഥത്തിനുണ്ട്.

ഒന്നാമതായി ബത്തൂത്തയുടെ ചെറുപ്രായം, പാണ്ഡിത്യക്കുറവ്, രാജകീയ പ്രോത്സാഹനത്തിന്റെ അഭാവം തുടങ്ങിയവ കണക്കിലെടു ക്കണം. പിന്നീട്, ബത്തൂത്ത കഥ പറഞ്ഞുകേൾപ്പിച്ച സമൂഹം, പറയാ നുള്ള ആന്തരികപ്രചോദനം, അവസാനം പുസ്തകരൂപത്തിൽ ആലേ ഖ്യം ചെയ്ത സ്ഥിതി ഇവയൊക്കെ ഓർമ വേണം. ഇതിനൊക്കെ പുറ മെ അദ്ദേഹം വിവരിച്ച മുപ്പതു സംവത്സരക്കാലത്തെ ഈ വിവരങ്ങൾ ഒരോർമക്കുറിപ്പുപോലും കൈവശമില്ലാതെയാണെന്ന കാര്യവും ധാര ണയിലുണ്ടായിരിക്കണം. മാത്രമല്ല, താൻ പറയുന്ന ഈ കാര്യങ്ങളാ യിരിക്കും ഒരിക്കൽ ചരിത്രവിദ്യാർഥികളുടെ വിവാദവിഷയമായിത്തീ രുകയെന്നും, പ്രത്യേകിച്ച് ഇന്ത്യാചരിത്ര പ്രതിപാദനത്തിൽ അവ ഇ ത്രമാത്രം കാലുഷ്യം കലർത്തുമെന്നും അദ്ദേഹം ധരിച്ചിരിക്കുകയുമി ല്ല. അങ്ങനെ പല കുറവുകളും ബത്തൂത്തയുടെ ചരിത്രത്തിനുണ്ട്.

മുപ്പതുകൊല്ലത്തിനുമുമ്പ് തിരക്കുപിടിച്ച ഒരു പട്ടണപ്രാന്തത്തിൽ നിന്നും പ്രസിദ്ധനല്ലാത്ത ഒരാൾ നാടുവിട്ടോടിപ്പോകുക; സുദീർഘമാ യ ഈ കാലയളവിൽ അയാളെക്കുറിച്ചു യാതൊരു വിവരവും സമകാ ലികലോകം അറിയാതിരിക്കുകയും ചെയ്യുക; എന്നിട്ടു കാലത്തിന്റെ കല്പടവുകൾ കുറെയധികം കയറി മറിഞ്ഞതിനുശേഷം താൻ ജനി ച്ചു വളർന്ന് വിട്ടേച്ചു പോന്ന അതേ സ്ഥലത്ത്, ഒരു സുപ്രഭാതത്തിൽ അത്ഭുതകരമായി പുനരാഗമിക്കുകയും ചെയ്യുക. സമകാലീനർക്ക് ഇ

തിൽകവിഞ്ഞ് ഒരാമോദവും വിസ്മയവും ഉണ്ടാകാൻ മറ്റെന്തുവേണം? 14-ാം നൂറ്റാണ്ടിലാണ് ഈ കഥ നടക്കുന്നതെന്ന കാര്യവുംകൂടി ഓർക്കുമ്പോൾ നാടകത്തിന്റെ വീര്യത്തിനു മാറ്റുകൂടുകയുമാണ്. വേഷവിധാനവും ആകാരസൗഷ്ഠവവും പെരുമാറ്റരീതികളുമൊക്കെത്തന്നെ വളരെ വ്യത്യാസപ്പെട്ടിരിക്കും. ഈ അമ്പത്തൊന്നുകാരൻ നാട്ടിൽ തിരിച്ചെത്തിയപ്പോൾ പലർക്കും അറിഞ്ഞുകൊള്ളണമെന്നു തന്നെയില്ല. അത്ഭുതത്തിന്റെ ഒരു മായാലോകം ബത്തൂത്ത അറിയാതെതന്നെ അദ്ദേഹത്തെ ആവരണം ചെയ്തുകാണും. അങ്ങനെ കേട്ടറിഞ്ഞും ഓടിക്കൂടിയും എത്തിയ ആരാധകസംഘത്തെ രസിപ്പിക്കുവാൻ സാഹസികസഞ്ചാരികളധികവും ചെയ്യാറുള്ളതുപോലെ അദ്ദേഹവും കണ്ടതും കേട്ടതും പൊടിപ്പും തൊങ്ങലും ചേർത്തു പറഞ്ഞു കാണും. ഈ അത്ഭുതകഥകൾ നാട്ടിലുടനീളം പ്രചരിക്കുകയും മൊറോക്കോവിലെ രാജാവ് ഇതിൽ താല്പര്യം കാണിക്കുകയും ചെയ്തു. പക്ഷേ, ബത്തൂത്തയെ വിശ്വസിക്കുവാൻ രാജാവ് തയ്യാറായില്ലെന്നാണ് അദ്ദേഹത്തിന്റെ സമകാലീനനും അറബിലോകത്തിലെ അനശ്വരനുമായ ഇബ്നു ഖൽദൂൻ കുറിക്കുന്നത്.

പ്രസിദ്ധനായ ഈ മഹാപണ്ഡിതൻ ഇബ്നു ബത്തൂത്തയെ കുറിച്ചെഴുതുന്നതു വളരെ ശ്രദ്ധാർഹമാണ്. അദ്ദേഹത്തിന്റെ മുഖദ്ദിമ എന്ന ബൃഹത്തായ അറബി ഗ്രന്ഥം ഫ്രാൻസ് റോസന്താൾ Introduction to History (ചരിത്രത്തിനൊരു മുഖവുര) എന്ന പേരിൽ മൂന്നു വാല്യങ്ങളായി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. അതിൽ ആദ്യത്തെ ഭാഗത്തിൽ 369 മുതൽ 371 വരെയുള്ള പുറങ്ങളിലാണ് ബത്തൂത്തയെക്കുറിച്ചുള്ള പരാമർശങ്ങളുള്ളത്. അതിപ്രകാരം നമുക്ക് വായിക്കാം: മരിനീഡ് സുൽത്താൻ അബൂ ഇനാമിന്റെ കാലത്ത് ടാൻജിയറിൽനിന്നും ഇബ്നുബത്തൂത്ത എന്നൊരു ശൈഖ് മഗ്രിബിൽ (മൊറോക്കോവിൽ) തിരിച്ചുവന്നു. ഇരുപതു കൊല്ലങ്ങൾക്കുമുമ്പ് കിഴക്കൻ രാജ്യങ്ങളിലേക്കു തിരിച്ച അദ്ദേഹം ഇറാഖ്, യമൻ, ഇന്ത്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് മടങ്ങിവന്നിട്ടുള്ളത്. ഇന്ത്യൻ ഭരണാധിപനായ സുൽത്താൻ മുഹമ്മദ് ഷാ ഭരിക്കുന്ന ഡൽഹി നഗരത്തിൽ അദ്ദേഹമുണ്ടായിരുന്നു. സുൽത്താൻ മുഹമ്മദ് ഷാ ഇബ്നു ബത്തൂത്തയെ വളരെ ബഹുമാനിക്കുകയും ഒരു ജഡ്ജിയുടെ ജോലി നല്കുകയും ചെയ്തു. അവിടെനിന്നും അദ്ദേഹം മഗ്രിബിലേക്കു മടങ്ങി. സുൽത്താൻ അബൂ ഇനാമുമായി സമ്പർക്കം പുലർത്തി. വിവിധ രാജ്യങ്ങളിൽ നിന്നും തനിക്കുണ്ടായ അനുഭവകഥകളേയും, അവിടങ്ങളിലുള്ള പ്രത്യേകതകളേയും അദ്ദേഹം വിസ്തരിച്ചു പ്രതിപാദിക്കാൻ തുടങ്ങി. ഇന്ത്യൻ ചക്രവർത്തിയെക്കുറിച്ചാണധികവും അദ്ദേഹം സംസാരിച്ചിരുന്നത്.

കേട്ടവർക്കൊക്കെ വിസ്മയകരമായി തോന്നിയ അവിശ്വസനീയങ്ങളായ കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഉദാഹരണമായി, ഒരിക്കൽ ഈ സുൽത്താൻ ഒരു യാത്രക്ക് തിരിച്ചപ്പോൾ ഡൽഹിയിലെ ജനങ്ങളെ മുഴുക്കെ–ആണും, പെണ്ണും, കുട്ടികളും ഒന്നടങ്കം–എണ്ണിത്തിട്ടപ്പെടുത്തുകയും അവർക്കൊക്കെയും ആറുമാസത്തേക്കുള്ള സകല അവശ്യസാധനങ്ങളും തന്റെ സ്വന്തം ചെലവിൽ നല്കുവാൻ കല്പിക്കുകയും ചെയ്തുവത്രെ! യാത്ര കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്നപ്പോൾ അതൊരു ഉൽസവദിവസമായിരുന്നു. സുൽത്താൻ വലിയൊരു പീഠത്തിൽ കയറിയിരുന്ന് സ്വർണം, വെള്ളി നാണയങ്ങൾ നിറച്ച ചാക്കുകൾ കെട്ടഴിച്ച് ജനങ്ങൾക്കിടയിൽ വാരിവിതറി. നിരവധി ധനം അദ്ദേഹം കൊട്ടാരത്തിലെത്തുമ്പോഴേക്കും കൊടുത്തുകഴിഞ്ഞിരുന്നു.

ഇതുപോലെ അനവധി കഥകൾ അദ്ദേഹം പറഞ്ഞുവെങ്കിലും ഇവിടെയുള്ള ജനങ്ങൾ അദ്ദേഹത്തെ നുണയൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അയാൾ പറഞ്ഞതൊന്നും വിശ്വസിക്കാൻ അവർ കൂട്ടാക്കിയില്ല. ഇതിനിടയിൽ ഒരു ദിവസം ഞാൻ സുൽത്താന്റെ മന്ത്രിമാരിൽ പ്രധാനിയായ ഫാരിഡ് ഇബ്നു വാദ്രാറുമായി ഈ സഞ്ചാരിയെക്കുറിച്ചു സംസാരിച്ചു. അപ്പോഴും ഞാനെന്റെ അഭിപ്രായം ശരിയായിട്ടുതന്നെ അദ്ദേഹത്തോടു പറഞ്ഞിരുന്നു: ‘ജനങ്ങൾ പൊതുവെ ഇബ്നു ബത്തൂത്തയെ നുണയനായാണു കണക്കാക്കുന്നതെന്നും എനിക്കും അയാൾ പറയുന്ന കാര്യത്തിലും അയാളിലും വിശ്വാസമില്ലെന്നും ഞാൻ അദ്ദേഹത്തോടു തുറന്നു പറഞ്ഞു......’ (Introduction to History, PP. 369-371)

എങ്കിലും പണ്ഡിത ശ്രേഷ്ഠനായ ഈ യോഗീവര്യന്റെ ശുപാർശയനുസരിച്ചാണ് മൊറോക്കോവിലെ സുൽത്താൻ തന്റെ സെക്രട്ടറിമാരിൽ ഒരാളെ ബത്തൂത്ത പറയുന്നത് എഴുതുവാൻ ഏർപാടുചെയ്തത്. ഇബ്നു ജൂസ്സായി എന്ന ദേഹമാണ് ബത്തൂത്തയുടെ സഞ്ചാരവൃത്താന്തം കുറിച്ചെടുത്തത്. പുസ്തക രൂപത്തിൽ എഴുതപ്പെടുമെന്ന് ഒരിക്കലും ബത്തൂത്ത ആദ്യം കരുതിയിരുന്നില്ല. താൻ പറഞ്ഞു വിശ്വസിപ്പിച്ചുപോന്ന പലതും അങ്ങനെ പുസ്തകമാക്കിയപ്പോഴും അതിൽ കടന്നുവരാതെ നിവൃത്തിയില്ലെന്നു വന്ന ഗതികേടാണ് ബത്തൂത്തയുടെ സഞ്ചാരകഥ. ഒരു ചരിത്രഗ്രന്ഥമെന്ന നിലക്ക് അതിന്റെ മഹാത്മ്യത്തെ തരം താഴ്ത്തുന്നതും ഇക്കാരണത്താലാണ്. ചരിത്രപഠനത്തിന് ഉദ്ദേശിച്ചോ, ചരിത്രഗ്രന്ഥമായിട്ടോ അല്ല ബത്തൂത്ത ഇവ വിശദീകരിച്ചതു തന്നെ. ചരിത്രമില്ലാത്ത ഈ നാട്ടിൽ നമുക്കിതൊക്കെ ആധികാരിക ചരിത്രഗ്രന്ഥമാകാതെ തരമില്ലല്ലോ! വളരെ സൂക്ഷ്മതയോടെ മറ്റുള്ള പുസ്തകങ്ങൾ കൂടി എടുത്തു താരതമ്യപഠനം നടത്തിയിരുന്നുവെങ്കിൽ കൃത്രിമമായി കടന്നുകൂടിയ പലതും എടുത്തുമാറ്റി ശുദ്ധമായ ചരിത്രാ

വിഷ്കരണത്തിന് ഇത് ഉപകരിക്കുമായിരുന്നു. പക്ഷേ, ബത്തൂത്തയെ ആധികാരിക വക്താവായി നമ്മുടെ ചരിത്രകാരന്മാർ കണ്ണും പൂട്ടി വിശ്വസിച്ചതാണ് അദ്ദേഹത്തിന്റെ വിവരണം ഇന്ത്യാ ചരിത്രത്തിൽ കൂടുതൽ കല്മഷം കലർത്തുവാൻ കാരണം. ചരിത്ര രചനക്ക് ഉപയോഗിക്കാവുന്ന ഒരസംസ്കൃത പദാർഥമായിട്ടു മാത്രമേ ബത്തൂത്തയെ എടുക്കാൻ പാടുള്ളൂ. സംസ്കരിച്ചെടുത്ത തങ്കക്കട്ടയെന്നോണമാണ് നമ്മുടെ ചരിത്രകാരന്മാർ ബത്തൂത്തയെ ആധികാരികമാക്കിയിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് തെറ്റും ശരിയും വ്യവച്ഛേദിച്ചറിയാൻ ഇപ്പോഴും ഭഗീരഥപ്രയത്നം ആവശ്യമായി വരുന്നത്. ഇതിനും പുറമേ ബത്തൂത്തയുടെ ഈ പുസ്തകം ഒരർഥത്തിൽ തീർത്തും അദ്ദേഹത്തിന്റേതാണെന്ന് പറയുക സാധ്യമല്ലെന്നാണ് റഹില ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത എ. ആർ. ഗിബ്ബ് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. ഇതിന് ഉപോദ്ബലകമായി പല കാരണങ്ങളും അദ്ദേഹം യുക്തിസഹമായി വിശദീകരിക്കുന്നുമുണ്ട്: "ഇബ്നു ജൂസ്സായി അങ്ങനെ ബത്തൂത്ത വിവരിച്ചുകൊടുത്തത് ഒന്നിപ്പിച്ചെടുത്തു. ഫലമാകട്ടെ, വ്യത്യസ്ത സ്വഭാവ വിശേഷത്തോടുകൂടിയ ഒരു ഗ്രന്ഥവും. ബത്തൂത്ത പറഞ്ഞുകൊടുത്ത അതേ രീതിയിൽ ജൂസ്സായി എഴുതിയെടുത്തുവെന്ന് വിശ്വസിക്കാൻ തരമില്ല. പല സ്ഥലങ്ങളുടെയും പേരുകൾ ശരിക്കും ചേർക്കുന്നതിൽ ജൂസ്സായി സഹായിച്ചിട്ടുണ്ടെന്നത് അനുമോദനാർഹമാണ്. അദ്ദേഹത്തിന്റെതന്നെ പ്രസ്താവനയിൽ ഈ കൃതി ആദ്യത്തേതിൽനിന്നും ഉള്ള ഒരു ഹ്രസ്വരൂപമാണ്. ഒരു പക്ഷേ, വിശദമായി പ്രസ്താവിച്ചിരുന്ന പലതും സ്വന്തമായി ചുരുക്കി കളഞ്ഞതാവാം. സുദീർഘമായി പ്രതിപാദിച്ചിരുന്ന പല സംഗതികളും ജൂസ്സായി വിട്ടുകളയുകയും, കാലത്തിന്റെ വാസനക്കനുയോജ്യമാം വിധം ആലങ്കാരിക ഭാഷയും ഇടക്കിടക്കു കവിതകളും കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. അതേ സന്ദർഭത്തിൽ അദ്ദേഹം മുപ്പതുകൊല്ലം കണ്ട ദേശങ്ങളും, ഇടപഴകിയ ജനങ്ങളും, അവരുടെ ജീവിതസമ്പ്രദായങ്ങളും പ്രത്യേകതകളും അവ തന്നിലുളവാക്കിയ പ്രതികരണങ്ങളുമൊക്കെ തിരിച്ച് നാട്ടിലെത്തി ആവശ്യത്തിനുവേണ്ടി അയവിറക്കാനൊത്തത് സമ്മതിക്കാതെ തരമില്ല. എന്നാൽ അതോടൊപ്പം അതിന്റെ ആധികാരികസ്വഭാവം ചോർന്നാൽ അത് ചോദ്യം ചെയ്യപ്പെടേണ്ടതുമാണ്. പല അബദ്ധങ്ങളും ബത്തൂത്തക്ക് സംഭവിച്ചിട്ടുണ്ട്. സ്ഥലകാല നിർണയങ്ങളിൽ പല പിശകും പിണഞ്ഞിരിക്കുന്നു. അമുസ്ലിം നാമങ്ങളും സ്ഥലങ്ങളും പരാമർശിക്കുന്ന സന്ദർഭങ്ങളിലധികവും ബത്തൂത്ത നല്കുന്ന പേരുകൾ മിക്കതും ശരിയല്ല. ബത്തൂത്തയുടെ വിവർത്തകനായ ഗിബ്ബ് പറയുന്നത് കേൾക്കുക: 'യാത്രയുടെ സമയനിർണയം ചെയ്യുന്ന കാര്യം ഏറ്റവും ദുർഘടമാണ്. തീയതിയുടെ സംഗതിയിൽ ഒട്ടും നിഷ്കർഷ ഇല്ലാതിരുന്നതാണി

തിനു കാരണം. ഒന്നുകിൽ എഴുത്തുകാരന്റെ നിർബന്ധത്തിനു വിധേയനായപ്പോൾ ഏതോ കൊല്ലങ്ങൾ പറഞ്ഞതാവാം; അഥവാ അശ്രദ്ധ കൊണ്ടുമായിരിക്കും.'

'പക്ഷേ, അവ പരിശോധിച്ച് തെറ്റുതിരുത്തുകയെന്ന ജോലി വളരെ ശ്രമകരമാണെന്നതുകൊണ്ടു തന്നെ അവയെ അതേപടി ചേർക്കുകയേ തരമുള്ളൂ.'' (Selections from the Travels of Ibn Battuta P.13)

ഇതിനൊക്കെ പുറമേ, ബത്തൂത്ത പറയുന്നത്ര സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചതാണോ എന്ന കാര്യത്തിലും പല പണ്ഡിതന്മാരും സംശയാലുക്കളാണ്. പ്രത്യേകിച്ച് അദ്ദേഹം വിവരിക്കുന്ന കോൺസ്റ്റാന്റിനോപ്പിളും ചൈനയും ബത്തൂത്ത കണ്ടിരിക്കുകയില്ലെന്നും മധ്യകാല എഴുത്തുകാർ ചെയ്യാറുള്ളതു പോലെ മറ്റാരുടെയോ യാത്രാ വിവരണം ചുരുക്കിയെഴുതിയതായിരിക്കാമെന്നും വ്യക്തമാക്കാൻ പ്രയാസമില്ല. കോൺസ്റ്റാന്റിനോപ്പിൾ ബത്തൂത്ത കണ്ടിരിക്കാനിടയില്ലെന്നു ചില വിമർശകർ പറയുവാനുള്ള കാരണങ്ങൾ രണ്ടാണ്. ഒന്നാമത്, അദ്ദേഹം അവിടെ പോകുവാൻ ഉപയോഗിച്ചെന്ന് പറയുന്ന മാർഗം ഒരിക്കലും ശരിയായതല്ല. രണ്ടാമതായി, അവിടുത്തെ മുൻ ചക്രവർത്തിയുമായി അഭിമുഖ സംഭാഷണം നടത്തിയതായും പറയുന്നുണ്ട്. ബത്തൂത്ത മുൻ ചക്രവർത്തിയെ കണ്ടെന്നെഴുതുന്ന വർഷത്തിനു മുമ്പുതന്നെ അദ്ദേഹം ചരമമടഞ്ഞിരുന്നു. അങ്ങനെ സംശയകരമായ പലതും ഇവിടെ മുഴച്ചു നിൽക്കുന്നുണ്ടെങ്കിലും മറ്റു ചില ന്യായീകരണങ്ങൾ കൊണ്ട് ബത്തൂത്തയെ രക്ഷപ്പെടുത്താൻ കഴിയും. കോൺസ്റ്റാന്റിനോപ്പിൾ കാണാതെ, മറ്റുള്ളവരെഴുതിയ യാത്രാ കുറിപ്പിനെ ആധാരമാക്കിയാണ് ബത്തൂത്ത ഇതടിച്ചുവിട്ടതെങ്കിൽ നിശ്ചയമായും അതുവരെ അറിയപ്പെടാത്തതും അപരിചിതമായതുമായ ഒരു മാർഗം ഒരിക്കലും പറയാനൊക്കുമായിരുന്നില്ല. മുൻചക്രവർത്തിയുമായുള്ള അദ്ദേഹത്തിന്റെ സമ്പർക്ക കഥയുടെ തീയതിയിൽ വന്ന പിശകാണെന്നു കണക്കാക്കിയാൽ മാത്രം മതി ഇതിലെ അസാംഗത്യം ഇല്ലാതാകും. ബത്തൂത്ത തീയതിയുടെ കാര്യത്തിൽ അത്ര നിഷ്കർഷ കാണിച്ചിട്ടില്ലെന്ന് നാം മുമ്പ് പ്രസ്താവിച്ചതുമാണ്.

എന്നാൽ, അദ്ദേഹത്തിന്റെ ചൈന സന്ദർശനം അത്ര വിശ്വാസയോഗ്യമായി തോന്നുന്നില്ല. 1342-ൽ ചൈനയിലേക്ക് തന്റെ പ്രതിപുരുഷ കാര്യാലയത്തെ പറഞ്ഞയക്കണമെന്നു വിചാരിച്ച മുഹമ്മദ് തുഗ്ലക്ക് ബത്തൂത്തയെയാണ് സംഘ നേതാവായി നിയോഗിക്കുന്നത്. ഡൽഹിയിൽ നിന്നും പുറപ്പെടുന്നതു മുതൽ വളരെയേറെ അത്ഭുത സാഹസങ്ങൾക്കും കൊള്ളയടിക്കും വിധേയനായിട്ടാണ് തന്റെ സംഘത്തേയുംകൊണ്ട് ചൈനയിലേക്ക് കപ്പൽ കയറുവാൻ ബത്തൂത്ത കോഴിക്കോട്ടെത്തുന്നത്. കടലിൽ കൂടിയായിരുന്നു യാത്ര ഉദ്ദേശിച്ചിരുന്നത്. നിർഭാഗ്യകര

മെമെന്ന് പറയട്ടെ, ബത്തൂത്ത കയറാനുദ്ദേശിക്കുന്ന ഓടം കൊടുങ്കാറ്റിൽപ്പെട്ട് തകരുകയും ഉടുതുണി ഒഴിച്ചുള്ള സകലസാധനങ്ങളും കടലിൽ നഷ്ടപ്പെടുകയും ചെയ്തു. ഈ ദുരന്തവൃത്താന്തവുമായി തിരികെ ഡൽഹിയിലേക്ക് പോകുവാനോ, സുൽത്താനെ ദർശിക്കുവാനോ അദ്ദേഹത്തിനു ധൈര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് മേലാൽ ഡൽഹിയിലേക്ക് പോകേണ്ടെന്ന് തീരുമാനിച്ച് കോഴിക്കോട്ടുനിന്നും മാലദ്വീപിലേക്ക് യാത്ര തിരിച്ചു. ഇത് 1345 ഒക്ടോബറിലായിരുന്നിരിക്കണം. മാലദ്വീപിൽ കുറേക്കാലം അവിടുത്തെ ഖാസിയുടെ പദവിയിൽ കഴിഞ്ഞ ബത്തൂത്ത സിലോണിലേക്കാണ് പോയത്. അവിടെനിന്ന് മധുര, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിൽ തങ്ങിയശേഷം കോഴിക്കോട്ട് വീണ്ടും തിരിച്ചെത്തുന്നു. ഇതൊക്കെ കഴിഞ്ഞാണ് ചൈനയിലേക്ക് പുറപ്പെടുന്നത്. 1346 മേയ് മാസത്തിലായിരിക്കണം ഇത് . ചൈനാ സന്ദർശനം കഴിഞ്ഞ് 1347 ജനുവരിയിൽ ബത്തൂത്ത കൊല്ലം വഴി കോഴിക്കോട്ട് തന്റെ ഏഴാമത്തെ സന്ദർശനത്തിന് എത്തിയതായിട്ടാണ് വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത്. കേരളത്തിലെ പല സ്ഥലങ്ങളിലും വളരെക്കാലം താമസിച്ച ബത്തൂത്ത ഐതിഹാസികങ്ങളായ നിരവധി കാര്യങ്ങൾ കുറിക്കുന്നുണ്ട്. ഇതൊക്കെ കഴിഞ്ഞ് 1347 ജനുവരിയിലാണ് അദ്ദേഹം അവസാനമായി കേരളത്തോടു യാത്രപറയുന്നത്.

ഇവിടെ സംഗതമായിട്ടുള്ളത് ബത്തൂത്തയുടെ ചൈനയിലേക്കുള്ള യാത്രാകാലവും തിരിച്ചുവരവുമാണ്. അദ്ദേഹം 1346 മേയ്മാസം 18-ാം തീയതിയാണ് ചൈനയിലേക്ക് പുറപ്പെടുന്നത്. 1347 ജനുവരിയിൽ അദ്ദേഹം തിരിച്ചെത്തുകയും ചെയ്തു. അതായത് കോഴിക്കോട്ടുനിന്നും കടൽമാർഗം സിലോൺ, സുമാത്ര തുടങ്ങിയ സ്ഥലങ്ങൾ കടന്ന് ഹോങ്കോങ്ങിലും, പെക്കിങ്ങിലും ചെന്ന് ചൈനയെക്കുറിച്ച് കിട്ടാവുന്ന വിവരങ്ങളും ശേഖരിച്ച് എട്ടു മാസത്തിനിടക്ക് കോഴിക്കോട്ടേക്ക് തിരിച്ചുവന്നുവത്രെ. എന്തൊരു സാഹസിക സഞ്ചാരം! യാത്രയുടെ ദൈർഘ്യവും സഞ്ചാരികളുടെ സവിശേഷസ്വഭാവവും നമ്മെ മറിച്ചുള്ള നിഗമനത്തിലാണെത്തിക്കുന്നത്. എട്ടുമാസത്തിനുള്ളിൽ കോഴിക്കോട്ടുനിന്നും പുറപ്പെട്ട് ബത്തൂത്ത അവിടെതന്നെ തിരിച്ചെത്തിയെന്ന് വിശ്വസിക്കുന്നത് അദ്ദേഹത്തിന്റെ അലച്ചിൽ സ്വഭാവത്തിന് ഒട്ടും നിരക്കാത്തതാണ്. അക്കാലത്തെ യാത്ര വളരെ ദുർഘടവും അസൗകര്യങ്ങൾ കൊണ്ട് ക്ലിഷ്ടവും ആയിരുന്നെന്ന കാര്യവും കൂടി കണക്കിലെടുക്കണം. ഈ ചുരുങ്ങിയ കാലത്തിനിടക്ക് ചൈനയിൽപോയി വന്നുവെന്ന് പറയുന്നത് ഒന്നുകിൽ കാലത്തെപ്പറ്റിയുള്ള അജ്ഞതകൊണ്ടോ അഥവാ പലരും വിശ്വസിക്കുന്നതു പോലെ സാധിക്കാതിരുന്ന ഒരാഗ്രഹത്തിന് ഭാവനാ സാഫല്യം നല്കിയതുകൊണ്ടോ ആയിരുന്നിരിക്കണം. സാധാരണ പറ്റാറുള്ളതുപോലെ തീയതി പിശകിയതായിരിക്കാംഇതെന്നു

വിശ്വസിക്കുന്നതും പഥ്യമല്ല. കാരണം, ബത്തൂത്തയുടെ സഞ്ചാരത്തിന്റെ അവസാനഘട്ടമായിരുന്നു ഇത്. അദ്ദേഹത്തിന്റെ യാത്രയുടെ ആദ്യ കാലങ്ങളിലെ പലതും വേണ്ടതുപോലെ ഓർമിക്കാൻ കഴിഞ്ഞ അദ്ദേഹത്തിന് തന്റെ യാത്രയുടെ അന്തിമ രംഗങ്ങളെ സ്മൃതിയിലുണർത്താൻ ഒത്തില്ലെന്നു കരുതുന്നത് ദുസ്സാധ്യമാണ്.

ഇതിനേക്കാൾ വിചിത്രമായി തോന്നുന്ന മറ്റൊരു പ്രധാന കാര്യം ബത്തൂത്ത തന്റെ ചൈനാ സന്ദർശന വൃത്താന്തത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്, താൻ ചക്രവർത്തിയെ കണ്ടത് മുഹമ്മദ് തുഗ്ലക്കിന്റെ പ്രതിപുരുഷനായിട്ടാണെന്നാണ്! 1342-ൽ മുഹമ്മദ് തുഗ്ലക്ക് പറഞ്ഞയച്ച ബത്തൂത്തക്ക് ഓടം കടലിൽ തകർന്നതുകൊണ്ട് പോകുവാനൊത്തില്ലെന്നും അദ്ദേഹത്തിന്റെ അധികാരപത്രമുൾപ്പെടെ സകല സാധനങ്ങളും നശിച്ച് വെറുമൊരു ട്രൗസർ മാത്രമായാണ് കരപറ്റിയതെന്നും നാം കണ്ടതാണ്. ഈ സംഭവത്തിനുശേഷം സുദീർഘമായ നാലു വർഷത്തിനു ശേഷമാണ് ബത്തൂത്ത ചൈനയിലേക്ക് തിരിച്ചുവെന്ന് പറയുന്നത്. ലോകത്തിലെ ഏറ്റവും പ്രതാപശാലിയായ ടോഗൻ തിമൂറായിരുന്നു അന്ന് ചൈനയിലെ ചക്രവർത്തി. അദ്ദേഹത്തിന്റെ പ്രതിനിധികൾ അക്കാലത്ത് ഡൽഹിയിൽ സ്ഥിരമായിട്ടുണ്ടായിരുന്നു. 1326 മുതൽ 1366 വരെ ചൈനീസ് പ്രതിപുരുഷ കാര്യാലയം ഡൽഹിയിൽ പ്രവർത്തിച്ചിരുന്നു. ബത്തൂത്ത യാതൊരു അധികാരപത്രവുമില്ലാതെ ചൈനയിലേക്കു കടന്ന് ചക്രവർത്തിയെ കണ്ടുവെന്ന് കരുതുക പ്രയാസമാണ്. അക്കാലത്ത് വിദേശികളെ ചൈനയിൽ കടത്തിയിരുന്നില്ല. മറ്റു ദേശങ്ങളിലെ രാജാക്കന്മാരുടെ പ്രതിപുരുഷന്മാർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളുവെന്ന പരമാർഥം ബത്തൂത്തക്കും വളരെ നിശ്ചയമുള്ളതായിരുന്നു. അതിനാൽ ബത്തൂത്തയുടെ ചൈനീസ് സന്ദർശനം വളരെ സംശയാസ്പദമാണ്. ടോഗൻ തിമൂർ ഇദ്ദേഹത്തെ യാതൊരു അങ്കലാപ്പോ സംശയമോ കൂടാതെ ഇന്ത്യയുടെ പ്രതിപുരുഷനായി സ്വീകരിച്ചുവെന്ന് വിശ്വസിക്കുവാൻ സാധിക്കാത്തതിനാലും വിദേശികൾക്ക് ചൈനയിൽ പ്രവേശനം നിഷേധിച്ചിരുന്നതുകൊണ്ടും ബത്തൂത്തയുടെ ചൈനാ സന്ദർശനം ഒരു കള്ളക്കഥയാകാനേ തരമുള്ളു. ഇതിനൊക്കെ ഉപോദ്ബലകമാണ് ചുരുങ്ങിയ ഈ കാലയളവ്. കോഴിക്കോട്ടുനിന്നും പുറപ്പെട്ട് എട്ടു മാസത്തിനുള്ളിൽ അവിടെ തിരിച്ചെത്തിയെന്ന പ്രസ്താവം ഒരുതരം ജാലവിദ്യക്കാരുടെ മാസ്മരിക ശക്തിപ്രഭാവത്തിനു മാത്രം സാധ്യമാകുന്ന അത്ഭുതമായവശേഷിക്കുന്നു. ഒരിക്കലും ഒരു ചെപ്പടിവിദ്യക്കാരനാണ് താനെന്ന് ബത്തൂത്ത അവകാശപ്പെട്ടിട്ടുമില്ല.

ഇതിനും പുറമേ സുമാത്ര, ജാവ തുടങ്ങിയ സ്ഥലങ്ങൾ വഴി വലിയ ഒരു സാമ്രാജ്യമായ ചൈനയിലെത്തിയ ഉടനെ മടങ്ങി പോരേണ്ട ഒരത്യാവശ്യകാര്യവുമില്ല ബത്തൂത്തക്ക്. ഒരു സഞ്ചാരിയുടെ സവിശേഷ

മനോധർമത്തിന് കടകവിരുദ്ധവുമാണിത്. ബത്തൂത്തയിൽ നമുക്ക് താല്പര്യം തോന്നുന്നതു തന്നെ സാഹസികനായ ഒരു യാത്രാകുതുകി എന്നതുകൊണ്ടാണല്ലോ. എട്ടു മാസത്തിനകം ചൈനയിൽ പോയി മടങ്ങിവന്നുവെന്ന് പറയുന്നത് ബത്തൂത്തയുടെ സ്വഭാവത്തിനുതന്നെ വിപരീതമാണ്. കാരണം, അക്കാലത്ത് എട്ടുമാസം കൊണ്ട് ചൈനയിൽ ഒരുപക്ഷേ എത്താൻ കഴിഞ്ഞാലും മടക്കയാത്രക്കു വേറെ സമയം വേണ്ടിവരുമായിരുന്നു. യാത്രക്കുതന്നെ ഇതിലിരട്ടി സമയമാവശ്യമുള്ളപ്പോൾ ഒരു സഞ്ചാരി അപരിചിതമായ ഒരു ദേശത്തു ചെന്ന് ഒരു മിനിറ്റു പോലും അവിടെ നിൽക്കാതെ ഇറങ്ങി ഓടിപ്പോന്നുവെന്ന് വിചാരിക്കുന്നത് ശരിയായിരിക്കുകയില്ല. ഇന്ത്യയിൽ നിന്നും ലോകത്തിലെ ഏറ്റവും വലിയ ഒരു സാമ്രാജ്യത്തിലെത്തുകയും, അവിടുത്തെ ചക്രവർത്തി തന്നെ സ്വീകരിക്കുകയും ചെയ്തിരിക്കുമ്പോൾ ആ രാജ്യത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നാം ആ സഞ്ചാരിയിൽ നിന്നും നിശ്ചയമായും പ്രതീക്ഷിച്ചുപോകും. ഇന്ത്യയെക്കുറിച്ച് താൻ കണ്ടതിൽ കൂടുതൽ കേട്ട കാര്യങ്ങൾ തന്മയത്വത്തോടുകൂടി പറഞ്ഞു ഫലിപ്പിക്കുവാൻ മിനക്കെട്ട ബത്തൂത്ത, ചൈനയെപ്പോലുള്ള ഒരു മഹാസാമ്രാജ്യത്തിന്റെ കഥ എത്രയോ വിശദീകരിക്കുമായിരുന്നു. പക്ഷേ, ചൈനയെക്കുറിച്ചുള്ള പ്രതിപാദനം തുലോം ഹ്രസ്വമാണ്. അവിടെ ബത്തൂത്തയുടെ വാചാലത നിശ്ചലമാകുന്നു; ജിഹ്വാ കനം തൂങ്ങി കുഴഞ്ഞ് അവശമാകുന്നു.

ചൈനീസ് വ്യാപാരികളാണ് ദക്ഷിണേന്ത്യയുടെ കിഴക്കേ തുറമുഖങ്ങളിൽ സമുദ്രാധിപത്യമുണ്ടായിരുന്നവർ. ഇന്ത്യയും വിദൂരപൗരസ്ത്യരാജ്യങ്ങളും തമ്മിലുള്ള വ്യാപാര വിനിമയം മിക്കവാറും ചൈനീസ് നാവിക കപ്പലുകളാണ് ഇക്കാലങ്ങളിൽ നിർവ്വഹിച്ചിരുന്നത്. ഇന്ത്യയിൽ ഒരു ചൈനീസ് പ്രതിപുരുഷകാര്യാലയത്തിന്റെ പ്രവർത്തനംതന്നെ സൂചിപ്പിക്കുന്നത് ഇന്ത്യയും ചൈനയുമായിട്ടുണ്ടായിരുന്ന നിരന്തരസമ്പർക്കത്തിന്റെ കഥകളാണ്. ഇന്ത്യയിൽ വളരെക്കാലം ജീവിക്കുകയും ഇന്ത്യയുടെ പ്രധാന തുറമുഖപട്ടണങ്ങളിൽ വളരെയേറെ വിദേശവ്യാപാരികളുമായി ആശയവിനിമയവും സമ്പർക്കവും പുലർത്തിയ ബത്തൂത്ത അവരിൽ നിന്നും അറിഞ്ഞ കാര്യങ്ങൾ വിശ്വസനീയമായി അവതരിപ്പിച്ചുവെന്നു മാത്രം ധരിക്കുവാനേ തരമുള്ളൂ. മാത്രവുമല്ല, ഒരിക്കൽ സകല സജ്ജീകരണങ്ങളോടും രാജകീയ അധികാരപത്രത്തോടും കൂടി ചൈനയിലേക്കു പുറപ്പെട്ട ബത്തൂത്തയുടെ ആശാസൗധം തകർന്നടിഞ്ഞ സംഗതി നാം മനസ്സിലാക്കിയതുമാണ്. നിരാശാഭരിതമായ ഹൃദയവ്യഥയെ സാന്ത്വനിപ്പിക്കാൻ അദ്ദേഹം കണ്ട ഉപാധിയായിരിക്കാം ഈ ചൈനീസ് വൃത്താന്തം. ഇതിനും പുറമേ ചൈനയിലേക്കുള്ള യാത്രാമധ്യേ താമരൂപയിൽ(ആസാമിൽ) അദ്ദേഹം ഇറങ്ങിയതായും ശൈഖ് ജ

ലാലുദ്ദീൻ എന്ന മഹർഷിവര്യനെ കണ്ടതായും മറ്റും പറയുന്നുണ്ട്. സിലോൺ, സുമാത്ര തുടങ്ങിയ സ്ഥലങ്ങൾ ചുറ്റി ആസാമിൽ ഇറങ്ങി അവിടെ നിന്നും ചൈനയിലേക്കുപോയി എന്നൊക്കെ പറയുമ്പോൾ ആധുനിക യാത്രാസൗകര്യങ്ങൾക്കു പോലും വിസ്മയം തോന്നിക്കുന്ന യക്ഷിക്കഥയായി മാറുകയാണിവയൊക്കെ. ചുരുക്കത്തിൽ ബത്തൂത്തയുടെ ചൈനീസ് യാത്ര വെറുമൊരു മിഥ്യയാണെന്നതാണ് സത്യം. കണ്ടിട്ടില്ലാത്ത ഒരു സ്ഥലത്തെപ്പറ്റി അതിശയോക്തി കലർത്തി ദൃക്സാക്ഷി വിവരണത്തിനൊരുങ്ങിയ സംഭാഷണപ്രിയനായ ഒരു മനുഷ്യൻ കണ്ടതും കേട്ടതുമായ കാര്യങ്ങളിൽ തന്റെ ഭാവനക്കും കാലദേശാദികൾക്കും ശ്രോതാക്കൾക്കും പറ്റുന്ന വിധം കുറെയധികം നുണയും പറഞ്ഞിരിക്കുമെന്നതും അനുക്തസിദ്ധമാണല്ലോ. അതിശയോക്തിയുടെ അതിപ്രസരവും, ആലങ്കാരിക ഭാഷയുടെ അതിഭാവുകത്വവും, ശ്രദ്ധാപൂർവ്വം ചികഞ്ഞുനീക്കി ചരിത്രവസ്തുതകൾ വ്യവച്ഛേദിച്ചു തിരഞ്ഞുപിടിക്കുക എന്നത് പ്രയാസമുള്ള പണിയാണ്. അതുചെയ്യാതെ ഇത്തരം കൃതികൾ അപ്പടി വിഴുങ്ങുന്നത് ദഹനദൂഷ്യവും, തജ്ജന്യമായ വിഷൂചിക, അതിസാരം തുടങ്ങിയ നശീകരണരോഗങ്ങളും ഉണ്ടാക്കുകയും ചെയ്യുന്നു. നമ്മുടെ ചരിത്ര പ്രതിപാദനത്തിൽ കടന്നു കൂടിയിട്ടുള്ള ദൂര വ്യാപകമായ ദൂഷ്യം ഈ തരം തിരിച്ചറിയാൻ മിനക്കെടാത്തതിന്റേതാണ്. ധാരാളകണക്കായ അത്തരം ചരിത്ര സാഹിത്യങ്ങളിൽ ഏറെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ് ബത്തൂത്തയുടെ *കിത്താബു റാഹില* എന്ന ഗ്രന്ഥം.

## 2

# സഞ്ചാരിയായ ബത്തൂത്ത

സഞ്ചാരകുതുകിയായ ബത്തൂത്ത 1304 ഫെബ്രുവരി 24-ാം തീയതി മൊറോക്കോവിലുള്ള ടാൻജിയർ എന്ന നഗരത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അബ്ദുല്ലാ മതപണ്ഡിതനായിരുന്നു. 21-ാമത്തെ വയസ്സിലാണ് ബത്തൂത്ത തന്റെ സഞ്ചാരം ആരംഭിക്കുന്നത്. കോൺസ്റ്റാന്റിനോപ്പിൾ, സിറിയ, ഫലസ്തീൻ, അറേബ്യ, ഇറാഖ് തുടങ്ങിയ ഇസ്ലാമിക സാംസ്കാരികകേന്ദ്രങ്ങൾ സന്ദർശിച്ച ബത്തൂത്ത ദുർഘടമായ പല ഘട്ടങ്ങളും സുധീരം അഭിമുഖീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി കടന്ന് 1333 ഡിസംബർ 13-ാം തീയതിയാണ് അദ്ദേഹം ഇന്ത്യയിലേക്കു കടക്കുന്നത്. സിന്ധുപ്രദേശത്തുനിന്നും അദ്ദേഹം ഡൽഹിയിലേക്ക് കടന്നപ്പോൾ ചക്രവർത്തി മുഹമ്മദ് തുഗ്ലക്ക് തലസ്ഥാനത്തുണ്ടായിരുന്നില്ല. എങ്കിലും അറബിലോകത്തുനിന്ന് വന്ന ഉൽസുകനായ ഈ സഞ്ചാരിയെ സൽകരിക്കുവാൻ അരമനയിലുണ്ടായിരുന്ന രാജമാതാവ് ഒട്ടും അമാന്തിച്ചില്ല. രാജകീയ ഉടയാടകളും, പാർപിട സൗകര്യവും തൽക്കാലച്ചെലവിനുവേണ്ടി 2,000 ദിനാറും നല്കി. (ഒരു ദിനാർ= 2.1/2 ഉറുപ്പിക*) സുൽത്താൻ തിരിച്ചുവന്നപ്പോൾ 12,000 ഉറുപ്പിക സമ്മാനമായി നല്കുകയും അത്രയും തുക ലഭിക്കുന്ന ഒരു ജാഗീർ ഇനാമായി സമ്മാനിക്കുകയും ചെയ്തു. പുറമേ, രാജകീയാലയത്തിൽ നിന്ന് ഒരു കുതിരയെയും അരമനയിൽ നിന്നും പത്ത് പരിചാരികമാരേയും കൊടുത്തു. ഇതിനുശേഷം ഡൽഹിയിലെ ഖാസിയായി (ജഡ്ജിയായി) നിയമിച്ചു ബഹുമാനിക്കുകയും ചെയ്തു. പ്രതിമാസം 2,500 ഉറുപ്പിക ശമ്പളമായി നിശ്ചയിച്ചതിനു പുറമേ ആ വർഷത്തെ ശമ്പളമായ 30,000 ഉറുപ്പിക അഡ്വാൻസായി നല്കുകയും ചെയ്തുവെന്ന് ബത്തൂത്ത തന്നെ കുറിക്കുന്നുണ്ട്. പക്ഷേ, ധൂർത്തനും വിഷയലമ്പടനുമായ ബത്തൂത്തക്ക് ഈ പണമൊന്നും മതിയായിരുന്നില്ല. 1,12,500 ഉറുപ്പികയുടെ കടബാധ്യത അദ്ദേഹത്തിനുണ്ടായി

രുന്നത് സുൽത്താനാണ് കൊടുത്തു തീർത്തതെന്ന് ബത്തൂത്ത തന്നെ പറയുന്നു. ഇതിനിടക്ക് അസുഖകരമായ ഒരു സംഭവമുണ്ടായി. മതപരമായ ചില പഴഞ്ചൻ വിശ്വാസങ്ങളുടെ പ്രബോധകനായ ഒരു ശൈഖുമായി ബത്തൂത്ത സുൽത്താന്റെ ഇഷ്ടത്തിനെതിരായിത്തന്നെ സമ്പർക്കത്തിലേർപ്പെട്ടു. ഈ വക കാര്യങ്ങളും മറ്റു സ്വഭാവവൈകൃതങ്ങളും കാരണമായി ബത്തൂത്ത സുൽത്താന്റെ വിരോധത്തിനു പാത്രീഭൂതനാകുകയും, വീട്ടുതടങ്കലിൽ കുറേദിവസം കഴിച്ചുകൂട്ടേണ്ടി വരികയും ചെയ്തു. വളരെ രസകരമായി ബത്തൂത്ത ഈ ഭാഗം വിവരിക്കുന്നു. രാജകിങ്കരന്മാർ തന്റെ ഓരോ ചലനവും സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നതും, തുടർച്ചയായി അഞ്ചു ദിവസം താൻ നിരാഹാര വ്രതമനുഷ്ഠിച്ചതുമൊക്കെ ഒരു നോവലിലെ പ്രതിപാദ്യത്തിനു സമമായിട്ടുണ്ട്. ഇതൊക്കെ കഴിഞ്ഞാണ് 1342-ൽ ചൈനയിലേക്ക് അംബാസഡർ എന്ന പദവിയിൽ ബത്തൂത്തയെ പറഞ്ഞയക്കുന്നത്.

ചൈനയിലേക്ക് പുറപ്പെടാൻ വേണ്ടി ബത്തൂത്തയും കൂട്ടരും കോഴിക്കോട്ടെത്തി. പക്ഷേ, കൊടുങ്കാറ്റിൽപെട്ട് ഓടം തകർന്നതുകൊണ്ട് എല്ലാം നഷ്ടപ്പെട്ട് ഏകനായി കോഴിക്കോട്ട് തങ്ങേണ്ടതായി വന്ന കഥയും വിവരിച്ചിട്ടുണ്ട്. കോഴിക്കോട്ടുനിന്നും മാലദ്വീപിലേക്കാണദ്ദേഹം പോയത്. ഒരുകൊല്ലം അവിടെ കഴിച്ചുകൂട്ടിയ ബത്തൂത്ത ജഡ്ജിയുടെ പദവി അലങ്കരിച്ചിരുന്നു. 1345-ൽ അദ്ദേഹം സിലോൺ സന്ദർശിക്കുകയും മടങ്ങി തെക്കെ ഇന്ത്യയിൽ മധുരയിലെത്തി കുറേക്കാലം കഴിച്ചുകൂട്ടുകയും ചെയ്തു. കേരളത്തിലെ പ്രധാന സ്ഥലങ്ങൾ മുഴുവനും പല പ്രാവശ്യം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഇതിനു ശേഷമാണ് ചൈനയിലേക്ക് പോയെന്നുപറയുന്നതും തിരിച്ച് എട്ടു മാസത്തിനിടക്ക് കോഴിക്കോട്ടെത്തിയെന്ന് വിവരിക്കുന്നതും. ബത്തൂത്തയുടെ ചൈനീസ് യാത്രയെക്കുറിച്ച് കുലങ്കഷമായി നാം പരിശോധിച്ചതാണ്. ഏതായാലും കുറച്ചു കഴിഞ്ഞ് കോഴിക്കോട്ടുനിന്നും അദ്ദേഹം മക്കയിലേക്കു യാത്രയായി. അവിടെനിന്നും മൊറോക്കോയുടെ തലസ്ഥാനമായ ഫെക്സിൽ എത്തിച്ചേർന്നു. ഇത് 1349 നവംബർ 8-ാം തീയതിയാണ്. അല്പകാലത്തിനുശേഷം, 1353-ൽ സ്വദേശമായ മൊറോക്കോവിൽ സ്ഥിര താമസമായി. 1368-ൽ 64-ാമത്തെ വയസ്സിൽ ബത്തൂത്ത ദിവംഗതനായി. സുദീർഘമായ ഒരു യാത്രയുടെ അന്ത്യത്തിന് അങ്ങനെ ജനിച്ച സ്ഥലം തന്നെ സാക്ഷ്യം വഹിച്ചു.

ബത്തൂത്ത മധ്യകാലഘട്ടത്തിലെ ഏറ്റവും ഉന്നതനായ യാത്രാകുതുകിയായിരുന്നു. അദ്ദേഹത്തിനു മുമ്പും നിരവധി സാഹസികരും ഭൂമിശാസ്ത്രജ്ഞരും ചരിത്ര-ശാസ്ത്രകാരന്മാരും പല നാടുകൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും അറബി ലോകത്തിന്റെ വൈജ്ഞാനിക ചക്രവാളം വികാസം കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. പ

ക്ഷേ, ഇത്രയും സുദീർഘമായി യാത്ര ചെയ്തിട്ടുള്ളവർ ബത്തൂത്ത ക്കു മുമ്പ് വിരളമാണ്. ഏകദേശം 75,000 മൈലിൽ കൂടുതൽ അദ്ദേഹം സഞ്ചരിച്ചിരിക്കുമെന്നാണ് ബത്തൂത്തയുടെ സഞ്ചാരവൃത്താന്തത്തെക്കു റിച്ച് ആധികാരികമായി അഭിപ്രായം പറയാനവകാശമുള്ള പ്രൊഫസർ യൂൽ പ്രസ്താവിക്കുന്നത്. യാന്ത്രിക കാലഘട്ടത്തിനുമുമ്പ് ഇത്രയും ദൂരം സഞ്ചരിക്കുക വളരെ ദുഷ്കരമായിരുന്നതുമൂലം ബത്തൂത്തക്കു മുമ്പ് ആരും ഇത്രയധികം ദൂരം സഞ്ചരിച്ചിരുന്നില്ലെന്ന് പറയാം. ആദ്യ മേ പ്രസ്താവിച്ചതുപോലെ ബത്തൂത്തയുടെ യാത്രയുടെ ആരംഭം ഹ ജ്ജ് കർമം നിർവഹിക്കുക എന്ന മതപരമായ ഉദ്ദേശ്യം ഒന്നുമാത്രമാ യിരുന്നു. ഇസ്ലാമിക രാജ്യങ്ങളിൽ നിന്ന് എല്ലാക്കൊല്ലവും തീർഥാട കർ മക്കയിൽ സമ്മേളിക്കുന്നു. സാമൂഹിക സമത്വവും സാർവലൗകി ക സാഹോദര്യവും ഉദ്ഘോഷിക്കുന്ന ഈ അഖിലലോകസമ്മേളനം മുസ്ലിം ജനതയുടെ വൈകാരികോദ്ഗ്രഥനം പ്രഖ്യാപനം ചെയ്യുന്ന മ ഹാസംഭവമാണ്. എക്കാലവും തീർഥാടനത്തിനെത്തുന്നവർക്ക് പ്രോ ത്സാഹനവും സഹായവും ചെയ്തുകൊടുക്കുവാൻ അവരുടെ മാർഗ ങ്ങളിൽ സന്നദ്ധരായി നിൽക്കുന്ന രാക്ഷാസേനകളും സന്നദ്ധഭടന്മാ രും നിയുക്തരാകാറുണ്ട്. ഒറ്റക്കു തിരിച്ച ബത്തൂത്തക്കും ഇസ്ലാമിക സാഹോദര്യം തുളുമ്പുന്ന സൗഹൃദം എല്ലായിടങ്ങളിൽ നിന്നും അക്കാ ലത്ത് നിർലോഭം ലഭിച്ചത് അസ്വഭാവികമായിരുന്നില്ല. കാലഘട്ടത്തി ന്റെ സ്വഭാവ വിശേഷമാണത്. സാമ്പത്തിക ശാരീരിക ശേഷിയുള്ളവർ മക്കയിലെത്തി തീർഥാടനം നടത്തുകയെന്നത് ഏതു രാജ്യത്തെ മുസ് ലിമിനെ സംബന്ധിച്ചും നിർബന്ധമായ കാര്യമാണ്. ജീവിതത്തിലൊ രിക്കലെങ്കിലും ഈ മഹത്കർമം നടത്താനൊക്കുകയെന്നത് ആത്മീയ നിർവൃതിയായി എക്കാലവും മുസ്ലിംകൾ കരുതിപ്പോന്നിട്ടുണ്ട്. മതപ രമായ ഈ ശാസന ഒട്ടൊന്നുമല്ല മുസ്ലിം സ്ത്രീ പുരുഷന്മാരെ സ ഞ്ചാരകുതുകികൾ കൂടിയാക്കിയിട്ടുള്ളത്. മധ്യകാല ക്രൈസ്തവയൂറോ പ്പ് മതപ്രചരണത്തിനും മിഷണറി പ്രവർത്തനത്തിനും ഉത്സുകരായ എ ത്രയോ ആളുകളെ പല ദിക്കുകളിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ അതി നെക്കാളൊക്കെ ആത്മപ്രചോദിതരായിരുന്നു ലോകത്തിലെ സകല കോ ണിൽ നിന്നും മക്കയിലേക്ക് പ്രവഹിച്ചിരുന്ന തീർഥാടകർ. കൊല്ലത്തി ലൊരിക്കൽ കൂടുന്ന ലക്ഷോപലക്ഷം തീർഥാടകരിൽ നിശ്ചയമായും കുറച്ചുപേരെങ്കിലും തുറന്ന മനസ്സോടും അന്വേഷണതൃഷ്ണയോടും കൂടി വരുന്ന ജിജ്ഞാസുക്കളാവുക സ്വാഭാവികമാണ്. അവരുടെ രച നാത്മകസിദ്ധി അതാതുദേശങ്ങൾക്ക് മികവുറ്റ സംഭാവനകൾ നല്കി യുമിരിക്കും. അപ്പോൾ ബത്തൂത്തക്കും മക്കവരെ പോകുവാനേ ആഗ്ര ഹമുണ്ടായിരുന്നുള്ളുവെങ്കിലും മക്കയിൽ താൻ കണ്ട വിവിധ ദേശ ക്കാരേയും ഭാഷാ ഭൂഷാദികളെയും നേരിൽ കണ്ടറിയണമെന്ന പ്രചോ

ദനം ഉത്ഭവിച്ചുവെന്നത് നൈസർഗികമാണ്.

ഹജ്ജ് തീർഥാടനം അറബിലോകത്തിന് പുതിയ പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും അറിയപ്പെട്ടിരുന്ന ചക്രവാള സീമകളേയും ഉല്ലംഘിച്ച് തങ്ങളുടെ വ്യാവസായിക സമ്പർക്കവും കച്ചവടസാധ്യതകളും ആരായുന്നതിനും, കൂടുതൽ കേന്ദ്രങ്ങൾ കണ്ടുപിടിച്ച് വ്യാവസായിക അഭിവൃദ്ധിയുണ്ടാക്കുന്നതിനും സഹായിച്ചിരുന്നു. ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലെ കടൽ മാർഗേണയുള്ള വ്യവസായ രംഗങ്ങൾ മുഴുക്കെ മധ്യകാലഘട്ടത്തിൽ മുസ്‌ലിംകളുടെ ആധിപത്യത്തിലായിരുന്നു. ഇബ്നു ബത്തൂത്തയുടെ സഞ്ചാരകഥകൾ തന്നെ അറബി വ്യവസായാധിപത്യം എത്രമാത്രം വിശാലമായിരുന്നുവെന്ന് വിവരിക്കുന്നുമുണ്ട്. ഈ വ്യവസായികളുടെ സംഘം ഒട്ടൊന്നുമല്ല സഞ്ചാരികളായ ആളുകളുടെ രക്ഷാസങ്കേതങ്ങളായി തീർന്നിട്ടുള്ളത്. അരാജകത്വ വേളകളിൽ ഈ വർത്തക സംഘങ്ങൾ കൊള്ളയടിക്കപ്പെടാറുണ്ടെങ്കിലും പലപ്പോഴും അവരാണ് യാത്രാകുതുകികൾക്ക് അഭയം നല്കുകയും അംഗരക്ഷകരായിത്തീരുകയും ചെയ്തിട്ടുള്ളത്. ഈ അറബിവ്യാപാരികൾ അന്നത്തെ സ്വഭാവവൈശിഷ്ട്യമനുസരിച്ച് തങ്ങളുടെ രക്ഷയിൻ കീഴിൽ വരുന്നവർക്ക് ഔദാര്യപൂർവം മഹത്തരമായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഇബ്നു ബത്തൂത്തക്കും ഈ വർത്തകസംഘങ്ങളുടെ സഹായം പലപ്പോഴും ലഭിച്ചിട്ടുണ്ട്.

തീർഥാടനോദ്ദേശത്തിൽ കവിഞ്ഞ ഒരു ചേതോവികാരവും ബത്തൂത്തക്കുണ്ടായിരുന്നില്ല. ആ ലക്ഷ്യവും വെച്ച് ഈജിപ്തിലെത്തിയ അദ്ദേഹം രണ്ട് യതിവര്യന്മാരുമായി പരിചയപ്പെടാനിടവന്നു. ഇവിടം മുതലാണ് ബത്തൂത്തയുടെ സഞ്ചാരപ്രിയം ഉത്ഭവിക്കുന്നത്. തനിക്കൊരു ദ്ദേശവും ഉന്നവും തോന്നുന്നതും ഇക്കാലത്താണ്. ഇടക്കിടക്ക് തന്റെ തീരുമാനത്തെക്കുറിച്ച് ചാഞ്ചല്യം തോന്നാറുണ്ടായിരുന്നെങ്കിലും ഈ സാത്വികരുമായുള്ള സമ്പർക്കം അദ്ദേഹത്തിന് നിശ്ചയദാർഢ്യത്തിന്റെ ആവേശമങ്കുരിപ്പിച്ചു. ഈജിപ്ത് വഴി മക്കയിലേക്ക് പോകാമെന്ന തീരുമാനം അങ്ങനെ അദ്ദേഹം ഭേദഗതി ചെയ്ത്, ഡമാസ്കസിൽ നിന്നും വന്ന ഒരു തീർഥാടകസംഘവുമായി യോജിച്ചു പുറപ്പെടുകയാണുണ്ടായത്. യാത്രയുടെ സൗഖ്യവും സഞ്ചാരകൗതുകവും ബത്തൂത്തയിൽ ഉത്തേജിതമാകുന്നതും ഇവിടം മുതലാണ്. ഇവർക്ക് മക്കയിൽ എത്തുവാൻ ധാരാളം സമയമുണ്ടായിരുന്നതു കൊണ്ട് അവരുടെ സമ്മതവും വാങ്ങി ബത്തൂത്ത സിറിയ, ഏഷ്യാമൈനർ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു ഹ്രസ്വവീക്ഷണം നടത്തിയതിനുശേഷം തിരിച്ചു തന്റെ സംഘത്തിൽ എത്തിച്ചേർന്നു. ഹജ്ജ് കർമം കഴിഞ്ഞയുടനെതന്നെ അദ്ദേഹം ഇറാഖിലേക്കുപോയി. ബാഗ്ദാദിൽ അല്പസമയം കഴിച്ചുകൂട്ടി. വീണ്ടും മക്കയിലേക്കു പോരാൻ മനസ് വെമ്പി. പവിത്രമായ ആ സ്ഥലം ഒന്നു

കൂടി കാണുകയും തീർഥാടനം നടത്തുകയും ചെയ്യുകയെന്നത് തന്നെ യായിരുന്നു ഇപ്രാവശ്യവും ഉദ്ദേശ്യം. പക്ഷേ, ഹജ്ജ്കഴിഞ്ഞിട്ടും ആദ്യ തവണത്തേതുപോലെ അദ്ദേഹം മടങ്ങിയില്ല. സധൈര്യത്തോടുകൂടി പിന്നീട് മൂന്ന് സംവത്സരം അദ്ദേഹം മക്കയിൽ ചെലവഴിച്ചു. ഇതിനിടക്കാണ് ഇബ്നു ബത്തൂത്ത തന്റെ മതപഠനം കൂടുതൽ കാര്യമായിട്ടെടുക്കുന്നത്. മൂന്നു കൊല്ലം ഇസ്ലാമിക സിരാകേന്ദ്രമായ മക്കയിൽ താമസിച്ച് മതപഠനം നടത്തുകയെന്നത് ഏതൊരു മുസ്‌ലിം രാജ്യത്തും പ്രാമാണ്യം നേടിക്കൊടുക്കുന്ന പദവി തന്നെയായിരുന്നു. പുറമേ അറബി സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ സഞ്ചാരിയായ സുലൈമാന്റെ അറബി ഗ്രന്ഥം ബത്തൂത്തയെ തന്റെ ഭാഗ്യപരീക്ഷണത്തിനായി ഇന്ത്യയിലേക്ക് വരാൻ ആവേശം കൊള്ളിച്ചുമിരിക്കും. അതിനു കൂടുതൽ യോഗ്യത സമ്പാദിക്കാനുള്ള സംരംഭമായിരുന്നു മൂന്നുകൊല്ലം മക്കയിൽ താമസിച്ച് ഇസ്‌ലാമിക ശാസ്ത്രങ്ങൾ പഠിക്കാനൊരുങ്ങിയതിന്റെ പിന്നിൽ എന്ന് വേണം ഊഹിക്കാൻ.

പഠനം പൂർത്തിയാക്കിയ ശേഷം കുറച്ച് അനുയായികളോടുകൂടി ആഫ്രിക്കയുടെ കിഴക്കേ തീരത്തുള്ള തുറമുഖ പട്ടണങ്ങളിലേക്ക് തിരിച്ചെങ്കിലും അല്പം കഴിഞ്ഞ് വീണ്ടും മക്കയിലേക്ക് വന്നു. അവിടെ നിന്നും മൂന്നാമതും പുണ്യകർമം നിർവഹിച്ചശേഷം ഇന്ത്യയിലേക്ക് പുറപ്പെടാമെന്നുറച്ചു. പക്ഷേ, ജിദ്ദയിൽ നിന്നും കപ്പലൊന്നും കിട്ടാതിരുന്നതു മൂലം യാത്ര കൂടുതൽ ദീർഘവും ക്ലേശകരവുമായിത്തീർന്നു. ഏഷ്യാമൈനറിൽ മിക്കവാറും നഗരങ്ങളിൽ അദ്ദേഹം പ്രവേശിച്ചു. കോൺസ്റ്റാന്റിനോപ്പിളിൽ കൂടി കടന്നകാര്യം പറയുന്നതുമിവിടെയാണ്. ഖുറാസാനിൽ കുറേക്കാലം ചെലവഴിച്ച ബത്തൂത്ത അവസാനം വടക്കുപടിഞ്ഞാറൻ ചുരങ്ങൾ വഴി ഇന്ത്യയിലേക്ക് കടന്നു.

ബത്തൂത്തയുടെ സഞ്ചാരവൃത്താന്തം ഇന്ത്യൻ വിദ്യാർഥികളെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്നതും ഇവിടം മുതലാണ്. സാഹസികനായ ഈ സഞ്ചാരിക്കാകട്ടെ സുദീർഘമായ തന്റെ യാത്രയിലെ ഏറ്റവും സുപ്രധാനഘട്ടമായിരുന്നു ഇന്ത്യയിൽ അദ്ദേഹം കഴിച്ചുകൂട്ടിയ കാലം. അതിർത്തിയിൽ വെച്ചുതന്നെ ഇന്ത്യൻ ചക്രവർത്തിയായ മുഹമ്മദ് തുഗ്ലക്കിന്റെ ഔദ്യോഗിക വൃന്ദവുമായി ബത്തൂത്ത സമ്പർക്കം പുലർത്തി. ഏതൊരു വിദേശിയും അനുഭവം കുടാതെ മറ്റൊരു രാജ്യാതിർത്തി കടക്കുക സാധ്യമായിരുന്നില്ല. ഇന്നു പരിഷ്കൃത രാജ്യങ്ങളിൽ അനുവർത്തിക്കാറുള്ള നിബന്ധനകൾ അക്കാലങ്ങളിൽ നിലനിന്നിരുന്നില്ലെങ്കിലും വിദേശിയരുടെ പോക്കുവരവും അവരുടെ സുഖസൗകര്യങ്ങളും ശ്രദ്ധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുണ്ടായിരുന്നു. അവരെ മറികടന്ന് ഒരാൾക്കും രാജ്യത്ത് പ്രവേശിക്കുവാനോ, സൈ്വരവിഹാരം നടത്തുവാനോ ഒക്കുമായിരുന്നില്ല. ഇതിനൊക്കെപ്പുറമെ ഏതൊ

രു വലിയ പട്ടണത്തിലേക്കും കടക്കുന്നതിന് നിർദിഷ്ട യാത്രാനുമതി പത്രം വേണമായിരുന്നു. പട്ടണങ്ങളത്രയും വലിയ മതിലുകൾക്ക് അകത്തായിരുന്നു. വലിയ കവാടങ്ങളും ദ്വാരപാലകന്മാരും കൃത്യമായി കവാടങ്ങൾ തുറക്കുകയും അടക്കുകയും ചെയ്യുമായിരുന്നു. ആർക്കെങ്കിലും പട്ടണത്തിലേക്ക് വരണമെങ്കിൽ മുൻകൂട്ടി അനുമതി വാങ്ങിയിരിക്കണം. പട്ടണവാസിയാണെങ്കിൽ അയാളുടെ പക്കലുണ്ടായിരിക്കേണ്ട തിരിച്ചറിയൽ സർട്ടിഫിക്കറ്റ് കാണിച്ചെങ്കിൽ മാത്രമേ അകത്തേക്ക് വിടുമായിരുന്നുള്ളൂ. ഒരു യുദ്ധമോ പടയോട്ടമോ ഉണ്ടാകുമ്പോൾ സാധാരണ ചെയ്യുന്ന പ്രതിരോധ ഏർപാട് നഗരങ്ങളുടെ കവാടങ്ങൾ ബന്ധിക്കുക എന്നതായിരുന്നു. ആക്രമണ സൈന്യത്തിന് ഈ തടസ്സം ശക്തിപൂർവം നേരിട്ടതിനുശേഷമേ നഗരങ്ങളിൽ കൊള്ളയടിക്കുവാൻ സാധിക്കുമായിരുന്നുള്ളു. അതാകട്ടെ എളുപ്പവുമായിരുന്നില്ല. കാരണം, കവാടമടച്ചുകഴിഞ്ഞാൽ രാജ്യരക്ഷക്കുള്ള സൈന്യങ്ങൾ തയ്യാറെടുത്ത് താവളമുറപ്പിച്ചിരിക്കും. ഇന്ത്യയിലെ പ്രധാന നഗരവാതിലുകൾ രക്തരൂക്ഷിതമായ സംഘട്ടനങ്ങൾക്ക് പലപ്പോഴും സാക്ഷ്യം വഹിച്ചിട്ടുള്ളവയാണ്. രാജ്യത്തിനകത്തുള്ള പട്ടണങ്ങളുടെ സ്ഥിതിതന്നെ ഇങ്ങനെ ആയിരുന്നപ്പോൾ അതിർത്തി സംസ്ഥാനങ്ങളിൽ കൂടുതൽ നിഷ്കർഷ പാലിച്ചിരിക്കുമെന്ന് വിചാരിക്കാവുന്നതേയുള്ളു. അങ്ങനെ ബത്തൂത്തക്ക് അതിർത്തിയിൽ വെച്ചുതന്നെ രാജകീയ ദൂതമാരുമായി പരിചയപ്പെടേണ്ടതായിവന്നു.

ബത്തൂത്തയുടെ ഉദ്ദേശ്യം സമ്പന്നമായ ഒരു പദവി ചക്രവർത്തിയുടെ കീഴിൽ അനുഭവിക്കുക എന്നതായിരുന്നു. വെറുമൊരു ദിക് സഞ്ചാരിയായി മാത്രം ജീവിതം അവസാനിപ്പിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. തന്മൂലം അതിർത്തിയിൽ വെച്ച് രാജകിങ്കരന്മാരുമായി സമ്പർക്കത്തിൽ ഏർപെടേണ്ടിവന്നപ്പോൾ തന്നെ തന്റെ ഉന്നം ഇന്നതാണെന്ന് ബത്തൂത്ത പറഞ്ഞിരുന്നിരിക്കണം. അതുകൊണ്ടാണ് പഞ്ചാബിലോ, സിന്ധിലോ, മുൾട്ടാണിലോ തങ്ങാതെ നേരെ ഡൽഹിയിലേക്ക് പോകണമെന്ന് ആവശ്യപ്പെട്ടത്. വിവിധനാടുകളേയും നാട്ടുസമ്പ്രദായങ്ങളെയും കാണുവാനും അറിയുവാനും ഉള്ള ആന്തരികപ്രചോദനമായിരുന്നു ബത്തൂത്തയെ ഈ സാഹസിക ദിക് സഞ്ചാരത്തിന് പ്രേരിപ്പിച്ചിരുന്നതെങ്കിൽ നിശ്ചയമായും ആ സഞ്ചാരി വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ നടന്നറിയുമായിരുന്നു. എന്നാൽ ഇന്ത്യയിലേക്ക് പ്രവേശിച്ച അദ്ദേഹം അതിനു തുനിഞ്ഞില്ലെന്ന് മാത്രമല്ല, പിന്നീടൊരിക്കലും ഈ പ്രദേശങ്ങളിലേക്ക് കടന്നുചെന്നതുമില്ല. എട്ടു കൊല്ലക്കാലം ഡൽഹിയിൽ സുഖാനുഭവങ്ങളിൽ നിർലോഭം മുങ്ങിക്കുളിച്ച ബത്തൂത്ത ജീവിതസൗകര്യങ്ങൾക്കു വേണ്ടിത്തന്നെയാണ് ഡൽഹി ചക്രവർത്തിയെ അഭയം പ്രാപിച്ചത്.

ബത്തൂത്ത പ്രതീക്ഷിച്ചിരുന്ന പദവി അദ്ദേഹത്തിന് മുഹമ്മദ് തുഗ്ല ക്ക് നല്കുകയും ചെയ്തു. ഡൽഹിയിലെ ഖാസിമാരിൽ ഒരാളായി അദ്ദേഹം നിയമിതനായി. മാസത്തിൽ 2500 ഉറുപ്പിക ശമ്പളം നിശ്ചയി ച്ച് അനുവദിച്ചതിനു പുറമേ താമസസൗകര്യങ്ങളും മറ്റു രാജകീയ ആ നുകൂല്യങ്ങളും അഭംഗുരം നല്കുകയും ചെയ്തു. മത നിയമങ്ങൾ പഠി ക്കാൻ മക്കയിൽ മൂന്നുകൊല്ലം ബത്തൂത്ത വിനിയോഗിച്ചത് ഇന്ത്യയിൽ നല്ല ഒരു ഉദ്യോഗലബ്ധിക്കായിരുന്നിരിക്കണമെന്നു നമുക്ക് ഊഹിക്കാ വുന്നതേയുള്ളൂ. ഇന്ത്യയിലേക്കു കടന്ന ബത്തൂത്ത നേരെ ഡൽഹി സുൽത്താന്റെ അരമനയിലേക്കു പോകുന്നതും ഒരു ഉദ്യോഗസ്ഥനായി അവിടെ താമസിക്കുന്നതും കൂടി ഒന്നിപ്പിച്ചുനോക്കുമ്പോൾ നിശ്ചയമാ യും ബത്തൂത്ത ഒരുദ്യോഗാർഥിയായിട്ടാണ് ഇന്ത്യയിലേക്കു വന്നതെ ന്ന് കാണാൻ പ്രയാസമില്ല. ഇതിനനുബന്ധമായി അദ്ദേഹത്തിന്റെ സ ഞ്ചാരഗതിയും കൂടി നാം അനുധാവനം ചെയ്യുകയാണെങ്കിൽ മനസ്സി ലാക്കാവുന്ന പരമാർഥം, ഡൽഹിയിൽ സുൽത്താൻ മുഹമ്മദിന്റെ കീ ഴിൽ നിന്നും ഒഴിവായതിനുശേഷം മാത്രമാണ് ബത്തൂത്തയുടെ ഇന്ത്യൻ സഞ്ചാരവൃത്താന്തം കൂടുതൽ കാര്യമാത്ര പ്രസക്തവും വീരസാഹിക തയും നിറഞ്ഞതാവുന്നതുതന്നെ. സഞ്ചാരം, സഞ്ചാരത്തിനുവേണ്ടി എ ന്ന ഔത്സുക്യപൂർവമായ ചേതോവികാരം ബത്തൂത്തയിൽ രൂഢമൂല മാകുന്നത് ഡൽഹി വിട്ടതിനുശേഷമാണെന്നതിന് അദ്ദേഹത്തിന്റെ വി വരണങ്ങൾ മാത്രം മതി തെളിവായിട്ട്.

അപ്പോൾ ബത്തൂത്തയുടെ മുപ്പതുകൊല്ലത്തോളമെത്തുന്ന യാത്ര യെ മൂന്ന് ഘട്ടങ്ങളായി തിരിക്കാമെന്ന് തോന്നുന്നു. ആദ്യത്തേത്, ഹ ജ്ജ് തീർഥാടനത്തിനായുള്ള യാത്ര - ബത്തൂത്തയുടെ ആദ്യകൊല്ല ങ്ങളിലായിരുന്നു ഇത്. ഏതൊരു മുസ്ലിമിനും നൈസർഗികമായി ഉ ണ്ടാകാവുന്ന വികാരാവേശത്താൽ ഇറങ്ങിത്തിരിക്കുന്ന യാത്രയാണ് ഹ ജ്ജ് യാത്ര. ഇക്കാലത്താണ്, അറബിസാഹിത്യവും സഞ്ചാരകഥക ളും അദ്ദേഹത്തെ ആകർഷിക്കുന്നത്. അറബിലോകം സംഭാവനചെയ് ത നിരവധി മതപണ്ഡിതന്മാരുടെയും ചരിത്ര ഭൂമിശാസ്ത്ര സഞ്ചാരി കളുടെയും പുസ്തകങ്ങളുമായി പരിചയം നേടുന്നതും ഇക്കാലത്താ ണ്. ഇന്ത്യൻ സുൽത്താന്മാർ അറബിപണ്ഡിതന്മാർക്ക് നല്കാറുള്ള ബഹുമതികളെക്കുറിച്ച് അറബി സാഹിത്യത്തിന്റെ സ്വാധീനം ബത്തൂ ത്തയെ ബോധവാനാക്കിയിരിക്കണം. അതിന്റെ ഫലമായിട്ടാണ് ജീവി തായോധനത്തിലേക്ക് ഇറങ്ങുന്നതിനും ജീവിതം വിജയകരമാക്കുന്ന തിനും ഉപയോഗപ്രദമായ വിഭവസമ്പത്ത് കരസ്ഥമാക്കുവാൻ അദ്ദേഹം തുനിയുന്നത്. അങ്ങനെയാണ് ഒരു ലക്ഷ്യവുമില്ലാതിരുന്ന ബത്തൂത്ത മക്കയിൽ താമസിച്ച് മതപഠനം നടത്തുന്നത്. ഇസ്ലാമിക പ്രത്യയശാ സ്ത്രങ്ങളും വേദനിയമങ്ങളും ഹൃദിസ്ഥമാക്കിയ ബത്തൂത്ത തന്റെ ജീ

വിതത്തിന് ഒരുദ്ദേശ്യവും ലക്ഷ്യവും മുന്നിൽ കണ്ടുകൊണ്ടാണ് പ്രയാണമാരംഭിക്കുന്നത്.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി കടന്ന് ഭാരതത്തിന്റെ മണ്ണിൽ കാലുകുത്തുന്ന ബത്തൂത്ത തന്റെ സഞ്ചാരജീവിതത്തിലെ രണ്ടാംഘട്ടത്തിന്റെ ഉത്ഘാടനം നടത്തുകയായിരുന്നു. ഈ കാലയളവിൽ ബത്തൂത്തയിൽ മുന്തിനിന്നിരുന്ന ആഗ്രഹം ജീവിതത്തിൽ ഉന്നതമായ പദവി കരസ്ഥമാക്കുകയും ആവതും സുഖസമ്പൂർണമായ ജീവിതം നയിക്കുകയും ചെയ്യുകയെന്നതായിരുന്നു. ഇന്ത്യയിൽ കടക്കുന്ന ഈ മൊറോക്കോക്കാരന്റെ പൗരോഹിത്യ ഭാവവും വേഷവുമൊക്കെ സാധാരണ മുസ്‌ലിം വിശ്വാസികളെ ആകർഷിച്ചതിൽ അപാകതയില്ല. അതിർത്തി മുതൽ ഡൽഹി അരമനയിൽ എത്തുന്നതു വരെ മുസ്‌ലിം സാഹോദര്യത്തിന്റെ സ്നേഹാദരവുകൾ നിർലോഭം ബത്തൂത്തക്കു ലഭിച്ചു. ചക്രവർത്തി മുഹമ്മദ് തുഗ്ലക്ക് തലസ്ഥാനത്തില്ലാതിരുന്നിട്ടും രാജമാതാവ് വിദേശിയായ ഈ അറബിയെ സൽക്കരിക്കുവാനും ദയാകാരുണ്യങ്ങൾ കൊണ്ട് അനുഗ്രഹിക്കുവാനും മറന്നില്ല. അതുവരെ താൻ അനുഭവിക്കുകയോ കേട്ടറിയുകപോലുമോ ചെയ്തിട്ടില്ലാത്ത അപാരമായ ദയാവായ്പും വാത്സല്യ സമ്പൂർണമായ സ്നേഹസാഹോദര്യവും സുൽത്താൻ തിരിച്ചെത്തിയപ്പോൾ അനുഭവിക്കാൻ ഇടവന്നതായി ബത്തൂത്ത തന്നെ എഴുതുന്നുണ്ട്. സുൽത്താന്റെ കൈയയച്ച സംഭാവനകളും ഉന്നതമായ ഉദ്യോഗപദവിയും തന്നിലർപ്പിതമായപ്പോൾ ബത്തൂത്ത കോരിത്തരിച്ചിരിക്കണം. അങ്ങനെ എട്ടുകൊല്ലത്തോളം (1333 മുതൽ 1342 വരെ) സുൽത്താൻ മുഹമ്മദിന്റെ കീഴിൽ ബത്തൂത്ത ജോലി നോക്കി. ഈ കാലത്തു ബത്തൂത്തയുടെ ധൂർത്തടിയും കൂട്ടുകെട്ടും ഇഷ്ടപ്പെടാതിരുന്ന മുഹമ്മദ് തുഗ്ലക്ക് അദ്ദേഹത്തെ കുറേ ദിവസം തടങ്കലിൽ പാർപിച്ചു. രാജകീയ വിദ്വേഷത്തിന് പാത്രീഭൂതനായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് ആരേക്കാളും അറിയാമായിരുന്ന ബത്തൂത്ത തന്റെ വെപ്പാട്ടികളെ തിരിച്ചേല്പിക്കുകയും പാർപിടത്തിലുണ്ടായിരുന്ന സകല വിലപ്പെട്ട വസ്തുക്കളും പലർക്കായി ദാനം നല്കുകയും ചെയ്തു. ഇനി മുതൽ ഒരു തപസ്വിയുടെ ഏകാന്തജീവിതം നയിക്കാൻ പോകുന്നുവെന്ന് ബത്തൂത്ത ഒരു പരസ്യപ്രഖ്യാപനവും നടത്തി. നിരാഹാരവ്രതങ്ങളും മതാചാരനിർവഹണവുമൊക്കെയായി ലൗകികജീവിതത്തിൽ നിന്നും അദ്ദേഹം ഒഴിഞ്ഞുമാറിനിന്നു. ഇതു വിചാരിച്ച ഫലമുണ്ടാക്കിയെന്നത് സംശയരഹിതമാണ്. സുൽത്താന്റെ അപ്രീതി സമ്പാദിച്ചുകൊണ്ട് ഡൽഹിയിൽ നിന്നും പര്യടനത്തിനു പുറപ്പെട്ടിരുന്നുവെങ്കിൽ, തീർച്ചയായും ബത്തൂത്തയെന്ന സഞ്ചാരിയുടെ കഥ നാം അറിയുമായിരുന്നില്ല. ഡൽഹിയിൽത്തന്നെ ബത്തൂത്ത പഴയ ജീവിതവുമായി കഴിഞ്ഞുകൂടിയിരുന്നെങ്കിലും സ്ഥിതി മറ്റൊന്നാകുമായിരുന്നില്ല.

ഏതായാലും സുൽത്താന്റെ നീരസത്തിൻ നിന്നും മുക്തിനേടാൻ ഏറ്റവും പറ്റിയ മാർഗം ഗാർഹികവും ലൗകികവുമായ ഒന്നിലും താല്പര്യം കാണിക്കാതെ സന്യാസജീവിതം നയിക്കുകയെന്നത് മാത്രമായിരുന്നു. ബത്തൂത്തയിൽ തനിക്കുതോന്നിയ അസുഖങ്ങൾ അങ്ങനെ ആളിക്കത്താതെ തണുത്തുറയുകയാണുണ്ടായത്. തന്മൂലം 1342-ൽ ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യത്തിന്റെ അധിപതിയും മാംഗോൾ ചക്രവർത്തിയുമായ ടോഗൻ തിമൂറിന്റെ അടുക്കലേക്ക് ഒരു ദൗത്യസംഘത്തെ അയക്കുവാൻ സുൽത്താനുദ്ദേശിച്ചപ്പോൾ ലോകപരിചയ സമ്പന്നനായി സുൽത്താനുതോന്നിയ കക്ഷി ബത്തൂത്ത തന്നെയായിരുന്നു. മുഹമ്മദ് തുഗ്ലക്ക് ബത്തൂത്തയെ വിളിപ്പിച്ച് ഇപ്രകാരം പറഞ്ഞു: 'നിങ്ങൾക്ക് സഞ്ചാരം ചെയ്യുന്നതിൽ കൗതുകമുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്റെ ദൗത്യവുമായി ചൈനയിലേക്ക് നിങ്ങൾ പോയാൽ ക്കൊള്ളാമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ സംഗതിക്കാണ് ഞാൻ നിങ്ങളെ പ്രത്യേകം അയച്ചുവരുത്തിയത്." (Selections from the Travels of Ibn Battuta P.213.) സുൽത്താന്റെ നീരസത്തിന് ഇടയായതുകൊണ്ട് ഒരു ഫക്കീറിന്റെ വേഷവിധാനത്തോടുകൂടി ധ്യാനവും മതനിഷ്ഠകളുമായി കഴിഞ്ഞിരുന്ന ബത്തൂത്തക്ക് അപ്രതീക്ഷിതമായ ഈ ക്ഷണം സീമാതീതമായ ആനന്ദമുണ്ടാക്കിയെന്നതിൽ സംശയമില്ല. ഒട്ടും മടിക്കാതെ തന്നെ അദ്ദേഹം അത് സ്വീകരിച്ചു. പോകാനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ ഉത്സാഹപൂർവം നടത്തുകയും ചെയ്തു. അങ്ങനെയാണ് വീണ്ടും ബത്തൂത്ത തന്റെ നിർബന്ധസന്യാസജീവിതത്തിൽ നിന്നും മുക്തനായി കൂടുതൽ ഉഷാറോടും പ്രസരിപ്പോടും കൂടി 'ആകമ്രശോഭന സമൃധ'മായ ലൗകിക ജീവിതത്തിലേക്ക് വീണ്ടും ഇറങ്ങി വരുന്നത്.

# 3

# സഞ്ചാരം, സഞ്ചാരത്തിനുവേണ്ടി

ചൈനയിൽ ടോഗൻ തിമൂറിന്റെ അടുക്കലേക്ക് മുഹമ്മദ് തുഗ്ലക്കയക്കുന്ന പ്രതിപുരുഷനെന്ന നിലക്ക് ഒരു വലിയ സംഘം അനുയായികളോടുകൂടി പുറപ്പെടുന്ന ബത്തൂത്ത, തന്റെ യാത്രാനുഭവങ്ങളുടെ മൂന്നാമത്തെ ഘട്ടത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. യഥാർഥത്തിൽ ഡൽഹിയിൽ നിന്നും ഒരു ദൗത്യസംഘത്തിന്റെ നായകസ്ഥാനം ഏറ്റെടുത്ത്, വിദേശപര്യടനത്തിന് പുറപ്പെടുന്ന ഉത്തരവാദിത്വമുള്ള ഒരുയർന്ന ഉദ്യോഗസ്ഥന്റെ മാനസിക സാന്നിധ്യമോ, ചുമതലാബോധമോ ഒന്നും നാം ഡൽഹിവിടുന്ന ബത്തൂത്തയിൽ കാണുന്നില്ല. അപ്രീതിക്കർഹനായി; ശിക്ഷയനുഭവിക്കാതെ ഏതെങ്കിലും വിധേന സുൽത്താന്റെ പിടിയിൽ നിന്നും തടിതപ്പാനുള്ള വ്യഗ്രത ബത്തൂത്തയിൽ നിർവ്വിശങ്കം പ്രവർത്തിച്ചിരുന്നതിന് മതിയായ തെളിവുണ്ടുതാനും. മുഹമ്മദ് തുഗ്ലക്ക് അയച്ച ഈ ദൗത്യസംഘത്തിന്റെ പ്രാധാന്യം അറിയണമെങ്കിൽ അദ്ദേഹം ചൈനീസ് ചക്രവർത്തിക്ക് കൊടുത്തയച്ച സമ്മാനങ്ങളുടെ കണക്കുകൾ മാത്രം പരിശോധിച്ചാൽ മതി. നല്ലയിനം നൂറ് കുതിരകൾ, നൂറ്  അടിമകൾ, പാട്ടുകാരും നർത്തകികളുമായ നൂറ് പെൺകുട്ടികൾ, ഓരോരുത്തർക്കും നൂറ് ദീനാർ വീതം വിലയുള്ള നൂറിനം തുണിത്തരങ്ങൾ, ഓരോരുത്തർക്കും നാലും അഞ്ചും വർണങ്ങളുള്ള ഭംഗിയേറിയ നൂറ് ഖസ് പട്ടുകൾ, നൂറ് സലാഹീയ വസ്ത്രങ്ങൾ,നൂറ്  ഷിതിൻബാഹ് തുണികൾ,നൂറ് ഷാൻബാഹ് വസ്ത്രങ്ങൾ, കറുപ്പ്, വെളുപ്പ്, ചുവപ്പ്, പച്ച, നീല എന്നീ വർണങ്ങളിലുള്ള അഞ്ഞൂറ് കശ്മീർ രോമവസ്ത്രങ്ങൾ, രത്നങ്ങൾ പതിച്ച പിടിയോടുകൂടിയ പത്തു വാളുകൾ, സ്വർണം, വെള്ളി എന്നിവയാൽ ഉണ്ടാക്കിയിട്ടുള്ള തളികകൾ, കൂജകൾ, മറ്റുതരത്തിലുള്ള കൗതുകവസ്തുക്കൾ തുടങ്ങിയവയായിരുന്നു വിലപ്പെട്ട ആ സമ്മാനങ്ങൾ.' (Ibn Battuta travels. pp. 214, 215)

ബത്തൂത്ത എഴുതുന്നു: "എന്റെ കീഴിലായി അമീർ സഹീറുദ്ദീനേ

യും സമ്മാനങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ കാഫൂർ എന്ന ഷണ്ഡനേയും സുൽത്താൻ നിയമിച്ചിരുന്നു. അമീർ സഹീറുദ്ദീനെ എനിക്കു നന്നേ പിടിച്ചു. സൽസ്വഭാവിയായിരുന്ന ഒരു പണ്ഡിതനായിരുന്നു അദ്ദേഹം. ഇവർക്കു പുറമേ സുരക്ഷിതമായി ഞങ്ങളെ തുറമുഖത്തെത്തിക്കുവാൻ ചീനാചക്രവർത്തിയുടെ ദൗത്യസംഘത്തിൽപെട്ട പരിചാരകന്മാരും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ആ പ്രതിനിധി സംഘനേതാവിന്റെ പേര് തുർസി എന്നായിരുന്നു.' (Ibn Battuta travels. pp. 214, 215) അങ്ങനെ ഡൽഹിയിൽ നിന്നും ചൈനയിലേക്ക് ഒരു വിദേശകാര്യാലയത്തിന്റെ പ്രൗഢിയോടുകൂടി യാത്രപറഞ്ഞ് പിരിയുന്ന ബത്തൂത്ത അല്പ ദിവസത്തിനകം തന്നെ തന്റെ കൂട്ടുകാരുമായി സമ്പർക്കമറ്റ് ഒറ്റക്ക് കൊള്ളക്കാരുടെ സംഘത്തിലകപ്പെടുകയാണ്. ഇന്ന് അലിഗർ എന്ന് പറയുന്ന 'കോയിൽ' എന്ന സ്ഥലത്തെത്തിയപ്പോഴേക്കും ബത്തൂത്ത തനിച്ചാകുന്നു. അതിനുകാരണം സ്വന്തം ഭാഗ്യപരീക്ഷണത്തിന് വിധേയനായി ഒറ്റക്ക് സഞ്ചരിച്ചതും തനിച്ച് പല സ്ഥലങ്ങളിലും കടന്നുചെന്നതുമായിരുന്നു. തന്നിലർപിതമായ ചുമതല ഉത്തരവാദിത്വത്തോടുകൂടി നിർവ്വഹിക്കണമെന്ന ഉദ്ദേശ്യം അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിൽ ഒരിക്കലും തന്റെ അകമ്പടി സേവകരെയും മറ്റുള്ള അംഗങ്ങളെയും വിട്ടുപിരിഞ്ഞ് തനിച്ചുള്ള ഒരു യാത്രക്ക് അദ്ദേഹം തയ്യാറാകുമായിരുന്നില്ല.

സത്യത്തിൽ ഇവിടം മുതലാണ് ബത്തൂത്തയിൽ ഒരു സാഹസികനായ സഞ്ചാരി മുളച്ചു വരുന്നത്. ഇതുമുതലുള്ള സഞ്ചാരവൃത്താന്തം ശരിക്കും ഒരു യാത്രാകുതുകിയുടേതാണ്. അറേബ്യയിലെ താമസവും ഡൽഹിയിലെ ഉദ്യോഗവുമൊക്കെ ബത്തൂത്തയിൽ ഉണ്ടാക്കിയിരുന്ന പ്രതികരണവും, ഡൽഹിയിൽനിന്നും എന്തും വരട്ടെ എന്നു കരുതിയുള്ള ദിക്സഞ്ചാരവും വ്യത്യസ്ഥമേഖലകളിലാണ് വായനക്കാരനെ കൊണ്ടെത്തിക്കുന്നത്. അതിന് അതിന്റേതായ കാരണങ്ങളുമുണ്ട്. ഇന്ത്യയിൽ വന്ന് ഉപജീവനത്തിനുള്ള നല്ല ഒരു യോഗ്യത സമ്പാദിക്കുക എന്നതായിരുന്നു മക്കയിൽ കഴിച്ചുകൂട്ടിയ കാലത്തെ ഉദ്ദേശമെങ്കിൽ, ഡൽഹിയിലെ ജീവിതമാകട്ടെ ഔദ്യോഗികപദവിയെ നിലനിർത്തുവാൻ വേണ്ടിയുള്ള ശ്രമമായിരുന്നു. ഒരു വിദ്യാർഥി മറ്റൊരു നാട്ടിൽ പഠനത്തിനുപോയി ബിരുദവും സമ്പാദിച്ചു മടങ്ങുന്നു എങ്കിൽകൂടിയും അയാൾക്ക് ആ നാടിനെപ്പറ്റിയും, താൻ ഇടപഴകിയ ആളുകളെക്കുറിച്ചും എന്തെങ്കിലുമൊക്കെ പറയാൻ കാണും. അതേ സ്ഥിതിയാണ് ഉദ്യോഗസ്ഥനായ മറ്റൊരാളുടെയും. അയാൾ ജോലിക്കുവേണ്ടി വിദേശരാജ്യത്തെത്തുന്നു. കുറേക്കാലത്തിനുശേഷം ജോലിയിൽനിന്ന് പിരിയേണ്ടായതായും വരുന്നു. ഈ രണ്ടു കൂട്ടരുടെയും അടിസ്ഥാനോദ്ദേശങ്ങൾ പഠിക്കുകയും ജോലിചെയ്യുകയും ആണെങ്കിലും തങ്ങൾ കണ്ട നാടി

നെയും നാട്ടുകാരെയും സംബന്ധിച്ച് കുറേക്കാര്യങ്ങൾ അവർക്കും പറയുവാൻ കാണും. പക്ഷേ, ഈ സ്ഥലങ്ങൾതന്നെ സന്ദർശിക്കുന്ന ഒരു സഞ്ചാരിയുടെ ഔത്സുക്യവും അന്വേഷണതൃഷ്ണയും തജ്ജന്യമായ വിവരണങ്ങളും ഒരിക്കലും ആദ്യത്തെ രണ്ടു കൂട്ടരിൽനിന്നും പ്രതീക്ഷിക്കുക സാധ്യമല്ല. ഈ മൂന്ന് അവസ്ഥാവിശേഷവും ബത്തൂത്തയുടെ യാത്രാവിവരണ കഥകളിൽ ദൃശ്യമാണ്.

ആദ്യത്തേത്, അറേബ്യ തുടങ്ങിയ രാജ്യങ്ങളുടെ വിവരണം. ഒരു വിദ്യാർഥി എന്ന നിലയിൽ അദ്ദേഹം പഠിക്കാൻപോയ സ്ഥലത്തെക്കുറിച്ച് യാദൃച്ഛയാ ഉള്ള പ്രസ്താവനകളാണത്. രണ്ടാമത്തെഘട്ടം, മറുനാട്ടിൽ ഉദ്യോഗവുമായിക്കഴിഞ്ഞ് കുറേക്കാലത്തിനുശേഷം തിരിച്ചെത്തുന്നയാൾക്കു പറയാനുള്ള അനുഭവങ്ങളുടേതിന്നു തുല്യമായ ചില സമർത്ഥനങ്ങൾ. ജോലി ലഭിക്കുന്നതിനുമുമ്പുള്ള ഒരുവന്റെ മാനസിക അങ്കലാപ്പ്, പ്രതീക്ഷയിൽ കവിഞ്ഞ ഔദാര്യവും ഔദ്യോഗികപദവിയും വേഗം ലഭിക്കുമ്പോൾ അമിതമായ ആനന്ദമായി മാറുന്ന സന്ദർഭമാണത്. ആ ദിവസങ്ങൾ വളരെ സന്തോഷത്തോടെ ഓർത്തുപോവുക സ്വാഭാവികമാണ്. അതുതന്നെയാണ് ശരിക്കും ബത്തൂത്തയുടെ സ്ഥിതിയും. തനിക്കു സകലമാന സുഖസൗകര്യങ്ങളും കലവറ കൂടാതെ തന്നനുഗ്രഹിച്ച സുൽത്താൻ മുഹമ്മദിന്റെ ദാനധർമാദികളെ പുകഴ്ത്തുന്ന ബത്തൂത്ത ലോകത്തൊരിടത്തും ഇത്രക്കു ദയാലുവും കരുണാനിധിയുമായ ഒരു ഭരണാധികാരിയെ കാണുക പ്രയാസമാണെന്ന് എഴുതുന്നുണ്ട്. അങ്ങനെ ഔദ്യോഗിക കാലത്തിന്റെ ആദ്യഭാഗം വലിയ അനുഗ്രഹമായി ഏതൊരാളും കാണാറുള്ളതുപോലെതന്നെ ബത്തൂത്തയും കാണുന്നു. അതിനുകാരണക്കാരായവരെ ഏവരും വാഴ്ത്താറുള്ളതുപോലെ ബത്തൂത്തയും വാഴ്ത്തുന്നു. അതുകഴിഞ്ഞു തന്റെ മേലാളന്റെ അപ്രീതിക്കു വിധേയനാകുമ്പോൾ ഏതൊരു സാധാരണ ഉദ്യോഗസ്ഥനും ചെയ്യാറുള്ളതുപോലെ അയാളെ പഴിക്കുകയും പിരാകുകയും ചെയ്യുന്ന മാനസികവിക്രിയ ബത്തൂത്തയും അനുവർത്തിക്കുന്നു. അങ്ങനെയാണ് മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ച് തുടക്കത്തിൽ അമിതമായ പ്രശംസയും ഇടക്കുവച്ച് നിന്ദ്യമായ ആഭിചാരവാക്കുകളും നിർലോഭം നിരത്തിവെക്കുന്നത്. ചുരുക്കത്തിൽ ബത്തൂത്തയിൽ നാം കാണുന്ന ഈ വ്യത്യാസങ്ങൾ വേർതിരിച്ചറിഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന്റെ വിവരണങ്ങൾ ചരിത്രവിദ്യാർഥിയെ അവതാളത്തിലേക്കായിരിക്കും ആനയിക്കുക. ഇരുത്തമില്ലാത്ത ഒരു വികാരജീവിയായിട്ടാണ് ഇബ്നു ബത്തൂത്തയെ പലപ്പോഴും തോന്നുക. ഏതായാലും പക്വമതിയായ ഒരു പണ്ഡിതന്റെ മാനസികമായ വലുപ്പം ഇദ്ദേഹത്തിനുണ്ടായിരുന്നില്ലെന്ന് തീർത്ത് പറയാൻ കഴിയും.

ബത്തൂത്തയുടെ യാത്രയുടെ മൂന്നാം ഘട്ടമാണ് യഥാർഥത്തിൽ സാ

ഹസികനായ ഒരു സഞ്ചാരിയുടെ വിവരണമാകുന്നത്. ഡൽഹിയിൽ നിന്നും പുറപ്പെടുമ്പോൾതന്നെ ചൈനയിലേക്കു പോകരുതെന്നു ബത്തൂത്ത കരുതിയിരിക്കണമെന്ന് വിശ്വസിക്കാനാണധികം സാധ്യത. ബത്തൂത്തയുടെ ചൈനാ സന്ദർശനം അദ്ദേഹം പറഞ്ഞതിൽ വെച്ച് ഏറ്റവും വലിയ നുണയായിരുന്നുവെന്ന് നാം നേരത്തെ പ്രസ്താവിച്ചത് ഓർമയുണ്ടല്ലോ. ഇതിന് ഉപോൽബലകമായി വേണമെങ്കിൽ ബത്തൂത്തയുടെ മാനസിക സ്ഥിതിവിശേഷവും പിന്നീടുള്ള പ്രവൃത്തികളും കൂടി കണക്കാക്കുവാനൊക്കും. ചൈനയിൽ പോകുവാൻ സകല സൗകര്യങ്ങൾ ലഭിച്ചിട്ടും അത് വേണ്ടവിധം ഉപയോഗപ്പെടുത്താതെ നിരുത്തരവാധിയായ ഒരുത്തനെപ്പോലെ ഒറ്റതിരിഞ്ഞ്, തന്റെ സംഘത്തെ വേറെവിട്ട്, പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തുവാൻ അദ്ദേഹം മിനക്കെടുമായിരുന്നില്ല. ഇതൊക്കെക്കഴിഞ്ഞ് കോഴിക്കോട്ടെത്തുന്ന അദ്ദേഹവും കൂട്ടരും കയറിയ ഓടം തകർന്നെന്നും ചൈനയിലേക്കുള്ള യാത്ര വേണ്ടെന്ന് വെച്ചെന്നും നാം നേരത്തെ വിവരിച്ചിട്ടുണ്ട്. ഡൽഹിയിലേക്കുള്ള മടങ്ങി പോക്ക് സുൽത്താന്റെ കോപത്തിനിരയാകുമെന്നതിനാലായിരിക്കാം തന്റെ സഞ്ചാരവാസന ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും അറബിക്കടൽ ദ്വീപുകളിലും സിലോണിലും മറ്റു പ്രദേശങ്ങളിലും ഒക്കെ യാത്രചെയ്യുവാനും ബത്തൂത്ത തീരുമാനിച്ചത്.

അങ്ങനെ മാലദ്വീപിൽ കടക്കുന്ന ബത്തൂത്ത വളരെ അത്ഭുതകഥകൾ ആ നാടിനെക്കുറിച്ചെഴുതുന്നുണ്ട്. ബത്തൂത്ത അവിടുത്തെ രാജകുടുംബത്തിൽ നിന്നും വിവാഹം കഴിക്കുകയും അവിടെ ഖാസിയുടെ പദവി അലങ്കരിക്കുകയും ചെയ്യുന്നതാണ് പ്രധാനസംഭവങ്ങൾ. പതിനെട്ടു മാസക്കാലം ഈ ജീവിതവുമായി മാലദ്വീപിൽ കഴിയുന്ന ബത്തൂത്തക്ക് ദ്വീപുവാസികൾ അനുഷ്ഠിച്ചുപോന്ന പല അന്ധവിശ്വാസങ്ങളെയും ചീത്ത ആചാരങ്ങളെയും വെല്ലുവിളിക്കണമെന്നും കഴിവതും അവരെ പരിഷ്കരിക്കണമെന്നും ഉള്ള അന്തഃപ്രചോദനമുണ്ടായി. ഇതുമൂലം ദ്വീപുനിവാസികളുടെ അപ്രീതിക്കു ബത്തൂത്ത പാത്രീഭൂതനാക്കേണ്ടതായി വന്നു. അങ്ങനെ അവിടെ നിന്നും ബത്തൂത്ത ബഹിഷ്കൃതനായി. ഇതോടുകൂടി ബത്തൂത്തയിലുള്ള പുരോഹിതൻ തലയുയർത്തി. വീണ്ടും ഒരു മതാചാര്യന്റെ വേഷം അദ്ദേഹം അണിഞ്ഞു. ഇക്കാലത്താണ് സിലോണിലുള്ള ആദം മലയിൽ കയറണമെന്ന ആവേശം ബത്തൂത്തയിലങ്കുരിക്കുന്നതും അദ്ദേഹം സിലോൺ സന്ദർശിക്കുന്നതും. അവിടെനിന്നും മടങ്ങി മധുര തുടങ്ങിയ സ്ഥലങ്ങളിൽ കുറേക്കാലം തങ്ങിയശേഷം കൊല്ലം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങൾ ഒന്നുകൂടി നടന്നുകണ്ട ബത്തൂത്ത, ഒരിക്കൽ കൂടി മാലദ്വീപിലേക്ക് പുറപ്പെട്ടു. പക്ഷേ, കാര്യമായ സ്വീകരണം തദ്ദേശവാസികളിൽ നിന്നോ

സുൽത്താനിൽ നിന്നോ ലഭിക്കാത്തത് കൊണ്ടായിരിക്കണം അല്പകാലം കഴിഞ്ഞപ്പോഴേക്കും ബത്തൂത്ത വീണ്ടും കോഴിക്കോട്ട് തന്നെ തിരിച്ചെത്തി.

അതിനുശേഷം ചൈനയിലേക്ക് പോയെന്നാണ് ബത്തൂത്ത പറയുന്നത്. അത് എത്രത്തോളം വിശ്വസനീയമാണെന്ന കാര്യം നാം വിശദീകരിച്ചതാണ്. ചൈനയിൽ നിന്നും സുമാത്രാ വഴി മടങ്ങി കോഴിക്കോട്ടെത്തുന്ന ബത്തൂത്ത തന്റെ ദൗത്യനിർവഹണത്തിൽ ആഹ്ലാദം കൊള്ളുകയോ സന്തോഷകരമായ ആ വാർത്ത ഡൽഹിയിൽ സുൽത്താൻ മുഹമ്മദിനെ അറിയിക്കുകയോ ചെയ്യാതെ ഇന്ത്യയിൽ നിന്നും സ്ഥലം വിടുകയാണ് ചെയ്തത്. ഇതും ബത്തൂത്ത ചൈനയിൽ പോയിട്ടില്ലെന്ന നമ്മുടെ വാദഗതിക്ക് സഹായകമായി നിൽക്കുന്ന സംഗതിയാണ്. കുറെ വൈകിയാണെങ്കിലും തന്നിലർപിച്ച പ്രയാസമേറിയ പണി നിറവേറ്റാൻ കഴിഞ്ഞിരുന്നുവെങ്കിൽ നിശ്ചയമായും ആ വിവരം അറിയിച്ച് സംതൃപ്തിയടയുവാൻ ആർക്കും കൂടുതൽ സന്തോഷം കാണും. പ്രശസ്തിയും പദവിയും മറ്റാരേക്കാളും ബത്തൂത്തയും ആഗ്രഹിച്ചിരുന്നുവെന്ന് നാം പരാമർശിച്ചതുമാണ്.

ചൈനയിൽ നിന്നും തിരിച്ചുവന്ന ബത്തൂത്ത അധികകാലം ഇവിടെ കിടന്നുകറങ്ങാതെ തന്റെ മടക്കയാത്ര ആരംഭിച്ചു. കോഴിക്കോട്ടുനിന്ന് അദ്ദേഹം കപ്പൽ കയറി. അക്കാലത്ത് അറബിക്കടലിലെ വ്യാവസായിക കുത്തക അറബികൾക്കായിരുന്നു. തന്മൂലം ഏതൊരാൾക്കും മധ്യപൗരസ്ത്യദേശങ്ങളുമായുള്ള സമ്പർക്കം നിഷ്പ്രയാസം സാധ്യമായിരുന്നു. പ്രത്യേകിച്ചും അറബി ലോകത്തെ ഒരു സഞ്ചാരിക്ക് തന്റെ സഹോദര രാജ്യങ്ങളിലെ കച്ചവടസംഘം സകല സഹായങ്ങളും പല സന്ദർഭങ്ങളിലും നിർലോഭം നൽകിയിരുന്നു എന്ന കാര്യം നാം നേരത്തെ പരാമർശിച്ചതാണ്. ആ സൗകര്യം ഉപയോഗിച്ച് ബത്തൂത്ത കേരളത്തോടു യാത്രപറഞ്ഞ് മധ്യപൗരസ്ത്യരാജ്യങ്ങൾ കടന്ന് മൊറോക്കോവിലേക്ക് പോകാൻ വെമ്പി. എന്നാൽ 1348-ലെ കുപ്രസിദ്ധമായ ഇരുണ്ട മരണങ്ങളുടെ കാലത്ത് അദ്ദേഹം സിറിയയിലായിരുന്നു എന്ന് കാണാം. സിറിയയിലെ ഘോരമായ ഈ നശീകരണവ്യാധിയുടെ വ്യാപ്തിയും വിനയും വളരെ ഹൃദയസ്പൃക്കായി ബത്തൂത്ത എഴുതിയിട്ടുണ്ട്. ഈ അപകടത്തിന്റെ അപായകരമായ കാരണങ്ങളും അതുമൂലമുണ്ടായ പ്രയാസങ്ങളും ബത്തൂത്തയുടെ ചരിത്രത്തിൽ നിന്നാണധികവും വെളിച്ചത്ത് വന്നിട്ടുള്ളത്.

ഈ സന്ദർഭങ്ങളിലൊന്നും ഭാവി പരിപാടികളെക്കുറിച്ച് യാതൊരുവിധ ആസൂത്രണമോ ചിന്തയോ അദ്ദേഹത്തെ അലട്ടിയിരുന്നതായി കാണുന്നില്ല. ഈ കാലമത്രയും ഉയർന്ന പദവികളലങ്കരിക്കുകയും ഉന്നതരായ വ്യക്തികളുമായി സമ്പർക്കത്തിലിരിക്കുകയും ചെയ്ത ബത്തൂ

ത്തക്ക് ഒന്നും ബാക്കിയാക്കുവാനോ, തന്റെ നാട്ടിൽ തിരിച്ചെത്തുമ്പോൾ എന്തെങ്കിലും വിലപ്പെട്ടതായി എടുത്തുകാട്ടുവാനോ കൈവശമുണ്ടായിരുന്നില്ല. മാനസികമായ ഈ വ്യാകുലതയായിരിക്കാം സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാനുള്ള വ്യഗ്രതകുറയാനുള്ള കാരണം. ബത്തൂത്ത തന്നെ ഈ വിശേഷം പറയുന്നതിങ്ങനെയാണ്: 'സുൽത്താൻ അബ്ദുൽ ഹുസ്സൈന്റെയും അദ്ദേഹത്തിന്റെ പുത്രൻ അബ്ദുൽ ഇനാമിന്റെയും കീഴിൽ സമൃദ്ധമായിക്കൊണ്ടിരിക്കുന്ന മൊറോക്കോയുടെ പുരോഗതി മനസ്സിലാക്കുവാനുള്ള ഏക ആഗ്രഹ'മാണത്രേ നാട്ടിലേക്ക് തിരിക്കുവാനുള്ള മാനസികപ്രേരണ. സാധാരണക്കാരനായ ഏതൊരാൾക്കും നൈസർഗികമായുണ്ടായേക്കാവുന്ന പ്രേരണ മറിച്ചായിരിക്കും. താൻ വിട്ടേച്ചുപോന്ന ജനിച്ച മണ്ണിൽ കുറേയധികം കാലത്തിനുശേഷം മടങ്ങിച്ചെല്ലുകയും പരിചിതങ്ങളായ മുഖങ്ങളേയും സ്നേഹപരിലാളനകളനുഭവിച്ച ബന്ധുമിത്രാദികളേയും സർവോപരി ജനിച്ച വീടിനേയും കുടുംബാംഗങ്ങളെയും കാണുകയും വിവരങ്ങളറിയുകയും ചെയ്യുകയെന്നതായിരിക്കും ഏതൊരുത്തന്റെയും മടക്കയാത്രയുടെ ചേതോവികാരം. പക്ഷേ, ബത്തൂത്തക്ക് അത്തരം കുടുംബബന്ധമോ സുഹൃദ്വലയമോ ഒന്നും കാര്യമായിട്ടുണ്ടായിരുന്നില്ലെന്ന് വേണം വിചാരിക്കുവാൻ. ഒരു പക്ഷേ, രാജ്യത്തിന്റെ വികാസവും പരിണാമവും മനസ്സിലാക്കുവാനുള്ള പ്രസ്താവം മനഃപൂർവം നടത്തിയതാണെന്നുവെച്ചാൽ തന്നെ അതിലടങ്ങിയിരിക്കുന്ന ഉപഹാസസ്വരം ഒരുതരം സിനിക്കിന്റേതാണെന്ന് പറയാതെ തരമില്ല. എന്നാൽ മൊറോക്കോയുടെ തലസ്ഥാനമായ ഫെക്സിലെത്തുന്ന ബത്തൂത്തയുടെ പിന്നീടുള്ള പ്രവൃത്തികൾകൂടി കണക്കിലെടുക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രസ്താവന ശരിയാണെന്നു വിചാരിക്കാനേ നിവൃത്തിയുള്ളു. കാരണം പിറന്ന മണ്ണിൽ കടന്നപ്പോഴാണ് വീണ്ടും തന്റെ ദൗത്യം പൂർണമായിട്ടില്ലെന്ന് അദ്ദേഹത്തിന് തോന്നുന്നത്. ലോകത്തുള്ള മുസ്‌ലിം രാജ്യങ്ങൾ മുഴുക്കെ സന്ദർശിക്കുകയെന്ന ഒരു പ്രതിജ്ഞ അദ്ദേഹത്തിന്റെ സഞ്ചാരത്തിനിടയിൽ എടുത്തിരുന്നോ എന്നറിയില്ലെങ്കിൽ കൂടിയും, താൻ ബാക്കിയാക്കിയിട്ടുള്ളതും കൂടി നിർവഹിക്കുവാനുള്ള വ്യഗ്രത ബത്തൂത്തയിൽ കാണുന്നുണ്ട്. ഒരു പക്ഷേ, പലരുടേയും പ്രേരണക്ക് വിധേയനായിട്ടോ, അതുമല്ലെങ്കിൽ ലോകത്തിലെ സകല മുസ്‌ലിം രാജ്യങ്ങളും സന്ദർശിക്കുന്ന ആദ്യത്തെ സഞ്ചാരിയെന്ന ഖ്യാതി നേടുവാനോ എന്നു തീർത്തു പറയാനൊക്കുകയില്ല, ബത്തൂത്ത പോകുവാൻ തന്നെ ഉറച്ചു.

നൈജീരിയയിലുള്ള നീഗ്രോലാന്റും ആന്തലൂസിയയുമായിരുന്നു അവശേഷിച്ചിരുന്ന രണ്ട് മുസ്‌ലിം രാജ്യങ്ങൾ. അങ്ങനെ ഈ രണ്ട് സ്ഥലങ്ങൾ കൂടി സന്ദർശിച്ച ബത്തൂത്ത മൂന്ന് സംവത്സരം അതിനുവേണ്ടി ചെലവഴിച്ചു. അതോടുകൂടി ഇസ്‌ലാമികലോകത്തിന്റെ സഞ്ചാരി എ

ന്ന കീർത്തിമുദ്രക്ക് അർഹനാകാൻ അദ്ദേഹത്തിനു സാധിച്ചു. യഥാർ ഥത്തിൽ മഹാരഥന്മാരായ നിരവധി ലോകസഞ്ചാരികൾ അറബി രാജ്യങ്ങളിൽ നിന്നും ദേശാടനത്തിനിറങ്ങിയിട്ടുണ്ട്. ശാസ്ത്ര ചരിത്രഭൂമി ശാസ്ത്ര വിഭാഗങ്ങൾക്ക് അനർഘങ്ങളായ സംഭാവന അവർ നൽകിയിട്ടുമുണ്ട്. പക്ഷേ, ഒരു കാര്യത്തിൽ അവരെക്കാളൊക്കെ മഹത്വത്തിന്റെ തിലകവുമണിഞ്ഞ് ബത്തൂത്ത നിൽക്കുന്നതിന്റെ കാരണമെന്താണ്? എല്ലാ മുസ്‌ലിം രാജ്യങ്ങളും സന്ദർശിച്ച സഞ്ചാരിയെന്ന് അവകാശപ്പെടാൻ സാധിച്ചത് അദ്ദേഹത്തിനു മാത്രമാണെന്നതാണ് അതിന്റെ കാരണം.

ബത്തൂത്തയുടെ സുദീർഘമായ ഈ സഞ്ചാരവേളയിൽ അദ്ദേഹത്തെ കണ്ടവരുടെ യാതൊരു അഭിപ്രായവും ഇതുവരെ കണ്ടുകിട്ടിയിട്ടില്ലെന്നുള്ളത് വിസ്മയജന്യമാണെന്നതിലേറെ നിർഭാഗ്യവും കൂടിയാണ്. ഈ യാത്രക്കാരനെക്കുറിച്ച് സമകാലികരായ മറ്റു സഞ്ചാരികളോ, ചരിത്രകാരന്മാരോ എന്താണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നറിയാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സാധാരണ സഞ്ചാരവൃത്താന്തമെഴുതുന്നവർ, അവർ ഓരോ സ്ഥലത്തുവെച്ച് ഇടപഴകുകയും കാണുകയും ചെയ്തിട്ടുള്ള വിദേശികളായ സഹജീവികളെക്കുറിച്ചും അവരുടെ പോക്കുവരവിനെ സംബന്ധിച്ചും മറ്റും വിശദമായി പ്രതിപാദിക്കുക പതിവാണ്. എന്നാൽ, പ്രസിദ്ധങ്ങളായ രാജ്യങ്ങളിലുടനീളം മുപ്പതു കൊല്ലത്തിലേറെ അസൂയാർഹമായ പദവിയലങ്കരിച്ച ബത്തൂത്തയെക്കുറിച്ച് ആരും പറഞ്ഞു കാണാത്തത് അത്ഭുതമായിത്തന്നെ അവശേഷിക്കുന്നു. അതോടൊപ്പം ബത്തൂത്തയുടെ വിവരണങ്ങളുടെ ആധികാരികതയെ കൂടിയും അത് സാരമായി ബാധിക്കുന്നുണ്ട്. ഇത്തരം സമകാലിക രേഖകളുടെ അഭാവത്തിൽ അദ്ദേഹം പറയുന്നത് അപ്പടി ശരിയോ തെറ്റോ എന്ന് വ്യവച്ഛേദിച്ച് തരംതിരിക്കുക പോലും ദുഷ്കരമായിത്തീർന്നിരിക്കുന്നു. നമുക്ക് അവിശ്വസനീയമായ പല സംഗതികളും ബത്തൂത്തയുടെ വിവരണത്തിലുടനീളമുണ്ട്. അവയെ കൊള്ളുന്നവരും തള്ളുന്നവരും ചരിത്ര വിദ്യാർഥികളിൽ കാണാം. പക്ഷേ, താർക്കികമായ ഒരു സംഗതി എന്നതിൽ കവിഞ്ഞ് അന്തിമമായി തീരുമാനത്തിലെത്തിക്കഴിഞ്ഞ ഒരു കാര്യമല്ലാത്തതു കൊണ്ടുതന്നെ ബത്തൂത്തയുടെ വിവരണങ്ങൾ മറ്റു സഹായഗ്രന്ഥങ്ങളോടൊപ്പമേ വായിക്കാൻ കഴിയുകയുള്ളു. എങ്കിൽ മാത്രമേ അത് പ്രയോജനത്തിലെത്തുകയുള്ളു.

ഇബ്നു ബത്തൂത്തയുടെ ഗ്രന്ഥം ആദ്യമായി പരിഭാഷപ്പെടുത്തുന്നത് 1829–ലാണ്. ഡോക്ടർ സാമുവൽ ലീയായിരുന്നു അതു നിർവഹിച്ചത്. കുറേ കൊല്ലങ്ങൾക്കു ശേഷം ബത്തൂത്തയുടെ സഞ്ചാരകഥയുടെ പൂർണരൂപം ആദ്യമായി വെളിപ്പെടുന്നത് ഫ്രഞ്ചു ഭാഷയിലാണ്. ബത്തൂത്തയുടെ പുസ്തകം പകർത്തുകയും അതിൽ സ്വന്തമായി പല

തും കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ പരിഷ്കരിക്കുകയോ തെറ്റുതിരുത്തുകയോ ഒക്കെ ചെയ്തിട്ടുള്ള മൊറോക്കോ സുൽത്താന്റെ സെക്രട്ടറിമാരിൽ ഒരാളായ ഇബിജൂസായിയുടെ കൈയൊപ്പോടുകൂടിയുള്ള ഈ പ്രതിയാണ് ഏറ്റവും വിശ്വസനീയമായി കണക്കാക്കുന്നത്. ഡിഫ്രിമെറിയും സാൻജൂനെറ്റിയും സംയുക്തമായാണ് ഇത് ഫ്രഞ്ചു ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. ഈ പരിഭാഷ വളരെയേറെ പ്രശംസാർഹമാണെങ്കിൽക്കൂടിയും ആവശ്യമായ നോട്ടുകളോ വിശദീകരണങ്ങളോ ഒന്നും വിവർത്തകർ നല്കാത്തത് വലിയ ഒരു കുറവായിട്ടാണ് എല്ലാ എഴുത്തുകാരും ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഓരോ ദേശക്കാരും അവരവരുടെ രാജ്യത്തെകുറിച്ചു പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളെ വിശദീകരിക്കുവാൻ ഒറ്റയൊറ്റയായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്നാലും ഇനിയും ധാരാളം ഭാഗം കൂടുതൽ വെളിച്ചവും വിവരണവും പ്രതീക്ഷിച്ചു കഴിയുകയാണെന്നതാണു പരമാർഥം. എച്ച്. എ. ആർ. ഗിബ്ബ് ബത്തൂത്തയുടെ സഞ്ചാരഗ്രന്ഥത്തെ കഴിവതും ചുരുക്കി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. എലിയട്ടും ഡൗസനും അത്യാവശ്യഭാഗങ്ങൾ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇവർ അറബിയിൽ നിന്നു തന്നെയാണ് തർജമ ചെയ്തിട്ടുള്ളത്.

ബത്തൂത്തയുടെ യാത്രാഗ്രന്ഥമായ കിതാബു റഹില പല നിലക്കും പ്രയോജനമുള്ള പുസ്തകമാണെങ്കിലും, ഇന്ത്യാ ചരിത്രസംവിധാനത്തിൽ അത് വളരെ പ്രയാസങ്ങളാണു സൃഷടിച്ചിട്ടുള്ളത്. ബത്തൂത്തയുടെ മതരാഷട്രീയചായ്‌വുകളേയും വിശ്വാസങ്ങളേയും അദ്ദേഹം ജീവിച്ചിരുന്ന ആ കാലഘട്ടത്തിന്റെ പ്രത്യേകതകളേയും ശരിക്കും മനസ്സിലാക്കാതെ കണ്ടപാടു വെട്ടിവിഴുങ്ങിയതുകൊണ്ടാണ് ഇതു സംഭവിച്ചത്. നെല്ലും പതിരും തരംതിരിക്കുവാനുള്ള ശ്രമം നടത്താതിരുന്നതാണ് ഈ കുഴപ്പത്തിനു കാരണം. ഞാനിവിടെ നടത്തുന്ന ശ്രമം ബത്തൂത്ത സഞ്ചരിച്ച ഇസ്‌ലാമികരാജ്യങ്ങളിലെ രാഷ്ട്രീയ സ്ഥിതിഗതികളെ പരാമർശിക്കുവാനാണ്. അത് ബത്തൂത്തയിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിരിക്കുമെന്നും ഇന്ത്യൻ സ്ഥിതിഗതികളെ വിവരിക്കുമ്പോൾ തന്റെ ഹൃദയത്തിലുല്ലീഢമായി കിടന്നിരുന്ന ഈ അനുഭവങ്ങൾ എങ്ങനെ പ്രവർത്തിച്ചിരുന്നു എന്നും മനസ്സിലാക്കാൻ ഇതു പ്രയോജനപ്പെടും.

ബാഗ്ദാദിലേയും ഡമാസ്കസിലേയും ഖലീഫമാരുടെ കീഴിലുണ്ടായിരുന്ന ഇസ്‌ലാമികസാമ്രാജ്യം 14-ാം നൂറ്റാണ്ടോടുകൂടി അതിന്റെ ആകൃതിയിലും വിസ്തൃതിയിലും വിഭിന്നമായിത്തീർന്നു. 8-ാം നൂറ്റാണ്ടിലെ ഖലീഫമാരുടെ രാജകീയാർഭാടങ്ങളും പ്രൗഢിയും അതേപടിയോ അതിൽ കൂടുതലോ മുസ്‌ലിം അരമനകളിൽ അനുഷ്ടിച്ചു പോന്നിരുന്നു എന്നതു ശരിതന്നെ. എന്നാൽ സ്പെയിനും സിസിലിയും ഇസ്‌ലാ

മികലോകത്തോടു യാത്രപറഞ്ഞു പിരിഞ്ഞിരുന്നു. കൊർദോവയുടെ മാഹാത്മ്യം  പറയാറുണ്ടായിരുന്നു എന്നല്ലാതെ 14-ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിൽ ഇസ്ലാമിക ശക്തിപ്രഭാവം നിലച്ചിരുന്നു. എന്നാൽ യൂറോപിൽ പറ്റിയ ഈ നഷ്ടം ഇന്ത്യയിലും മലേഷ്യയിലും മുസ്ലിംകൾക്ക് പ്രവേശനം ലഭിച്ചതോടെ അവർ നികത്തിയെടുത്തു. യൂറോപ്യൻ ശക്തികളെ കിടിലം കൊള്ളിക്കാനുള്ള ശക്തിയാർജിച്ചു കൊണ്ടുതന്നെ ഓട്ടോമൻ സാമ്രാജ്യവും വികാസം കൊള്ളുകയായിരുന്നു. പ്രത്യക്ഷത്തിൽ ഏതൊരാൾക്കും തോന്നുമായിരുന്ന ഇസ്ലാമിക രാഷ്ട്രീയാധിനിവേശത്തിന്റെ വളർച്ച, പക്ഷെ, ആന്തരികമായി അതിന്റെ ദുർബലതയെ മൂടിവെക്കാൻ മാത്രം ശക്തമായിരുന്നില്ല. പുറമേ എത്ര പ്രഭാവം കാണിച്ചാലും ആഭ്യന്തരങ്ങളായ കുഴപ്പങ്ങളും രാഷ്ട്രശരീരത്തിലെ അർബുദങ്ങളും ഹൃദയത്തേയും ശ്വാസകോശത്തേയും കരണ്ടുതിന്നുവാൻ മാത്രം മൂർഛിച്ചിരുന്നുവെന്ന് കാണുവാൻ പ്രയാസമില്ല.

രണ്ടു നൂറ്റാണ്ടു കാലത്തെ രക്തപങ്കിലമായ കുരിശുയുദ്ധം സിറിയ തുടങ്ങിയ മുസ്ലിം രാഷ്ട്രങ്ങളുടെ ചൈതന്യത്തെ കുറച്ചൊന്നുമല്ല കരണ്ടുതിന്നത്. ഈ ക്ഷീണം തീരുന്നതിനുമുമ്പുതന്നെ അധികാരദുർമോഹത്തിന്റെ സ്വാർഥത നിരവധി ആഭ്യന്തരകലഹങ്ങൾക്ക് ഹേതുവായിത്തീർന്നു. തുർക്കികളുടെ യുദ്ധക്കൊതിയും അധികാരമോഹവും അറബി, പേർഷ്യൻ ജനതയുടെ വികാസത്തേയും സമൃദ്ധിയേയും വല്ലാതെ ബാധിച്ചു. ഈ ക്ഷീണം തീരുന്നതിനു മുമ്പുതന്നെ 'സംസ്കാരങ്ങളുടെ സംഹാരകരായ' മംഗോളിയരുടെ ആക്രമണത്തിന് ഇസ്ലാമികകേന്ദ്രങ്ങളൊക്കെ സാക്ഷിയായി. അരുമയായി കരുതിയിരുന്ന പലതും അഗ്നിക്കിരയായി. സംസ്കാരത്തിന്റെ സോപനങ്ങളായ സർവകലാശാലകളും ലൈബ്രറികളും ചുട്ടുചാമ്പലാക്കപ്പെട്ടു. നിരവധി നൂറ്റാണ്ടുകാലത്തെ വൈജ്ഞാനിക ദാർശനിക കലവറകൾ കത്തിപ്പോയി. പണ്ഡിതന്മാരും താത്വികരും ജീവനും കൊണ്ടോടി. ഭയാനകവും അരക്ഷിതവുമായ ഈ ചുറ്റുപാടിൽ നിന്നും രക്ഷാസങ്കേതം കണ്ടെത്തേണ്ടത് ഇവരുടെയെല്ലാം നിലനില്പിന്റെ തന്നെ പ്രശ്നമായിരുന്നു. അങ്ങനെ മംഗോളാക്രമണം നിരവധി പണ്ഡിതന്മാരേയും ശാസ്ത്രജ്ഞന്മാരേയും ചരിത്രകാരന്മാരേയും ഇസ്ലാമിക നഗരങ്ങളിൽ നിന്നും പ്രാണരക്ഷാർഥം മറ്റിടങ്ങളിൽ അഭയം തേടുവാൻ നിർബന്ധിതരാക്കി. അവരത്രയും കണ്ട ഏകരക്ഷാകേന്ദ്രം ഭാരതമായിരുന്നുവെന്നതാണ് പ്രധാനം.

അങ്ങനെ നോക്കുമ്പോൾ ഉർവശീശാപം പോലെയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഇതനുഭവപ്പെടുന്നത്. കാരണം 1453-ൽ കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചു കീഴടക്കിയപ്പോൾ ജീവനും കൊണ്ടോടിയ യവന റോമൻ താത്വികരും പണ്ഡിതന്മാരുമാണ് യൂറോപ്യൻ രാജ്യ

ങ്ങളിൽ നവോഥാനത്തിന്റെ വിത്തുപാകിയത്. അതിന്റെ ഫലമായി യൂറോപിൽ നവീനങ്ങളായ പല മാറ്റങ്ങളുമുണ്ടായി. മധ്യകാലഘട്ടത്തിലെ ഇരുണ്ട സ്വഭാവത്തിന് യവനികയിടുവാനും പുതുയുഗത്തിന്റെ പുലരിക്ക് സിന്ദൂരമണിയിക്കുവാനും അതുമൂലം സാധിച്ചു. യൂറോപിന്റെ മുഖഛായ തന്നെ മാറി. ലോകാധിപത്യത്തിനും സാമ്രാജ്യസ്ഥാപനത്തിനും ഇതൊക്കെ സഹായിച്ചു. അതേ പ്രക്രിയതന്നെയാണ് മംഗോളാക്രമണത്തെ ഭയന്ന് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ നിന്നും ഓടി ഇന്ത്യയിൽ വന്നു രക്ഷപെട്ട പണ്ഡിതവർഗവും ചെയ്തത്. പുത്തൻ പ്രകാശത്തിന്റെ ദീപശിഖ കൊളുത്തുവാനും വൈജ്ഞാനിക പ്രസരം പ്രഫുല്ലമാക്കുവാനും അവർക്ക് സാധിച്ചു. അങ്ങനെ ഇന്ത്യയിൽ പുതിയ ഒരു പരിണാമപ്രക്രിയക്ക് ആമുഖമെഴുതുകയായിരുന്നു മംഗോൾ ആക്രമണം.

# 4

# മുസ്‌ലിം രാഷ്ട്രങ്ങളിലെ സ്ഥിതി

1325-ൽ ബത്തൂത്ത യാത്ര തിരിക്കുന്ന സന്ദർഭത്തിൽ മറ്റേതൊരു അവസരത്തേക്കാളും ഉറച്ച ഗവൺമെന്റുകളാണ് മുസ്‌ലിം രാജ്യങ്ങളിൽ ഉണ്ടായിരുന്നത്. യാത്രക്കാർക്ക് കൂടുതൽ സുരക്ഷിതത്വം ഉണ്ടായിരുന്ന കാലവുമായിരുന്നു അത്. ആസാം മുതൽ സിസിലി വരെ ഈജിപ്ഷ്യൻ ഖലീഫയുടെ അധികാരം ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. ഇറാഖും ഇറാനും മംഗോൾ ഭരണത്തിൻ കീഴിലായിരുന്നെങ്കിലും മംഗോൾ ചക്രവർത്തി ഇല്ലക്ഖാൻ മുസ്‌ലിമായിത്തീർന്നിരുന്നു. അനട്ടോളിയയിലും അഫ്ഗാനിസ്ഥാനിലും ഇന്ത്യൻ സമുദ്ര തീരങ്ങളിലും സ്വതന്ത്ര രാജവംശങ്ങളും നവാബുമാരുമുണ്ടായിരുന്നുവെങ്കിലും അവരാരും ഇസ്‌ലാമിക സാമ്രാജ്യത്തെ(ഖിലാഫത്ത്) അവഗണിക്കാൻ മാത്രം ശക്തരായിരുന്നില്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിലാകട്ടെ ഭൂരിപക്ഷം രാജ്യങ്ങളും തന്റെ അധീനതയിൽ കൊണ്ടുവരാൻ കഴിഞ്ഞ മുഹമ്മദ് തുഗ്ലക്ക് കൊടികുത്തി വാഴുന്ന കാലവുമായിരുന്നു. കുരിശുയുദ്ധം അഴിച്ചുവിട്ട വിനയിൽ നിന്നും വ്യവസായവും വാണിജ്യവും സുരക്ഷിതമായി കരപറ്റുകയും കൂടുതൽ ഉത്തേജിതമായി വികാസം കൊള്ളുകയും ചെയ്തത് ഈ രാജ്യങ്ങളുടെയൊക്കെ സാമ്പത്തികാഭിവൃദ്ധിക്ക് നിദാനമാകുകയും ചെയ്തിരുന്നു.

രാഷ്ട്രീയ ഭദ്രതയുടെ പൊലിമ അങ്ങനെ എല്ലാ രാജ്യങ്ങളിലും ഇക്കാലത്ത് ബാഹ്യമായി ദൃശ്യമായിരുന്നുവെങ്കിലും 14-ാം നൂറ്റാണ്ടിലെ മുസ്‌ലിം സമൂഹത്തിന്റെ പ്രത്യേകത മറ്റൊന്നായിരുന്നു. 10-ാം നൂറ്റാണ്ടിൽ കണ്ടിരുന്ന ഏകതാനതയോ സാംസ്കാരികസമത്വമോ ബുദ്ധിപരമായ വളർച്ചയോ എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ ലഭ്യമായിരുന്നില്ല. ബുദ്ധിപരമായ അസമത്വവും സാംസ്കാരികമായ നിശ്ചലതയും ഇക്കാലത്ത് മുസ്‌ലിം സമൂഹത്തെ ബാധിച്ചിരുന്ന വലിയ ശാപമായിരുന്നു. അറ്റ്ലാന്റിക് മുതൽ മധ്യഏഷ്യവരെ പടർന്ന് പന്തലിച്ചിരുന്ന ഇസ്

ലാമിക സംസ്കാരം എല്ലാ രാജ്യങ്ങളിലും സമതുലിതമായിത്തന്നെ പത്താം നൂറ്റാണ്ട് വരെ പ്രശോഭിച്ചിരുന്നു. പക്ഷേ, ബത്തൂത്തയുടെ കാലമായപ്പോഴേക്കും ഓരോ രാജ്യവും അവിടുത്തെ ജനങ്ങളും അവരുടേതായ സമ്പ്രദായങ്ങളും ആചാരങ്ങളും പുലർത്തിപ്പോന്നവരായിരുന്നുവെന്ന് ബത്തൂത്തയുടെ വിവരണങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.

അറബികൾ മഗ്‌രിബ് എന്നു വിളിച്ചിരുന്ന വടക്കു പടിഞ്ഞാറൻ ആഫ്രിക്കൻ ദേശങ്ങൾ സ്പെയിനുൾപ്പെടെ ഒരു വലിയ സാമ്രാജ്യമായി. അവ 12-ാം നൂറ്റാണ്ടിൽ അൽമൊറാവിതുകളുടേയും അൽ മൊഹാദുകളുടേയും നേതൃത്വത്തിൽ സംഘടിതമായ ഒരു വലിയ സാമ്രാജ്യമായി പ്രശോഭിച്ചിരുന്നു. പക്ഷേ, 13-ാം നൂറ്റാണ്ടോടുകൂടി അവ മൂന്ന് രാജവംശങ്ങളായി വിഭജിക്കപ്പെടുകയും തുടർന്ന് ഈ രാജ്യങ്ങൾ തമ്മിൽ നിരന്തരം യുദ്ധങ്ങളും കരാറുകളും നടക്കുകയും ചെയ്തു. രാജ്യത്തിന്റെ വിഭവങ്ങൾ മുഴുക്കെ അനാവശ്യമായ സമരസന്നാഹങ്ങൾക്കും ആപത്കരമായ യുദ്ധങ്ങൾക്കും വേണ്ടി വിനിയോഗിച്ചത് മൂലം രാഷ്ട്രം ശോഷിക്കുകയും അവരുടെ വ്യവസായവും കൃഷിയും തകരുകയും ചെയ്തു. സാമ്പത്തിക ക്ലേശങ്ങൾ നേരിടുന്ന ഏതു ഗവൺമെന്റുകൾക്കും അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ ഇവിടെയും ഉത്ഭവിച്ചു. സംസ്ഥാന ഗവർണർമാരുടെ കൂറു നഷ്ടപ്പെടുകയും രാഷ്ട്രത്തിന്റെ അവിഭാജ്യഘടകങ്ങളാകേണ്ട പ്രവിശ്യകൾ സ്വതന്ത്ര രാജസ്ഥാനങ്ങളായി തീരുകയും ചെയ്തു.

ഈ മൂന്നു രാജവംശങ്ങളിൽ പ്രധാനമായിരുന്നു ബത്തൂത്ത ജനിച്ച മൊറോക്കോവിലെ മരിനിഡ് രാജവംശം. ഏറ്റവും ഫലഭൂയിഷ്ഠമായ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്തിന് പൊതുവേ മഗ്‌രിബ് രാജ്യങ്ങൾക്കുണ്ടായ വിപത്തിൽ നിന്നും ഒറ്റപ്പെട്ട് രക്ഷനേടാനൊത്തിരുന്നില്ല. യുദ്ധവും സംഘട്ടനവും നിത്യസംഭവങ്ങളായിത്തീർന്നിരുന്നു. രാജാക്കന്മാർക്കോ പ്രഭുക്കൾക്കോ യാതൊരു രക്ഷയുമുണ്ടായിരുന്നില്ല. രാജാധികാരത്തിനുവേണ്ടി രാജപുത്രന്മാർ കലഹവും രക്തച്ചൊരിച്ചിലും നടത്തി. അതേസമയം കൂടുതൽ സ്ഥലത്തിനും പദവിക്കും വേണ്ടി പ്രഭുക്കന്മാർ തമ്മിൽ കുശുമ്പും കുഴപ്പവും നിലനില്ക്കുകയും ചെയ്തു. ഈ രാജവംശം അതിന്റെ പ്രതാപത്തിന്റെ പാരമ്യത്തിലെത്തുന്നത് അബ്ദുൽ ഹസ്സന്റെയും അദ്ദേഹത്തിന്റെ മകൻ അബ്ദുൽ ഇമാനിന്റെയും കാലങ്ങളിലായിരുന്നു. അബ്ദുൽ ഹസ്സൻ 1331 മുതൽ 1348 വരെയും അബ്ദുൽ ഇമാൻ 1348 മുതൽ 1358 വരേയുമാണ് മൊറോക്കോവിലെ ചക്രവർത്തിയായിരുന്നത്. ഇബ്നു ബത്തൂത്തയുടെ പുസ്തകത്തിന്റെ അവസാനഭാഗത്ത് ഇവരിരുവരേയും കുറിച്ചുള്ള പരാമർശം ധാരാളമുണ്ട്. ഇവരുടെ ഭരണത്തിൻ കീഴിലും രക്തച്ചൊരിച്ചിലും

കലാപവും വളരെയേറെ നടത്തിയിരുന്നെങ്കിലും മറ്റു പല നിലക്കും രാജ്യത്തിനു അഭിവൃദ്ധിയും പ്രശസ്തിയും ഉണ്ടായിരുന്നു. ശിൽപകലാ വൈദഗ്ധ്യം വിളിച്ചോതുന്ന ധാരാളം കൊട്ടാരങ്ങളും മണിസൗധങ്ങളും ഇക്കാലത്ത് മൊറോക്കോ നഗരത്തെ അലങ്കരിച്ചു. അബ്ദുൽ ഇമാനിന്റെ ഭരണനൈപുണ്യത്തെ ബത്തൂത്ത അങ്ങേയറ്റം പ്രശംസിക്കുന്നതിന്റെ പ്രധാന കാരണം ഇതുമാത്രമാകുവാനേ തരമുള്ളു. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലും അസമാധാനവും അരാജകത്വവും മൊറോക്കോവിൽ നിലനിന്നിരുന്നു.

മൊറോക്കോ ഭരണാധികാരിയെ അമിതമായ പ്രശംസക്ക് പാത്രീഭൂതനാക്കുന്ന ബത്തൂത്ത, ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ കൂടുതൽ സമ്പന്നവും സമൃദ്ധവും താരതമ്യേന സമാധാനപരവുമായിരുന്ന ഈജിപ്തിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ലെന്നത് അർഥവത്താണ്. അറേബ്യയെ മാറ്റി നിർത്തിയാൽ മറ്റേതൊരു മുസ്‌ലിം രാഷ്ട്രത്തേക്കാളും സമ്പന്നമായ രാജ്യവും സമ്പുഷ്ടമായ സംസ്കാരവും നൈലിന്റെ രാജ്യത്ത് ഓളം തുളുമ്പിയിരുന്ന കാലമാണത്. മഹാനായ സലാഹുദ്ദീൻ സ്ഥാപിച്ച ആ രാജവംശം പ്രഭുക്കളായ മംലൂക്കുകളുടെ കീഴിൽ 1260 മുതൽ 1341 വരെ വർധമാനമായ സമൃദ്ധിയിൽ തന്നെ കഴിയുമായിരുന്നു. കിഴക്കുനിന്നുള്ള മംഗോൾ അക്രമികൾ രാജ്യത്തിന്റെ അതിർത്തിവരെ എത്തിനിന്ന് ഭീഷണിപ്പെടുത്തിയിട്ടും ഖിലാഫത്തിന്റെ ആസ്ഥാനവും കൂടിയായിരുന്ന നൈലിന്റെ പുത്രി വാടിത്തളർന്നില്ലെന്ന് മാത്രമല്ല ശരിക്കും വളർന്നുകൊണ്ടിരിക്കുകയുമായിരുന്നു. അതിന്റെ കാരണങ്ങൾ പ്രധാനമായും 1260 മുതൽ 1341 വരെ കിരീടധാരണം ചെയ്ത ഈജിപ്തിലെ രാജാക്കന്മാരത്രയും അഗമ്യപ്രഭാവന്മാരായ ഭരണപടുക്കളായിരുന്നുവെന്നതും മധ്യകാലഘട്ടത്തിലെ മുസ്‌ലിം ഭരണകൂടത്തിൽ ഏറ്റവും ശക്തമായിരുന്നുവെന്നതുമാണ്. അതിനുപുറമേ, ഇന്ത്യയുമായുള്ള വ്യാവസായിക കുത്തക മുഴുക്കെ ഈജിപ്തിനായിരുന്നു എന്നത് അവരുടെ വ്യാവസായിക-സാമ്പത്തിക വളർച്ചക്ക് നിദാനമാകുകയും ചെയ്തിരുന്നു. മംലൂക്ക് സുൽത്താന്മാർക്ക് സിറിയയിലെ മംഗോളിയർക്കെതിരായി പ്രതിരോധനിര സുരക്ഷിതമാക്കുവാനൊത്തു എന്നതിനുപുറമേ ന്യൂബിയായും, അനട്ടോലിയായും, ട്രിപ്പോളിയും കൂടി തങ്ങളുടെ അധീനതയിൽ കൊണ്ടുവരാനും സാധിച്ചു. ഇത്രയും പ്രധാനമായ ഈജിപ്തിനെക്കുറിച്ച് ബത്തൂത്ത വളരെ കുറച്ചേ പറഞ്ഞിട്ടുള്ളൂ.

ഇറാഖിലേയും ഇറാനിലേയും സ്ഥിതിയും ഇതേമാതിരി തന്നെയെന്ന് കാണാം. ഒരു കാലത്ത് ബാല്ക്ക് നഗരങ്ങളിൽ വെച്ച് കമനീയമായ നഗരവും വ്യവസായകേന്ദ്രങ്ങളിൽ വെച്ച് വ്യവസായ കേന്ദ്രവുമായി പ്രശോഭിച്ചിരുന്നു ഈ പ്രദേശം. 1218 നും 1260 നും ഇടക്കുള്ള മംഗോൾ ആക്രമണങ്ങൾ ഈ നഗരങ്ങളേയും അവ പ്രകാശിപ്പിച്ചിരുന്ന സംസ്

കാര സമ്പത്തിനേയും ശിഥിലീകരിച്ചുകളഞ്ഞു. മംഗോളിയർ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതിനു മുമ്പ് ഇറാഖിലെ ജനങ്ങൾ അവരുടെ ഭരണത്തിൻ കീഴിൽ ക്രൂരമായ മതപീഠനങ്ങൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ട്. പക്ഷേ, 1295-ൽ ഗാസൻഖാൻ ഇസ്ലാം സ്വീകരിച്ചതോടുകൂടി ഇറാഖിന്റെ ചരിത്രം വീണ്ടും പ്രകാശമാനമായി. അല്പസ്വല്പം ആഭ്യന്തര കുഴപ്പങ്ങൾ ഒക്കെ നടമാടിയിരുന്നതല്ലാതെ 1305 മുതൽ 1335 വരെ ഇറാഖിൽ സമാധാനവും സന്തുഷ്ടിയും പൊതുവെ ദൃശ്യമായിരുന്നു.

പേർഷ്യയുടെ രാഷ്ട്രീയ ഭാഗധേയം പലപ്പോഴും മംഗോളാക്രമണത്തിൽ ഉലയുകയും ചിലപ്പോൾ തകരുകയും ചെയ്തിട്ടുണ്ടെങ്കിൽ കൂടിയും, പേർഷ്യയുടെ തനതായ സംസ്കാരവും നാഗരികതയും നിലനിർത്താൻ അവർക്ക് സാധിച്ചിരുന്നു. ബുഖാറയും സമർഖന്തും അനവധി നൂറ്റാണ്ടുകാലം ഇസ്ലാമിക ലോകത്തിന്റെ സാംസ്കാരിക സിരാകേന്ദ്രങ്ങളായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, ലോകത്തിലെ ഏതൊരു നഗരത്തോടും കിടപിടിക്കാൻ കെല്പുണ്ടായിരുന്ന ഈ നഗരങ്ങളാണ് അപരിഷ്കൃതരും നികൃഷ്ടരുമായ മംഗോളിയന്മാരുടെ കിരാത താണ്ഡവത്തിന് ഇരയായത്. ഇനി ഒരിക്കലും തിരിച്ചെടുക്കാനൊക്കാത്ത വിധം അവയുടെ വളർച്ചയും തകർന്ന് തരിപ്പണമായി. 1219 നും 1220 നും ഇടക്കുണ്ടായ ഭീകരവും മാരകവുമായ മംഗോൾ ആക്രമണമായിരുന്നു അതിന്റെ കാരണം. എന്നാൽ, ഇന്ത്യയുടെ സ്ഥിതിയിൽ സാരമായ മാറ്റമുണ്ടായിരുന്നു. 8-ാം നൂറ്റാണ്ടോടു കൂടിത്തന്നെ സിന്ധ് ഖിലാഫത്തിന്റെ അധീനതയിൽ വന്നെങ്കിലും ശരിക്കും മുസ്ലിം ചക്രവർത്തിമാരുടെ ഭരണം തുടങ്ങുന്നത് 13-ാം നൂറ്റാണ്ടു മുതലാണെന്ന് കൂട്ടണം. കുത്തബ്ദീൻ ഐബക് (1206-1211) അടിമവംശം സ്ഥാപിച്ചതുമുതൽ ബ്രിട്ടീഷ് അധിനിവേശംവരെ മാറി മാറി പല രാജകുടുംബങ്ങളും ഇവിടെ ഭരണം നടത്തിയിട്ടുണ്ട്. ബത്തൂത്തയുടെ ഇന്ത്യയിൽ പ്രബുദ്ധമായ ഒരു സമൂഹം സന്തോഷവാന്മാരായി കഴിഞ്ഞിരുന്നു. മുഹമ്മദ് തുഗ്ലക്കെന്ന ദാർശനികനായ ചക്രവർത്തിയായിരുന്നു ഭരണാധിപൻ. മംഗോൾ നശീകരണത്തിൽ നിന്നും രക്ഷനേടി എത്തിയ പണ്ഡിതന്മാരും തത്വജ്ഞാനികളും സൂഫികളും സന്യാസിമാരും മറ്റും ഡൽഹിയിലാണ് വന്നെത്തിയത്. അങ്ങനെ ഇക്കാലമായപ്പോഴേക്കും ഡൽഹിയായിരുന്നു ഇസ്ലാമിക തത്വജ്ഞാനികളുടേയും സിദ്ധന്മാരുടേയും മതപണ്ഡിതന്മാരുടേയും ആവാസകേന്ദ്രം. ബാൽക്കും ബുഖാറയും സമർഖന്തും വിട്ടിടത്തുനിന്ന് സാംസ്കാരിക നവോഥാനത്തിന്റെ പടഹധ്വനി അവിരാമം മുഴുക്കിയിരുന്നത് ഡൽഹിയായിരുന്നു. ഇസ്ലാമിക കേന്ദ്രങ്ങളിൽ മുഴുക്കെ ബുദ്ധിപരമായ വളർച്ചയിലും സാമൂഹിക സംവിധാനത്തിലും ധാരാളം ഏറ്റക്കുറച്ചിലുകൾ കടന്നുകൂടിയ സന്ദർ

ഭമായിരുന്നു ബത്തൂത്തയുടെ സഞ്ചാരവേള.

മൊറോക്കോവിൽ നിന്നും ഇന്ത്യയുൾപെടേയുള്ള കിഴക്കൻ ദിക്കുകളിലേക്ക് തിരിച്ച ബത്തൂത്ത കണ്ട രാഷ്ട്രീയ സംവിധാനങ്ങളാണ് മുകളിൽ വിവരിച്ചത്. പക്ഷേ, ഒരിരുപത് കൊല്ലത്തിനുശേഷം വീണ്ടും ഈ സഞ്ചാരി തന്റെ മടക്കയാത്രയിൽ ഇസ്‌ലാമിക രാജ്യങ്ങളിൽ കണ്ട വ്യത്യാസം സീമാതീതമായിരുന്നു. മധ്യപൗരസ്ത്യദേശങ്ങളിൽ മുഴുക്കെ അരാജകത്വവും തജ്ജന്യമായ പ്രയാസങ്ങളും പതിയിരുന്നിരുന്നു. ഇറാനിലും ഇറാഖിലും അവർണനീയമാം വിധം കലാപങ്ങളും കൊള്ളയടികളും നിത്യസംഭവങ്ങളായിത്തീരുകയും ചെയ്തിരുന്നു.

മറ്റേതൊരു രാജ്യത്തേക്കാളും താരതമ്യേന സമ്പന്നമായിരുന്ന ഈജിപ്തും ഈ പൊതുവിപത്തിൽ നിന്നും രക്ഷപെട്ടില്ല. സുൽത്താൻ നാസിർ 1341 ൽ മരണമടഞ്ഞതോടുകൂടി തുടങ്ങിയ ഉൾപോരും സ്ഥാനാരോഹണ യുദ്ധങ്ങളും രാജ്യത്തെ അരാജകത്വത്തിലാണ് കൊണ്ടെത്തിച്ചത്. 1341 നും 1351 നുമിടക്ക് സുൽത്താൻ നാസിറിന്റെ എട്ടു പുത്രന്മാർ മാറിമാറി ഭരണസാരഥ്യം വഹിച്ചു. പകയും പടയും മൂലം ജനങ്ങൾക്ക് അവരുടെ തൊഴിലും സമ്പത്തും നഷ്ടപ്പെട്ടു. ഭരണാധിപന്മാരിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടമാകുകയും ചെയ്തു.

ഇവക്കൊക്കെ മകുടം ചാർത്തുന്ന മറ്റൊരാപത്തും ഈ രാജ്യങ്ങൾക്കൊക്കെ അഭിമുഖീകരിക്കേണ്ടി വന്നു. കൂനിന്മേൽക്കുരുവെന്ന് പറയാറുള്ളത് പോലെ, ആഭ്യന്തരകലാപങ്ങളും അസ്വാസ്ഥ്യവും പെരുകിയ ഈ സന്ദർഭത്തിലാണ് ഏറ്റവും മാരകമായ പകർചവ്യാധി ഈ രാജ്യങ്ങളിലൊക്കെ പരന്നത്.

1348 ലെ കറുത്ത മരണം എന്ന കുപ്രസിദ്ധമായ ഈ സംഭവം ലക്ഷക്കണക്കിനു ജനങ്ങളെ കൊന്നൊടുക്കി. ഡമസ്ക്കസിൽ ഒരു ദിവസം ചുരുങ്ങിയത് ആയിരം പേരെങ്കിലും പ്ലേഗുമൂലം മരിച്ചിരുന്നുവെന്നാണ് ഇബ്നു ബത്തൂത്ത പറയുന്നത്. ഗാസയിൽ 1100 പേർ ദിനംപ്രതി മരിച്ചിരുന്നുവെന്നും കെയ്റോവിൽ ഒരു ദിവസം മാത്രം 21,000–ത്തിൽ കൂടുതലായിരുന്നു മരണസംഖ്യയെന്നും ബത്തൂത്ത തുടർന്നെഴുതുന്നു. പകർചവ്യാധിയും പിന്നീടുണ്ടായ പട്ടിണിയും കൂടി മധ്യപൗരസ്ത്യ രാജ്യങ്ങളെ മുഴുക്കെ വെണ്ണീറാക്കി മാറ്റി. ഇതിന്റെ ക്ഷീണം മാറുന്നതിനു മുമ്പുതന്നെ ഈ പകർചവ്യാധി അതിന്റെ വിഷപ്പത്തി ഒന്നുകൂടി പരത്തി കുടിലനൃത്തം ചവിട്ടി. അതിനൊരനുബന്ധമെന്നോണം, മധ്യ ഏഷ്യയിലെ ഏറ്റവും പരാക്രമശാലിയും രക്തരക്ഷസുമായ തിമൂറിന്റെ ആക്രമണവും അക്കൊല്ലം തന്നെ (1381) ഈ രാജ്യങ്ങൾക്കു കണ്ണീരോടുകൂടി കണ്ടുനിൽക്കേണ്ടി വന്നു. ഡൽഹി മുതൽ ഡമസ്കസ് വരെയുള്ള ഇസ്‌ലാമിക സാംസ്കാരിക കേന്ദ്രങ്ങൾ മുഴുക്കെ ഈ അക്രമി ചുട്ടുകരിച്ച് ചാമ്പലാക്കി. മാത്രവുമല്ല, നിരവധി ചോരപ്പുഴകൾ ഇ

വിടങ്ങളിലൊഴുക്കുക കൂടി ചെയ്തു. രണ്ട് ഭയങ്കരങ്ങളായ പകർച്ചാ രോഗങ്ങൾക്കും അതിനു മുമ്പുണ്ടായിട്ടുള്ള മംഗോളാക്രമണത്തിനും കൂട്ടായി ചെയ്യുവാൻ സാധിച്ചതിനേക്കാൾ പതിന്മടങ്ങ് ഒരു മുസ്‌ലിമായ ഈ രക്തദാഹിക്കു തന്റെ സാംസ്കാരികധാരയുടെ ഉറവിടം തന്നെ അളമുട്ടിക്കുവാൻ സാധിച്ചു എന്നത് ചരിത്രാവർത്തനം മാത്രമാണോ? 'സ്വന്തം വാളാൽ സ്വയം വെട്ടിമരിപ്പൂ മർത്ത്യർ' എന്നത് ഇക്കാര്യത്തിൽ എത്രയോ പരമാർഥമാണ്.

രാഷ്ട്രീയമായ ഈ പാശ്ചാത്തല വിവരണത്തിന്റെ ആവശ്യം ബത്തൂത്തയുടെ പുസ്തകപാരായണത്തിനാവശ്യമാണ്. ബത്തൂത്ത പുറപ്പെടുമ്പോഴുള്ള മുസ്‌ലിം രാജ്യങ്ങളിലെ സ്ഥിതിയും അതുകഴിഞ്ഞ് മടങ്ങിയെത്തിയപ്പോഴുള്ള അവസ്ഥയും എന്തുമാത്രം മാനസികവ്യഥ ബത്തൂത്തയിൽ ഉണ്ടാക്കിയിരിക്കണം. തന്റെ മതരാഷ്ട്രീയ വിശ്വാസങ്ങൾക്ക് ഉലച്ചിൽ തട്ടുന്ന സന്ദർഭത്തിൽ കഠിനമായ ശകാരവർഷം പോലും നടത്താൻ മടിക്കാത്ത ബത്തൂത്തയിൽ ആകപ്പാടെയുള്ള ഈ തകർച്ച വല്ലാത്ത ക്ഷോഭത്തിനും അസ്വാസ്ഥ്യത്തിനും ഇടം കൊടുത്തുകാണും. ആഭ്യന്തരമായ കെട്ടുറപ്പില്ലായ്മയാണ് പ്രധാനമായും ഈ രാജ്യങ്ങളിലൊക്കെ പറ്റിയ തകരാറ്. മറ്റൊന്ന് ബുദ്ധിജീവികളുടെ അഭാവവും സിദ്ധന്മാരും യോഗികളും ഇല്ലാതായതുമായിരിക്കണം. രാജാക്കന്മാർ തന്നിഷ്ടക്കാരായി മാറാനുള്ള പ്രധാനഹേതു അവരെ നിയന്ത്രിക്കാനോ ഉപദേശിക്കാനോ നിസ്വാർഥരും പ്രഗത്ഭരുമായ പണ്ഡിതന്മാരുടെ കുറവായിരുന്നിരിക്കാം. ബത്തൂത്ത വാചാലമായിത്തന്നെ ഇത്തരം കാര്യങ്ങൾ വ്യവഹരിക്കുന്നുണ്ട്. എന്നാൽ, ബുദ്ധികേന്ദ്രമായ ഇന്ത്യയിൽ ഇസ്‌ലാമിക ലോകത്താകമാനമുണ്ടായ തകർച്ച അനുഭവപ്പെട്ടില്ലെന്നു മാത്രമല്ല, തുഗ്ലക്കിന്റെ കാലശേഷവും ഇവിടെ ക്രമാനുഗതമായ ഉത്കർഷവും ഉയർച്ചയുമാണ് ഉണ്ടായിരുന്നത്. ബത്തൂത്ത വിവരിക്കുന്ന രാജ്യങ്ങളുടെ രാഷ്ട്രീയ പശ്ചാത്തലം മനസ്സിലാക്കിയിരിക്കുന്നത് വളരെ ഉപകാരപ്രദമാണ്.

# 5

# സാമൂഹ്യ വൈകൃതങ്ങൾ

ബത്തൂത്ത കണ്ട ദേശങ്ങളേയും ജനങ്ങളേയും കുറിച്ച് അദ്ദേഹം നല്കുന്ന വിവരണത്തിൽ മുന്തിനിൽക്കുന്നത് അതാതു രാജ്യത്ത് താൻ കണ്ട സിദ്ധന്മാരും ഷൈഖുകളും സന്യാസിമാരുമായുള്ള തന്റെ ഇടപഴകലിനെ കുറിച്ചാണ്. ഇതിനു പ്രത്യേക കാരണമുണ്ട്. ബത്തൂത്തയുടെ മതവീക്ഷണം പ്രതിഫലിപ്പിക്കുന്നതും അദ്ദേഹത്തിന്റെ വിവരണങ്ങളിൽ പക്ഷപാതപരമായ ആഭിചാരവാക്കുകൾ കടന്നുകൂടാനിടവരുത്തിയതുമായ പല സംഗതികളുണ്ട്. ബത്തൂത്ത ഏത് ഭരണാധിപനും വളരെ നല്ലവനും സൽസ്വഭാവിയും പ്രജാതല്പരനും ഒക്കെയാണെന്ന് പറയുന്നതിന്റെ രത്നച്ചുരുക്കം ഇങ്ങനെ സംഗ്രഹിക്കാം: ആ ചക്രവർത്തി മുസ്‌ലിം മതപണ്ഡിതന്മാരെ നിർലോഭം സഹായിച്ചിരുന്നു. അവരുടെ ഉപദേശങ്ങൾ ആരായുകയും അവരെ പ്രീണിപ്പിക്കാൻ വേണ്ടി വിലപ്പെട്ട സമ്മാനങ്ങൾ നല്കുകയും ഉയർന്ന പദവികൾ കല്പിച്ചുകൊടുക്കുകയും ചെയ്തിരുന്നു. പുറമേ അവരത്രയും യാഥാസ്ഥിതിക സുന്നിമുസൽമാന്മാരുടെ വിഭാഗത്തിൽ പെട്ടവരുമായിരിക്കും. ഏറെക്കുറെ ഏതൊരു ചക്രവർത്തിയെക്കുറിച്ചും ബത്തൂത്ത വിലയിരുത്തുന്നത് ഈ സങ്കുചിത മതവീക്ഷണത്തിൽ കൂടിയായിരുന്നെന്ന് കാണാം. ഈ ഇടുങ്ങിയ മനഃസ്ഥിതി കുറച്ചൊന്നുമല്ല അദ്ദേഹത്തിന്റെ വിവരണങ്ങളെ ഏകപക്ഷീയമാക്കിയിട്ടുള്ളത്. ചരിത്ര വിദ്യാർഥികൾക്ക് ക്ലിഷ്ടതരവും ദുഷ്കരവുമാക്കിത്തീർത്തിട്ടുണ്ട് ബത്തൂത്തയുടെ ഈ വിഭാഗീയ ചിന്താഗതി. ഇന്ത്യാചരിത്ര പ്രതിപാദനത്തിൽ ബത്തൂത്തയെ വളരെ ശ്രദ്ധാപൂർവമേ കൈകാര്യം ചെയ്യാവൂ എന്ന് ആമുഖമായി പറയാനുള്ള കാരണവും ഇതുതന്നെയാണ്. കഴിഞ്ഞ അധ്യായത്തിൽ ഇസ്‌ലാമിക ലോകത്ത് ആകമാനമുണ്ടായ ഭൗതികവും പാരത്രികവുമായ തകർച്ചയുടെ കാരണങ്ങൾ നാം കണ്ടു. ഈ സംഭവങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിൽ അതുവരെ പുലർത്തിപ്പോന്നിരുന്ന ബുദ്ധിപരമായ ഏകതാനത

യേയും സമതുലിത സ്ഥിതിവിശേഷത്തേയും അപകടപ്പെടുത്തിയെന്നും നാം പ്രസ്താവിച്ചതാണ്. അതേ സന്ദർഭത്തിൽ ഡൽഹിയിലേക്ക് അനുസ്യൂതം പ്രവഹിച്ച പണ്ഡിതന്മാരും സൂഫിദാർശനികരുമെല്ലാം ഡൽഹിയെ പ്രധാന ഇസ്‌ലാമിക സാംസ്കാരിക കേന്ദ്രമാക്കിയിരുന്നുവെന്നും നാം നേരത്തെ പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ വിഭിന്നാദർശങ്ങളും വിവിധ ചിന്താധാരകളും ഉൾക്കൊള്ളുന്ന ഒരു വലിയ പണ്ഡിതസമൂഹം ഡൽഹിയെ അലങ്കരിച്ചിരുന്നു. അവിടേക്കാണ് ബത്തൂത്ത കടന്നുവരുന്നത്. തന്മൂലം അറബിലോകത്തു നിന്നും ഒറ്റ തിരിഞ്ഞെത്തിയാലുണ്ടാകുന്ന വലിയ സ്വീകരണമൊന്നും ഈ മഹാപണ്ഡിതവ്യൂഹം ബത്തൂത്തയിൽ അർപ്പിച്ചിരിക്കാനും ഇടയില്ല. മുഹമ്മദ് തുഗ്ലക്ക് അദ്ദേഹത്തേയും ബഹുമാനിച്ച് ഖാസിയുടെ പദവി നല്കിയിരുന്നെന്നത് ശരിതന്നെ. പക്ഷേ, വിദേശികളായ പണ്ഡിതന്മാരെ ആകർഷിക്കാൻ വേണ്ടി സുൽത്താൻ നല്കിയിരുന്ന പാരിതോഷികങ്ങളുടേയും അകമഴിഞ്ഞ പ്രശംസകളുടേയും അരികത്തെങ്ങും ബത്തൂത്തയിലർപിച്ച സ്നേഹാദരവുകൾ എത്തുകയില്ലെന്നതിന് ബത്തൂത്തയുടെ തന്നെ വിശദീകരണം തികഞ്ഞ തെളിവാണ്.

ഏറ്റവും കൂടുതൽ മുസ്‌ലിം പണ്ഡിതന്മാരും സിദ്ധന്മാരും തുഗ്ലക്ക് സുൽത്താന്റെ കാലത്ത് ഈ രാജ്യത്തുണ്ടായിരുന്നതിന് പല കാരണങ്ങളുണ്ട്. ഒന്നാമതായി, ഉദാരമതിയും അറിവ് എന്തു വിലകൊടുത്തും സ്വീകരിക്കുവാനും സന്നദ്ധനായിരുന്നു ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ലക്ക്. രണ്ടാമതായി, ഇസ്‌ലാമിക രാജ്യങ്ങളിലുണ്ടായ തകർച്ചയും തന്മൂലമുണ്ടായ പല പണ്ഡിതന്മാരുടെയും പ്രയാണവും. മംഗോൾ ആക്രമണങ്ങളും പ്ലേഗ് ബാധയും മുസ്‌ലിം കേന്ദ്രങ്ങളെ മുഴുക്കെ തകർത്തു തരിപ്പണമാക്കിയ സന്ദർഭത്തിൽ ജീവനും കൊണ്ടോടിയ പണ്ഡിതവർഗം രക്ഷാകേന്ദ്രമായി കണ്ടെത്തിയത് ഡൽഹിയെ ആയിരുന്നു. 13-ാം നൂറ്റാണ്ടു മുതൽ തുടങ്ങിയ ഈ പ്രവാഹം മുഹമ്മദ് തുഗ്ലക്കിന്റെ ആകർഷകനയം കൊണ്ട് കൂടുതൽ ധന്യമായി. മുസ്‌ലിം രാജ്യങ്ങളിൽ നിന്നും വന്നുകൊണ്ടിരുന്ന പണ്ഡിതന്മാരെ സുൽത്താൻ സ്വീകരിച്ചിരുന്ന രീതിയും അവരിൽ അർപിച്ചിരുന്ന സമ്പത്തും ബത്തൂത്ത വളരെ പ്രകടമായി പ്രസ്താവിക്കുന്നുണ്ട്. അന്യരാജ്യങ്ങളിൽ നിന്നും വിജ്ഞാനികളെ അരമനകളിലേക്ക് ക്ഷണിക്കുവാൻ തന്റെ പ്രതിപുരുഷ കാര്യാലയത്തെ സുൽത്താൻ ചുമതലപ്പെടുത്തിയിരുന്നു. നിത്യേനയെന്നോണം വന്നുകൊണ്ടിരുന്ന ഇവരെ എല്ലാവരേയും സുൽത്താൻ സംതൃപ്തരാക്കി. അതുവഴി ഡൽഹിയെ ലോകോത്തരമായ ഒരു സാംസ്കാരിക കേന്ദ്രമാക്കി അദ്ദേഹം മാറ്റി.

അക്കാലങ്ങളിൽ മധ്യപൗരസ്ത്യരാജ്യങ്ങളിലെ ഗ്രന്ഥകാരന്മാർ അവരുടെ പുസ്തകങ്ങൾക്കും അവർക്കും അംഗീകാരം ലഭിക്കുവാൻ ആ

ശ്രയിച്ചിരുന്ന കേന്ദ്രവും ഡൽഹിയായിരുന്നു. ഇസ്‌ലാമിക ദർശനങ്ങളിലോ സിദ്ധാന്തങ്ങളിലോ ഏതെങ്കിലും ആളുകൾക്ക് സംശയം തോന്നുന്നുവെങ്കിൽ അത് ദുരീകരിക്കാൻ ഈ കേന്ദ്രങ്ങളൊക്കെ നോക്കിയിരുന്ന സ്ഥലവും ഡൽഹിയായിരുന്നു. അങ്ങനെ നിരവധി പണ്ഡിതന്മാരുടേയും ദാർശനികന്മാരുടേയും മധ്യത്തിലേക്കാണ് ബത്തൂത്ത വരുന്നത്. അതുകൊണ്ടു തന്നെയാണ് ബത്തൂത്തക്ക് തന്റെ വ്യക്തിത്വം എടുത്തുകാട്ടാൻ സാധ്യമാകാതിരുന്നത്. വൈജ്ഞാനിക മണ്ഡലത്തിൽ വ്യക്തിമുദ്ര പതിച്ച നിരവധി മഹാന്മാരുടെ മധ്യത്തിൽ ബുദ്ധിപരമായി ഒരു മധ്യവർത്തിമാത്രമായിരുന്നു ബത്തൂത്ത. ഡൽഹിയിൽ താമസിച്ചിരുന്ന കാലയളവിൽ സാഹിത്യചരിത്ര സംബന്ധമായ പരിശ്രമങ്ങളിലൊന്നും ബത്തൂത്ത ശ്രദ്ധ ചെലുത്താതിരുന്നത് അക്കാരണത്താലായിരിക്കാം.

ഡൽഹിയിലെ ബുദ്ധിരാക്ഷസരും താത്വികരും എഴുതിക്കൂട്ടിയ വലിയ സാഹിത്യ സംഭാവനകളിലൊന്നും ബത്തൂത്ത പരാമർശിക്കപ്പെടാതിരിക്കാനുള്ള കാരണവും ഇതു തന്നെയായിരിക്കണം. ചുരുക്കത്തിൽ ഇംഗ്ലീഷ് ചരിത്രകാരന്മാർ പെരുപ്പിച്ചു പറയുന്ന ബുദ്ധിവൈഭവമോ വിജ്ഞാനൗത്സുക്യമോ ബത്തൂത്തയുടെ എഴുത്തിൽ കാണുന്നില്ലെന്നതാണ് പരമാർഥം. മുഹമ്മദ് ഗസ്നിയുടെ കൂടെ ഇന്ത്യയിൽ വരികയും അനവധികാലം ഇവിടെ താമസിച്ച് ഹൈന്ദവ ദർശനങ്ങളും വേദങ്ങളും പഠിക്കുകയും ഇന്ത്യയിൽ നിന്നും ലഭിക്കാവുന്ന പാണ്ഡിത്യം മുഴുക്കെ സമ്പാദിക്കുകയും ചെയ്ത ചിന്തകനായിരുന്നു അൽബിറൂനി. അറബിലോകത്തിന്റെ വിജ്ഞാനകലവറയിൽ കരുത്തുറ്റ മുതൽകൂട്ടു നടത്തിയ അദ്ദേഹം ചരിത്ര വിദ്യാർഥികൾക്കെന്നല്ല ജിജ്ഞാസുവായ ഏതൊരു ഗവേഷകനും അനർഘങ്ങളായ അറിവിന്റെ വിഭവങ്ങൾ വിളമ്പിത്തന്ന അഗമ്യപ്രഭാവനാണ്. അതുപോലെ തന്നെ, മുഹമ്മദ് തുഗ്ലക്കിന്റെ കാലത്ത് ഇവിടെ വരികയും ഗ്രന്ഥരചന നടത്തുകയും ചെയ്തിട്ടുള്ള ഡൽഹവിയും അൽ ഉമറിയും ബദർചാച്ചയും മുൽത്താനിയുമൊക്കെ പ്രതിഭാ സമ്പന്നരായ മഹത്തുക്കളായിരുന്നു. ഇങ്ങനെയെല്ലാമുള്ള നിരവധി നിപുണന്മാരുടെ മധ്യത്തിൽ ബത്തൂത്ത ആരുമല്ലാതിരുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

ഇതിനു പുറമേ, മുസ്‌ലിം പണ്ഡിത വിഭാഗം വളരെയേറെ അവാന്തരവിഭാഗങ്ങൾ സ്വയം സൃഷ്ടിച്ചിരുന്നു. സുന്നി–ശിയാ വിഭാഗങ്ങൾ തമ്മിൽ കൂടുതൽ അകല്ചയും സംഘർഷവുമുണ്ടാവുക പതിവായിരുന്നു. എവിടെ കൂടുതൽ വിദഗ്ധന്മാർ ഒരേ വിഷയം കൈകാര്യം ചെയ്യാനുണ്ടാകുമോ നിശ്ചയമായും അവിടെ കൂടുതൽ സംഘർഷവും പാർട്ടികളും ഉണ്ടാവുക സ്വാഭാവികമാണ്. അങ്ങനെ ഡൽഹിയിൽ വന്നുകൂടിയ മതപണ്ഡിതന്മാർ തമ്മിൽ തമ്മിൽ ചേരിതിരിവും വക്കാണവും നിലനിന്നിരുന്ന കാലവുമായിരുന്നു ബത്തൂത്തയുടേത്. മതപണ്

ഡിതന്മാരിൽ നിന്നാണ് ഖാസികളെ (ജഡ്ജി) തിരഞ്ഞെടുത്തിരുന്നത്. എന്നാൽ, ഭൗതികാർഭാടങ്ങളിലോ ലൗകികസുഖങ്ങളിലോ ഇടപഴകാതെ സന്യാസവും ധ്യാനവുമായി കഴിഞ്ഞിരുന്ന മഹാന്മാരായ ഒരുവിഭാഗം സിദ്ധന്മാരും സൂഫികളും ഈ കാലഘട്ടത്തിലെ മുസ്‌ലിം സമൂഹത്തിൽ നിർണായകസ്ഥാനം വഹിച്ചിരുന്നു. സൂഫീ സന്യാസികളും മതപണ്ഡിതന്മാരും പല കാര്യങ്ങളിലും വിയോജിപ്പിലായിരുന്നു. രണ്ടാമത്തെ കൂട്ടർ രാജ്യകാര്യങ്ങളിൽ ഇടപെടുകയും ഉദ്യോഗങ്ങൾ സ്വീകരിക്കുകയും ലൗകികസുഖസൗകര്യങ്ങളെ വിലവെക്കുകയും ചെയ്തപ്പോൾ ആദ്യത്തെ കൂട്ടർ അവയെ നിരാകരിക്കുകയും ഏകാന്തജീവിതവും തപോവൃത്തിയും ജീവിതവ്രതമായി സ്വീകരിക്കുകയും ചെയ്തു. ഇതിനുപുറമേ, അത്ഭുതകരങ്ങളായ മാസ്മരവിദ്യകൾ കാട്ടി മനുഷ്യരെ അമ്പരപ്പിക്കുകയും സാധാരണക്കാർക്ക് വിസ്മയവും ഭയഭക്തിയും അങ്കുരിപ്പിക്കുകയും ചെയ്തിരുന്ന ശൈഖുകളും സിദ്ധന്മാരും അക്കാലത്ത് ഒട്ടേറെ അധിവസിച്ചിരുന്നു. അവരുടെ ആരാധ്യസംഘങ്ങൾ ഇവരുടെ മരണശേഷം ദേവാലയങ്ങൾ പണിത് പൂജയും നേർച്ചയും നടത്തുക പതിവാണ്. അത്തരം സിദ്ധന്മാരുടെ ശവകുടീരങ്ങൾ ഇന്നും തീർഥാടനകേന്ദ്രങ്ങളാണ്. വിഗ്രഹാരാധനയുടെ പരിധിവരെ നീങ്ങുന്ന ഈ പ്രവണതയെ അങ്ങേയറ്റം എതിർക്കുക എന്നത് യാഥാസ്ഥിതിക വിശ്വാസികൾ അവരുടെ കർത്തവ്യമായി കരുതിയിരുന്നു. തന്മൂലം, പണ്ഡിത വിഭാഗവും സൂഫിസന്യാസി വിഭാഗവും തമ്മിൽ സംഘട്ടനങ്ങൾ പലപ്പോഴും നടന്നിട്ടുണ്ട്. പക്ഷേ, വിസ്മയകരമായ അതിശയങ്ങൾ കാണിക്കുമായിരുന്ന ഈ യോഗീവര്യന്മാർക്ക് സാധാരണ ജനങ്ങളുടെ പിന്തുണ വർധിച്ചു വന്നതോടുകൂടി മുസ്‌ലിം പുരോഹിത പണ്ഡിതന്മാർക്ക് ഇവരുമായി സന്ധിചെയ്യാതെ നിർവ്വാഹമില്ലെന്നായി.

അങ്ങനെ ബത്തൂത്തയുടെ കാലമായപ്പോഴേക്കും മുസ്‌ലിം പൗരോഹിത്യവും സൂഫിദാർശനികരും തമ്മിൽ ഏകദേശം ഒരു പ്രതിപക്ഷ ബഹുമാനത്തോളമെത്തുന്ന ബന്ധം നിലനിന്നിരുന്നു. തുറന്ന സംഘട്ടനങ്ങൾ മിക്കവാറും ഒഴിവാക്കപ്പെട്ടു. ഇതിനൊക്കെ പുറമേ സുൽത്താൻ മുഹമ്മദ് പണ്ഡിതന്മാരിൽ പണ്ഡിതനും ദാർശനികരിൽ ദാർശനികനുമായിരുന്നു. തന്മൂലം പഴഞ്ചൻ പൗരോഹിത്യത്തിന്റെ മുരടിച്ച ഭാഷ്യമൊന്നും അദ്ദേഹം ചെവിക്കൊണ്ടില്ല. ഉദാത്തമായ ഒരാദർശലോകത്തെ സ്വപ്നം കണ്ടിരുന്ന ആ മാതൃകാ ചക്രവർത്തി മനുഷ്യരുടെ ദൈവിക പ്രകടനങ്ങളിൽ വിഭ്രമിക്കുകയും ചെയ്തിരുന്നില്ല. അങ്ങനെ മുസ്‌ലിം പണ്ഡിതവിഭാഗത്തിൽപെട്ട എല്ലാ ആളുകളുടേയും പഴിക്കു വിധേയനാകേണ്ട ഗതികേട് മുഹമ്മദ് തുഗ്ലക്കിനുണ്ടായി. അതാണ് ഇന്നും ചരിത്രത്തിന്റെ താളുകളിൽ സഹതാപാർഹനായി ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ട് അദ്ദേഹം കാണുന്നത്. ബത്തൂത്തയും ഈ പൊതുസ്വ

ഭാവത്തിന് ഒരപവാദമായിരുന്നില്ല. പണ്ഡിതവർഗത്തിൽ പെട്ട അദ്ദേഹം മറ്റു മതഭ്രാന്തന്മാരുടെ ഇടുങ്ങിയ ചിന്താഗതിക്ക് വിധേയനാകുകയും സുൽത്താൻ മുഹമ്മദിനെ കരിതേക്കുന്നതിൽ സ്വന്തം പങ്കു നിർവഹിക്കുകയും ചെയ്യുന്നുണ്ട്. കുടുസ്സായ ഈ പുരോഹിതവൃത്തത്തിൽ നിന്നും കടന്നുവരാൻ ബത്തൂത്തക്ക് അസാധ്യമായിരുന്നു. കാരണം അദ്ദേഹം തന്നെ മതഭ്രാന്തന്മാരുടെ അസഹിഷ്ണുതക്ക് പ്രോത്സാഹനം നല്കിയിരുന്ന അവരുടെ പ്രാണേതാവാണ്.

പണ്ഡിതവർഗത്തിന്റെ സംഘടിതമായ എതിർപ്പാണ് മുഹമ്മദ് തുഗ്ലക്കിന് നേരിടേണ്ടി വന്ന വിപത്ത്. സുൽത്താൻ സകല മതങ്ങളേയും മാനിക്കുകയും എല്ലാ സംസ്കാരങ്ങളേയും വില വെക്കുകയും ചെയ്തിരുന്ന മഹാമനസ്കനാണ്. വിവിധ സംസ്കാരങ്ങളുടെ സങ്കലനത്തിനുവേണ്ടി ആശിക്കുകയും മഹത്തരമായ ആ നവോഥാനത്തിനു നേതൃത്വം കൊടുക്കുകയും ചെയ്കമൂലം മുസ്ലിം പൗരോഹിത്യം അദ്ദേഹത്തിനെതിരെ പടവാളെടുത്തു. മറുവശത്ത് സൂഫിസന്യാസികളും സിദ്ധന്മാരും ലൗകികകാര്യങ്ങളിൽ നിന്നും വിരക്തരായി കഴിഞ്ഞുകൂടി. എന്നാൽ അവരുടെ പ്രവൃത്തികൾ സാധാരണ ജനങ്ങളെ രാജവാഴ്ചക്കെതിരെ സമരസന്നദ്ധരാക്കും വിധത്തിലായിരുന്നു. പുറമേ മാസ്മരികവിദ്യകളും അത്ഭുതങ്ങളും കാട്ടി അവർ അർധദൈവങ്ങളായി ഭാവിക്കുക കൂടി ചെയ്തു. ഇത്തരം ധാരാളം സന്യാസിമാരുടെ വീരകൃത്യങ്ങളേയും വിസ്മയജന്യമായ പ്രവൃത്തികളേയും ബത്തൂത്ത അതിശയം തോന്നുന്നവിധം അവതരിപ്പിക്കുന്നുണ്ട്. ഇവർ സുൽത്താന്റെ കല്പനകൾ ധിക്കരിക്കുകമാത്രമല്ല, അനുയായികളെക്കൊണ്ട് അവ അനുസരിപ്പിക്കാതിരിക്കാനും ശ്രദ്ധിച്ചിരുന്നു. ചുരുക്കത്തിൽ ഈ രണ്ടു വിഭാഗം പണ്ഡിതന്മാരെക്കൊണ്ടും വേണ്ടതിലേറെ ഉപദ്രവവും പ്രയാസവും ഭരണപരമായ കാര്യങ്ങളിൽ സുൽത്താൻ മുഹമ്മദിന് നേരിടേണ്ടതായി വന്നിട്ടുണ്ട്. രാജ്യതാല്പര്യം വലുതായി കണക്കാക്കിയിരുന്ന കർത്തവ്യനിരതനായ സുൽത്താൻ ഈ രണ്ടു വിഭാഗം മുസ്ലിം പണ്ഡിതന്മാരേയും നിലക്കു നിർത്താൻ ശ്രമിച്ചു. മുസ്ലിം പുരോഹിതരാകമാനം സുൽത്താനെതിരെ സദാസമയവും സമരസന്നദ്ധമായിരുന്നു എന്ന് സമകാലിക ചരിത്രകാരനായ സിയാവുദ്ദീൻ ബർണി എഴുതുന്നുണ്ട്. ബത്തൂത്ത പുരോഹിതവർഗത്തിൽപ്പെട്ട ആളും ഈ വിഭാഗത്തിന്റെ സന്തതസഹചാരിയും പ്രമുഖനുമായിരുന്നു. തന്മൂലം ബത്തൂത്ത സുൽത്താൻ മുഹമ്മദിനെക്കുറിച്ച് വിവരിക്കുന്നതത്രയും പകയും വിദ്വേഷവും മൂലമാണ്. ഇത് തിരിച്ചറിയാത്തതാണ് മുഹമ്മദ് തുഗ്ലക്ക് ഇന്നും ഭ്രാന്തനായി നിൽക്കുവാൻ കാരണം.

ഇബ്നു ബത്തൂത്തയുടെ ദേശാടനത്തിനിടക്ക് മുസ്ലിം രാഷ്ട്രങ്ങളിലാകമാനം സംഭവിച്ച രാഷ്ട്രീയ-സാമ്പത്തിക തകർചയുടെ കാര

ണങ്ങളെ സംബന്ധിച്ചു വിവരിക്കുവാൻ മുൻ അധ്യായങ്ങളിൽ ശ്രമിച്ചി ട്ടുണ്ട്. അത്രയും തന്നെ പ്രാധാന്യം മുസ്‌ലിം സാമൂഹിക സമ്പ്രദായ ത്തിൽ വന്ന മാറ്റങ്ങൾക്കും കല്പിച്ചുകൊടുക്കുവാൻ തയ്യാറാകേണ്ട തായിരിക്കുന്നു. പുതിയ ഒരു മതവും ഒരു രാഷ്ട്രവും സ്ഥാപിക്കാൻ മാത്രമല്ല പ്രവാചകനു സാധിച്ചത്. ഏറ്റവും മഹത്തായ സാമൂഹിക വി പ്ലവത്തിന്റെ വേലിയേറ്റത്തിൽ പഴയതിന് ഉന്മൂലനാശം വരുത്തി നവീ നമായ ഒരു പുത്തൻ സമൂഹത്തെ സമത്വസുന്ദരമായി സംവിധാനം ചെ യ്യാൻ കഴിഞ്ഞു എന്നതായിരുന്നു ആ വലിയ വിജയം. ഇന്ത്യയിൽ ജാ തിസമ്പ്രദായത്തിനും സാമൂഹികമായ മറ്റനവധി അനീതികൾക്കും എ തിരായി കോളിളക്കം സൃഷ്ടിച്ച ബൗദ്ധമുനിക്കു സമാനമാണ് ആ പ്ര വാചകൻ. അറേബ്യയിൽ നിലനിന്നിരുന്ന ഗോത്രവർഗ സംഘട്ടനത്തെ ഇല്ലായ്മ ചെയ്ത് ഒരു നല്ല സാമൂഹ്യ സമ്പ്രദായം നെയ്തെടുത്ത പ്ര വാചകൻ നൂതനമായ ഒരു പ്രസ്ഥാനത്തിന്റെ പ്രണേതാവുകൂടിയാണ്. എന്നാൽ കാലപ്പഴക്കത്താൽ ഏതൊരു സംഗതിയിലും വ്യത്യാസങ്ങൾ കടന്നുകൂടുക നൈസർഗികമാണ്. അത് ഇസ്‌ലാമിക സമ്പ്രദായങ്ങളി ലും സംഭവിച്ചു. ബത്തൂത്തയുടെ കാലമായപ്പോഴേക്കും പല അനാചാ രങ്ങളും ഇസ്‌ലാമിക വിശ്വാസത്തിന്റെ ഭാഗമായി തീർന്നിരുന്നു. സമ ത്വവും സാഹോദര്യവും പ്രഘോഷണം ചെയ്ത് അതുവരെ കണ്ടിട്ടി ല്ലാത്ത നല്ല ഒരു വ്യവസ്ഥ സൃഷ്ടിച്ച ഇസ്‌ലാമികാവേശം കെട്ടടങ്ങാൻ തുടങ്ങി. എന്നുമാത്രമല്ല, സ്വാർഥമതികളായ രാജാക്കന്മാരുടേയും പ്ര ഭുക്കന്മാരുടേയും കൈയ്യിൽ അവരുടെ സൗകര്യത്തിനുപയോഗിക്കാവു ന്നതും എളുപ്പം വിലപ്പോകുന്നതുമായ ഒരു നവ്യോപകരണമായി മതം മാറി. പൗരോഹിത്യം ഇസ്‌ലാം അംഗീകരിച്ചിരുന്നില്ല. ഓരോ മുസ്‌ലി മും അവനവന്റെ തന്നെ പുരോഹിതനാണ്. മതശാസനകൾ പുരോഹി ത വർഗം വികലമാക്കാതിരിക്കാനുള്ള മുൻകരുതലുകൾ ഒക്കെ തകരു കയും പൗരോഹിത്യമില്ലാത്ത ഇസ്‌ലാമിൽ പുരോഹിതന്മാർക്ക് പ്രാധാ ന്യം വരികയും ചെയ്ത സന്ദർഭമായിരുന്നു അത്. അനവധി അനാചാര ങ്ങൾ വിശ്വാസാനുഷ്ഠാനങ്ങളുടെ ഭാഗമായിത്തന്നെ ഇഴുകിച്ചേർന്നു. നമുക്കിന്ന് ആശ്ചര്യം തോന്നുന്ന പല കാര്യങ്ങളും സാധാരണീകരിച്ച് ബത്തൂത്ത പ്രസ്താവിക്കുമ്പോൾ, ഇക്കാര്യങ്ങൾ ഓർമയിലുണ്ടെങ്കിൽ കുറെ പ്രയാസങ്ങൾ കുറയുമെന്നത് നിശ്ചയമാണ്.

അതേ സന്ദർഭത്തിൽ, മതമായിരുന്നു ലോകത്തെമ്പാടുമുള്ള മുസ് ലിംകളെ വൈകാരികമായി ഏകോപിപ്പിച്ചിരുന്ന ഘടകം. മതത്തിന്റെ സ്വാധീനത തന്നെയായിരുന്നു ലോകത്തുള്ള എല്ലാ മുസ്‌ലിംകൾക്കും പൊതുവായ ഒരാശയവിനിമയ ഭാഷക്ക് ഇടം കൊടുത്തത്. അറബിഭാ ഷക്ക് ലോകാധിപത്യം ലഭിക്കാനിടവന്നതും ഇതുകൊണ്ട് തന്നെയാ യിരുന്നു. അതുപോലെ, ദായക്രമത്തിന്റെ കാര്യത്തിലും ജീവിതത്തി

ലെ മറ്റെല്ലാ വ്യവഹാരങ്ങളിലും മതശാസനകളും നിയമങ്ങളുമായിരുന്നു എങ്ങും ആചരിച്ചു പോന്നിരുന്നത്. ഇതിനെല്ലാം പുറമേ സാർവലൗകിക സാഹോദര്യമെന്ന ഉദാത്തമായ ആദർശം മുസ്‌ലിം ജനതയുടെ ഉദ്ഗ്രഥനത്തിന് ഉപോൽബലകവുമായിത്തീർന്നു. ചുരുക്കത്തിൽ സമ്പൂർണമെന്നു പറയാവുന്ന ജീവിതവ്യവസ്ഥയും അവക്ക് നിയാമകമായ ശാസനകളും നിസാരമായി തോന്നാവുന്ന സംഗതികളിൽക്കൂടിയും ഫലവത്തായി പ്രാവർത്തികമാക്കിയപ്പോൾ മതവും മനുഷ്യനും അവിഭാജ്യമാംവണ്ണം ഒന്നായിത്തീർന്നു. അപ്പോൾ നീക്കുപോക്കിനും വ്യക്തികളുടെ വാസനക്കും വിധേയമായി മാറ്റങ്ങളും അയവുകളും വരിക സ്വാഭാവികമാണല്ലോ. അങ്ങനെ എല്ലാമായിരുന്ന മതം കാലക്രമത്തിൽ 'പാലിൽ വെള്ളം ചേർത്തു ചേർത്ത് വെള്ളത്തിൽ പാലു ചേർത്താ'ലത്തെ സ്ഥിതി വരെ എത്തിയ സന്ദർഭവുമായിരുന്നു അത്. അതുകൊണ്ടാണ് ബത്തൂത്തക്ക് ഈ വക സാമൂഹിക വൈകല്യങ്ങളെ തന്റെ പൗരോഹിത്യഭാഷ്യത്തിനു കോട്ടം തട്ടാതെ തന്നെ സൗകര്യമായി നിർലോഭം അനുഭവിക്കാനൊത്തത്.

ചുരുക്കത്തിൽ മധ്യകാല മുസ്‌ലിം സമുദായം ആചരിച്ചിരുന്ന സാമൂഹ്യവൈകൃതങ്ങളെ ഇസ്‌ലാമിക ശാസനങ്ങളുടെ ഭാഗമായി ന്യായീകരിക്കാനും അവ സൗകര്യപൂർവം അനുഭവിക്കാനും പണ്ഡിതവർഗം തയ്യാറായി. അതിന്റെ ഫലമായി ഇസ്‌ലാം തന്നെ തെറ്റിദ്ധരിക്കപ്പെട്ടു. അതിന്റെ അനുഷ്ഠാനങ്ങളെ ഓരോരുത്തർക്കും യോജിച്ചവിധം അതിഭാവുകത്വം നല്കി പ്രചരിപ്പിക്കുകകൂടി ചെയ്തു. വിമതസ്ഥരായ എഴുത്തുകാരും സന്തോഷപൂർവ്വം അനുഷ്ഠിച്ചത് ഈ പണിയാണ്. അങ്ങനെ വിവാഹത്തേയും വിവാഹമോചനത്തേയും അടിമകളേയും വെപ്പാട്ടികളേയും ഒക്കെ സംബന്ധിച്ച ബത്തൂത്തയുടെ പരാമർശങ്ങൾ അതിശയോക്തിയായിട്ട് ഒരുപക്ഷേ ഇന്നു തോന്നുമെങ്കിലും അക്കാലത്ത് നിലവിലുണ്ടായിരുന്ന കാര്യങ്ങൾ തന്നെയാണ്.

ഉദാഹരണമായി, ബത്തൂത്തക്ക് ഡൽഹി സുൽത്താന്റെ സമ്മാനങ്ങളിൽ പത്ത് പരിചാരകന്മാരുണ്ടായിരുന്നുവെന്ന് അദ്ദേഹം കുറിക്കുന്നുണ്ട്. ഇന്ത്യയിലെ താമസത്തിനിടക്ക് പല വിവാഹങ്ങളും കഴിച്ചതായി അദ്ദേഹം എഴുതിയിരിക്കുന്നു. ആദ്യഭാര്യമാരെക്കുറിച്ചോ അവരിലുണ്ടായേക്കാവുന്ന കുട്ടികളെ സംബന്ധിച്ചോ ബത്തൂത്ത നിശബ്ദനാണ്. നിശ്ചയമായും അവരെല്ലാവരും ഒരു സമയത്തുണ്ടായിരുന്നിരിക്കയില്ല. വിവാഹമോചനവും വിവാഹവുമൊക്കെയായി കണക്കിലേറെ എത്തിച്ച ബത്തൂത്ത ആ കാലഘട്ടത്തിലെ സാമൂഹ്യവൈകൃതത്തിന്റെ ജീവനുള്ള പിറവിയാണ്.

ഒരേ സമയത്ത് നാല് ഭാര്യമാരെ ഒപ്പം പുലർത്തുവാനും അത്രയോ അതിലേറെയോ വെപ്പാട്ടികളെ സൂക്ഷിക്കുവാനും ഏതൊരു മു

സ്ലിമിനും മതപരമായിത്തന്നെ അവകാശമുണ്ടെന്ന് പൗരോഹിത്യവേദിയിലേക്കുയർന്നുവന്ന മതപണ്ഡിതന്മാർ സൗകര്യപൂർവം പ്രചരിപ്പിച്ചത് ഇസ്ലാമിക ശാസനയുടെ ആത്മാവിനെത്തന്നെ കരണ്ടുതിന്നുന്ന പ്രവൃത്തിയായിരുന്നു. പക്ഷേ, ബത്തൂത്തയോടൊപ്പമുള്ളവർക്ക് ഇത്തരം നിയമങ്ങൾ തങ്ങളുടെ ദുഷ്പ്രവൃത്തിയുടെ ന്യായീകരണത്തിനാവശ്യമായിരുന്നു. പലയിടങ്ങളിലും ബത്തൂത്ത തന്റെ സുന്ദരികളായ അടിമപെൺകൊടികളെക്കുറിച്ചും ഭാര്യമാരായി സ്വീകരിച്ചിരുന്ന ഇന്ത്യൻ സൗന്ദര്യധാമങ്ങളെക്കുറിച്ചും കുറെയൊക്കെ അഭിമാനത്തോടുകൂടി പരാമർശിക്കുന്നുണ്ട്. സദാചാര സന്മാർഗാവബോധത്തെ പച്ചയായി അപഹസിക്കുന്നുവെന്ന് ഇന്ന് നമുക്ക് തോന്നിയേക്കാവുന്ന അത്തരം പ്രസ്താവങ്ങൾ, കഴിച്ച ഭക്ഷണപാനീയങ്ങളെക്കുറിച്ച് ഒരാൾ പറയുന്നതിലധികമായി ഒരു പ്രത്യേകതയും അക്കാലത്ത് കല്പിച്ചിരുന്നില്ലെന്നുള്ളതാണ് പരമാർഥം. എല്ലാ യോഗ്യന്മാരും ഈ അവസ്ഥാവിശേഷത്തെ ആവോളമാസ്വദിച്ചിട്ടുള്ളവരാണ്. രാജാവും പ്രഭുവും പണ്ഡിതനും പാമരനും എല്ലാം തന്നെ കാലത്തിന്റെ ഈ കോലം കെട്ടലിൽ അവരവരുടെ ഭാഗം വളരെ തന്മയത്വത്തോടു കൂടി അഭിനയിച്ചിരുന്നു എന്നാണ് നാം മനസ്സിലാക്കുന്നത്. അപ്പോൾ ഈ സാമൂഹിക അനാചാരങ്ങൾ ഇസ്ലാമിക വിശ്വാസപ്രമാണത്തിന്റെ ഭാഗമാണെന്ന് വരുത്തുക മതപണ്ഡിതന്മാരുൾപ്പെടെ ഇതിനെ താലോലിച്ചിരുന്നവർക്ക് അനിവാര്യമായി വന്ന ഗതികേടായാണ് നാം കാണുന്നത്.

മറ്റൊരു സാമൂഹിക സവിശേഷത അടിമവ്യാപാരം അഭംഗുരം എല്ലാ നാടുകളിലും നടമാടിയിരുന്നു എന്നതാണ്. ലോകത്തെമ്പാടും അടിമസമ്പ്രദായം നിലനിന്നിരുന്നു. ഏതുതരം സാധനവും പണമുണ്ടെങ്കിൽ പൊതുവിപണിയിൽ നിന്ന് ലഭിക്കുന്നതു പോലെ ഏതുതരം മനുഷ്യരേയും–ആണിനേയും പെണ്ണിനേയും–ലോകത്തുള്ള എല്ലാ കമ്പോളങ്ങളിലും വില്പന ചരക്കിന്റെ കൂട്ടത്തിൽ ലഭ്യമായിരുന്നു. ഈ അടിമകളെ രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള അവകാശം യജമാനന്മാർക്കായിരുന്നു. അവരുടെ കൈവശമുള്ള അടിമകളെ സ്വത്തു ഭാഗിച്ചെടുക്കുന്ന കൂട്ടത്തിൽ അവകാശികൾ വീതിച്ചെടുക്കുക പതിവാണ്. അറുപത്, എഴുപതു കൊല്ലം മുമ്പു വരെ കേരളത്തിൽ പോലും ഈ സമ്പ്രദായം നിലനിന്നിരുന്നതിന് തെളിവുകളുണ്ട്. (ഭാഗാധാരത്തോടൊപ്പം അടിമകളേയും വീതിച്ചുകൊടുത്തിട്ടുള്ള വിൽപത്രങ്ങൾ ഞാൻ കണ്ടിട്ടുണ്ട്.) ഇത്രയും തറപ്പിച്ചു പറയുന്നത് ലോകത്തെല്ലായിടത്തും ഫ്യൂഡൽ സമ്പ്രദായത്തോടൊപ്പം വളർന്നുവന്ന ഒരു സ്ഥാപനമാണ് അടിമ വ്യവസ്ഥയെന്ന് സൂചിപ്പിക്കാനാണ്.

എന്നാൽ, ഇസ്ലാം സമത്വസാഹോദര്യത്തിന്റെ അടിത്തറ പാകി. അടിമയും ഉടമയും തമ്മിൽ സാമൂഹ്യരാഷ്ട്രീയ കാര്യങ്ങളിലൊന്നും

യാതൊരു ഏറ്റക്കുറിച്ചിലും ഇസ്ലാം അംഗീകരിക്കുന്നില്ല. തന്മൂലം ഇസ്ലാമിലെ അടിമസമ്പ്രദായത്തിന് മറ്റു നാടുകളിലേതുമായി ധാരാളം വ്യത്യാസമുണ്ടായിരുന്നു. അടിമകളെ സ്വതന്ത്രമാക്കുന്നത് ഏറ്റവും വലിയ പുണ്യകർമമായി ഖുർആനും പ്രവാചകനും ഉൽഘോഷണം ചെയ്തു. അടിമകളെ വാങ്ങി സൂക്ഷിച്ചിട്ടുള്ളവർക്ക് യാതൊരുവക കുറവുകളും അതുമൂലം സമൂഹം കണക്കാക്കിയിരുന്നില്ല. മാത്രമല്ല, കഴിവുള്ള അടിമകൾ യജമാനന്റെ കുടുംബവുമായി വിവാഹബന്ധത്തിലേർപെടുകയും സാമൂഹ്യ ആഘോഷങ്ങളിൽ സ്വതന്ത്രവ്യക്തികളെ പോലെ സസന്തോഷം സംബന്ധിക്കുന്നതും സാധാരണമായിരുന്നു. ഇന്ത്യയിലെ ഒരു വലിയ രാജവംശത്തിന്റെ സ്ഥാപകരും അതിലെ പ്രധാനപ്പെട്ട സുൽത്താന്മാരും അടിമകളായിരുന്നു. ഇക്കാര്യം കൂടി പരിഗണിക്കുമ്പോൾ അശരണരും അനാഥരുമായ കുട്ടികൾക്ക് അവരുടെ വാസനയെ വികസിപ്പിക്കുവാനും കഴിവിനൊത്തുയരുവാനും സാധിച്ചിരുന്ന ഒരുപാധിയായിരുന്നു ഇസ്ലാമിലെ അടിമവ്യവസ്ഥയെന്ന് കാണാം.

എന്നാൽ, ഈ സ്ഥാപനവും കാലപ്പഴക്കത്തിൽ അധഃപതിക്കുകയുണ്ടായി. സമത്വസാഹോദര്യം വെറും ഒരാശയം മാത്രമായിത്തീർന്നു. തറവാട്ടു മഹത്വവും വർഗമഹിമയും മുസ്ലിംകൾക്കിടയിൽ വലിയ പൊരുത്തക്കേടുണ്ടാക്കി. അടിമകൾ ഏറെക്കുറെ അടിമകൾ തന്നെയായിത്തീർന്നിരുന്നു. ഇങ്ങനെ ഈ സമ്പ്രദായവും അധഃപതിപ്പിച്ച സന്ദർഭമായിരുന്നു ബത്തൂത്തയുടെ സമയം. എത്ര അടിമകളെ വേണമെങ്കിലും ആർക്കും വാങ്ങാമായിരുന്നു. സ്ഥാവരജംഗമവസ്തുക്കൾക്ക് സമം അവരെ ക്രയവിക്രയം ചെയ്യുകയോ ഇഷ്ടാനുസൃതം കൈകാര്യം ചെയ്യുകയോ ചെയ്യാൻ പറ്റുമായിരുന്നു. വെറും ഉപഭോക്തൃ വസ്തുക്കളായി മാത്രം മനുഷ്യൻ തരം താഴ്ന്ന സമയവുമായിരുന്നു ഇത്. ഇസ്ലാമികാശയത്തിന്റെ ജീവൻ അങ്ങനെ സ്വാർഥമോഹികളായ മതപണ്ഡിതന്മാരുടെ കുടുസ്സായ മനസ്സിന്റെ കുരുക്കിൽ കിടന്ന് പിടഞ്ഞു. ഒറ്റ മതനേതാവും ധാർമികമായ ഈ അധോഗതിക്കെതിരായി ചൂണ്ടുവിരൽ ഉയർത്തിയിരുന്നില്ല. എന്നുമാത്രമല്ല, കഴിവുള്ളിടത്തോളം ഈ സുഖസൗകര്യങ്ങൾ ആസ്വദിക്കുകയാണ് ചെയ്തിരുന്നത്. ആത്മീയനിർവൃതി എന്നതിനേക്കാൾ മതത്തെ ഭൗതികാനന്ദത്തിന്റെ ഫലവത്തായ ഉപാധിയാക്കുകയായിരുന്നു ബത്തൂത്ത ഉൾപ്പെടുന്ന പണ്ഡിതവർഗം ചെയ്തത്. അതുകൊണ്ടു തന്നെയാണ് എവിടെയായാലും അവിടെനിന്നും പെണ്ണുകെട്ടുവാനും അടിമപെൺകിടാങ്ങളെ ആവോളം നുകരുവാനും താടിയും തലപ്പാവും ധരിച്ച് പൗരോഹിത്യ വേഷവിധാനവും അണിഞ്ഞു നടന്നിരുന്ന ബത്തൂത്തക്കും നിഷ്പ്രയാസം സാധിച്ചത്.

ഇതിനൊക്കെ മകുടം ചാർത്തുന്ന മറ്റൊരു സമ്പ്രദായമായിരുന്നു അരമനകളിലും പ്രഭു വസതികളിലും ഒരലങ്കാരമെന്നോണം സൂക്ഷി

ച്ചിരുന്ന സ്ത്രീകൾ. ഇവർ താമസിച്ചിരുന്ന കൊട്ടാരക്കെട്ടിനെ ഹരം(അന്തഃപുരം) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഓരോ രാജാവും പ്രഭുവും തങ്ങളുടെ പദവി നിർണയിച്ചിരുന്നത് അവരുടെ ഹരത്തിലുണ്ടായിരുന്ന സ്ത്രീകളുടെ എണ്ണത്തെ കണക്കാക്കിയായിരുന്നു. ഇക്കാര്യം കൂടുതൽ വിശദമാക്കേണ്ട സന്ദർഭമുള്ളതുകൊണ്ട് ഇവിടെ അതിനു തുനിയുന്നില്ല. ഈ സ്ത്രീകളുടെ നടത്തിപ്പിനും സൂക്ഷിപ്പിനുമൊക്കെയായി ഒരുപറ്റം ഷണ്ഡന്മാരെ ആയിരുന്നു നിയോഗിച്ചിരുന്നത്. നമുക്ക് ലൈംഗിക വൈചിത്രമായി തോന്നാവുന്ന ഈ നപുംസകങ്ങൾ ഓരോ കൊട്ടാരത്തിലും പ്രഭു ഭവനത്തിലും അനവധിയുണ്ടായിരുന്നു. അടിമക്കമ്പോളത്തിൽ ഏറ്റവും വില കൂടിയ മനുഷ്യവസ്തു ഷണ്ഡനായിരുന്നു. ശൈശവപ്രായത്തിൽ തന്നെ വൃഷണങ്ങൾ ഉടച്ച് വളരുമ്പോഴേക്കും ലൈംഗികാസക്തിയില്ലാത്ത ഒരു തരം മനുഷ്യരെ സൃഷ്ടിക്കുന്ന ഈ സമ്പ്രദായം ഉഴുവാനുപയോഗിക്കുന്ന കാളകളെ 'കപ്പാസിടുന്ന' രീതിക്കു സമമായിരുന്നു. ക്രൂരമായി തോന്നാമെങ്കിലും അക്കാലഘട്ടത്തിൽ ഇക്കൂട്ടർക്കാണ് കൂടുതൽ വില കമ്പോളങ്ങളിൽ ലഭിച്ചിരുന്നത്. അതിനു കാരണം യജമാനന്മാരോട് കൂറും വിശ്വസ്തതയും ഇവർക്കധികമായിരിക്കുമെന്നതും മറ്റൊരു തരത്തിലും അവരുടെ ശ്രദ്ധ സ്വാർഥതയിലേക്ക് തിരിയുകയില്ല എന്നതുമായിരുന്നു. പെണ്ണിനും പൊന്നിനും വേണ്ടി ദാഹമില്ലാത്ത ഇക്കൂട്ടർക്ക് ജീവിതലക്ഷ്യം തന്റെ യജമാനനെ സേവിക്കുകയെന്നതു മാത്രമാണ്. ഇത്തരം കൂട്ടരെയാണ് ഹരത്തിന്റെ കാവൽക്കാരാക്കിയിരുന്നത്. ഭോഗാസക്തനായ ഒരുത്തന് അവന്റെ വിനോദമായ മാംസദാഹത്തിന് സാമൂഹികാംഗീകാരം ഇതിൽ കവിഞ്ഞ് ലഭിക്കേണ്ടതുണ്ടോ? ഇസ്‌ലാമിനെപ്പറ്റി സ്ഥാനത്തും അസ്ഥാനത്തും ആക്രോശം നടത്തുന്ന മതപണ്ഡിതന്മാർ തുടങ്ങി സാധാരണ വിശ്വാസിവരെ ഇത്തരം ലൈംഗിക അരാജകത്വത്തേയോ വൈകൃതങ്ങളേയോ അപലപിച്ചതായി അധികം രേഖകളില്ല. നേരേമറിച്ച്, ഈ സമ്പ്രദായത്തെ താലോലിക്കുകയും അതിനെ അരക്കിട്ടുറപ്പിക്കാൻ ആയാസപ്പെടുകയും ചെയ്യുന്ന പ്രാണേതാക്കളായിട്ടാണ് ഇവരത്രയും പ്രത്യക്ഷപ്പെടുന്നത്. വയസ്സുകാലത്ത് ബത്തൂത്ത തന്നെ ഇത്തരം കാര്യങ്ങൾ നാട്ടിൽ ചെന്ന് അയവിറക്കുമ്പോൾ കൂടിയും, നാവിൽ തേൻ ഊറുന്നത് ഏതൊരു വായനക്കാരനും ദൃശ്യമാകുന്നതാണ്.

ഇതിനെക്കാളൊക്കെ നിഷിദ്ധമായ മറ്റൊരു സംഗതി സാർവത്രികമായിരുന്ന മദ്യപാനമാണ്. വീഞ്ഞു നിറച്ച സ്ഫടികചഷകം അരികത്തില്ലാതെയും സുന്ദരിയായ കാമിനി വീണ വായിച്ചുകൊണ്ട് സവിധത്തിൽ ഇരിക്കാതെയുമുള്ള ഒറ്റ ചിത്രവും അക്കാലത്തെ രാജാക്കന്മാരുടെയോ പ്രഭുക്കന്മാരുടെയോ കണ്ടുകിട്ടുകയില്ല. വീഞ്ഞും വീണയും വിലാസിനിമാരും കുത്തഴിഞ്ഞ സാമൂഹിക ക്രമത്തിന്റെ നിലയ്ക്കൊ

ത്ത മോഹധാരയായിരുന്നു. മദ്യപാനം നിഷിദ്ധമാക്കിയ ഇസ്‌ലാമിന്റെ അനുയായികളെ കുറിച്ചാണ് ഇതുപറയുന്നത് എന്നതുകൂടി കണക്കിലെടുക്കുമ്പോൾ എന്തുമാത്രം വിരോധാഭാസമാണ് നടന്നിരുന്നത് എന്ന കാര്യം ഏറെക്കുറെ വ്യക്തമാവുമല്ലോ. ലൗകിക സുഖഭോഗങ്ങളിൽ കവിഞ്ഞൊരു ചേതോവികാരവും മതപണ്ഡിതന്മാർക്കുപോലും ഇല്ലാതെ വന്നപ്പോൾ ചക്രവർത്തിമാരുടെയും പ്രഭുക്കന്മാരുടെയും കാര്യം പറയാതിരിക്കുന്നതാണ് ഭേദം. കാരണം, അവർ മതത്തിന്റെ സംരക്ഷകരോ മതപ്രബോധകരോ ആയിരുന്നില്ലല്ലോ? മതപണ്ഡിതന്മാരുടെ സ്ഥിതി ഇതായിരിക്കുമ്പോൾ സുൽത്താന്മാരുടെ കാര്യം കണക്കുകൂട്ടുവാൻ ഒട്ടും പ്രയാസം വരികയുമില്ല. ഇത്തരം വ്യക്തികളെയാണ് മതപ്രചാരകന്മാരായി ഇംഗ്ലീഷ് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരുന്നത് എന്ന വസ്തുത രസകരമാണ്.

## 6

# ബത്തൂത്തയും തുഗ്ലക്ക് മുഹമ്മദും

നൈതിക സാന്മാർഗികമൂല്യങ്ങളെ അഗണ്യകോടിയിൽ തള്ളിയിരുന്ന മധ്യകാലസമൂഹത്തിന്റെ പ്രത്യേക സ്വഭാവദൂഷ്യങ്ങളിൽ നിന്നും വിഭിന്നമായ ഒരു തേജോഗോളം ഇന്ത്യാചരിത്രത്തിൽ മായാതെ മങ്ങാതെ ശോഭിക്കുന്നുണ്ട്. കാലത്തിന്റെ ദുഷിച്ച പ്രവണതകൾക്കും നീച പ്രവൃത്തികൾക്കും അതീതമായി തല ഉയർത്തി നിൽക്കുന്ന അദൃശ്യ പ്രഭാവനായ ആ മഹാനാണ് ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ലക്ക്. കാലത്തിനു ഗ്രഹിക്കാൻ കഴിയാതെപോയ ബൃഹത്തായ ആ സംസ്കാരകേദാരം മധ്യകാലഘട്ടത്തിലെ സദാചാര സന്മാർഗാചാരങ്ങൾക്ക് ഒരപവാദമായിരുന്നു. അതുകൊണ്ടു തന്നെയാണ് സമകാലിക രേഖകളത്രയും ഈ സുൽത്താനെതിരായി ആലേഖ്യം ചെയ്യപ്പെട്ടത്. അതുകൊണ്ടു തന്നെയാണ് ഇന്നും ഇന്ത്യാ ചരിത്രത്തിന്റെ ഇരുളടഞ്ഞ താളുകളിൽ ആ തേജഃപുഞ്ജം അർഹിക്കുന്ന സ്ഥാനം ലഭിക്കാതെ ഹൃദയമുള്ള മനുഷ്യരുടെ സഹതാപം മാത്രം കൈമുതലാക്കി ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ടു മങ്ങളിച്ചു കഴിയുന്നതും.

ഇബ്നു ബത്തൂത്തയുടെ ഇന്ത്യാരാജ്യചരിത്രം ഒട്ടൊന്നുമല്ല നമ്മുടെ ചരിത്രപഠനത്തിൽ മഷികലർത്തി വികൃതമാക്കിയിട്ടുള്ളത്. എന്തുകൊണ്ടാണ് ലോകൈകവന്ദ്യനായ ഒരു മഹാചക്രവർത്തി ഭ്രാന്തനും ക്രൂരനുമൊക്കെയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കണമെങ്കിൽ നിശ്ചയമായും ആ കാലഘട്ടത്തിലെ സാമൂഹിക സാന്മാർഗിക സമ്പ്രദായങ്ങളുടെ ഏകദേശരൂപമെങ്കിലും ധരിച്ചിരിക്കണം. ബഹുഭർതൃത്വത്തിനും അർധനഗ്നതക്കുമെതിരായി വിളംബരം പുറപ്പെടുവിക്കുകയും നിഷ്കൃഷ്ടമായ സദാചാരരീതി പുലർത്തുവാൻ കല്പിക്കുകയും ചെയ്ത ടിപ്പുസുൽത്താൻ ഇന്നും നമുക്കൊരു പേടിസ്വപ്നമാണല്ലോ. വെറും 150 കൊല്ലംമുമ്പാണ് ഇക്കഥ നടന്നതെന്ന യാഥാർഥ്യവും കൂടി ഓർമ്മിക്കുമ്പോഴാണ് കാര്യത്തിന്റെ വീര്യം കൂടുന്നത്. ഇ

ന്നും ടിപ്പുവിന്റെ മലബാർ വിളംബരം അദ്ദേഹത്തെ കരിപുരട്ടുവാനും മതധ്വംസകനായി ചിത്രീകരിക്കുവാനും നമ്മുടെ എല്ലാ ചരിത്രകാരന്മാരും ഉപയോഗപ്പെടുത്തുമ്പോൾ, 650 കൊല്ലത്തിനുമുമ്പ് മഹാനായ ഒരു ചക്രവർത്തി വലിയ ഒരു സാമ്രാജ്യത്തിൽ നിലവിലുണ്ടായിരുന്ന വൈകല്യങ്ങളേയും വൈകൃതങ്ങളെയും നിയമം മൂലം നിരോധിച്ചാൽ ഉണ്ടാകാവുന്ന അമർഷവും പകയും അനുക്തസിദ്ധമാണല്ലോ. അതാണ് ഇന്ത്യാ ചരിത്രത്തിൽ അശോകനേക്കാളും അക്ബറേക്കാളും അറിവിന്റെയും മഹത്വത്തിന്റെയും കാര്യത്തിൽ അഗമ്യനായ മുഹമ്മദ് തുഗ്ലക്ക് സമകാലികരാൽ അധിക്ഷേപിക്കപ്പെട്ട്, പിൻതലമുറക്കാരാൽ തെറ്റിദ്ധരിക്കപ്പെട്ട് ചരിത്രത്തിന്റെ താളുകളിൽ കൂടി ദയാദാക്ഷിണ്യത്തിനുവേണ്ടി യാചിക്കുന്നതിന്റെ കാരണം. മറ്റാരുടേതിനേക്കാളും ബത്തൂത്തയുടെ വിവരണമാണ് ക്രൂരവും പക്ഷാപതപരവുമായിട്ടുള്ളത്. അതുകൊണ്ടു തന്നെയാണ് മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള ചരിത്രത്തിന് ഇംഗ്ലീഷുകാർക്ക് ബത്തൂത്ത പ്രിയങ്കരനായ ചരിത്രകാരനായിത്തീരുന്നത്. തന്മൂലം ബത്തൂത്തയുടെ ഇന്ത്യാ ചരിത്രം പഠിക്കുന്നതിനു മുമ്പ് നമുക്കീവക വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു.

എന്തുകൊണ്ടാണ് ഇബ്നു ബത്തൂത്ത ഇംഗ്ലീഷ് ചരിത്രകാരന്റെ പ്രിയപ്പെട്ട അതോറിറ്റിയായത് എന്ന കാര്യം നാം നേരത്തേ സൂചിപ്പിച്ചതാണ്. പൊടിപ്പും തൊങ്ങലും ചേർത്ത് അതിശയോക്തിയോടുകൂടി തുഗ്ലക്ക് മുഹമ്മദിന്റെ ഇന്ത്യയെക്കുറിച്ച് കൂടുതൽ പ്രതിപാദിച്ചിട്ടുള്ളത് ബത്തൂത്ത തന്നെയാണ്. അക്കാലഘട്ടത്തിന്റെ പ്രതീകമായ ബത്തൂത്ത കണ്ടതും അന്നു ജീവിച്ചിരുന്ന പണ്ഡിതന്മാരിൽ നിന്നും കേട്ടതുമായ കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. ബത്തൂത്തയുടെ സ്വഭാവവിശേഷം മുമ്പ് വിശദീകരിച്ചതാണ്. അന്നത്തെ മതപണ്ഡിതവ്യൂഹത്തിന്റെ സ്വഭാവവൈകൃതങ്ങളും വീക്ഷണ വിശേഷങ്ങളും കൂലങ്കഷമായി നാം ചർച്ച ചെയ്തിട്ടുണ്ട്. ഇവരത്രയും തുഗ്ലക്ക് മുഹമ്മദിന്റെ നിഷ്കൃഷ്ടമായ സദാചാര സന്മാർഗ പരിപാലനത്തിന്റെ നിയമദണ്ഡുകൾക്ക് വിധേയരായിട്ടുള്ളവർ കൂടിയാണ്. മാംസരക്തങ്ങളുടെ മദാന്ധമായ ഭോഗേഛയും, ലൗകികാർഭാടങ്ങളിലുള്ള നിലക്കാത്ത ദാഹവുമായിരുന്നു ഇവരുടെയൊക്കെ നിർണായക വികാരം. ഇതിൽ നിന്ന് ഒറ്റപ്പെട്ട് മഹനീയമായ ഒരു സംസ്കാരത്തിന്റെ ശിലാസ്ഥാപനം നടത്തിയ സുൽത്താൻ മുഹമ്മദ് തുഗ്ലക്ക്, ഇവർക്കൊക്കെ ഒരു തലവേദനയായിരുന്നു. ഇസ്ലാമിന്റെ ശരിയായ ആത്മാവ് ഉൾക്കൊണ്ട മഹാനായിരുന്നു സുൽത്താൻ തുഗ്ലക്ക്. മതപണ്ഡിതന്മാരുടെ ഇസ്ലാമികമല്ലാത്ത പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുകയും സാമൂഹ്യദ്രോഹങ്ങൾക്ക് അറുതി വരുത്താൻ ശ്രമിക്കുകയും ചെയ്തു അദ്ദേഹം. അതിന് ആത്മാർഥമായി

പരിശ്രമിച്ചപ്പോൾ അതുവരെ അഭംഗുരം ഇവയൊക്കെ ആസ്വദിച്ചിരുന്ന ആളുകൾ അദ്ദേഗത്തെ എതിർക്കാനൊരുമ്പെട്ടു. സുൽത്താനായ മുഹമ്മദ് ആ വക എതിർപുകളെ സാമൂഹ്യോദ്ധാരണ ലക്ഷ്യം വെച്ചുകൊണ്ടു തന്നെ ശക്തിയായി അടിച്ചമർത്തുകയും ചെയ്തു.

ഇത്തരം ശ്രമങ്ങളെ ചൂണ്ടി സമകാലികചരിത്രകാരനായ സിയാവുദ്ദീൻ ബർണി പറയുന്നത് 'അനവധി ശൈഖുകളുടേയും വിശ്വാസികളുടേയും രക്തം കൊണ്ട് ചോരപ്പുഴകളൊഴുക്കാതെ ഈ സുൽത്താന് തൃപ്തിയുണ്ടാകുമായിരുന്നില്ല' എന്നാണ് (Tarikh-i-Firoz shai-Eng. Trans. pp.236, 238) മനുഷ്യർ കൂടുതൽ ധാർമികമായി അധ:പതിച്ചതുമൂലം അവരെ ശിക്ഷിക്കുവൻ ദൈവമയച്ച രക്തരക്ഷസാണ് ഈ സുൽത്താൻ എന്നാണ് വേറൊരു ചരിത്രകാരനായ ഇസ്സാമി വിവരിക്കുന്നത്. മതപണ്ഡിതന്മാരെന്നു പറഞ്ഞ് അഹങ്കരിച്ചു നടന്നിരുന്ന ധാരാളം കപടനാട്യക്കാരെ സുൽത്താൻ നിഷ്കരുണം അടിച്ചമർത്തി. സാമൂഹിക വൈകൃതങ്ങളേയും ലൈംഗിക അരാജകത്വത്തേയും ചോദ്യം ചെയ്ത സുൽത്താൻ അവ അനുസ്യൂതം അനുഭവിച്ചിരുന്നവരുടെ പഴിക്കും ശാപത്തിന്നും വിധേയനായെങ്കിൽ അതു മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ ഇത്രയേറെ ഭരണപരിഷ്കാരങ്ങളും സാമൂഹിക നവോത്ഥാനവും ചെയ്ത സുൽത്താൻ മുഹമ്മദിനെ പമ്പരവിഡ്ഢിയായും ഭ്രാന്തനായും ഇന്നും വ്യവഹരിച്ചു പോരുന്ന സ്ഥിതി പുനർചിന്തക്കു വിധേയമാക്കേണ്ടതാണ്.

ഈ പണ്ഡിതവർഗ്ഗത്തിൽപ്പെട്ട ആളായിരുന്നു ബത്തൂത്ത. ഇത്തരക്കാരുടെ പൊതുസ്വഭാവദൂഷ്യങ്ങളിൽനിന്നും അയാൾ ഒട്ടും വ്യത്യസ്തനുമായിരുന്നില്ല. അദ്ദേഹം സുൽത്താനെകുറിച്ചു കേട്ട കാര്യങ്ങളധികവും അവിടെയുണ്ടായിരുന്ന ഇത്തരം പണ്ഡിതരിൽ നിന്നുമാണ്. സുൽത്താനെകുറിച്ച് അമിതമായ അമർഷമുണ്ടായിരുന്ന ഇക്കൂട്ടർ മാനസികാശ്വാസത്തിനു വേണ്ടിയെങ്കിലും തങ്ങളുടെ കൂട്ടത്തിൽ എല്ലാ നിലക്കും അലിഞ്ഞുചേർന്ന ബത്തൂത്തയോടു സുൽത്താനെക്കുറിച്ച് പറഞ്ഞിരിക്കുക ഏതുവിധമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. അങ്ങനെ സ്വന്തം മാനസിക വൈകല്യംകൊണ്ട് കണ്ടതും മറ്റുള്ളവരുടെ പകകൊണ്ടു കേട്ടതും, രണ്ടും പക്ഷപാതപരമായിപ്പോയി എന്നതാണ് ബത്തൂത്തയുടെ ചരിത്രാവലോകനം കൽമഷം കലർന്നു കിടക്കാൻ കാരണം. പുറമേ സത്യാന്വേഷണ തൃഷ്ണയോ ജിജ്ഞാസുവിന്റെ വീക്ഷണ വൈദഗ്ധ്യമോ ഒന്നും ബത്തൂത്തക്ക് ആവശ്യമായിരുന്നില്ല. കാരണം തന്റെ മനസ്സിനും വിശ്വാസത്തിനും യോജിച്ചവിധം കണ്ട കാര്യങ്ങളിൽകൂടി വികലത സൃഷ്ടിച്ച ബത്തൂത്ത, ഹൃദയത്തിനൊത്തവിധം മറ്റുള്ളവർ പറഞ്ഞതുകൂടി രുചികരമായി സ്വീകരിക്കുകയാണുണ്ടായത്. ബത്തൂത്തയുടെ സാമൂഹികവീക്ഷണവും അന്നത്തെ ഡൽഹി പ

ണ്ഡിതന്മാരുടെ സമീപനവും തമ്മിൽ അത്രമാത്രം സാമ്യവും ഐ ക്യവുമുണ്ടായിരുന്നു. ഇതിന്റെ ഫലമായി ഇംഗ്ലീഷ് ചരിത്രകാരന് ഏറ്റ വും സന്തോഷപൂർവം സ്വീകരിക്കാൻ കഴിഞ്ഞ ആധികാരിക വക്താ വായിത്തീർന്നു ഇബ്നു ബത്തൂത്ത. അവരെ പിൻപറ്റി ചരിത്രരചന ചെ യ്തവരാരും തന്നെ ബത്തൂത്ത ജീവിച്ച കാലഘട്ടത്തിന്റെ സ്വഭാവവും ദാർശനികരിൽ ദാർശകനികനായ തുഗ്ളക്ക് മുഹമ്മദിന്റെ മാതൃകപര മായ രീതിയും തമ്മിൽ തട്ടിച്ചുനോക്കി പക്ഷപാതപരമായി എഴുതി പി ടിപ്പിച്ച ചരിത്രാഭാസങ്ങളെ ക്രിയാത്മകമായി പുന:സംവിധാനം ചെയ്യാൻ പരിശ്രമിച്ചില്ലെന്നുള്ളതു കനത്ത പാതകമാണ്. അതുകൊണ്ടുതന്നെ യാണ് ഏതൊരു മണ്ടത്തരത്തിനും രാഷട്രീയപാപ്പരത്തത്തിനും പകര മായി ഇന്നും 'തുഗ്ളക്കിന്റെ പരിഷ്കാരം പോലെ' എന്ന് പ്രയോഗിക്കു ന്നത്.

ബത്തൂത്തയെ ആധികാരിക വക്താവായി ഇംഗ്ലീഷ് ചരിത്രകാരൻ മന:പൂർവ്വം സ്വീകരിക്കാനുണ്ടായ കാരണങ്ങൾ ഓർമയിൽ വെച്ചുകൊ ണ്ടുവേണം തുടർന്നുള്ള വായന മുന്നോട്ടുപോകേണ്ടത്. രചനാത്മക മായ ചരിത്രരചനക്ക് നിരക്കാത്ത പ്രവൃത്തിയാണെന്നറിഞ്ഞുകൊണ്ടു തന്നെ ബത്തൂത്തയുടെ ഇന്ത്യയെ അതേപടി പകർത്തി പ്രചരിപ്പിച്ച ആംഗ്ലേയ ചരിത്രകാരൻ, അവന്റെ രാഷ്ട്രീയബുദ്ധിയിൽ വിരിഞ്ഞ നി ന്ദ്യമായ ഒരുപജാപം അതിലൂടെ നടത്തുകയായിരുന്നു. പക്ഷേ, അവ രെ പിൻപറ്റിയ ഇന്ത്യൻ എഴുത്തുകാർ ഇംഗ്ലീഷുകാരുടെ ദുരുദ്ദേശ്യം മ നസ്സിലാക്കിയിരുന്നിട്ടുകൂടിയും, ഇന്ത്യചരിത്രത്തിലെ ഏറ്റവും ശോഭന മായ ഈ കാലയളവിനെ ഇരുളിൽതന്നെ കഴിഞ്ഞുകൂടാൻ വിട്ടിരിക്കു ന്നത് നമ്മോടുതന്നെ ചെയ്യുന്ന കനത്ത അപരാധമാണ്. കാലഘട്ടത്തി ന്റെ സംസ്കാരിക പ്രഘോഷകരായ ഈ മഹാത്മാക്കളെ അവഗണി ക്കുകയെന്നതിന്റെ അർഥം, ഈ രാജ്യത്തിലെ ജനങ്ങളുടെ സാംസ്കാ രിക ചരിത്രത്തെ ആലംബമില്ലാതെ തരംതാഴ്ത്തി ചിത്രീകരിക്കുകയെ ന്നതു മാത്രമാണ്. കാരണം ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത വ്യ ക്തിമുദ്ര പതിപ്പിച്ച അവർ കാലഘട്ടത്തിന്റെ പ്രതിനിധികളാണ്. അവ രിൽ കൂടിയാണ് രാജ്യത്തിന്റെയും ജനതയുടെയും ചരിത്രം നാം മന സ്സിലാക്കുന്നത്. അത്തരം മഹാത്മാക്കളെ നിർദ്ദാക്ഷിണ്യം പുഛിഛിച്ചു തള്ളുന്നതിൽ രസം കാണുന്നത് അപക്വമായ മാനസികാവസ്ഥ കൊ ണ്ടാവാനേ തരമുള്ളു. അത്തരം ചിന്താഗതികൾ മാറി യഥാർഥമായി ച രിത്രവിഷ്കാരം നടത്തിയാലേ ഈ നാട്ടിന്റെയും നാട്ടുകാരുടെയും സാ മൂഹ്യ-സാംസ്കാരിക ഗതിവിഗതികളും സങ്കരങ്ങളും സമന്വയിക്കുക യുള്ളു. വൈകാരികോദ്ഗ്രഥനത്തിൽ ചരിത്രസംവിധാനത്തിനുള്ള സ്ഥാ നം നിസ്തുലമാണെന്ന കാര്യം നാം സ്മരിക്കേണ്ടതുണ്ട്.

തെറ്റു തെറ്റാണെന്നു പറയാനുള്ള ചങ്കൂറ്റവും നല്ലതു നല്ലതാണെ

ന്നു പ്രഖ്യാപിക്കാനുള്ള സംസ്കാരവും ചരിത്രകാരനുണ്ടായേ തീരൂ. അല്ലാതെ തന്റെ കൈയിൽ കിട്ടിയ ഒരു രേഖ തങ്കപ്പെട്ടതാണെന്ന് അഹങ്കരിച്ച് അതിന്റെ ഗുണദോഷ വിവേചനം നടത്താതെ അപ്പടി പ്രചരിപ്പിക്കുന്നത് വളരെ അബദ്ധമായിരിക്കും. അത്തരം വലിയ അബദ്ധങ്ങളിൽ ഒന്നാണ് ഇബ്നു ബത്തൂത്തയുടെ ഇന്ത്യാചരിത്രം അതേപടി സ്വീകരിക്കുന്നതും അതിനുവേണ്ടി ന്യായവാദം നടത്താൻ ഒരുമ്പെടുന്നതും.

എന്തു പ്രവൃത്തി ചെയ്യുന്നതിലും ന്യായീകരണത്തിന്റെ തത്വശാസ്ത്രം കണ്ടുപിടിച്ച് അതിനെ പ്രപഞ്ചനം ചെയ്യാനുള്ള പ്രവണത എക്കാലവും മനുഷ്യ സ്വഭാവത്തിൽ ഒട്ടിച്ചേർന്നതാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന രാഷ്ട്രീയതന്ത്രം വിജയകരമായി പ്രാവർത്തികമാക്കാനുള്ള ശ്രമത്തിൽ ഇംഗ്ലീഷുകാർക്ക് വളരെ തന്മയത്വത്തോടുകൂടി ഉപയോഗിക്കാൻ സാധിച്ച വജ്രായുധമായിരുന്നു ഇന്ത്യാ ചരിത്രം. ഹിന്ദു -മുസ്ലിം സഹോദരങ്ങളെ വർഗീയ വിഷം കുത്തിവെച്ച് പരസ്പരം ശത്രുക്കളാക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ ദുഷ്ടലാക്ക്. അത് ഫലവത്തായി നടപ്പിലാക്കിയപ്പോൾ ഹിന്ദുവും മുസൽമാനും തമ്മിൽ വിരോധികളായി തമ്മിലടിക്കുകയും ചെയ്തു. രാഷ്ട്രീയമായ നിലനില്പിനു വേണ്ടി ഇംഗ്ലീഷുകാർ ഉപയോഗിച്ച ഈ കുതന്ത്രം നമുക്കു മനസ്സിലാവാതെ പോയതാണ് സാമുദായിക സംഘർഷങ്ങളും ശത്രുതയും ഇന്നും നിലനിൽക്കുന്നതിന്റെ കാരണം. പകയും വർഗീയ മനോഭാവവും മാറ്റി നല്ല ഒരു തലമുറയെ വാർത്തെടുക്കണമെങ്കിൽ കൽമഷമേൽക്കാത്ത ഇന്ത്യാചരിത്രത്തിന്റെ പുനഃസംവിധാനം അത്യാവശ്യമാണ്. അതിനുള്ള സംരംഭങ്ങൾ നടത്തുമ്പോൾ പല ആധികാരിക വക്താക്കളുടേയും തനിനിറം പുറത്തു കൊണ്ടുവരാതെ നിവൃത്തിയില്ല. ബത്തൂത്തയുടെ കഥ ഇവയിൽ പ്രധാനപ്പെട്ടതാണ്.

സ്വന്തം താല്പര്യത്തിനുവേണ്ടിയാണെങ്കിലും ഇംഗ്ലീഷ് ചരിത്രകാരൻ നടത്തിയ ഈ ദുഷ്പ്രവർത്തിക്കു വിദഗ്ധമായി ന്യായീകരണം നടത്തിയിട്ടുള്ളത് കൊണ്ടാണ് പൊതുവായ ചില സംഗതികൾ ആമുഖമായി പറയാൻ കാരണം. ബോംബെ ഗവർണറായിരുന്ന ചരിത്രകാരൻ എൽഫിൻ സ്റ്റോൺ ബത്തൂത്തയെ എന്തുകൊണ്ട് വിശ്വസിക്കാമെന്നതിനെക്കുറിച്ച് വളരെ ദീർഘമായി പരാമർശിക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇബ്നു ബത്തൂത്തയുടെ പുസ്തകം ഇന്ത്യാചരിത്രപഠനത്തിന് അത്യാവശ്യമായ ഉപകരണമാണ്. അതിന്റെ കാരണങ്ങൾ അദ്ദേഹം പറയുന്നത് ഇപ്രകാരം സംഗ്രഹിക്കാം.

1. ബത്തൂത്ത പുസ്തകരചന നടത്തുന്നത് ഇന്ത്യയിൽ നിന്നും മടങ്ങി സ്വന്തം ദേശത്ത് ചെന്നതിനുശേഷമാണ്. തന്മൂലം പക്ഷപാതപരമായി തന്റെ യാത്രാ വിവരണം പ്രതിപാദിച്ചിരിക്കാൻ ഇടയില്ല.

2. പ്രശംസിച്ചതു കൊണ്ട് പ്രത്യേക ആനുകൂല്യം ഒന്നും ലഭിക്കു

മെന്ന് പ്രതീക്ഷിക്കാനൊക്കാത്ത സ്ഥലത്തും കാലത്തുമാണ് ഈ പുസ്തക രചന നടന്നത്.

3. നല്ല കാര്യങ്ങളല്ലെങ്കിൽ കൂടിയും ഉള്ളത് ഉള്ളതുപോലെ പ്രകാശിപ്പിക്കുന്ന തുറന്ന മനഃസ്ഥിതിക്കാരനാണ് ബത്തൂത്ത. സ്വന്തം കുറവുകളും വീഴ്ചകൾകൂടിയും അദ്ദേഹം ഒരു സങ്കോചവും കൂടാതെ എഴുതിയിരിക്കുന്നത് തന്നെ ഈ വാദഗതിക്ക് ഉപോൽബലകമാണ്.

4. സുൽത്താനെക്കുറിച്ചോ മറ്റാരെയെങ്കിലും പരാമർശിച്ചോ മനപൂർവം ആഭിചാരവാക്കുകൾ എഴുതേണ്ട കാര്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. കാരണം, സ്വദേശത്തു വന്ന് വിശ്രമം കൊള്ളുന്ന ഈ സഞ്ചാരി മറ്റുള്ളവരോട് പകവച്ചു പുലർത്തുന്ന അപാകത കാട്ടുവാൻ നിർവാഹമില്ല.

5. സുൽത്താൻ മുഹമ്മദിനെക്കുറിച്ചുള്ള പ്രസ്താവങ്ങളിലധികവും മറ്റ് സമകാലിക രേഖകളുമായി പൊരുത്തപ്പെടുന്ന രീതിയിലാണ്. അതുകൊണ്ട് ബത്തൂത്തയുടെ വിവരണം തള്ളിക്കളയേണ്ട കാര്യമില്ല. അങ്ങനെയെങ്കിൽ സമകാലിക ചരിത്രകാരന്മാരെ മിക്കവാറും നമുക്ക് ഇക്കാര്യത്തിൽ ഉപേക്ഷിക്കേണ്ടതായി വരും.

6. സുൽത്താനെ പ്രശംസിച്ചതു കൊണ്ട് കൂടുതൽ സഹായമോ പഴിച്ചതുമൂലം ശിക്ഷയോ കിട്ടുകയില്ലെന്ന് ബോധ്യമുള്ള സുരക്ഷിതമായ സ്ഥലത്തിരുന്നായിരുന്നു ബത്തൂത്ത പുസ്തകമെഴുതിയത്. അതു കാരണം നടന്ന കാര്യങ്ങൾ നിർഭയമായി അതേപടി എഴുതിയെന്ന് വേണം വിചാരിക്കുവാൻ. ഇതൊക്കെയാണ് ഇംഗ്ലീഷ് ചരിത്രകാരന് ബത്തൂത്തയെ സ്വീകരിക്കാനുള്ള കാരണമായി ബുദ്ധിപൂർവം എടുത്തു കാട്ടാവുന്ന കാര്യങ്ങൾ.

ഒറ്റനോട്ടത്തിൽ നൂറുശതമാനവും ശരിയെന്ന് തോന്നിക്കുന്ന യുക്തിസഹമായ നിഗമനങ്ങൾ സംശയത്തിന് ഇടംകൊടുക്കാത്ത വിധം ബത്തൂത്തയുടെ ആധികാരികതയിലുള്ള വിശ്വാസം ചരിത്ര വിദ്യാർഥികളിൽ രൂഢമൂലമാകും. എന്നിട്ട് ചരിത്രത്തിലെ അവസാനവാക്കായി ബത്തൂത്തയുടെ ഉദ്ധരണികളുമായി നാം അങ്കംവെട്ടാനിറങ്ങും. ബത്തൂത്ത ഇങ്ങനെ പറയുന്നു എന്നു പറഞ്ഞാൽ പിന്നെ അതിനപ്പുറമൊന്നുമില്ലെന്നുള്ള ചിന്താഗതിവരെ നമ്മിൽ രൂഢമൂലമായിരിക്കുന്നു. അതുകൊണ്ടു തന്നെയാണ് ബത്തൂത്തയുടെ ചരിത്രത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഇത്രയും ദീർഘമായ ഒരു മുഖവുരക്ക് ഒരുമ്പെടുന്നത്. ബത്തൂത്ത പുസ്തകമെഴുതാൻ വിചാരിച്ചിരുന്നില്ല. ഡൽഹിയിലെ താമസവും അവിടെ കണ്ട ബുദ്ധിരാക്ഷസന്മാരുമായുള്ള സമ്പർക്കവും പുസ്തക രചനയെന്ന ചിന്താഗതിക്കുപോലും ബത്തൂത്തയിൽ സ്ഥാനം കൊടുത്തിരുന്നില്ല. ബുദ്ധിപരമായും വൈജ്ഞാനികമായും വെറും ഒരു മധ്യവർത്തി മാത്രമായ ബത്തൂത്ത നിശ്ചയമായും അപകർഷ

താ ബോധത്തോടുകൂടിയായിരിക്കണം ഗ്രന്ഥരചനയുടെ ആശയം ത ന്നെ ഉപേക്ഷിച്ചത്. നാട്ടിൽ ചെന്നിട്ടാകാമെന്ന് ആഗ്രഹവമുണ്ടായിരു ന്നെങ്കിൽ അതിനുള്ള സാമഗ്രികൾ അദ്ദേഹം സ്വരക്കൂട്ടിയിരുന്നിരിക്ക ണം. പുസ്തകം എഴുതുന്നത് സംബന്ധമായി തന്റെ കൈവശം യാ തൊരു രേഖയുമവശേഷിച്ചിരുന്നില്ലെന്ന് ബത്തൂത്ത തന്നെ സമ്മതിക്കു കയും ചെയ്യുന്നുണ്ട്.

ഏതെല്ലാം സമ്മർദത്തിന് വിധേയനായിട്ടാണ് ബത്തൂത്തയുടെ ഗ്ര ന്ഥരചന നടക്കുന്നതെന്നൊക്കെ നാം അപഗ്രഥിക്കാൻ ശ്രമിച്ചിട്ടുള്ളതാ ണ്. വളരെക്കാലത്തിനു ശേഷമുള്ള ബത്തൂത്തയുടെ മടങ്ങി വരവ് ന ഗരത്തിൽ ഒരു വലിയ സംസാരവിഷയമാകുന്നു. പലരും വിസ്മയത്തോ ടു കൂടി തങ്ങളുടെ പഴയ സതീർഥ്യനെ കാണുവാൻ കൂടുന്നു. കഥ കൾ ആരായുന്നു. ഈ പരിതഃസ്ഥിതിയിൽ തന്നെ പ്രശംസിക്കുവാനും തന്റെ വീരസാഹസങ്ങളെ പുകഴ്ത്തുവാനും കൂടിയിരുന്ന ആസ്വാദക രെ പ്രീണിപ്പിക്കാൻ അവർക്ക് രസിക്കത്തക്ക രൂപത്തിൽ അനവധി ക ഥകൾ ബത്തൂത്ത പറയുന്നു. പലരും അവിശ്വസിച്ചു. മെറോക്കോവി ലെ സുൽത്താൻ പോലും ബത്തൂത്ത വലിയ നുണയനാണെന്നും അ യാൾക്കുവേണ്ടി ചെലവഴിക്കുന്ന സമയം വൃഥാവിലാണെന്നും പറയു കയുണ്ടായി. അവസാനം ഇബ്നു ഖൽദൂൻ എന്ന പണ്ഡിതന്റെ പ്രേര ണക്കു വിധേയനായാണ് രാജാവ് ജൂസായി എന്ന തന്റെ സെക്രട്ടറിയെ ബത്തൂത്ത പറയുന്നത് എഴുതിയെടുക്കാൻ ഏല്പിച്ചത്. അങ്ങനെ വാ മൊഴിയായി അടിച്ചുവിട്ട പല നുണയും എഴുതേണ്ടി വന്നപ്പോൾ മാറ്റി മറിക്കാൻ പറ്റാതായ ഗതികേടാണ് ബത്തൂത്തക്ക് പിണഞ്ഞത്. കാര ണം, ഇതു കേട്ട അനവധി ആളുകളുടെ മധ്യത്തിലായിരുന്നു അദ്ദേ ഹം. പറഞ്ഞുപോയ കള്ളക്കഥകൾക്ക് എതിരായി മൊഴികൊടുക്കേണ്ട തായി വന്നാൽ താനതുവരെ സൃഷ്ടിച്ച മായാലോകം തകർന്നു തരിപ്പ ണമാകും. എന്നു മാത്രമല്ല, എല്ലാ ആളുകളും തന്നെ നുണയനായും വിശ്വസിക്കാൻ കൊള്ളാത്തവനെന്നും മമുദ്ര കുത്തുമെന്നും ബത്തൂത്ത മനസ്സിലാക്കി. എന്തുമാകട്ടെ എന്നു കരുതി ബത്തൂത്ത തന്റെ സഞ്ചാര വൃത്താന്തം കുറിക്കാനൊരുങ്ങി.

അതോടൊപ്പം ബത്തൂത്ത ഉൾപ്പെട്ടിരുന്ന പണ്ഡിതസമൂഹത്തിന്റെ രാഷ്ട്രീയചിന്താഗതിയും സാമൂഹിക വൈകൃതങ്ങളും സംസ്കാരികാ ധഃപതനവും കൂടി ഒന്നിപ്പിച്ചുവേണം പുസ്തകത്തിലേക്ക് കടക്കുവാൻ. ഈ വക ധാരണകൾ ആദ്യമേ തന്നെ ഹൃദിസ്ഥമാക്കിയാലേ വളരെ ക്കാലമായി പറഞ്ഞു പോന്നിരുന്ന പല കാര്യങ്ങളും ചോദ്യം ചെയ്യേ ണ്ടി വരുമ്പോൾ നാം അന്ധാളിക്കാതിരിക്കുകയുള്ളൂ. ബത്തൂത്തയുടെ ചരിത്രത്തിൽ കടന്നു വന്നിട്ടുള്ളു കള്ളക്കഥകളെ അദ്ദേഹത്തിന്റെ ഭാ ഷയിൽ തന്നെ പറയുകയും അവയെ ചരിത്രരേഖകളുടെ പശ്ചാത്തല

ത്തിൽ അപഗ്രഥന വിധേയമാക്കുകയുമാണ് എന്റെ ഉദ്ദേശ്യം. ബത്തൂത്തയുടെ യാത്രാ വിവരണം കുറേശ്ശെയായിട്ടെങ്കിലും മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട് അതുകൊണ്ട് പരിഭാഷ നടത്തുന്ന എളുപ്പമാർഗം ഞാൻ അവലംബിക്കുന്നില്ല. ഏറ്റവും ഉപദ്രവകരമായ ബത്തൂത്തയുടെ ചിരിത്രഭാഗങ്ങൾ മാത്രം ഉദ്ധരിച്ച് സത്യാന്വേഷണ തൃഷ്ണയോടുകൂടി ഗുണദോഷ വിവേചനം നടത്തുകയെന്നതാണ് ലക്ഷ്യം. അതിന് എന്നെ പിന്തുടർന്നു വരുന്ന സഹൃദയരായ വായനക്കാർക്ക് കാര്യക്ഷമമായി ഇത് മനസ്സിലാകണമെങ്കിൽ ഇതുവരെ സുദീർഘമായി എഴുതിയ ആമുഖത്തിൽ പരാമർശിച്ച കാര്യങ്ങൾ ഓർമയിലുണ്ടായിരിക്കണം എന്നത് നിർബന്ധമാണ്.

ഭാഗം രണ്ട്

# 7

# കുറ്റകരമായ ആരോപണങ്ങൾ

ഇബ്നു ബത്തൂത്ത ഡൽഹിയിൽ എത്തുന്ന സന്ദർഭത്തേയും ഡൽഹിയുടെ ഉന്നതപദവിയേയും മറ്റും പരാമർശിക്കുന്ന കൂട്ടത്തിൽ ഗിയാസുദ്ദീൻ തുഗ്ലക്കിനെക്കുറിച്ചും അല്പം ചില കാര്യങ്ങൾ പറയുന്നുണ്ട്. മുഹമ്മദ് തുഗ്ലക്കിന്റെ പിതാവും തുഗ്ലക്ക് വംശസ്ഥാപകനുമായിരുന്നു ഗിയാസുദ്ദീൻ തുഗ്ലക്ക്. 1320 മുതൽ 1325 വരെയാണ് ഗിയാസുദ്ദീൻ രാജ്യഭരണം നടത്തിയിരുന്നത്. ചക്രവർത്തിയായ പിതാവിനെ മുഹമ്മദ് തുഗ്ലക്ക് ധിക്കരിച്ച ഒരു കഥ സാന്ദർഭികമായിട്ടെന്നോണം ബത്തൂത്ത വിവരിക്കുന്നുണ്ട്. അതിപ്രകാരം വായിക്കാം: 'രാജ്യം തന്റെ അധികാരത്തിൽ വന്നതിനുശേഷം അതിന്റെ വിസ്തൃതി വർധിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ ആശ. ഈ ഉദ്ദേശത്തോടെ വലിയ ഒരു സേനയുടെ അകമ്പടിയോടുകൂടി തന്റെ മകനായ മുഹമ്മദ് ഷായെ തെലുങ്കാനയിലേക്കയച്ചു. ഡൽഹിയിൽ നിന്നും മൂന്നുമാസത്തെ യാത്രകൊണ്ടേ തെലുങ്കാനയിലെത്തുകയുള്ളു. തെലുങ്കാനയിലെത്തിയ ഉടനെ തന്റെ ഒരു സ്നേഹിതനായ ഉബൈദിനെക്കൊണ്ട് സുൽത്താൻ ഗിയാസുദ്ദീൻ മരണമടഞ്ഞു എന്ന കള്ളവാർത്ത പ്രചരിപ്പിക്കുകയും സുൽത്താനെതിരായ ഒരു നിലപാട് സ്വീകരിക്കുകയുമാണ് മുഹമ്മദ് ഷാ ചെയ്തത്. ചക്രവർത്തി മരിച്ചുവെന്നറിഞ്ഞാൽ എല്ലാവരും തന്നെ സുൽത്താനായി അംഗീകരിക്കുമെന്നായിരുന്നു മുഹമ്മദ് ഷാ വിചാരിച്ചതെങ്കിലും മറിച്ചാണ് സംഭവിച്ചത്. സൈന്യങ്ങൾ ഓരോ നേതൃത്വത്തിൻ കീഴിൽ സംഘടിച്ച് കലാപത്തിന് തയ്യാറാകുകയാണുണ്ടായത്. ഭൂരിഭാഗവും അദ്ദേഹത്തിനെതിരായി. സഹായത്തിന് ആരും ശേഷിച്ചില്ല. മുഹമ്മദ് ഷായെ കൊല്ലാനുള്ള ഗൂഢാലോചനയാണ് പിന്നീട് നടന്നത്. അതിൽ നിന്നും രക്ഷിച്ചത് മാലിക് താമൂറാണ്. പത്ത് കുതിരപ്പടയാളികളുടെ അ

കമ്പടിയോടു കൂടി അദ്ദേഹം ഓടി രക്ഷപെട്ട് പിതാവിന്റെ അടുക്കൽ അഭയം പ്രാപിച്ചു. തന്റെ അടുക്കലെത്തിയ മകന് ആവശ്യമായ ധനവും കൂടുതൽ സൈന്യങ്ങളും നല്കി തെലുങ്കാനയിലേക്ക് പോകുവാനാണ് പിതാവ് ഉത്തരവിട്ടത്. അങ്ങനെ വീണ്ടും തെലുങ്കാനയിലെത്തിയ മുഹമ്മദ് ഷാ തനിക്കെതിരായി ഗൂഢാലോചന നടത്തിയവരെ നിഷ്കരുണം വധിച്ചു.' (Ibn Battuta pp. 208-210)

ഇബ്നു ബത്തൂത്ത ഇന്ത്യയിൽ വരുന്നത് 1333-ൽ മാത്രമാണ്. 1322-ലാണ് തന്റെ മകനും കിരീടാവകാശിയുമായ ഫക്കറുദ്ദീൻ മുഹമ്മദ് ജൂനാഖാനെ (ഇതായിരുന്നു ചക്രവർത്തിയാകുന്നതിനുമുമ്പുള്ള മുഹമ്മദ് തുഗ്ലക്കിന്റെ പേര്) വാറങ്കൽ എന്ന ദേശത്തേക്ക് സുൽത്താൻ ഗിയാസുദ്ദീൻ സൈന്യവുമായി അയക്കുന്നത്. അലാവുദ്ദീന്റെ മരണത്തിനു ശേഷമുണ്ടായ രാഷ്ട്രീയ നിശ്ചലത്വവും കലാപവും തെക്കെ ഇന്ത്യയിലെ രാജാക്കന്മാർക്ക് ഡൽഹിയുടെ അധീശത്വത്തിൽ നിന്നും കുതറിമാറി സ്വതന്ത്രരാഷ്ട്രങ്ങൾ സ്ഥാപിക്കാൻ അവസരം നല്കി. അങ്ങനെ പ്രതാപരുദ്രദേവൻ രണ്ടാമന്റെ കീഴിൽ വാറങ്കൽ തലസ്ഥാനമാക്കി കാകട്ടിയാ രാജവംശം സ്വതന്ത്രമായിത്തീർന്നു. ഇത് മറ്റു സാമന്തരാജ്യങ്ങളും അനുവർത്തിച്ചാലുണ്ടാവുന്ന അവസ്ഥ ഡൽഹിയുടെ പദവിക്കും സമ്പത്തിനും ഇടിവു വരുത്തുമെന്നതുകൊണ്ടാണ് ചക്രവർത്തിയായി രണ്ടു കൊല്ലം കഴിയുന്നതിനു മുമ്പു തന്നെ ഗിയാസുദ്ദീൻ തെക്കൻ രാജ്യങ്ങളെ കീഴടക്കുവാൻ തന്റെ മകനെ അയക്കുന്നത്. എന്നാൽ സൈന്യാധിപന്മാരും രാജകുമാരനുമായി യോജിച്ച് സംഘടിതമായ സമരമുന്നേറ്റം നടത്തൽ അസാധ്യമായിത്തീർന്നതുകൊണ്ടാണ് മുഹമ്മദ് ഷാ ഈ വിവരം പിതാവിനെ കണ്ട് നേരിട്ടുണർത്തുവാൻ ഡൽഹിയിലേക്ക് തിരിച്ചത്. നാലുമാസം കഴിഞ്ഞ് അദ്ദേഹത്തിന്റെ തന്നെ നേതൃത്വത്തിൽ അനുസരണയും വിശ്വാസവുമുള്ള യോദ്ധാക്കളുടെ സഹായത്തോടുകൂടി വീണ്ടും വാറങ്കലിലേക്ക് പോയ മുഹമ്മദ് ഷാ രാജകുമാരന് കാകട്ടിയാ രാജാവായ പ്രതാപരുദ്രനെ നിഷ്പ്രയാസം പരാജയപ്പെടുത്തുവാൻ സാധിച്ചു. വിജയിയായി തിരിച്ചെത്തിയ മകനെ വളരെ ആർഭാടത്തോടു കൂടിയാണ് സുൽത്താൻ തലസ്ഥാനനഗരിയിൽ സ്വീകരിച്ചത്.

വാറങ്കൽ ആക്രമണത്തെ സംബന്ധിച്ച് ഇബ്നു ബത്തൂത്ത പറയുന്ന ഈ ഭാഷ്യം സമകാലികരായ മറ്റ് ചരിത്രകാരന്മാർ അവതരിപ്പിക്കുന്നില്ല. സിയാവുദ്ദീൻ ബർണി അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥമായ *താരീഖി ഫിറോസ്ഷായ്* എന്ന പുസ്തകത്തിൽ പറയുന്നത് "സൈനിക നേതാക്കന്മാർ തമ്മിൽ സ്വരചേർച്ച ഇല്ലാത്തതിനാലാണ് മുഹമ്മദ് ഷാ ഡൽഹിയിലേക്ക് മടങ്ങിവന്നതെ"ന്നാണ്. യഹിയാ ഇബ്നു അഹമ്മദ് എന്ന സമകാലിക ചരിത്രകാരൻ "സൈനിക നേതാക്കന്മാരുടെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ആദ്യത്തെ യത്നത്തിൽത്തന്നെ വാറങ്കലി

നെ എതിരിടുവാൻ സാധിക്കാതെവന്നതെന്നാണ്" അദ്ദേഹത്തിന്റെ പ്രസിദ്ധമായ *താരീഖി മുബാറക്ക് ഷായ്* എന്ന ചരിത്രപുസ്തകത്തിൽ അസന്ദിഗ്ധമായി പ്രസ്താവിക്കുന്നത്. ഇവരാരും തന്നെ മുഹമ്മദ് തുഗ്ലക്കിന്റെ സ്തുതിപാഠകന്മാരായിരുന്നില്ല. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ കുറവുകളെ അതിശയോക്തിയോടു കൂടി അപലപനവിധേയമാക്കിയവരുമാണ്. സമകാലികരായ ഇവരുടെ പ്രസ്താവന ഇക്കാര്യത്തിൽ വിശ്വസിക്കാവുന്നതേ ഉള്ളൂ. ഇവർക്കു ശേഷം ചരിത്രരചന ചെയ്തിട്ടുള്ള നിസാമുദ്ദീൻ അഹമ്മദും അബ്ദുൾ കാദർ ബദൌണിയും അബുൾ ഫാസലും ഫരിഷ്ഠയുമൊന്നും മുഹമ്മദ് തുഗ്ലക്കിനെതിരായി ഈ ഒരു ആരോപണം ഉന്നയിക്കുന്നില്ല.

1322 ൽ നടന്ന ഒരു സംഗതിയെക്കുറിച്ച് 1333 ൽ മാത്രം ഇവിടെ വരികയും 1354 നു ശേഷം ഓർമയിൽ നിന്നും എന്തൊക്കെയോ എഴുതുകയും ചെയ്ത ഇബ്നു ബത്തൂത്ത മാത്രമാണ് ഈ ഗൂഢാലോചന കഥയെക്കുറിച്ച് എഴുതിയത്. ഇത് ചരിത്രത്തിനോ യുക്തിക്കോ നിരക്കാത്തതാണെന്ന് തെളിയിക്കുവാനധികം പ്രയാസമില്ല. ഒന്നാമത്തെ സംഗതി, സൈനികർ അദ്ദേഹത്തിന്റെ ദുരുദ്ദേശം മനസ്സിലാക്കി കലാപത്തിന്നൊരുങ്ങി എന്നതാണല്ലോ. അങ്ങനെയെങ്കിൽ മുഹമ്മദ് ഷാ തന്റെ പിതാവിന്റെ അടുക്കലേക്ക് തന്നെ മടങ്ങിച്ചെല്ലുമായിരുന്നില്ല എന്നത് തീർച്ചയല്ലേ? സൈനിക സന്നാഹങ്ങളുമായി യുദ്ധത്തിനയക്കുമ്പോൾ ഓരോ മണിക്കൂറിലും വിവരങ്ങൾ ഡൽഹിയിലെത്തിക്കുവാനുള്ള വാർത്താസൗകര്യങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നു. പട്ടാളക്കാർക്കിടയിലും യുദ്ധത്തിനിടക്കുമുള്ള എല്ലാ കാര്യങ്ങളും അപ്പപ്പോൾ അറിയാനുള്ള സംവിധാനം സുൽത്താനുണ്ടായിരുന്നു. അതിനുള്ള ചാരവൃന്ദവും വാർത്താ ഏജൻസികളും നിലവിലുണ്ടായിരുന്നു എന്ന് ബത്തൂത്ത തന്നെ കുറിക്കുന്നുണ്ട്. അപ്പോൾ സുൽത്താൻ മരിച്ചുപോയി എന്ന കള്ളക്കഥ പ്രചരിപ്പിച്ച കാര്യം സുൽത്താൻ അറിയാതിരിക്കുകയില്ല. അങ്ങനെ ദുഷ്ടമായ പ്രവർത്തിക്കൊരുങ്ങിയ മകൻ തിരിച്ചുവന്ന് എന്തുവലിയ നുണ പറഞ്ഞാലും അയാളെ വിശ്വസിച്ച് കൂടുതൽ ധനവും സന്നാഹങ്ങളും കൊടുത്തയക്കുക അസാധ്യമാണ്. പുറമേ രാജകുമാരന്റെ യുക്തിക്കും നീതിനിഷ്ഠക്കും നിദാനമായി കലാപകാരികളെ ശിക്ഷിക്കാനുള്ള അധികാരം നല്കുകയെന്നത് ആരും ചെയ്യാത്ത സംഗതിയാണ്. ബത്തൂത്തയുടെ ഭാവനയിൽ മുളച്ച ഈ കള്ളക്കഥ താൻ പറയാൻ പോകുന്ന മറ്റനവധി ഊക്കൻ നുണകൾക്കൊരു മുഖവുര മാത്രമായിരുന്നു. അവ തന്മയത്വമായി അവതരിപ്പിക്കാനുള്ള ഒരു പശ്ചാത്തല സൃഷ്ടി നടത്തുകയായിരുന്നു ഈ ഗൂഢാലോചനയുടേയും ഹീനകൃത്യത്തിന്റെയും കഥകൊണ്ട് ബത്തൂത്ത ഉദ്ദേശിച്ചിരുന്നത് എന്ന സംഗതി തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രതിപാദനങ്ങളിൽ നിന്നും സിദ്ധമാണ്.

സമകാലിക ചരിത്രകാരന്മാരാരും ശബ്ദിച്ചിട്ടുപോലുമില്ലാത്ത ഈ കഥ ഇബ്നു ബത്തൂത്ത മാത്രമാണെഴുതുന്നത്. ഇംഗ്ലീഷ് ചരിത്രകാരന്മാരായ തോമസ്, സർവൂൾ സിലിഹേഗ് തുടങ്ങിയവർ ഇബ്നു ബത്തൂത്തയുടെ അഭിപ്രായത്തോടു യോജിച്ചാണ് അവരുടെ ചരിത്രപ്രതിപാദനങ്ങളിൽ ഈ കഥ പ്രസ്താവിക്കുന്നത്. സ്ഥാനത്തും അസ്ഥാനത്തും ഇന്ത്യൻ രാജാക്കന്മാരെയും ഇന്ത്യൻ സമൂഹത്തേയും കരിവാരി തേക്കാൻ മനഃപൂർവം ആയാസപ്പെടുന്ന ഇക്കൂട്ടർക്ക് ഏറ്റവും പ്രിയങ്കരനായിത്തീർന്നു ബത്തൂത്ത എന്നതിൽ അതിശയത്തിന് അവകാശമില്ല. തോമസ്സ് തന്റെ ക്രോണിക്കിൾസ് ഓഫ് ദി പത്താൻ കിങ്സ് എന്ന  പുസ്തകത്തിൽ ബത്തൂത്ത പറഞ്ഞ കഥ അതേപടി പകർത്തിയിട്ടുണ്ട്. ഈ കഥയുടെ പൊള്ളത്തരം യുക്തിസഹമായി ഉരിച്ചുകാട്ടുവാൻ ഡോക്ടർ ഈശ്വരിപ്രസാദ് ശ്രമിച്ചിട്ടുണ്ട്. ഇബ്നു ബത്തൂത്തയെ പിൻ പറ്റുന്ന ഇംഗ്ലീഷ്-ഇന്ത്യൻ ചരിത്രകാരന്മാരുടെ അയുക്തികമായ നിഗമനങ്ങളെ ചോദ്യം ചെയ്യുകയും ബത്തൂത്ത പറഞ്ഞ ഈ കഥ വെറും ദുരുദ്ദേശ്യപരമാണെന്ന് അദ്ദേഹം സമർഥിക്കുകയും ചെയ്യുന്നു.  (History of Quraunah Turks, pp. 30-32)

സത്യത്തിൽ മുഹമ്മദ് ഷാ തന്റെ പിതാവിനെ അതിരറ്റ് സ്നേഹിക്കുകയും അമിതമായി ബഹുമാനിക്കുകയും ചെയ്തിരുന്നു. വയോധികനായ അദ്ദേഹത്തിന്റെ ബുദ്ധി സാമർഥ്യത്തിലും കഴിവിലും കലവറയില്ലാത്ത വിശ്വാസം മുഹമ്മദ് തുഗ്ലക്കിനുണ്ടായിരുന്നു. (ഡൽഹിയിലെ അരാജക സ്ഥിതിവിശേഷം ഗിയാസുദ്ദീനെ അറിയിച്ചുകൊണ്ടിരുന്നത് മുഹമ്മദ് ഷായായിരുന്നു.) കുസ്രുവിന്റെ ഭരണത്തിൻ കീഴിൽ നടന്നിരുന്ന അക്രമങ്ങളേയും അതിനെ നേരിടേണ്ട രീതിയേയും കുറിച്ച് തക്ക സമയങ്ങളിൽ ഗിയാസുദ്ദീനു വിവരം കൊടുത്തുകൊണ്ടിരുന്നതും തന്റെ പിതാവിനു ചക്രവർത്തിയാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചതും ഡൽഹിയിലുണ്ടായിരുന്ന മുഹമ്മദ് ഷായായിരുന്നു. അങ്ങനെ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിട്ടുള്ള ചുരുക്കം രാജകുമാരന്മാരിൽ അദ്വിതീയനാണ് മുഹമ്മദ് തുഗ്ലക്ക്. ഇത്തരത്തിലുള്ള ഒരാളെ കുറിച്ചാണ് ഇത്തരം കഥകൾ പറയുന്നത് എന്ന വസ്തുത ചിന്തിക്കേണ്ടതുണ്ട്. അവർക്കൊക്കെ ഇതിനേക്കാൾ നീചമായ പ്രവൃത്തി മുഹമ്മദ് തുഗ്ലക്ക് ചെയ്തിട്ടുണ്ട് എന്ന് തുടർന്നു പറയാനുള്ളതു കൊണ്ടാണ് അതിനു സൗകര്യമായി വായനക്കാരുടെ മാനസികാവസ്ഥ അനുകൂലമാക്കാനുള്ള കള്ളക്കഥകൾ മുൻകൂട്ടി പറയുന്നത് തന്നെ.

ഗിയാസുദ്ദീൻ ബംഗാളിലേക്ക് സൈന്യത്തെ നയിക്കുന്ന മറ്റൊരു സംഭവവും കൂടി ബത്തൂത്ത തുടർന്ന് വിവരിക്കുന്നു: 'സുൽത്താൻ യുദ്ധത്തിനായി ലക്നോവിലേക്ക് പുറപ്പെട്ടു. താനില്ലാത്തപ്പോൾ ഔദ്യോ

ഗിക കാര്യങ്ങൾ നിർവഹിക്കാൻ സ്വപുത്രനെയാണ് തുഗ്ലക്ക് ചുമതലപ്പെടുത്തിയത്.' പിതാവ് മരിച്ചെന്ന് കള്ളം പ്രചരിപ്പിച്ച് സൈനികരുടെ സേവയോടുകൂടി ചക്രവർത്തിയാകാൻ അത്യാർത്തികാണിച്ചെന്ന് ബത്തൂത്താ പറയുന്ന ഈ പുത്രനെ തന്നെയാണത്രേ താനില്ലാത്തപ്പോൾ രാജ്യകാര്യങ്ങളുടെ ചുമതല പിതാവ് ഏല്പിച്ചത്. പിതാവിനെ ധിക്കരിച്ച് ചക്രവർത്തിയാകണമെന്ന് മുഹമ്മദ്ഷാ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഇതിൽകവിഞ്ഞ് മറ്റൊരു സന്ദർഭം എങ്ങനെ ലഭിക്കാനാണ്. എന്നിട്ടും അദ്ദേഹംസ്വയം ചക്രവർത്തിയായി പ്രഖ്യപിക്കാൻ തുനിഞ്ഞില്ലെന്നു മാത്രമല്ല; പിതാവ് തന്നിലർപിച്ച വിശ്വാസവും ഭാരപ്പെട്ട ജോലിയും ഭംഗിയായി നിർവഹിക്കുകയുമാണു ചെയ്തതെന്ന കാര്യം നിസ്തർക്കമാണ്. അപ്പോൾ ഇബ്നു ബത്തൂത്ത എഴുതുന്ന ഈ കഥ ദുരുപദിഷ്ടവും തുടർന്നെഴുതാൻ പോകുന്ന വലിയ നുണകളുടെ ആമുഖവും മാത്രമാണെന്ന് അദ്ദേഹത്തിന്റെ യാത്രവിവരണത്തിലെ തുടർന്നുള്ള പ്രതിപാദ്യങ്ങൾ സാക്ഷി നിൽക്കും.

വീണ്ടും ബത്തൂത്ത എഴുതുന്നു: 'ഗിയാസുദ്ദീൻ തുഗ്ലക്ക് തന്റെ വിജയകരമായ യുദ്ധത്തിനു ശേഷം തലസ്ഥാനത്തെത്തിയപ്പോൾ അഫ്ഗാൻ പോർ എന്ന സ്ഥലത്ത് തനിക്കുവേണ്ടി ഒരു താൽക്കാലിക കൊട്ടാരം പണിയിക്കുവാൻ മകനോട് കല്പിച്ചു. മൂന്നു ദിവസം കൊണ്ടുതന്നെ ബംഗ്ലാവിന്റെ പണി മകൻ പൂർത്തിയാക്കി. സമതലത്തിൽ നിന്ന് കുറെ ഉയരത്തിലായി മരത്തടികൾ ഉറപ്പിച്ച് അതിന്റെ മുകളിലാണ് ഇത് നിർമിച്ചിരുന്നത്. മരം മാത്രമാണ് ഇതിനു ഉപയോഗിച്ചിരുന്നത്. ഈ കെട്ടിടത്തിന്റെ പ്രധാന ശില്പിയും സംവിധായകനും മാലിക് സാദ എന്ന വ്യക്തിയായിരുന്നു. ഇദ്ദേഹത്തിന്റെ ശരിയായ നാമം അഹമ്മദ് ഇബ്നു അയാസ് എന്നാണ്. മുഹമ്മദ് ഷാ സുൽത്താനായപ്പോൾ ഇദ്ദേഹത്തെ മന്ത്രിയാക്കി. അന്നത്തെ ഭവനനിർമാണ വിദഗ്ധരിൽ പ്രമുഖനായിരുന്നു ഇദ്ദേഹം. വളരെ ബുദ്ധിപൂർവമാണ് ഈ കെട്ടിടം നിർമിച്ചിരുന്നത്. നോക്കിയാൽ വളരെ ഉറപ്പും ഭംഗിയും തോന്നുമായിരുന്നെങ്കിലും ഒരു പ്രത്യേക സ്ഥാനത്ത് ആന ചവുട്ടിയാൽ കെട്ടിടമാകെ തരിപ്പണമാകും. അതായിരുന്നു സംവിധാനത്തിന്റെ സൂത്രം. ഈ തന്ത്രം ആർക്കും മനസ്സിലായിരുന്നില്ല. തുഗ്ലക്കും പരിവാരങ്ങളും കെട്ടിടത്തിൽ പ്രവേശിച്ചു. യാത്ര വിജയപൂർവം പര്യവസാനിച്ചതിനുള്ള ആമോദം രേഖപ്പെടുത്താൻവേണ്ടി വിഭവ സമൃദ്ധമായ ഒരു സൽക്കാരം ഏർപ്പാടു ചെയ്തിരുന്നു. വിരുന്നിൽ എല്ലാ പ്രമുഖരും സന്നിഹിതരായിരുന്നു. സദ്യയെല്ലാം കഴിഞ്ഞ് ക്ഷണിക്കപ്പെട്ട അതിഥികളെല്ലാം പോയി. പിതാവിന്റെ മുമ്പിൽ ആനകളെ പ്രദർശിപ്പിക്കുവാൻ മുഹമ്മദ് ഷാ അനുവാദമാരാഞ്ഞു. അദ്ദേഹം അനുവദിക്കുകയും ചെയ്തു."

"ഈ സംഭവത്തിനു ദൃക്സാക്ഷിയായ ശൈഖ് രുക്നുദ്ദീൻ എന്ന

മാന്യൻ എന്നോടു പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ പകർത്താം: 'ആ അവസരത്തിൽ ഞാൻ സുൽത്താനുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. തുഗ്ലക്കിന്റെ വാത്സല്യപുത്രനായ മഹമൂദും അടുത്തുണ്ടായിരുന്നു. ആ അവസരത്തിലാണ് മുഹമ്മദ് ഷാ അടുത്തു വന്നത്. “പ്രഭോ! സായാഹ്ന പ്രാർഥനക്കുള്ള സമയമായി. പോയി നമസ്കരിച്ചുവന്നാലും” എന്നു രാജകുമാരൻ ബഹുമാനത്തോടു കൂടി എന്നോടു പറഞ്ഞു. അതനുസരിച്ച് ഞാനവിടെ നിന്നും പോന്നു. മുൻകൂട്ടി തീരുമാനിച്ചിരുന്നതനുസരിച്ച് അലങ്കരിച്ച ആനകൾ എഴുന്നള്ളിക്കപ്പെട്ടു. അവ കാലെടുത്ത് വെക്കേണ്ട താമസം കെട്ടിടം മുഴുക്കെ തകർന്നു വീണു. സുൽത്താനും മഹമൂദും അതിനടിയിലായി. ഈ ഒച്ചയും ബഹളവും കേട്ടതോടെ നിസ്കരിക്കാതെ ഞാൻ ഓടിയെത്തി. കെട്ടിടം ആകപ്പാടെ പൊളിഞ്ഞുകിടക്കുന്ന ദയനീയസ്ഥിതിയാണ് ഞാൻ കണ്ടത്. അതിനടിയിൽപെട്ടവരുടെ ദീനരോദനങ്ങളും കേൾക്കാമായിരുന്നു. അത് പൊളിച്ച് നീക്കം ചെയ്യുവാൻ രാജകുമാരൻ കല്പിച്ചു. രാത്രിയിൽ മാത്രമേ കെട്ടിടത്തിന്റെ തകർന്ന ഭാഗങ്ങൾ നീക്കം ചെയ്യേണ്ടതുള്ളൂവെന്ന് അദ്ദേഹം രഹസ്യനിർദ്ദേശവും നല്കിയിരുന്നു. അതനുസരിച്ച് സൂര്യാസ്തമയത്തിനുശേഷമേ ഈ പണി ആരംഭിച്ചുള്ളൂ. മകന്റെ ജീവൻ രക്ഷിക്കാൻ തുഗ്ലക്ക് തന്റെ ശരീരം ഉപയോഗപ്പെടുത്തിയതായിട്ടാണ് കാണാൻ കഴിഞ്ഞത്. തുഗ്ലക്കിനെ പുറത്തെടുക്കുമ്പോൾ ജീവനുണ്ടായിരുന്നുവെന്നും ഇല്ലെന്നും രണ്ടഭിപ്രായമുണ്ട്. ശവശരീരങ്ങൾ മറ്റാരേയും കാണിച്ചില്ല. ധൃതിയിൽ മതകർമങ്ങളും അന്ത്യോപചാരങ്ങളും നടത്തി തുഗ്ലക്കാബാദിൽ സംസ്കരിക്കുകയും ചെയ്തു.” (Ibn Battuta, pp. 199-201)

പ്രസിദ്ധമായ കുരുക്ഷേത്രയുദ്ധം മുതൽ രാജകീയാധികാരത്തിനു വേണ്ടി ക്രൂരമായ പലതും രാജാക്കന്മാർ ചെയ്തിട്ടുള്ളതിന്റെ കഥകൾ ചിരിത്രത്തിൽ അനവധിയാണ്. മധ്യേന്ത്യയുടെ കഥയും വിഭിന്നമല്ല. മുസ്‌ലിം ഭരണത്തിൻ കീഴിലുണ്ടായിരുന്ന മിക്കവാറും എല്ലാ രാജവംശങ്ങളുടെയും ചരിതം അധികാരത്തിനുവേണ്ടിയുള്ള വടംവലിയുടേതാണ്. സഹോദരൻ സഹോദരനെയും പിതാവ് മകനെയും മകൻ പിതാവിനെയും നിഷ്ഠൂരമായി ഹിംസിച്ചതിന്റെ കറുത്ത കഥകൾ കൊണ്ട് നിറഞ്ഞതാണ് ആ ചരിത്രങ്ങൾ. ബാൽബനും അലാവുദ്ദീനും ഈ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇൽത്തുമിഷിന്റെ മരണത്തിനു ശേഷം നാസിമുദ്ദീൻ ചക്രവർത്തിയാകുന്നത് വരെയുള്ള പത്ത് കൊല്ലക്കാലത്തിനിടക്ക് (1236 മുതൽ 1246 വരെ) അനവധി രാജകുമാരന്മാരുടെ ചുടുരക്തം വീണ് ഈ മണ്ണ് മലീമസമായിട്ടുണ്ട്. മുഹമ്മദ് തുഗ്ലക്കിനു മുമ്പും ശേഷവും അധികാരത്തിനുവേണ്ടി രാജാക്കന്മാർ നിരവധി കുരുതിക്കളങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പിതാവിനെ കൊന്ന് രാജ്യഭാരം ഏറ്റെടുത്തു

എന്നതു കൊണ്ടു മാത്രം ആരുടേയും രൂക്ഷമായ പഴിക്ക് ഇവരാരും പാത്രീഭൂതരായിട്ടില്ല. രാജാധികാരത്തിനുവേണ്ടി ഏതു രാജ്യത്തും എക്കാലത്തും സ്വസഹോദരങ്ങൾ തമ്മിലും പിതാവും മകനും തമ്മിലും സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ആയുധബലം കൊണ്ട് എതിർശക്തികളെ പരാജയപ്പെടുത്താനൊത്തവർ തന്റെ ശത്രുക്കളെ അവർ ആരായിരുന്നാലും വകവരുത്തിയിട്ടുണ്ട്. ഇതൊക്കെ സാധാരണയാണെങ്കിലും അച്ഛനെ കൊന്ന് രാജാവായ മകനെ ആരു സ്തുതിക്കുകയില്ലെന്നു മാത്രമല്ല വാനൊരുങ്ങുകയില്ലെന്ന് മാത്രമല്ല അയാളുടെ ദുഷ്ട മനഃസ്ഥിതിയെ അകമേ പിരാകുകയും ചെയ്യും. ചുരുക്കത്തിൽ മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ച് കൂടുതൽ കൂടുതൽ രക്തദാഹത്തിന്റെയും ഭ്രാന്തിന്റെയും കഥകൾ പറയണമെന്ന് നിർബന്ധമുള്ളവർക്ക് അദ്ദേഹത്തെ പിതാവിന്റെ ഘാതകനായി തന്നെവേണം അവതരിപ്പിക്കുവാൻ. എന്നാൽ മാത്രമേ അവരുടെ കള്ളക്കഥകൾ ഫലവത്തായി മനസ്സിൽ തറപ്പിക്കുവാനും സംശയലേശമെന്യേ അംഗീകരിപ്പിക്കുവാനും സാധിക്കുകയുള്ളു. അതിനുള്ള ഹീനപ്രവൃത്തിയാണ് മുഹമ്മദ് തുഗ്ലക്കിൽ ആരോപിതമായിട്ടുള്ള ഈ പിതൃഹത്യയുടെ കഥയും.

ചക്രവർത്തിയോ രാജകുമാരന്മാരോ വിജയകരമായ ഒരു പര്യടനത്തിനു ശേഷം മടങ്ങി തലസ്ഥാനത്തെത്തുമ്പോൾ സ്വീകരണങ്ങൾ നല്കുന്ന പതിവ് പണ്ടുമുതലേ നിലവിലുള്ളതാണ്. ബംഗാളിൽ നിന്നു യുദ്ധം കഴിഞ്ഞ് വിജയശ്രീലാളിതനായി തിരിച്ചെത്തിയ ഗിയാസുദ്ദീനും മകൻ രാജകീയമായ ഒരു സ്വീകരണം നല്കി. ഈ ആവശ്യത്തിനായി ഡൽഹിയിൽനിന്നും അഞ്ചുനാഴിക ദൂരത്തുള്ള അഫ്ഗാൻപോർ എന്ന സ്ഥലത്ത് ഒരു പന്തൽ നിർമിച്ചു. സ്വീകരണം കഴിയുന്ന സമയത്തുണ്ടായ പ്രകൃതിക്ഷോഭം മൂലം പന്തൽ നിലംപതിക്കുകയും ഗിയാസുദ്ദീനും അദ്ദേഹത്തിന്റെ ദ്വിതീയപുത്രൻ മഹമൂദും മറ്റു ചിലരും മരണമടയുകയുമാണുണ്ടായത്. ഈ സംഭവത്തെയാണ് സ്വതസ്സിദ്ധമായ ശൈലിയിൽ ബത്തൂത്ത പിതൃഹത്യയുടെ നീചവും നികൃഷ്ടവുമായ ആരോപണം മുഹമ്മദിന്റെ തലയിൽ കെട്ടിവെക്കുന്നത്. ഈ സൽക്കാരത്തിൽ ഭാഗഭാക്കുകളായിരുന്ന ചരിത്രകാരന്മാരായ സിയാവുദ്ദീൻ ബർണിയേയും യഹിയാ ഇബ്നു അഹമ്മദ് സർഹിന്ദിയേയും ഇക്കാര്യത്തിൽ ഇംഗ്ലീഷ് ചരിത്രകാരന്മാർ ആശ്രയിക്കുന്നില്ലെന്നത് അർഥവത്താണ്. അതേ സന്ദർഭത്തിൽ 1325 സെപ്തംബറിൽ നടന്ന നിർഭാഗ്യകരമായ ഒരു സംഭവത്തിന്റെ ആധികാരിക വക്താവാക്കുന്നത് 1333 ൽ മാത്രം ഇന്ത്യയിലേക്കു വന്ന ബത്തൂത്തയേയാണ് എന്ന സംഗതി വിചിത്രം തന്നെയാണ്. ബർണിയും സർഹിന്ദിയും സുൽത്താൻ മുഹമ്മദിന്റെ വിരോധികളായിരുന്നു. എന്നിട്ടുപോലും മുഹമ്മദ് തുഗ്ലക്ക് വിദഗ്ധമായി ആസൂത്രണംചെയ്തു പിതാവിനെ കൊന്നതാണെന്ന് ഒരിക്കൽപോലും ഇ

വർ പറയുന്നില്ല. ബർണി എഴുതുന്നത്: ‘ഇടിവെട്ട് ഏറ്റതുമൂലമാണ് ഈ ആപത്തു സംഭവിച്ചത്’ എന്നാണ്. സർഹിന്ദിയാകട്ടെ ‘ദൈവനിശ്ചയ മാണ് ആ അപകടത്തിന്റെ ഹേതു’ എന്നാണെഴുതുന്നത്. സമകാലിക രായ ഈ എഴുത്തുകാരുടെ നിഷ്പക്ഷമായ പ്രസ്താവനകൾ സ്വീകരി ക്കാതെ വളരെക്കൊല്ലത്തിനു ശേഷം ഇവിടെ വരികയും കേട്ടുകേൾവി യുടെ അടിസ്ഥാനത്തിലും തന്റെ കേൾവിക്കാരുടെ വാസനക്കും രുചി ക്കും അനുസൃതമായും വീണ്ടുവിചാരത്തിന്റെ ആവശ്യമില്ലാതെയും എ ഴുതിക്കൂട്ടിയ ഇബ്നു ബത്തൂത്തയുടെ പ്രസ്താവന അതേപടി സ്വീക രിച്ച് നാം നമ്മുടെ ഭരണാധിപന്മാരുടെ മുഖത്തു കരി വാരി പുരട്ടുക യാണു ചെയ്യുന്നത്. അബുൾഫസലും ബദൗണിയും ഫരിഷ്ടയുമെല്ലാം ഇത്തരം ഒരു കാര്യം ഒരിക്കലും തറപ്പിച്ചുപറയുന്നില്ല. ബത്തൂത്ത മാ ത്രമാണ് ഇത് അസന്ദിഗ്ദമായി പ്രസ്താവിക്കുന്നത്.

ഇബ്നു ബത്തൂത്തയുടെ പ്രതിപാദനം ശ്രദ്ധിച്ചു വായിച്ചാൽത്ത ന്നെ ഇതു കൃത്രിതമമായുണ്ടാക്കിയതാണെന്നും തന്റെ കേൾവിക്കാരു ടെ ആസ്വാദനത്തിനു വേണ്ടി മാത്രമായിരുന്നുവെന്നും മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടു നേരിടുകയില്ല. ആന ഒരു പ്രത്യേക സ്ഥലത്തു ച വിട്ടുമ്പോഴേക്കും തകർന്നു വീഴുന്ന സംവിധാനവും, പന്തലിൽ നിന്നും മറ്റുള്ളവരൊഴിഞ്ഞ തക്കംനോക്കി ആനകളെ അണിനിരത്തി പന്തൽ തകർത്തതുമൊക്കെ ഒരറബിക്കഥയിലെ പ്രതിപാദന രീതിയെന്നതിൽ കവിഞ്ഞു ചരിത്രമാകുകയില്ല. സംഭവിച്ചതിങ്ങനെയാകുവാനെ തരമു ള്ളു: ആനകളെ നിരത്തുമ്പോൾ സുൽത്താനും ദുർല്ലഭം പരിചാരകന്മാ രുമൊഴിച്ച് മറ്റാരും പന്തലിൽ ഇരുന്നിട്ടുണ്ടായിരുന്നിരിക്കുകയില്ല. ഗജ വീരന്മാരുടെ പരേഡു നടക്കുമ്പോൾ അതിനിടയിൽ ആസനസ്ഥരാകു വാനാരും ധൈര്യപ്പെടുകയില്ലല്ലോ. സുൽത്താനു പ്രത്യേകമായി ഇരി പ്പിടം സജ്ജമാക്കിയിരുന്നിട്ടുണ്ടായിരിക്കണം. അതിൽ അദ്ദേഹവും മ കനും ചുരുക്കം ആശ്രിതന്മാരുമൊഴികെയുള്ളവർ പന്തലിൽനിന്നും പു റത്തു പോയിരുന്നിരിക്കണം. അപ്പോഴാണ് അപായകരമായ ഇടിവെട്ടു ണ്ടാകുന്നതും സുൽത്താന്റെ മരണത്തിന് ഇടവന്നതും. അല്ലാതെ വിദ ഗ്ദമായ ഒരു ഗൂഢാലോചന കൊണ്ടായിരുന്നില്ല ഈ ദുരന്തം. പന്തൽ പൊളിഞ്ഞു വീണപ്പോൾ അതിന്റെ അവശിഷ്ടങ്ങളെടുത്തു നീക്കാൻ കല്പിച്ച മുഹമ്മദ് ഷാ സ്വകാര്യമായ വേറെ ചില നിർദ്ദേശങ്ങൾ കൊ ടുത്തുവെന്നും അതനുസരിച്ച് ഇവ നീക്കം ചെയ്യാൻ താമസിച്ചുവെന്നും മറ്റുമുള്ള സംഗതികൾ മനഃപൂർവം കഥയുടെ വീരസ്യത്തിനു വേണ്ടി ഏച്ചുകൂട്ടിയതാവാനേ തരമുള്ളൂ. ഇരുട്ടിയതിനു ശേഷമേ പൊളിഞ്ഞ പന്തലിന്റെ അവശിഷ്ടം നീക്കി അതിനടിയിൽപ്പെട്ടവരെ നീക്കാൻ ശ്ര മിച്ചുള്ളു എന്നു ബത്തൂത്ത പറയുന്നു. അത് ശരിയാകാനേ തരമുള്ളൂ. കാരണം, “സന്ധ്യാ നമസ്കാരത്തിനു സമയമായി, പോയി നിസ്കരി

ച്ചിട്ടുവരൂ" എന്നു പറഞ്ഞാണല്ലോ രുക്നുദ്ദീൻ എന്ന മാന്യനെ മുഹമ്മ ദ് ഷാ പറഞ്ഞയക്കുന്നതായി ബത്തൂത്ത എഴുതുന്നത്. അദ്ദേഹം പോയതിനു ശേഷമാണ് ആനകളെ അണിയിച്ചൊരുക്കി എഴുന്നള്ളിക്കുന്നതും ഈ അപകടം സംഭവിക്കുന്നതും. അതായതു സന്ധ്യാ നമസ്കാരം സൂര്യാസ്തമയത്തോടു കൂടിയാണു നടത്തുന്നത്. സൂര്യൻ അസ്തമിച്ചു കഴിഞ്ഞാൽ ഇരുട്ടാകുമെന്ന് ആർക്കുമറിയാത്തതല്ല. ദുരൂഹമായ നിന്ദ്യാരോപണം എന്നതിൽകവിഞ്ഞു ചരിത്രത്തിന്റെ അംശം പോലും ഇതിലില്ലെന്നതാണു പരമാർഥം.

ഗിയാസുദ്ദീൻ വളരെ പ്രായംചെന്ന ദേഹമായിരുന്നു. എൺപതു വയസ്സു കഴിഞ്ഞിരുന്നു അദ്ദേഹത്തിന്റെ പ്രായം. വൃദ്ധനായ പിതാവിന്റെ മരണംവരെ കാത്തിരിക്കാൻ മകൻ മടികാണിച്ചുവെന്നു വരുത്തിക്കൂട്ടണം. എന്നാൽ വസ്തുനിഷ്ഠമായ സമകാലിക രേഖകൾ കുറിക്കുന്ന തെളിവുകൾ ഇവയെല്ലാം അടിസ്ഥാനരഹിതമായ പച്ചക്കള്ളമാക്കി മാറ്റുന്നവയാണ്. മുഹമ്മദ് ഷാ തന്റെ പിതാവായ സുൽത്താൻ മരിച്ചെന്നു പ്രചരിപ്പിച്ചെന്നും അതിന്റെ ദുരുദ്ദേശ്യം മനസ്സിലാക്കി സൈനിക നേതാക്കന്മാർ കലാപം സൃഷ്ടിക്കുകയും അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തെന്നും മുമ്പുതന്നെ ബത്തുത്ത എഴുതിയത് ഓർമിക്കുമല്ലോ. ഈ പ്രസ്താവം ശരിയാണെങ്കിൽ സ്വന്തം പിതാവിനെ സൂത്രത്തിൽ കൊലപ്പെടുത്തിയ മകനെ ചക്രവർത്തിയായി അംഗീകരിക്കാൻ ഏതു സേനാനി തയ്യാറാകുമായിരുന്നു! നാട്ടിൽ ആഭ്യന്തരമായ കുഴപ്പങ്ങളും രക്തച്ചൊരിച്ചിലും ആയിരുന്നിരിക്കുകയല്ലേ ഇതിന്റെ തിക്തഫലം? നേരേമറിച്ച് ഒരു ചക്രവർത്തിയുടെ മരണശേഷം യാതൊരുവക സ്ഥാനാരോഹണതർക്കമോ യുദ്ധമോ ഇല്ലാതെ സമാധാനപരമായി കീരിടധാരണം ചെയ്ത ദുർല്ലഭം ചക്രവർത്തിമാരിൽ ഒരാളാണ് മുഹമ്മദ് തുഗ്ലക്ക്. പിതാവിനെ കൊല്ലുകയെന്ന നീചകൃത്യത്തിനു ശേഷമായിരുന്നുവെങ്കിൽ ഒരിക്കലും സമാധാനത്തിന്റെ അന്തരീക്ഷത്തിൽ അദ്ദേഹത്തിന് സ്ഥാനരോഹണം ചെയ്യാൻ സാധിക്കുമായിരുന്നില്ലെന്നതു തീർച്ചയാണ്. ബത്തൂത്ത തന്നെ എഴുതുന്നു: "തുഗ്ലക്കിന്റെ മരണത്തിനു ശേഷം കിരീടാവകാശിയെ സംബന്ധിച്ച് തർക്കമോ എതിർപോ ഇല്ലാതിരുന്നതു കൊണ്ട് അദ്ദേഹത്തിന്റെ മകനായ മുഹമ്മദ് ഷായിൽ രാജാധികാരം നിക്ഷിപ്തമായി."(Ibn Battuta, pp. 202-203) മറ്റു സമകാലിക ചരിത്രകാരന്മാരും സമാധാനപരമായ ഈ പിന്തുടർച്ചയെ പ്രശംസിക്കുന്നവരാണ്.

ഇതിനും പുറമേ മറ്റൊരു പ്രധാനസംഗതികൂടി കണക്കിലെടുക്കേണ്ടതുണ്ട്. പിതാവിന്റെ മരണത്തിൽ ദുഃഖാർത്തനായ മുഹമ്മദ് ഷാ സുദീർഘമായ നാല്പതു നാളുകൾ ദുഃഖാചരണം അനുഷ്ഠിച്ചതിനുശേഷം മാത്രമാണ് ഡൽഹിയിലെത്തി ചക്രവർത്തിപദം ഏറ്റെടുക്കുന്നത്.

പിതാവിനെ വഞ്ചനകൊണ്ട് വധിച്ചിരുന്നുവെങ്കിലോ രാജാധികാരത്തി നുവേണ്ടി അമിതമായ ദുരയുണ്ടായിരുന്നുവെങ്കിലോ പിതാവിന്റെ ചര മം കഴിഞ്ഞ് നിമിഷങ്ങൾക്കകം സ്ഥാനരോഹണം ചെയ്യുമായിരുന്നു. അലാവുദ്ദീൻ ഖിൽജി തന്റെ അമ്മാവനെ കൊന്ന ഉടനെതന്നെ ചക്ര വർത്തിയായി പ്രഖ്യാപിക്കുകയും ഉടലിൽ നിന്നും വേർപെടുത്തിയ ച ക്രവർത്തിയുടെ തല സൈനികരുടെ വിശ്വാസത്തിനു വേണ്ടി പ്രദർശി പ്പിക്കുകയും ചെയ്തതായി നമുക്കറിയാം. ആരും കാര്യം നേടിക്കഴി ഞ്ഞാൽ പിന്നെ ഉദ്ദിഷ്ടഫലസിദ്ധിക്കായി വൃഥാസമയം കളയാറില്ല. മു ഹമ്മദ് തുഗ്ലക്കിന്റെ ഈ ദുഃഖാചരണവും സാവകാശവും സംശയലേ ശമെന്യേ പ്രഖ്യാപിക്കുന്നത് തന്റെ പിതാവിന്റെ മരണത്തിന് ഒരിക്ക ലും താൻ ഹേതുവായിരുന്നില്ലെന്ന് തന്നെയാണ്.

സുൽത്താനായതിനു ശേഷം അദ്ദേഹം അടിച്ചിറക്കിയ നാണയങ്ങ ളിൽ ഒന്ന് തന്റെ പിതാവിന്റെ സ്മരണയെ നിലനിർത്തുവാൻ വേണ്ടി യുള്ളതായിരുന്നു. ആ നാണയത്തിൽ തന്റെ പിതാവിനെ അശ്ശഹീദ് (ര ക്തസാക്ഷി) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (The Coins of India-C. J.Brown). ഇതുകൊണ്ട് മുഹമ്മദ് തുഗ്ലക്ക് ഉദ്ദേശിച്ചിരുന്നത് കൃത്യനിർവ ഹണത്തിൽ അവസാനം വരെ ബദ്ധശ്രദ്ധനായിരുന്ന ഒരു ചക്രവർത്തി യുടെ അന്ത്യം അതിനു യോജിച്ച പദം കൊണ്ടുതന്നെ രേഖപ്പെടുത്തു കയെന്നതായിരിക്കണം. താൻ ചതിച്ചു കൊന്നതായിരുന്നെങ്കിൽ രക്ത സാക്ഷിയെന്ന് അഭിസംബോധന ചെയ്യുകയോ അദ്ദേഹത്തിന്റെ സ്മര ണയെ അയവിറക്കാൻ സ്മാരകമുദ്രകളിറക്കുകയോ ചെയ്യുകയില്ലായി രുന്നു. സ്വാർഥ താല്പര്യത്തിനു വേണ്ടിയാണെങ്കിലും ഒരു ഹീനകൃ ത്യം ചെയ്ത വ്യക്തി ഒരിക്കലും ആ സന്ദർഭത്തെ ഓർമിപ്പിക്കുവാൻ തുനിയുകയില്ലെന്നത് മനഃശാസ്ത്രത്തിന്റെ ബാലപാഠമാണ്. സ്വന്തം പിതാവിനെ ഹിംസിച്ച ഒരുത്തൻ ഒരിക്കലും തന്റെ മനഃസമാധാനം അ ലങ്കോലപ്പെടുത്തുന്ന ആ അധ്യായം ഓർമിക്കാനൊരുമ്പെടുമെന്ന് കരു തുന്നത് യുക്തിക്കോ മനഃശാസ്ത്രത്തിന്റെ ബാലപാഠത്തിനോ പറ്റിയ തായി തോന്നുന്നില്ല.

ജനങ്ങൾ തന്നെ സംശയിക്കുന്നുണ്ട് എന്ന വിശ്വാസം കൊണ്ടാണ് ഇതുചെയ്തതെന്ന് വിചാരിക്കുന്നതും പഥ്യമല്ല. കാരണം അത്തരം ഒ രു ഹീനകൃത്യം ചെയ്തിരുന്നുവെങ്കിൽ അത് ഇല്ലായ്മചെയ്യുവാൻ വെ റും ഒരു നാണയത്തിലെ ലിഖിതം കൊണ്ട് സാധ്യമാകുമെന്ന് വിചാരി ക്കത്തക്ക മൂഢനായിരുന്നില്ല അദ്ദേഹം. തന്റെ നിരപരാധിത്വം വെളിവാ ക്കേണ്ട സാഹചര്യമൊന്നും അപ്പോഴദ്ദേഹത്തിനുണ്ടായിരുന്നില്ല. ജന ങ്ങളുടെ പിന്തുണയും ശക്തിയും ഉണ്ടായതിനു ശേഷമാണ് ഈ നാ ണയം അദ്ദേഹം അച്ചടിക്കുന്നത്. മറ്റാരെയെങ്കിലും പ്രീണിപ്പിക്കാനോ പുതിയ ഏതെങ്കിലും കാര്യം നേടാനോ ഉദ്ദേശിച്ചായിരുന്നില്ല ഈ പ്ര

വൃത്തിയെന്ന് അപ്പോൾ വ്യക്തമാണല്ലോ. പ്രത്യുത, തന്റെ മഹാനായ പിതാവിന്റെ സ്നേഹസ്മരണ പുലർത്താൻ വേണ്ടി മാത്രമായിരുന്നു എന്നാണ് നമുക്ക് ഊഹിക്കാൻ സാധിക്കുന്നത്. അതുമാത്രമാണ് യുക്തിക്കും നീതിക്കും നിരക്കുന്ന നിഗമനം.

എന്നാൽ ഈ വക ദൂഷ്യാരോപണങ്ങളെയും കള്ളക്കഥകളേയും സൂക്ഷ്മമായി പരിശോധിക്കാൻ അധികമാരും പണിപ്പെടാത്തുകൊണ്ടാണ് ഇന്നും ഇന്ത്യാചരിത്രപഠനം കൂടുതൽ ദുർഘടവും ക്ലിഷ്ടവുമായി കിടക്കുന്നത്. ഇബ്നു ബത്തൂത്തയെപ്പോലെ ധാരാളം പേർ അവരുടെ മാനസികസ്ഥിതിവിശേഷവും വിദ്വേഷവും പകയും ഒക്കെ കൊണ്ട് പല ചരിത്ര വസ്തുതകളേയും വികലപ്പെടുത്തിയിട്ടുണ്ട്. മധ്യകാല ചരിത്രത്തെ ഏതെങ്കിലും വിധേന കരിപുരട്ടണമെന്ന് മനഃപൂർവ്വം ഉദ്ദേശിച്ച് ക്ലേശിച്ചിരുന്ന ബ്രിട്ടീഷ് ചരിത്രകാരൻ ഈ വക പച്ചക്കള്ളങ്ങൾക്ക് ചരിത്രത്തിന്റെ പ്രാധാന്യം നല്കി പ്രചരിപ്പിച്ചതാണ് ഇത്രയും അപകടത്തിനു കാരണം. അവയെ കണ്ണുപൂട്ടി പിന്തുടരുവാനുള്ള നമ്മുടെ വാസന ഇവക്കൊക്കെ മകുടം ചാർത്തുകയും ചെയ്തു. തന്മൂലം രചനാത്മകമായ ചരിത്രാവിഷ്കരണം കൂടുതൽ ക്ലേശത്തോടു കൂടിയാണ് ഈ കള്ളക്കഥകളെ നമ്മിൽ അടിച്ചേല്പിച്ചിട്ടുള്ളത്. ചോദ്യം ചെയ്യപ്പെടാതെ വളരെക്കാലം ഉരുവിട്ടതുകൊണ്ട് അവ സത്യത്തേക്കാൾ വലിയ സത്യമായിത്തീർന്നിരിക്കുന്ന വിരോധാഭാസമാണ് നമുക്ക് കാണാനൊക്കുക. തന്മൂലം അംഗീകൃത ചരിത്ര സത്യമായി ഇവ പ്രപഞ്ചനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകാരണം ഇവയെ ചോദ്യം ചെയ്യാൻ മിനക്കെടുന്ന ജിജ്ഞാസുവിന് നേരിടേണ്ടതായ ദുർഘടങ്ങൾ നിരവധിയാണ്. ഭഗീരഥ പ്രയത്നത്തിനു ശേഷമാണെങ്കിലും സത്യം സത്യമായി അവതരിപ്പിച്ചാൽ തന്നെ അതിന് സാർവത്രികമായ അംഗീകാരം ലഭിക്കുക ക്ഷിപ്രസാധ്യമല്ല. ഓരോ ചരിത്രവസ്തുതകളും കൂലങ്കഷമായ നിരീക്ഷണത്തിനു ശേഷമേ അംഗീകരിക്കാവൂ എന്ന നിലയാണ് ഇന്ത്യാചരിത്രത്തിലുള്ളത്. പലതും ചോദ്യം ചെയ്യപ്പെടേണ്ടതായും വരും. അത്തരം കല്ലുവെച്ച നുണകളുടെ ഒരു കൂമ്പാരം തന്നെയെന്നു പറയാം ഇബ്നു ബത്തൂത്തയുടെ മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള പ്രതിപാദനം.

## 8

# തലസ്ഥാനമാറ്റക്കാര്യം – ഊക്കൻ നുണ

ഇബ്നു ബത്തൂത്ത പറഞ്ഞതിൽ വെച്ചേറ്റവും വലിയ നുണ, സുൽത്താൻ മുഹമ്മദ് തന്റെ തലസ്ഥാനം ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് മാറ്റിയെന്നതും, ഡൽഹിയിലെ ജനങ്ങളെ മുഴുവനും പുതിയ ഈ തലസ്ഥാനത്തേക്ക് നിർബന്ധപൂർവം പറഞ്ഞയച്ചു എന്നതുമാണ്. ഈ കഥക്ക് ഇന്ത്യാ ചരിത്രത്തിൽ ലഭിച്ചിട്ടുള്ള സാർവത്രികമായ അംഗീകാരം തന്നെ എത്രമാത്രം ഇതു ജനങ്ങളുടെ മനസ്സിലേക്ക് മാഞ്ഞുപോകാത്ത വിധം കടത്തിവിട്ടിരിക്കുന്നു എന്നതിന്റെ മതിയായ തെളിവാണ്. ഇതിന്റെ ഫലമായി ആധുനികരായ ചരിത്രകാരന്മാരൊക്കെയും സുൽത്താൻ മുഹമ്മദ് ഭ്രാന്തനായിരുന്നുവെന്ന എൽഫിൻ സ്റ്റോണിന്റെ അഭിപ്രായത്തോട് യോജിക്കുന്നവരാണ്. ഏതൊരു രാഷ്ട്രീയവങ്കത്തത്തിനും പരാജയപ്പെടുന്ന പദ്ധതികൾക്കും 'തുഗ്ലക്കിന്റെ പരിഷ്കാരങ്ങൾ പോലെ' എന്ന ഉപമ സർവത്ര ഉപയോഗത്തിൽ വരികയും ചെയ്തു. 'സമൂഹത്തിലെ തുഗ്ലക്കുമാർ' എന്ന സംജ്ഞ കൊണ്ടുദ്ദേശിക്കുന്നവരാകട്ടെ കാടുകയറിയ പരിഷ്കാരഭ്രമത്തേയും തോൽവിയടയുന്ന പുരോഗമനാശയത്തെയും വെച്ചുപുലർത്തുന്നവർ എന്നത്രേ! ചുരുക്കത്തിൽ സുൽത്താൻ മുഹമ്മദിന്റെ പരിഷ്കാരങ്ങളേയും അദ്ദേഹത്തേയും അപ്രായോഗികമായ മൂഢത്വങ്ങൾക്ക് പര്യായമായി ഉപയോഗിക്കുന്നു. ഈ തലസ്ഥാനമാറ്റത്തിന്റെ കള്ളക്കഥകൾ ജനഹൃദയത്തിൽ അത്രമാത്രം രൂഢമൂലമായിരിക്കുന്നു. ഈ പ്രമാദമായ ചരിത്രവങ്കത്തം യാദൃശ്ചികമായി കടന്നുവന്നതല്ല. ഇംഗ്ലീഷ് ചരിത്രകാരന്മാർ ഇച്ഛിച്ചത് ഇബ്നു ബത്തൂത്തയുടെ വിവരണത്തിൽ കൂടി അവർക്ക് ലഭ്യമായപ്പോൾ, അതിനെ ശരിക്കും മുതലെടുത്തതിന്റെ തിക്തഫലമാണിത്.

മുഹമ്മദ് തുഗ്ലക്കിന്റെ തലസ്ഥാനമാറ്റത്തെ സംബന്ധിച്ച് ഇബ്നു ബത്തൂത്ത ഇങ്ങനെ രേഖപ്പെടുത്തി: 'സുൽത്താനെതിരായുള്ള പ്രമാദങ്ങളായ ആരോപണങ്ങളിൽ പ്രധാനമായത് ഡൽഹിയിലെ ജനങ്ങളെ

നഗരത്തിൽ നിന്നും മാറിപ്പോകുവാൻ നിർബന്ധിച്ചു എന്നതാണ്. ഇതിനു കാരണമെന്തെന്നാൽ ഇവർ സുൽത്താനെ ആക്ഷേപിച്ചും പുലഭ്യം പറഞ്ഞും കൊണ്ടുള്ള ധാരാളം ഊമക്കത്തുകൾ രാത്രി കാലങ്ങളിൽ കൊട്ടാരത്തിലെ സഭാമന്ദിരത്തിൽ ഇടുക പതിവായിരുന്നു. "സുൽത്താൻ മാത്രം വായിക്കുവാൻ" എന്നു പ്രത്യേകമായി അവയിലെഴുതിയിരിക്കുകയും ചെയ്യും. പൊട്ടിച്ച് വായിക്കുമ്പോഴാകട്ടെ സുൽത്താനെക്കുറിച്ചുള്ള ദൂഷ്യാരോപണങ്ങളും പഴിയുമായിരിക്കും നിറയെ. തന്മൂലം ഡൽഹിയെ നശിപ്പിക്കുവാൻ അദ്ദേഹം ഉറച്ചു. ജനങ്ങളുടെ കൈവശമുണ്ടായിരുന്ന കെട്ടിടങ്ങളും സ്വത്തുമെല്ലാം അദ്ദേഹം വിലയ്ക്കു വാങ്ങിയ ശേഷം അവരോടൊക്കെ ദൗലത്താബാദിലേക്ക് പോകുവാനാജ്ഞാപിച്ചു.

"ജനങ്ങൾക്കിതു സമ്മതമായിരുന്നില്ലെന്നതു കൊണ്ട് ആദ്യമാദ്യം അവർ മാറാൻ കൂട്ടാക്കിയില്ല. ഇതു മനസ്സിലാക്കിയ സുൽത്താൻ മൂന്നു രാത്രി കഴിഞ്ഞാൽ ഡൽഹിയിൽ ഒരാളും കാണാൻ പാടില്ലാ എന്ന അന്ത്യശാസനം രാജദൂതന്മാർ മുഖേന വിളംബരം ചെയ്തു. ഭൂരിപക്ഷവും ഈ കല്പനയെ മാനിച്ചു സ്ഥലം വിട്ടു. പക്ഷേ, ചിലർ വീടുകളിൽ ഒളിച്ചിരുന്നു. ക്ലിപ്തസമയം കഴിഞ്ഞപ്പോൾ ആരെങ്കിലും ഒളിച്ചിരിക്കുന്നുണ്ടോ എന്നറിയാൻ സുൽത്താൻ തന്റെ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷണം നടത്തിച്ചു. ഇതിന്റെ ഫലമായി രണ്ടു പേരെ കണ്ടുകിട്ടി – ഒരാൾ മുടന്തനും അപരൻ കുരുടനുമായിരുന്നു. ഇവരെ സുൽത്താന്റെ മുമ്പിൽ ഹാജരാക്കി. മുടന്തനെ ചുഴറ്റിയെറിഞ്ഞു കൊല്ലുവാനും കുരുടനെ ഡൽഹിയിൽ നിന്നും നാല്പതുമൈൽ ദൂരമുള്ള ദൗലത്താബാദിലേക്കു കുതിരയുടെ കാലിൽ കെട്ടി വലിച്ചിഴക്കുവാനുമാണു സുൽത്താൻ കല്പിച്ചത്. കുരുടന്റെ ശരീരഭാഗങ്ങൾ അവിടെയും ഇവിടെയുമായി തെറിച്ചു ചിന്തി. ദൗലത്താബാദിൽ എത്തുമ്പോൾ അവശേഷിച്ചത് കുതിരക്കാലിനോടു ചേർത്തു ബന്ധിച്ചിരുന്ന അയാളുടെ കാലിന്റെ അംശം മാത്രമാണ്."

"പൈശാചികമായ ഈ  കൃത്യം നടന്നതോടുകൂടി ജനങ്ങൾ നഗരം വിട്ടോടിപ്പോയി. അവരുടെ വീട്ടുസാധനങ്ങളും മറ്റു വസ്തുക്കളും ഉപേക്ഷിക്കപ്പെട്ടു. അങ്ങനെ നഗരം തരിശായിത്തീർന്നു." എനിക്കു വിശ്വാസമുള്ള ഒരു സുഹൃത്ത് എന്നോടു പറഞ്ഞ വിവരം ഇപ്രകാരമാണ്: "ഒരു രാത്രിയിൽ സുൽത്താൻ തന്റെ കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ കയറിനിന്ന് ഡൽഹിയെ ഒരു വിഹഗവീക്ഷണം നടത്തി. തീയോ പുകയോ വിളക്കോ ഇല്ലാതിരുന്ന ആ നഗരത്തെ നോക്കി അദ്ദേഹം ഇങ്ങനെ ആത്മഗതം ചെയ്തു: 'ഇപ്പോൾ എന്റെ മനസ് സ്വസ്ഥമായി; എന്റെ ദേഷ്യം അവസാനിച്ചു'. ഇതിനുശേഷം മറ്റു നഗരങ്ങളിലെ ജനങ്ങൾ ഡൽഹിയിൽ വന്ന് താമസമാക്കുവാൻ സുൽത്താൻ ആജ്ഞാപിച്ചു. അവരുടെ നഗരങ്ങളെ നശിപ്പിക്കാൻ സാധിച്ചുവെന്നല്ലാതെ ഡൽഹി

യെ ജനനിബിഡമാക്കുവാനൊത്തില്ല. അത്ര വലിയ ഒരു നഗരമാണ് ഡൽഹി. എന്തിന് ലോകത്തിൽ വെച്ച് ഏറ്റവും വലിയ നഗരമാണിത് എന്ന് വിശേഷിപ്പിക്കണം. ഈ അവസ്ഥയിലാണ് ഞങ്ങൾ വരുമ്പോൾ ഡൽഹിയെ കാണാനിടയായത്. കുറച്ച് ജനങ്ങളെ ഒഴിച്ചാൽ ഡൽഹി വിജനവും ജനതാമസമില്ലാത്തതുമായിരുന്നു അപ്പോൾ." (Selections from the Travels of Ibn Battuta, pp. 204-205)

ഇബ്നു ബത്തൂത്തയുടെ വാചാലമായ ഈ പ്രസ്താവനയാണ് ഇംഗ്ലീഷ് ചരിത്രകാരന്മാരുടെ അവലംബം. അതോടൊപ്പം സുൽത്താന്റെ ശത്രുക്കളായിരുന്ന സിയാവുദ്ദീൻ ബർണിയുടെയും ഇസാമിയുടെയും ചരിത്രങ്ങൾ ഇതിന് ഉപോദ്ബലകമായി അവർ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. മുഹമ്മദ് തുഗ്ലക്കിന്റെ സമകാലികനായിരുന്നു സിയാവുദ്ദീൻ ബർണി. ഭൂവുടമകളുടെയും മുസ്ലിം മതഭ്രാന്തന്മാരുടെയും വക്താവായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. സുൽത്താനെക്കുറിച്ച് ബർണിക്കുള്ള ആക്ഷേപങ്ങളിൽ വലുത്, "അദ്ദേഹം അനവധി മുസ്ലിം പണ്ഡിതന്മാരേയും ശൈഖുകളേയും നിർദ്ദയം ഹിംസിച്ചിരുന്നുവെന്നും, യഥാർഥവിശ്വാസികളെ (മുസ്ലിംകളെ) കൊല്ലൽ ഒരു വ്രതമായി അംഗീകരിക്കുകയും ചെയ്തിരുന്നു' എന്നതിനാലാണ്. (Tarikh-i-Firoz shai-pp. 236-237) മുഹമ്മദ് തുഗ്ലക്കിന്റെ മതസഹിഷ്ണുതയും സാംസ്കാരിക സംഘാതത്തിനു വേണ്ടിയുള്ള ഉദാത്തമായ പ്രവർത്തനങ്ങളും ബർണിയേയും കൂട്ടരേയും അദ്ദേഹത്തിന്റെ വിരോധികളാക്കി. വിഭിന്നമായ ആശയങ്ങളുടെ പൊരുത്തപ്പെടാനൊക്കാത്ത സ്ഥിതി വിശേഷവും തജ്ജന്യമായ സംഘർഷവുമാണ് ഈ മുസ്ലിം ചരിത്രകാരന്മാർ തുഗ്ലക്ക് മുഹമ്മദിന്റെ കാര്യത്തിൽ അനുവർത്തിക്കുവാൻ നിർബന്ധിതരായത്. അതുകൊണ്ട് അവരുടെ ചരിത്രം പക്ഷഭേദം കൊണ്ട് കരിപുരണ്ടതായി മാറി. വേറൊരു ചരിത്രകാരനായ ഇസാമിക്ക് സുൽത്താനോടുള്ള പരിഭവം മറ്റൊന്നായിരുന്നു. കാലാകാലമായി ഡൽഹിയിൽ കഴിഞ്ഞിരുന്ന ഇസാമിയോട് ദൗലത്താബാദിലേക്ക് പോകുവാൻ സുൽത്താൻ കല്പിച്ചു. അന്ന് അദ്ദേഹത്തിന് പതിനാറ് വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ദൗലത്താബാദിലേക്കുള്ള യാത്രാമധ്യേ തന്റെ മുത്തച്ഛൻ ഇസുദ്ദീൻ ഇസാമി വാർധക്യസഹജമായ സുഖക്കേടുമൂലം മൃതിയടഞ്ഞു. ഈ ദുരന്തത്തിന്റെ കാരണക്കാരനായ സുൽത്താനോട് ഇസാമിക്ക് കഠിനമായ അമർഷമുണ്ടായി. അദ്ദേഹം ചരിത്രരചന നടത്തിയപ്പോൾ ആ പുസ്തകം സമർപിച്ചത് ഭാമിനി രാജവംശസ്ഥാപകനായ അലാവുദ്ദീനായിരുന്നു. മുഹമ്മദ് തുഗ്ലക്കിന്റെ വൈസ്രോയിമാരിലൊരാളായിരുന്നു ഭാമിനി സാമ്രാജ്യസ്ഥാപകൻ. ഡൽഹിസാമ്രാജ്യത്തോട് കലാപം നടത്തി സ്വതന്ത്രമായി സ്ഥാപിച്ച രാജവംശമാണ് ഭാമിനി സാമ്രാജ്യം. ആ രാജാവിനാണ് ഇസാമി തന്റെ പുസ്തകം സമർ

പിച്ചത്. ഇതിൽ നിന്നെല്ലാം ഇസാമിയുടെ ചരിത്രവും തുഗ്ലക്ക് മുഹമ്മദിനെ സംബന്ധിച്ച് ഇസാമി നിശിതവിമർശനം നടത്താനുള്ള കാരണവും മനസ്സിലാക്കാവുന്നതേ ഉള്ളൂ.

ഇതിനൊക്കെ പുറമേ സിയാവുദ്ദീൻ ബർണിയുടെയും മറ്റും വീക്ഷണത്തിൽ ഇന്ത്യയിലെ ജനലക്ഷങ്ങൾ ഒരിക്കലും ഒരു സ്ഥാനവും അലങ്കരിച്ചിരുന്നില്ല. മധ്യകാല ചരിത്രകാരന്മാർ 'ജനങ്ങൾ' എന്ന പദം കൊണ്ടർഥമാക്കിയിരുന്നത് സമൂഹത്തിലെ മേലേതലപ്പത്തുള്ള ജന്മികളേയും പ്രഭുക്കളേയും മാത്രമായിരുന്നു. സാധാരണക്കാർക്ക് മനുഷ്യരുടെ പദവികൊടുക്കാനോ മനുഷ്യാവകാശങ്ങളനുഭവിക്കാനോ അനുവദിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ സാമൂഹിക-രാഷ്ട്രീയതലങ്ങളിൽ പ്രാവീണ്യം നേടിയവർ മാത്രം 'ജനങ്ങളാ'വുക സ്വാഭാവികമാണ്. ഇത് മനസ്സിലാക്കാതെയാണ് ബർണിയുടേയും മറ്റും ഇതുസംബന്ധമായ പ്രതിപാദനങ്ങൾ ബത്തൂത്തയുടെ പ്രസ്താവനക്ക് സഹായകമായി ചരിത്രകാരന്മാർ മുതലെടുക്കുന്നത്.

'ഡിയോഗീറിനെ ദൗലത്താബാദ് എന്ന് നാമകരണം ചെയ്ത് അവിടേക്ക് തലസ്ഥാനം മാറ്റിയതുകൊണ്ട് ഡൽഹി നശിക്കുകയും അവിടെയുണ്ടായിരുന്ന പ്രധാനപ്പെട്ട ആളുകൾക്ക് പ്രയാസങ്ങൾ നേരിടുകയും ചെയ്തു' എന്നാണ് 'താരീഖി ഫിറോസ്ഷായ് എന്ന പുസ്തകത്തിൽ സിയാവുദ്ദീൻ ബർണി വിവരിക്കുന്നത്. (Barni-Elliot Vol. III, p. 239) അദ്ദേഹം തുടർന്ന് രേഖപ്പെടുത്തുന്നതാകട്ടെ, 'എല്ലാം നശിപ്പിച്ചു. ഒരു പട്ടിയോ പൂച്ചയോ ഡൽഹിയിലെ വീടുകളിലോ കൊട്ടാരങ്ങളിലോ അവശേഷിച്ചിരുന്നില്ല. ജനങ്ങൾ അവരുടെ കുടുംബങ്ങളോടും ബന്ധുക്കളോടും ഭൃത്യന്മാരോടുംകൂടി സ്ഥലം മാറിപ്പോകാൻ നിർബന്ധിതരായി. ദുഃഖഭാരത്താൽ അവശരായ മുസ്‌ലിംകൾ അന്ധവിശ്വാസങ്ങളുടെ നാട്ടിൽ അന്ത്യവിശ്രമം കൊള്ളേണ്ടതായിവന്നു. വളരെ ദുർല്ലഭംപേരേ ദുരിതപൂർണമായ ഈ കഥ പറയാൻ അവശേഷിച്ചുള്ളൂ.'(Barni-Elliot and Dwson Vol. III, p. 239)

ബത്തൂത്തയുടെ അത്യുക്തിപരമായ പ്രസ്താവത്തിനു സഹായകമായി സമകാലിക രേഖകൾകൂടി നിൽക്കുമ്പോൾ എന്തിന് ബത്തൂത്തയെ അവിശ്വസിക്കണമെന്ന ന്യായവാദമാണ് ഡോക്ടർ സ്മിത്ത്, എൽഫിൻ സ്റ്റോൺ തുടങ്ങിയ ഇംഗ്ലീഷ് ചരിത്രകാരന്മാർ ബത്തൂത്തയുടെ പ്രതിപാദനത്തെ അതേപടി പകർത്തിക്കാട്ടിയത്. എന്നാൽ ഇബ്നു ബത്തൂത്തയുടെ അതിഭാവുകത്വത്തോടു കൂടിയുള്ള സഞ്ചാരകഥയുടെ ശരിയായ വിശദീകരണവും സമകാലികരായ ബർണി, ഇസാമി തുടങ്ങിയവരുടെ വിദ്വേഷത്തിന്റെ കാരണങ്ങളും കണ്ടുപിടിക്കുവാൻ അൽപം ആയാസപ്പെട്ടെങ്കിൽ ഇന്ത്യാചരിത്രത്തിലെ ലജ്ജാകരമായ ഈ തലസ്ഥാനമാറ്റത്തിന്റെ പൊള്ളത്തരം വെളിപ്പെടുത്താനൊക്കുമായിരുന്നു.

ബത്തൂത്തയുടെ പ്രസ്താവനയിലുള്ള അസാംഗത്യത്തെക്കുറിച്ച് നമുക്കാദ്യം പ്രതിപാദിക്കാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഡൽഹിയെ നശിപ്പിക്കാനും അവിടത്തെ ജനങ്ങളെ ശിക്ഷിക്കാനും വേണ്ടി കരുതിക്കൂട്ടി നടത്തിയ ഒരു പ്രതികാര നടപടിയാണ് ഡൽഹിയിൽ നിന്നു ദൗലത്താബാദിലേക്കുള്ള തലസ്ഥാനമാറ്റം. ഈ ആരോപണം എത്രമാത്രം സത്യമാണെന്ന് നമുക്ക് ആദ്യമേ പരിശോധിക്കേണ്ടതുണ്ട്.

ഡൽഹിയിലെ ജനങ്ങളോട് വിദ്വേഷം തോന്നിയതു കൊണ്ട് യാതൊരു വീണ്ടു വിചാരവുമില്ലാതെയാണ് അവരോട് ദൗലത്താബാദിലേക്ക് പോകാനാവശ്യപ്പെട്ടിരുന്നത് എങ്കിൽ ഇത്രയും ജനങ്ങളെ പുതിയ ഒരു സ്ഥലത്ത് കുടിയിരുത്തുകയെന്ന ദൗർഭാഗ്യകരമായ ബുദ്ധിമുട്ട് സുൽത്താനെ അലട്ടിയിരുന്നിരിക്കുകയില്ലേ? ഒരു പക്ഷേ, ഉന്മാദിയായ തുഗ്ലക്കിന് ജനങ്ങളുടെ കഷ്ടപ്പാടിനെക്കുറിച്ച് ചിന്തിച്ച് അസ്വസ്ഥനാകേണ്ട ആവശ്യമില്ലെന്നായിരിക്കാം! എന്നാൽ ഇബ്നു ബത്തൂത്ത തന്നെ ദൗലത്താബാദിനെക്കുറിച്ചെഴുതുന്നത് ഇങ്ങനെയാണ്: 'ബീഹാറിൽ നിന്നും ഞങ്ങൾ ഉജ്ജയിനിയിലേക്ക് യാത്രയായി. അത് നല്ല ഭംഗിയും ജനസാന്ദ്രതയുമുള്ള പട്ടണമാണ്. അവിടെനിന്നും ദൗലത്താബാദിലേക്കാണ് പോയത്. തലസ്ഥാനമായ ഡൽഹിയെപ്പോലും വെല്ലുന്ന മനോഹരവും വിശാലവുമായ ഒരു നഗരമാണിത്. അതിനു കാരണം ഈ നഗരത്തിന്റെ ആസൂത്രണവൈശിഷ്ട്യവും വലുപ്പവുമാണ്. ഈ നഗരിയെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഒന്ന് ദൗലത്താബാദ് എന്നു പറയുന്ന സ്ഥലം തന്നെ. ഇവിടം സുൽത്താനും അദ്ദേഹത്തിന്റെ സൈന്യങ്ങൾക്കും വേണ്ടി പ്രത്യേകം സജ്ജമാക്കിയിട്ടുള്ളതാണ്. രണ്ടാമത്തെ ഭാഗത്തെ കടാകാ എന്നു വിളിക്കുന്നു. മൂന്നാമത്തേതാണ് നഗരത്തിന്റെ പ്രധാന ആസ്ഥാനം. അതിനെ ഡിയോഗീർ എന്നു പറയുന്നു. ഈ നഗരത്തിന്റെ ശക്തിയേയും മേന്മയേയും കവച്ചുവെക്കാൻ മറ്റൊന്നും ലോകത്തില്ല.'

'രാജഗുരുവും അമീറുമായ കുത്തുലക്ഖാനാണ് ഇവിടത്തെ ഭരണാധിപനും ചക്രവർത്തിയുടെ പ്രതിനിധിയും. അദ്ദേഹം തെലുങ്കാനയും അതിന്റെ അതിർത്തി രാജ്യങ്ങളും ഭരണം നടത്തുന്ന വ്യക്തിയാണ്. ഈ രാജ്യത്തിന്റെ അതിർത്തിയിലെത്താൻ മൂന്നു മാസത്തെ സഞ്ചാരമാവശ്യമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ സ്ഥലത്തിന്റെ ഭരണഭാരം ഇദ്ദേഹമാണ് നടത്തുന്നത്. ദേവഗിരിയിലുള്ള കോട്ടയാകട്ടെ ഏറ്റവും ശക്തമാണ്. വലിയ ഒരു പാറക്കെട്ടിലാണത് സ്ഥിതി ചെയ്യുന്നത്. ഉഗ്രമായ ഈ പാറ തുരന്ന് അതിന്റെ മുകൾപരപ്പിൽ മനോഹരമായഹർമ്യം പണിതീർത്തിരിക്കുന്നു. അതിലേക്കുള്ള പ്രവേശനം തുകൽ കൊണ്ടുണ്ടാക്കിയ ഒരു കോവണിയിൽ കൂടിയാണ്. രാത്രി കാലങ്ങളിൽ ഇത് നീക്കം ചെയ്യുന്നു. ഈ കോട്ടക്കകത്തുള്ള ജയിലിൽ തടവു

കാരാക്കുന്നത് കനത്ത ശിക്ഷ നല്കുന്നവരെയാണ്. ജയിലിനകത്ത് പൂച്ചയേക്കാൾ വലിയ എലികളാണുള്ളത്. പൂച്ചകൾ ഈ എലികളെ ഭയപ്പെട്ടു വിരളുന്നത് ഞാൻ കണ്ടിട്ടുണ്ട്. തന്മൂലം ഇവയെ നശിപ്പിക്കുവാൻ കെണിവെക്കുകയാണ് ചെയ്യുന്നത്. എനിക്ക് അവയെ കണ്ടപ്പോൾ അത്ഭുതം തോന്നി.'

'ദൗലത്താബാദിലെ ജനങ്ങൾ മറാത്തക്കാരാണ്. അവരുടെ സ്ത്രീകളുടെ പുരികവും നാസികയും മനോഹരമായിരിക്കുന്നു. ദൈവം ഇവരിൽ സൗന്ദര്യം നിർല്ലോഭം അനുഗ്രഹിച്ചു നല്കിയിരിക്കുന്നു. ഈ നഗരവാസികളധികവും അവിശ്വാസികളാണ്(ഹിന്ദുക്കൾ). അവർ സ്വർണ വ്യാപാരമാണധികവും നടത്തുന്നത്. വളരെ ധനികന്മാരാണ് ഇവരൊക്കെയും. ദൗലത്താബാദിൽ മനോഹരവും വിശാലവുമായ ഒരു ബസാർ ഉണ്ട്. അവിടെ ഗായകന്മാരും ഗായികകളും സുലഭമാണ്. ഓരോ പീടികയും അവയിൽ ഓരോ വാതിലുകളും കാണാം. അത് കടന്നുചെന്നാൽ എത്തുന്ന സ്ഥലം ഈ കടകളുടെ ഉടമസ്ഥന്മാരുടെ ഗൃഹങ്ങളിലാണ്. ഈ കടകൾ ഭംഗിയേറിയ പരവതാനികൾകൊണ്ട് അലങ്കരിച്ചിരിക്കും. മുറിയുടെ നടുവിൽ തൊട്ടിൽപോലെയുള്ള ഒരു വിതാനത്തിലാണ് ഗായികമാർ ഇരിക്കുന്നതും പാടുന്നതും. അവർ സർവാഭരണ വിഭൂഷിതകളാണ്. പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ അവരിരിക്കുന്ന തൊട്ടിലാട്ടുവാൻ അനുചരന്മാർ ഉണ്ടായിരിക്കും. ഈ ബസാറിന്റെ ഒത്ത നടുവിൽ വിതാനിച്ച ഒരു പന്തലുണ്ട്. സായാഹ്നപ്രാർഥനക്ക് ശേഷം എല്ലാ വ്യാഴാഴ്ചയും നഗരത്തിലെ പ്രധാന ഗായകൻ അവിടെ ആഗതനായിരിക്കും. അദ്ദേഹത്തിന്റെ പരിചാരകന്മാരും അടിമകളും മുൻപന്തിയിൽ ഇരിക്കുകയും ചെയ്യും. ഗായികമാർ കൂട്ടം കൂട്ടമായി അവിടെ സന്നിഹിതരാവുകയും പാടുകയും ആടുകയും ചെയ്യുന്നത് പതിവാണ്. ഇത് പ്രാർഥനാസമയം വരെ തുടരുന്നു. പ്രാർഥനക്കായി ആളുകൾ പിരിയുമ്പോഴാണ് ഈ പാട്ടും മേളവും അവസാനിക്കുന്നത്. ഇതേ ബസാറിൽ തന്നെ പ്രാർഥനക്കുള്ള പള്ളികളുമുണ്ട്. ഇവിടത്തെ ഒരു ഹിന്ദുരാജാവ് ഈ ബസാറിൽകൂടി കടന്നുപോകുമ്പോൾ ഈ പന്തലിൽ ആസനസ്ഥനായി പാട്ടും നടനവും കാണുക സാധാരണയാണ്. ഒരു മുസ്‌ലിം രാജാവും അതുതന്നെ ചെയ്യുന്നതായിട്ടറിയാം.' (Travels of Ibn Battuta, pp. 227-228)

ഇബ്നു ബത്തൂത്ത തന്നെയാണ് ദൗലത്താബാദിനെക്കുറിച്ച് മേലുദ്ധരിച്ച വിവരണം നല്കുന്നത്. ദൗലത്താബാദിനെ മനോഹരമായ ഒരു നഗരമാക്കി സുൽത്താൻ മാറ്റിയിരിക്കുന്നെന്നും സുദീർഘമായ പര്യാലോചനക്കും ധാരാളത്തിലേറെയുള്ള ആസൂത്രിത പ്രയത്നങ്ങൾക്കും ശേഷം വിദഗ്ധമായി നിർമിച്ചതാണ് ഈ നഗരമെന്നുമാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. പെട്ടെന്ന് ദേഷ്യം കയറി ജനങ്ങ

ളെ ശിക്ഷിച്ചതായിരുന്നുവെങ്കിൽ ദൗലത്താബാദിൽ സജ്ജീകരിച്ചിരു ന്ന സൗകര്യങ്ങൾ അനാവശ്യമായിരുന്നേനേ.

ഇതിനോടനുബന്ധമായി മറ്റൊരു സമകാലിക പണ്ഡിതനും സ ഞ്ചാരിയും ആയ അൽ ഉമറി നൽകുന്ന വിവരവും കൂടി സമന്വയിപ്പിച്ച് പഠനം നടത്തിയാൽ നമുക്ക് ദൗലത്താബാദിനെക്കുറിച്ച് ഒരു ഏകദേശ ജ്ഞാനം കിട്ടും. അദ്ദേഹമെഴുതുന്നു: 'ഇന്ത്യയുടെ തലസ്ഥാനം ഡൽ ഹി നഗരമാണ്. ഇതു കഴിഞ്ഞാൽ പിന്നത്തെ പ്രധാന നഗരം ദേവഗീർ എന്നതും. ഈ നഗരം ഇപ്പോഴത്തെ സുൽത്താൻ സ്ഥാപിച്ചതാണ്. അ ദ്ദേഹമതിന് 'കഅബത്തുൽ ഇസ്‌ലാം' അഥവാ 'ഇസ്‌ലാമിന്റെ മുഖ്യ കേന്ദ്രം' എന്നാണ് പേരിട്ടത്. ഞാൻ ആറുകൊല്ലങ്ങൾക്കു മുമ്പ് ആ സ്ഥലത്തുനിന്ന് പോരുമ്പോൾ കെട്ടിടങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടാ യിരുന്നില്ല. സുൽത്താൻ ഈ നഗരത്തെ ഓരോ വിഭാഗത്തിലും പെട്ട ജോലിക്കാർക്കുവേണ്ടി പ്രത്യേകം പ്രത്യേകം വിഭജിച്ചിരിക്കുകയാണ്. സൈനികർ, ഖാസികൾ, പണ്ഡിതന്മാർ, ശൈഖുകൾ, മുഫ്തികൾ തു ടങ്ങി ഓരോ തരക്കാർക്കും വേറെവേറെ സ്ഥലങ്ങളാണ് ആസൂത്രണം ചെയ്ത് സംവിധാനിച്ചിട്ടുള്ളത്. ഓരോ പ്രത്യേക ഘടകങ്ങൾക്കും ആ വശ്യമായ സൗകര്യങ്ങളും ഏർപ്പാടാക്കിയിട്ടുണ്ട്. പള്ളി, ചന്ത, കളിസ്ഥ ലം, കിണറുകൾ, അടുപ്പുകൾ മുതലായവയും കൊല്ലന്മാർ തുടങ്ങിയ ഏതുതരം ജോലിക്കാരെയും അവിടെ താമസിപ്പിച്ചിരിക്കുന്നു. അവിടെ യുള്ളവർക്ക് ക്രയവിക്രയങ്ങൾക്കോ മറ്റെന്തെങ്കിലും ആവശ്യത്തിനോ പുറമെ പോകേണ്ടതായ ആവശ്യമേ ഉണ്ടായിരുന്നില്ല. ഈ ഓരോ വിഭ ജിതവിഭാഗവും സ്വയം പര്യാപ്തങ്ങളായ ഓരോ കൊച്ചു നഗരങ്ങളാ യി മാറുകയാണ്.'

'രാജ്യത്തെ രണ്ടു പ്രധാനപ്പെട്ട നഗരങ്ങളായ ഡൽഹിക്കും ദിയോ ഗീറിനുമിടക്ക് അടുത്തടുത്ത സ്ഥലങ്ങളിലായി തമ്പേറടിക്കുവാൻ ഏർ പ്പാട് ചെയ്തിട്ടുള്ളത്. എന്തെങ്കിലും ഒരു സംഭവം നടന്നാൽ ഉടനെ ത മ്പേറടിക്കുന്നു. ഒരു സ്ഥലത്തു നിന്നും അതിന്റെ ശബ്ദം കേട്ടാൽ ഓ രോ പോസ്റ്റിൽ നിന്നും തുടർന്ന് ശബ്ദമുണ്ടാക്കുന്നു. തന്മൂലം ഈ ര ണ്ട് സ്ഥലത്തിനുമിടക്ക് എന്തു സംഭവിച്ചാലും ഒട്ടും താമസിയാതെ സുൽ ത്താന് നിഷ്പ്രയാസം അറിവു ലഭിക്കുകയും ചെയ്യുന്നു. ഇതുകാരണം ഈ നഗരങ്ങളിലെ ഗെയിറ്റുകൾ എപ്പോൾ തുറക്കുന്നു എപ്പോൾ അട ക്കുന്നു എന്നതു കൂടി അറിയാൻ സുൽത്താനൊക്കുമായിരുന്നു.' (Masalik-ul Abgar-Alumeri)

17-ാം നൂറ്റാണ്ടിൽ ഇവിടെ എത്തിയ സഞ്ചാരികൾ മുഴുക്കെ ദൗല ത്താബാദിന്റെ വർധമാനമായ പൊലിമയെ പരാമർശിച്ചിട്ടുണ്ട്. ഷാജ ഹാന്റെ കാലത്തെ ചരിത്രകാരനായ അബ്ദുൽ ഹമീദ് ലാഹോരിയും മറ്റും എന്തുമാത്രം പ്രശംസയാണ് ദിയോഗീറിനെ സംബന്ധിച്ച് ചൊരി

ഞ്ഞിട്ടുള്ളത്. ഡൽഹിയിൽ നിന്നും 700 മൈൽ അകലെയുള്ള ദൗല ത്താബാദിൽ ഈ നഗരസംവിധാനം ഒരുക്കിയതോടു കൂടി ഡൽഹിമു തൽ ഈ സ്ഥലം വരെ നല്ല ഒരു റോഡുണ്ടാക്കുകയും റോഡിന്റെ ഇ രു വശങ്ങളിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. പുറമേ, ശീഘ്രതയും കാര്യക്ഷമതയുമുള്ള ഒരു തപാൽ സർവീസ് നടപ്പിലാ ക്കുകയും ചെയ്തു എന്ന് സമകാലികരായ മറ്റനവധി എഴുത്തുകാർ പ റയുന്നുണ്ട്. സുൽത്താനെ അധിക്ഷേപിക്കുന്നതിൽ മുമ്പനായിരുന്ന ബർ ണി പറയുന്നു: "ഡൽഹിയിൽ നിന്നും പോയവർക്ക് എല്ലാ യാത്രാ സൗ കര്യങ്ങളും പണവും നല്കുന്നതിൽ സുൽത്താൻ വളരെ മഹാമനസ് കത കാണിച്ചിട്ടുണ്ട്." ചുരുക്കത്തിൽ ഇബ്നു ബത്തൂത്ത പറയുന്നതു പോലെ, ഡൽഹിയിലെ ജനങ്ങൾ തന്നെ ആക്ഷേപിച്ച് കത്തെഴുതിയ തുകൊണ്ട് കോപാക്രാന്തനായി ജനങ്ങളെ ശിക്ഷിക്കുവാൻ വേണ്ടി ഒ രു സുപ്രഭാതത്തിൽ ദൗലത്താബാദിലേക്ക് പറഞ്ഞയച്ചതല്ല. ദീർഘമാ യ ഒരാസൂത്രിത പദ്ധതിയുടേയും സുചിന്തിതമായ നിർമാണാത്മക പ്ര വർത്തനത്തിന്റെയും പരിസമാപ്തിയായിരുന്നു അത്. ബത്തൂത്തയുടെ പ്രസ്താവന അദ്ദേഹത്തിന്റെ ദിയോഗീർ വിവരണം കൊണ്ടുതന്നെ പൊ ളിച്ചെഴുതപ്പെട്ടു. അൽ ഉമറി പറയുന്ന ഓരോ പ്രത്യേക ജോലിക്കാർ ക്കു വേണ്ടിയുള്ള നഗരവിഭജനം തന്നെയാണ് ബത്തൂത്തയുടെ ഗായി കാ ഗായകന്മാരുടെ ബസാറിനെക്കുറിച്ചുള്ള പരാമർശവും. അദ്ദേഹത്തി ന്റെ വാസനക്കും രുചിക്കുമനുസരിച്ച് കാര്യം കൂടുതൽ മനോഹരമായി വിവരിച്ചുവെന്നുമാത്രം. ചുരുക്കിപ്പറഞ്ഞാൽ വളരെ പ്രയത്നവും പണ വും ചെലവുചെയ്താണ് ഈ മഹാനഗരി സുൽത്താൻ മുഹമ്മദ് പണി കഴിപ്പിച്ചത്.

ഇബ്നു ബത്തൂത്തയുടെ മറ്റൊരാക്ഷേപം ജനങ്ങളെ മുഴുക്കെ നിർ ബന്ധിച്ച് ഡൽഹിയിൽ നിന്നും ദൗലത്താബാദിലേക്ക് പറഞ്ഞയച്ചുവെ ന്നാണ്. അത് അവിശ്വസനീയമായ ഒരു കാര്യവും ചരിത്ര യാഥാർഥ്യ ത്തിനു വിപരീതവുമാണ്. സംഭവിച്ചതിങ്ങനെയാകാം: ദൗലത്താബാദിൽ ഒരു പുതിയ നഗരം നിർമിച്ച സുൽത്താൻ ഡൽഹിയിലെ തന്റെ കുറെ ഉദ്യോഗസ്ഥരോട് അവിടേക്ക് പോകാൻ ആവശ്യപ്പെട്ടു. പക്ഷേ, അവർ ക്കാർക്കും തന്നെ അതിഷ്ടപ്പെട്ടിരിക്കാനിടയില്ല. കാലാകാലമായി ഡൽ ഹിയിലും പരിസരത്തും കഴിഞ്ഞിരുന്ന അവരോട് 700 മൈൽ അകലെ അപരിചിതമായ ഒരു സ്ഥലത്തേക്ക് മാറിപ്പോകുവാൻ ആവശ്യപ്പെട്ട പ്പോൾ അവരൊക്കെ പരിഭ്രാന്തരായി. ഇന്നും ഒരു സ്ഥലത്ത് നിന്നും മ റ്റൊരിടത്തേക്ക് സ്ഥലം മാറ്റമുണ്ടായാലുണ്ടാവുന്ന അങ്കലാപ്പും പരാ തിയും ഉദ്യോഗസ്ഥന്മാരുടെ ഇടയൽ നാം നിത്യേന കാണാറുള്ളതാ ണല്ലോ. ഇത് 14-ാം നൂറ്റാണ്ടിലാണെന്ന കാര്യവും അതിനുമുമ്പ് ഇങ്ങ നെ ഒരു സ്ഥലം മാറ്റപ്രശ്നം കേട്ടുകേൾവിപോലുമില്ലാതിരുന്നു എന്ന

സംഗതിയും ഓർക്കണം. പക്ഷേ, പുതിയ ഒരു ഭരണകേന്ദ്രം പ്രവിശ്യയിൽ സ്ഥാപിച്ച മുഹമ്മദ് തുഗ്ലക്ക് തന്റെ ഉദ്യോഗസ്ഥന്മാരോടല്ലാതെ മറ്റാരോടാണ് പോകുവാനാജ്ഞാപിക്കുക. തന്റെ കല്പന അനുസരിക്കാൻ മടിച്ചവരെ അദ്ദേഹം രാജശാസന ബഹുമാനിക്കാൻ നിർബന്ധിച്ചിരിക്കും. 'ഇതുമൂലം ഡൽഹിയിലെ ജനങ്ങളിൽ പ്രധാനികളായവർക്ക് പ്രയാസമുണ്ടായി' എന്നല്ലാതെ ജനങ്ങളോട് മുഴുക്കെ ദൗലത്താബാദിലേക്ക് പോകാനാവശ്യപ്പെടുകയോ അങ്ങനെ ഒരു സംഭവം നടക്കുകയോ ഉണ്ടായിട്ടില്ല.

പക്ഷേ, അക്കാലഘട്ടത്തിന്റെ സ്വഭാവമനുസരിച്ച് ഒരുകൂട്ടം ഉദ്യോഗസ്ഥന്മാർ ഡൽഹി വിട്ടപ്പോൾ ഒരു വലിയ ജനപ്രളയം തന്നെ ഉണ്ടായിരുന്നിരിക്കണം. കാരണം ഓരോ പ്രഭുവും അനേകം അടിമകളുടെ ഉടമയായിരുന്നു. സമൂഹത്തിലെ ധനശേഷിയുടേയും പ്രാവീണ്യത്തിന്റെയും അളവ് ഓരോരുത്തരുടെയും കീഴിലുണ്ടായിരുന്ന അടിമകളുടേയും ഹരത്തിലെ സ്ത്രീകളുടേയും എണ്ണക്കൂടുതൽ കൊണ്ടായിരുന്നു കണക്കാക്കിയിരുന്നത്. മറ്റൊരാളുടെ ധനശേഷി അറിയാൻ അയാൾക്ക് എത്ര സ്ഥലമുണ്ട് എന്ന് നാം അന്വേഷിച്ച് മനസ്സിലാക്കാറുള്ളതു പോലെ അക്കാലത്ത് ഒരു പ്രഭുവിന്റെ അന്തസ്സ് കൂടുകയും കുറയുകയും ചെയ്തിരുന്നത് ഹരത്തിലെ ആയിരക്കണക്കായ അടിമകളുടേയും അരമനയിലുള്ള സ്ത്രീകളുടേയും വർധിച്ച സംഖ്യയുടെ അടിസ്ഥാനത്തിലായിരുന്നു. തന്മൂലം ഓരോ പ്രഭുവും കൂടുതൽ കൂടുതൽ അംഗസംഖ്യയുണ്ടാക്കാൻ ശ്രമിച്ചിരുന്നു. ഇതിനൊക്കെ പുറമേ ഇവരുടെ ഓരോരുത്തരുടേയും കീഴിൽ ധാരാളം പട്ടാളക്കാരുമുണ്ടായിരുന്നു. "ഒരു ഖാൻ 10,000 കുതിരപ്പടയാളികളുടെ നേതാവാണ്. മാലിക്കാകട്ടെ 1000 കുതിരപ്പടയുടെ സൂക്ഷിപ്പുകാരനും. ഒരമീറിന്റെ കീഴിൽ 100 അശ്വാരൂഢരായ ഭടന്മാരുമുണ്ട്" എന്നാണ് ഇവിടെ അക്കാലത്ത് നിലവിലുണ്ടായിരുന്ന സൈനികനേതൃത്വത്തെ സംബന്ധിച്ച് പഠിച്ചറിഞ്ഞ അൽ ഉമറി പ്രസ്താവിക്കുന്നത്. അങ്ങനെ മധ്യകാലഘട്ടത്തിൽ ഒരു പ്രഭുവിന്റെ കുടുംബമെന്നു പറഞ്ഞാൽ അത് അനവധി ആളുകൾ ഉൾക്കൊള്ളുന്നതായിരുന്നു. ഒരു പ്രഭു ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്ത് പോകുകയെന്നതിന്റെ അർഥം, അനേകം ജനങ്ങളുടെ പ്രവാഹമുണ്ടാകുകയെന്നാണ്. അപ്പോൾ കുറെ പ്രഭുക്കന്മാരോട് ഡൽഹിയിൽ നിന്നും ദൗലത്താബാദിലേക്ക് പോകാൻ സുൽത്താൻ കല്പിച്ചപ്പോൾ അവരൊക്കെയും തങ്ങളുടെ വലിയസംഘം ജനങ്ങളേയും കൊണ്ട് പോയിരുന്നിരിക്കണം. ചുരുക്കത്തിൽ ഇടതൂർന്നിടതൂർന്നുള്ള ഈ വലിയ ജനപ്രവാഹത്തെ ഡൽഹിയുടെ പ്രാന്തപ്രദേശങ്ങളിലെ ജനങ്ങൾ അത്ഭുതംപോലെ നോക്കിക്കൊണ്ടിരുന്നിരിക്കണം.

ഇവരുടെ പോക്കിന്റെ ഉദ്ദേശ്യമെന്താണെന്നാരാഞ്ഞവരോട് ഒരുപ

ക്ഷേ, ഡൽഹിയെ വിജനമാക്കാൻ വേണ്ടി സുൽത്താൻ എല്ലാവരോടും കല്പിച്ചിരിക്കുന്നുവെന്ന് ഇവർ പറഞ്ഞുമിരിക്കും. കാരണം, ഒരുപക്ഷേ ഈ സ്ഥലം മാറ്റം ഒരു ശിക്ഷയായി അവരത്രയും കണക്കാക്കിയിരുന്നിരിക്കും. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥന്റെ അപ്രീതിക്ക് ഇരയായതുകൊണ്ടായിരിക്കണം ഈ സ്ഥലം മാറ്റമെന്ന് ഇക്കാലത്തുപോലും സംശയിക്കാറുണ്ട്. ഇതുപോലെ സുൽത്താൻ അവരോടൊക്കെ എന്തോ പക തോന്നിയതുമൂലമാണ് പോകാൻ പറഞ്ഞതെന്ന് അന്നുള്ളവരും ധരിച്ചിരിക്കും. സുൽത്താന്റെ കോപത്തിനിരയായതുകൊണ്ട് ഒരു ശിക്ഷയെന്നോണം സ്ഥലംമാറി പോവുകയാണെന്ന് ചോദിക്കുന്നവരോട് പറഞ്ഞാൽ അവർ ഇവരെ ഉപദ്രവിക്കുകയും പുഛിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ടായിരിക്കാം ശിക്ഷക്ക് എല്ലാ ജനങ്ങളും വിധേയരായി എന്നും ഡൽഹിയിലെ ജനങ്ങളോട് മുഴുക്കെ പോകാൻ പറഞ്ഞുവെന്നും ഇവർ പ്രചരിപ്പിച്ചത്. ഇഷ്ടമില്ലാതിരുന്ന ഇവരെ നിർബന്ധിച്ച് പറഞ്ഞയച്ചപ്പോൾ അവർക്ക് സുൽത്താനോട് വിദ്വേഷമുണ്ടാകുക സ്വാഭാവികമാണ്. അത്തരക്കാർ പറയാവുന്ന പരദൂഷണങ്ങളും കള്ളക്കഥകളും ഊഹിക്കാവുന്നതേയുള്ളൂ. ഈ കഥകളിലേതെങ്കിലും ആയിരിക്കും ബത്തൂത്തയും കേട്ടത്. കാരണം, ഇത് നടക്കുന്നത് 1327ലാണ്. ബത്തൂത്ത ഇന്ത്യയിൽ വരുന്നതാകട്ടെ 1333 സെപ്തംബറിലുമാണല്ലോ. ആരോ പറഞ്ഞുകേട്ട കള്ളക്കഥ ഒന്നുകൂടി തന്മയത്വമായി ബത്തൂത്ത അവതരിപ്പിക്കുകയാണ് ചെയ്തത്.

എല്ലാ ജനങ്ങളോടും പോകാൻ പറഞ്ഞിരുന്നുവെങ്കിൽ കൊട്ടാരത്തിലെ അന്തേവാസിയായ ചരിത്രകാരൻ സിയാവുദ്ദീൻ ബർണിയും പോകേണ്ടതായി വരുമായിരുന്നു. അദ്ദേഹം പോയതായി പറയുന്നില്ല. സുൽത്താന്റെ ഉദ്ദേശ്യം ജനങ്ങളെ ശിക്ഷിക്കുകയായിരുന്നില്ലെന്നും ഉന്നതമായ ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു ദൗലത്താബാദ് നിർമാണമെന്നും വ്യക്തമാക്കാൻ എത്രയോ രേഖകൾ വേണമെങ്കിലും ഇന്നു ലഭ്യമാണ്. തനിക്കിഷ്ടവും വിശ്വാസവുമുള്ള ഉദ്യോഗസ്ഥന്മാരോടാണ് പോകാനാവശ്യപ്പെട്ടിരുന്നത്. പക്ഷേ, അവരത്രയും അതൊരു ശിക്ഷയായി ധരിച്ചത് സുൽത്താന്റെ കുറ്റമാകുന്നതെങ്ങനെ? ദൗലത്താബാദിലേക്ക് പോകാനാവശ്യപ്പെട്ട കവിയും ചരിത്രകാരനുമായ ബദർ ചാച്ചക്കു സുൽത്താനയച്ച കത്ത് അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിപ്രകാരമാണ്: ‘ഹിജ്റ 745 ശഅബാൻ ഒന്നാം തീയതി സുൽത്താനിൽ നിന്നും എനിക്കൊരു കല്പന കിട്ടി. ‘അല്ലയോ ബദർ, കവിയായ ജമീൽമാലിക്കും അടിമയായ നെക്രോണുമൊന്നിച്ച് റുസ്തത്തിന്റെ പ്രൗഢിയോടുകൂടി പോകുവാനൊരുങ്ങുക. രണ്ട് ലോകത്തിന്റെയും സംരക്ഷകൻ നിങ്ങളെ തുണക്കട്ടെ. സർവചരാചരങ്ങളുടെയും അധിപൻ നിങ്ങളിൽ കനിയുകയും ചെയ്യട്ടെ. ദിയോഗീറിലേക്കല്ല; ഞാന

തിനെ ദൗലത്താബാദ് എന്ന് വിളിക്കുന്നു. അംബരചുംബികളാണ് അവിടെയുള്ള കോട്ടയും കെട്ടിടങ്ങളും. അത് എന്റെ രാജ്യത്തിലെ ഒരു കേന്ദ്രം മാത്രമാണെങ്കിലും ആയിരം ജാംഷഡിനേക്കാൾ കമനീയമാണ്. അവിടത്തെ ഗവർണറായ കുത്ത്‌ലക്ഖാന്റെ അടുക്കൽ ചെല്ലുകയും ഈ വിജ്ഞാപനം കാണിച്ച് ആതിഥ്യവും സമൃധിയും സ്വീകരിക്കുകയും ചെയ്യുക.......” (Kasaid of Badr chach-Elliot, Vol. III, p. 570)

സുൽത്താന്റെ ഈ കത്തിൽ നിന്നും ലഭിക്കുന്ന സാരം വളരെ വിലപ്പെട്ടതാണ്. താൻ സംവിധാനം ചെയ്ത ആ നഗരിയുടെ കമനീയമായ മനോഹാരിതയിൽ അദ്ദേഹം ആവേശം കൊള്ളുന്നു. വിദഗ്ധമായ ആസൂത്രണത്തിനും ആലോചനക്കും ശേഷമാണ് ഈ നഗരനിർമാണം നടത്തിയതെന്നും സിദ്ധിക്കുന്നുണ്ട്. ബത്തൂത്തയും ബർണിയും പറയുന്ന ധിക്കാരസ്വഭാവമല്ല ഈ കത്തിൽ നിഴലിക്കുന്നത്. വിനയവും സൗഹൃദവും നിറഞ്ഞ് തുളുമ്പുന്നതാണ് ഈ കത്ത്. ജനങ്ങളോട് മുഴുക്കെ പോകാൻ പറഞ്ഞിരുന്നുവെങ്കിൽ ഇങ്ങനെ ഒറ്റയൊറ്റയായ എഴുത്തുകൾ അയക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. അപ്പോൾ ചുരുക്കം ചിലരോടു മാത്രമേ പോകാനാവശ്യപ്പെട്ടിട്ടുള്ളൂ എന്ന് അസന്ദിഗ്ധമായി പറയാനൊക്കും.

ഇബ്നു ബത്തൂത്ത തന്നെ പറയുന്നത് ‘നഗരത്തിൽ നിന്നും സകല ജനങ്ങളേയും ഒഴിപ്പിച്ച ശേഷം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ കയറി നിന്ന് സുൽത്താൻ തീയോ പുകയോ വിളക്കോ അനക്കമോ ഇല്ലാത്ത വിജനമായ ഡൽഹിയെ നോക്കി ആശ്വാസം കൊണ്ടു’വെന്നാണ്. ഈ പ്രസ്താവം തന്നെ ഡൽഹി വിജനമായിരുന്നില്ലെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. കാരണം സുൽത്താൽ ഡൽഹി കൊട്ടാരത്തിലുണ്ടായിരുന്നുവെന്നാണല്ലോ ബത്തൂത്ത പറയുന്നത്. സുൽത്താൻ ഡൽഹിയിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പട്ടാളക്കാരും ഉപദേശകരും അവരുടെ സന്നാഹങ്ങളും ഡൽഹിയിൽ ഉണ്ടായിരുന്നിരിക്കും തീർച്ച. അൽ ഉമർ പറയുന്നു: ‘സുൽത്താൻ ഒരു ദിവസം രണ്ടു പ്രാവശ്യം തന്റെ ഉദ്യോഗസ്ഥന്മാരെ അഭിസംബോധനചെയ്ത് സംസാരിക്കും. കാലത്തും വൈകുന്നേരവും ചുരുങ്ങിയത് ഇരുപതിനായിരം പേരെങ്കിലും ഇതിൽ സംബന്ധിക്കാറുണ്ട്.’(Masalik-ul Abgar-Alumeri). ഒരു പ്രഭുവിന്റെ കീഴിലുള്ള ജനങ്ങളുടെ ഏകദേശ സംഖ്യ നാം മനസ്സിലാക്കാൻ ശ്രമിച്ചതാണ്. അപ്പോൾ ചക്രവർത്തിയുടെ സൈന്യങ്ങളും മറ്റു ജീവനക്കാരും എത്രമാത്രമായിരിക്കുമെന്ന് ഊഹിക്കുന്നതാണുത്തമം. ഡൽഹി വിജനമാക്കി എല്ലാവരേയും പറഞ്ഞയച്ചുവെന്നും ‘ഒരു കുരുടനും ഒരു മുടന്തനുമൊഴികെ’യുള്ള സർവജനങ്ങളും പോയെന്നും മറ്റുമുള്ള ബത്തൂത്തയുടെ ആരോപണം യക്ഷിക്കഥകൾ പോലെ അർഥശൂന്യമാണ്. ബത്തൂത്ത പറയുന്നത്, ഡൽഹിയിലെ ജനങ്ങളോട് പോകാൻ കല്പിച്ച ശേഷം

സുൽത്താൻ ഒരു തിരച്ചിൽ നടത്തിയെന്നും ഒളിച്ചിരുന്ന ഒരു കുരുടനേയും ഒരു മുടന്തനേയും കണ്ടുകിട്ടിയെന്നും ഉദ്യോഗസ്ഥന്മാർ ഇവരെ സുൽത്താന്റെ മുമ്പിൽ ഹാജരാക്കിയപ്പോൾ മുടന്തനെ കൊല്ലാനും കുരുടനെ ദൗലത്താബാദിലേക്ക് വലിച്ചിഴക്കാനും കല്പിച്ചു എന്നുമാണ്. തുടർന്ന് ബത്തൂത്ത എഴുതുന്ന വാചകംകൂടി ശ്രദ്ധിച്ചാൽ അദ്ദേഹം ചെയ്യുന്ന ആദ്യപ്രസ്താവത്തിന്റെ അർഥശൂന്യത ധരിക്കുവാനെളുപ്പമാണ്. ബത്തൂത്ത പറയുന്നത് 'ഈ ശിക്ഷ നിഷ്കരുണം നടപ്പാക്കിയപ്പോൾ ജനങ്ങൾ പരിഭ്രാന്തരായെന്നും അവരുടെ സകലമാന സമ്പത്തുകളും ഉപേക്ഷിച്ച് നഗരം വിട്ടോടിപ്പോയി' എന്നുമാണ്. (Ibn Battuta pp.204). ഈ ശിക്ഷാനടപടികൾക്കു ശേഷമാണ് ജനങ്ങൾ ഡൽഹിയിൽ നിന്നും പോയിട്ടുള്ളതെങ്കിൽ രാജകിങ്കരന്മാർ നടത്തിയ അന്വേഷണത്തിൽ നിർഭാഗ്യവാന്മാരായ കുരുടനും മുടന്തനും മാത്രമാകുന്നതെങ്ങനെ? അവർ മാത്രമേ അവശേഷിച്ചിരുന്നുള്ളു എങ്കിൽ അവരെ ശിക്ഷിച്ചതിൽ നിന്നുണ്ടായ ആപത്ശങ്കകൊണ്ട് ഡൽഹിയിൽ നിന്നും സകലതുമുപേക്ഷിച്ച് രക്ഷപ്പെടുവാൻ ജനങ്ങളെങ്ങനെയുണ്ടായി? ഇതൊക്കെ കാണിക്കുന്നത് ബത്തൂത്തയുടെ പ്രസ്താവം കല്ലുവെച്ച നുണയും പരസ്പരം യോജിക്കാത്ത പ്രസ്താവനകളും മാത്രമാണെന്നാണ്.

ഇതിനേക്കാൾ പ്രമാദമായ സംഗതിയാണ് തലസ്ഥാനം മാറ്റിയെന്ന ആരോപണം. സുൽത്താൻ ഡൽഹിയിൽ നിന്നും തലസ്ഥാനം മാറ്റുന്നത് ആലോചിക്കുകപോലും ചെയ്തിരുന്നില്ലെന്നതാണ് പരമാർഥം. തന്റെ തെക്കൻ പ്രവിശ്യകളുടെ ഭരണം കൂടുതൽ കാര്യക്ഷമമായി നിർവഹിക്കുവാൻ വേണ്ടി ഒരു പുതിയ നഗരം സൃഷ്ടിക്കുകയും അവിടത്തെ ഭരണനിർവഹണത്തിനായി തന്റെ ഉദ്യോഗസ്ഥന്മാരെ പറഞ്ഞയക്കുകയുമാണുണ്ടായത്. പക്ഷേ, അക്കാലത്ത് ദഹിക്കാത്ത ഉന്നതമായ ആദർശവും പ്രായോഗിക രാഷ്ട്രീയ പടുതയുമായിരുന്നു സുൽത്താൻ പ്രകാശിപ്പിച്ചത്. തന്മൂലം സമകാലികർ പോലും ദൗലത്താബാദിന്റെ നിർമാണവും പ്രൗഢിയും കണ്ടപ്പോൾ തലസ്ഥാനം തന്നെ മാറ്റാനായിരിക്കുമെന്ന് ഊഹിച്ചതും ആ ഊഹം പ്രചരിപ്പിച്ചതും അത്ര അസ്വാഭാവികമായി ഗണിക്കാവുന്നതല്ല. അങ്ങനെയാണ് ഈ കഥ ബത്തൂത്തയും കേട്ടത്. ഡൽഹിയിൽ നിന്നും തലസ്ഥാനം മാറ്റിയെന്നെഴുതിയ മറ്റൊരു ചരിത്രകാരൻ സിയാവുദ്ദീൻ ബർണിയാണ്. പക്ഷേ അദ്ദേഹം തന്നെ സ്വയം നിഷേധിക്കുന്ന പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ചെയ്യുന്നുണ്ട്: 'ആദ്യം ലഹള നടത്തിയത് മുൾത്താനിലെ ഗവർണറായിരുന്ന ബഹീറാ അബിയ ആയിരുന്നു. ഇത് സുൽത്താൻ ദിയോഗീറിൽ ആയിരിക്കുമ്പോഴാണ്. ഇതുകേട്ട മാത്രയിൽ അദ്ദേഹം തലസ്ഥാനത്തേക്ക് മടങ്ങുകയും അവിടെനിന്ന് ഒരു സൈന്യത്തെ ശേഖരിച്ചതിന്റെ ശേഷം മുൾത്താനിലേക്ക് മാർച്ചുചെയ്യുകയും ചെയ്തു. വിജയി

യായി തിരിച്ചുവന്ന സുൽത്താൻ പിന്നെ രണ്ടു കൊല്ലം ഡൽഹിയിൽ തന്നെ കഴിച്ചുകൂട്ടി.' (Barni Tarikhi-Firoz shai, P. 242). മുൾത്താനിൽ വിപ്ലവം നടക്കുന്നത് 1327 ലാണ്. ആ കൊല്ലം തന്നെയാണ് തലസ്ഥാനം മാറ്റിയെന്ന ആരോപണവുമുള്ളത്. തലസ്ഥാനം ദേവഗിരിയിലേക്ക് മാറ്റിയെന്ന് പറയുന്ന അവസരത്തിൽ തന്നെ ഡൽഹി തന്നെയായിരുന്നു തലസ്ഥാനമെന്ന് ബർണി വിവരിക്കുന്നത്. സുൽത്താൻ തലസ്ഥാനമായ ഡൽഹിയിലേക്ക് മടങ്ങിയെന്നത് അർഥവത്താണ്. പുതിയ തലസ്ഥാനത്തു നിന്നും ഡൽഹിയിലേക്ക് മടങ്ങിയെന്നല്ല; ദിയോഗീറിൽ നിന്നും തലസ്ഥാനമായ ഡൽഹിയിലേക്ക് മടങ്ങിയെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഡൽഹിയിൽ നിന്നും തലസ്ഥാനം ഒരിക്കലും മാറ്റിയിരുന്നെല്ലെന്ന് തന്നെയല്ലേ ഇതു കാണിക്കുന്നത്? മറ്റൊരു സംഗതി സുൽത്താൻ തലസ്ഥാനത്തേക്കു വന്ന് വലിയ ഒരു സൈന്യത്തെ ശേഖരിച്ചുവെന്നതാണ്. ഡൽഹിയിലെ ജനങ്ങളെ മുഴുക്കെ മാറ്റിയിരുന്നുവെങ്കിൽ മരുഭൂമിയാക്കി മാറ്റിയ ആ നഗരിയിൽ നിന്നും ഒരു വലിയ സൈന്യത്തെ സജ്ജീകരിക്കാനെങ്ങനെ സാധിച്ചു? ഇതുകൊണ്ട് ധരിക്കേണ്ടത് ഡൽഹിയിൽ നിന്നും കുറേ ഉദ്യോഗസ്ഥന്മാർ അവരുടെ സന്നാഹങ്ങളോടുകൂടി ദൗലത്താബാദിലേക്ക് പോയിയെന്നല്ലാതെ ഡൽഹിയിലെ ജനസാന്ദ്രതക്ക് ഒട്ടും കോട്ടം തട്ടിയിരുന്നില്ലെന്ന് തന്നെയാണ്. തലസ്ഥാനം മാറ്റിയെന്നും ജനങ്ങളെ മുഴുക്കെ നീക്കിയെന്നും പറയുന്ന അതേ വർഷം നടന്ന സംഭവമാണിതെന്നുകൂടി ഓർമ്മിക്കുന്നത് കഥയുടെ കള്ളം വെളിച്ചത്ത് കൊണ്ടുവരുവാനുപകരിക്കുമെന്ന് തീർച്ച.

ഇക്കാലത്ത് ഇന്ത്യ സന്ദർശിച്ചു വിവരണങ്ങൾ എഴുതിയ അൽ ഉമറിയുടെ പ്രതിപാദനം നാമുദ്ധരിച്ചതാണ്. അദ്ദേഹം സംശയലേശമന്യേ പ്രസ്താവിക്കുന്നത്: 'ഡൽഹിയാണ് ഇന്ത്യയുടെ തലസ്ഥാനം. അതു കഴിഞ്ഞാൽ പിന്നത്തെ പ്രധാനനഗരി ദൗലത്താബാദാണ്. അതു നിർമിച്ചത് ഇപ്പോഴത്തെ സുൽത്താനായ മുഹമ്മദ് തുഗ്ലക്കാണ്.' ഡൽഹിയിൽ നിന്നും ദൗലത്താബാദിലേക്ക് തലസ്ഥാനം മാറ്റിയിരുന്നുവെങ്കിൽ ജിജ്ഞാസുവായ ഈ പണ്ഡിതൻ അത് രേഖപ്പെടുത്തുമായിരുന്നു. യാതൊരു സ്വാർഥമോഹമോ നിക്ഷിപ്തതാല്പര്യമോ ഇല്ലാതിരുന്ന നിഷ്പക്ഷമതിയായ ചരിത്രകാരനും സഞ്ചാരിയുമായിരുന്നു അൽ ഉമറി. അദ്ദേഹം ഇന്ത്യയിൽ വന്നത് ബത്തൂത്തയെപ്പോലെ സുൽത്താന്റെ കീഴിൽ ജോലിയന്വേഷിച്ചോ അല്ലെങ്കിൽ മറ്റെന്തെങ്കിലും മോഹിച്ചോ ആയിരുന്നില്ല. അന്വേഷണകുതുകിയും ദാർശനികനുമായ ഈ സഞ്ചാരിക്ക് ആരെയും പ്രശംസിക്കുകയോ നിന്ദിക്കുകയോ ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ചരിത്ര രചന വസ്തുനിഷ്ഠവും വിശ്വസനീയവുമാണ്. തലസ്ഥാനമാറ്റക്കഥ അൽ ഉമറി കേൾക്കുകയോ എഴുതുകയോ ചെയ്യാതിരുന്നത് ഈ കഥ പിന്നീ

ട് പ്രചാരത്തിൽ വന്നതാണെന്നതിന് തെളിവാണ്.

ചുരുക്കത്തിൽ, സുൽത്താൻ ഒരു പുതിയ നഗരം നിർമിക്കുകയാണുണ്ടായത്. ദക്ഷിണ രാജ്യങ്ങളുടെ ഭരണം സുഗമമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതു വിജയിക്കുകയും ചെയ്തു. അല്ലാതെ തലസ്ഥാനം മാറ്റിയിട്ടില്ല. ജനങ്ങളോടു മാറുവാൻ ആവശ്യപ്പെട്ടിട്ടുമില്ല. ഇതൊക്കെ ഏതോ ശത്രുക്കൾ പറഞ്ഞുണ്ടാക്കിയതാണ്. അതിന്റെ ഗുണദോഷ വിവേചനം നടത്താതെ ഇബ്നു ബത്തൂത്ത അദ്ദേഹത്തിന്റെ ഭാവനാവിലാസത്തിനും തന്റെ ആസ്വാദകസദസ്സിന്റെ രസത്തിനും വേണ്ടി ആവിഷ്കരിച്ചു എന്നു മാത്രം. പക്ഷേ അത് അതേപടി അംഗീകരിച്ച ബ്രിട്ടീഷ് ചരിത്രകാരന്മാർക്ക് രാഷ്ട്രീയമായ ദുരുദ്ദേശമാണുണ്ടായിരുന്നതെന്ന് നമുക്ക് ധരിക്കുവുന്നതേയുള്ളൂ. പക്ഷേ, അതേ ചരിത്രാഭാസങ്ങൾ ഇന്ത്യനെഴുത്തുകാരും പിന്തുടരുന്നത് ആക്ഷേപാർഹമാണ്. നാം നമ്മെത്തന്നെ പുഛിക്കുന്നതിനും നമ്മുടെ ജനതയുടെ ചരിത്രത്തെ വികലപ്പെടുത്തുന്നതിനും തുനിയുന്നത് അതിരുകടന്ന അപകടസ്വഭാവമാണ്. മഹാത്മാക്കളായ നമ്മുടെ ചരിത്രപുരുഷന്മാർ അക്കാലഘട്ടത്തിന്റെ പ്രതിനിധികൾ എന്ന നിലക്കുതന്നെ അക്കാലത്തെ ജനസമൂഹത്തിന്റെ സംസ്കാര പ്രഘോഷകരും നേതാക്കന്മാരുമായിരുന്നു. അവരെ കരിതേക്കുകയെന്നതിന്റെ അർഥം നാം ആ കാലഘട്ടത്തിലെ ജനങ്ങളോടും അവരുടെ സംസ്കാരത്തോടും അനീതി ചെയ്യുന്നുവെന്നാണ്. ഇത്തരം ചരിത്രവങ്കത്തങ്ങൾ നിഷ്പക്ഷബുദ്ധിയോടും മനഃസാന്നിധ്യത്തോടും കൂടി പൊളിച്ചെഴുത്ത് നടത്തേണ്ട സമയം വൈകിക്കൊണ്ടിരിക്കുന്നു. കാരണം കാലപ്പഴക്കത്തോടു കൂടി ഇത്തരം കാര്യങ്ങൾ കൂടുതൽ കൂടുതൽ നീക്കുപോക്കില്ലാത്ത ചരിത്രവസ്തുതകളായി മാറും. അവ നമ്മുടെ വിദ്യാർഥികളുടെ മനസ്സിൽ ആഞ്ഞിറങ്ങുകയും മാറ്റാൻ സാധിക്കാത്തത്ര ഇളകാത്ത അഭിപ്രായങ്ങളായിത്തീരുകയും ചെയ്യും. നമ്മുടെ ചരിത്രപ്രതിപാദനത്തിലെ ഇത്തരം ഊക്കൻ നുണകൾ ഇറക്കിവിട്ട ചരിത്രകാരന്മാരുടേയും സഞ്ചാരികളുടേയും ശരിയായ സ്വഭാവവും മതരാഷ്ട്രീയ വീക്ഷണങ്ങളും യുക്തിസഹമായി അപഗ്രഥിച്ച് വിശകലന വിധേയമാക്കി സത്യസന്ധമായ നിഗമനങ്ങളിലെത്തിച്ചേരാൻ സാധിച്ചെങ്കിൽ മാത്രമേ ഇരുട്ടിൽ തപ്പിത്തടയുന്ന ചരിത്ര വിദ്യാർഥികളെ അറിവിന്റെ റാന്തൽ കാട്ടി നേർ വഴിയിൽ കൂടി നയിക്കനൊക്കുകയുള്ളൂ. അതിനുള്ള ഏതു പരിശ്രമത്തേയും പ്രോത്സാഹിപ്പിക്കുകയും വേണം.

# 9

# ചൈനീസ് ആക്രമണവും ചരിത്രവങ്കത്തം തന്നെ

തുഗ്ലക്ക് മുഹമ്മദിനെ സംബന്ധിച്ച് ചരിത്രകാരന്മാർ നടത്തുന്ന മറ്റൊരാഭാസമായ ആരോപണം അദ്ദേഹം ചൈനയെ ആക്രമിക്കാൻ ഒരു വലിയ സൈന്യത്തെ അയച്ചുവെന്നതും ആ സൈന്യം ആകമാനം നശിക്കാനിടയായി എന്നുമാണ്. ഡോക്ടർ വിൻസെന്റ് സ്മിത്ത് ഈ പദ്ധതിയെ പരാമർശിച്ച് പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്: "മറ്റൊരപാരമായ പദ്ധതി, നീപ്പാൾ വഴി ഹിമാലയ ശിഖരങ്ങൾ കടന്ന് ചൈനയെ ആക്രമിക്കുകയെന്നതായിരുന്നു. സുൽത്താൻ സഹോദരപുത്രനായ ഖുസ്രോ മാലിക്കിന്റെ കീഴിൽ ഒരു ലക്ഷം സൈന്യത്തെ ശേഖരിച്ച്, എ.ഡി. 1337–ൽ ഈ ഉദ്ദേശത്തോട് കൂടി പറഞ്ഞയച്ചു. കുതിരപ്പടയാളികൾ മലയോരങ്ങളിൽ കിടന്ന് കഷ്ടപ്പെട്ടു. ചൈനക്കാരുമായി ഏറ്റുമുട്ടിയപ്പോൾ ഈ യോദ്ധാക്കളത്രയും പരാജിതരായി. അവശേഷിച്ച പത്തുപേർ ഡൽഹിയിലേക്ക് മടങ്ങിവന്നെങ്കിലും രക്തരക്ഷസ്സായ ഈ ചക്രവർത്തി അവരെ വധിക്കുകയും ചെയ്തു." (The Oxford. History of India-p. 241)

മറ്റൊരു ഇംഗ്ലീഷ് ചരിത്രകാരനായ എൽഫിൻസ്റ്റോൺ കുറെകൂടി വിശ്വസിപ്പിക്കത്തക്ക രൂപത്തിൽ ഇങ്ങനെ വ്യവഹരിച്ചു: "സുൽത്താന്റെ ധനദുർമോഹം ഒന്നുമാത്രമാണീ സംരംഭത്തിനും തദ്വാരാ ഉണ്ടായ വിനാശത്തിനും ഇടയാക്കിയത്."(Elphinstone-p. 396) ഈ ഇംഗ്ലീഷ് ചരിത്രകാരന്മാർക്ക് സുൽത്താൻ സൈന്യത്തെ അയച്ചു എന്ന് സ്ഥാപിച്ചാൽ മാത്രമേ ചക്രവർത്തിയുടെ ഉന്മാദസ്വഭാവത്തിന് സുസ്ഥിരത പ്രഖ്യാപിക്കാൻ ഒക്കുകയുള്ളൂ. അതും ഹിമാലയ ശിഖരങ്ങൾ കയറിമറിഞ്ഞ് ചൈനീസ് ചക്രവർത്തിയേയും ജനതയേയും വിസ്മയിപ്പിക്കത്തക്ക പട്ടാളാഭ്യാസങ്ങൾ കാട്ടിയെന്നു വരുത്തിയാലെ അവർക്കത്രയും തൃപ്തിയാകൂ. ഇതിനു സഹായകമായി അവരാശ്രയിക്കുന്ന ആധികാരിക വക്താക്കൾ ഇബ്നു ബത്തൂത്തയേയോ സിയാവുദ്ദീൻ ബർണിയേയോ

അല്ല. കാരണം ഇത്രയും വലിയ വിഡ്ഢിത്തം സുൽത്താനിൽ അവരാരും ആരോപിച്ചിട്ടില്ല എന്നുള്ളതുതന്നെ. ബർണി ഇതേപറ്റി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "ചൈനയുടേയും ഇന്ത്യയുടേയും ഇടയ്ക്ക് കിടക്കുന്ന ഖരജാൽ കീഴടക്കുവാൻ സുൽത്താൻ നിശ്ചയിച്ചു" എന്നാണ്. ഇബ്നു ബത്തൂത്ത എഴുതുന്നതാകട്ടെ, "ഡൽഹിയിൽ നിന്നും പത്ത് സ്റ്റേജുകൾ അകലെ കിടക്കുന്ന ഖരജാൽ മലയോരപ്രദേശത്തെ ലക്ഷ്യമാക്കിയായിരുന്നു സുൽത്താൻ സൈന്യത്തെ അയച്ചത്." ഈ രണ്ട് എഴുത്തുകാരുമാണ് ഇംഗ്ലീഷ് ചരിത്രകാരന്റെ ആധികാരിക വക്താക്കൾ എന്നു നാം നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. അവരുടെ പക്ഷപാതപരമായ പരാമർശങ്ങളാണ് ഇംഗ്ലീഷ് ചരിത്രകാരന്മാർക്ക് പ്രിയങ്കരമായിത്തീർന്നതെന്നും നാം കണ്ടു. എന്നാൽ ഹിമാചൽപ്രദേശ് എന്നു വിളിക്കുന്ന ഖരജാൽ ആക്രമിക്കുവാൻ അയച്ച സൈന്യത്തെ ചൈനീസ് ആക്രമണമാണെന്ന് വരുത്തിത്തീർക്കാൻ ഈ ചരിത്രകാരന്മാർക്ക് ബത്തൂത്തയേയോ ബർണിയേയോ ആശ്രയിച്ചാൽ സാധ്യമാവുകയില്ല. ഇരുകൂട്ടരും അസന്ദിഗ്ദമായിത്തന്നെ പ്രഖ്യാപിക്കുന്നത് ഖരജാൽ എന്ന മലയോരപ്രദേശത്തേക്കാണ് സൈന്യത്തെ അയച്ചത് എന്നാണ്. തന്മൂലം അവരത്രയും ആശ്രയിക്കുന്നത് ഫരിഷ്ടാ എന്ന ചരിത്രകാരനെയാണ്. അദ്ദേഹം ജീവിച്ചിരുന്നതാകട്ടെ തുഗ്ലക്ക് മുഹമ്മദിന്റെ മരണവും കഴിഞ്ഞ് നൂറ്റാണ്ടുകൾക്കുശേഷമാണ്. അങ്ങനെ സമകാലീനരും സുൽത്താന്റെ വിരോധികളുമായിരുന്ന ഇബ്നു ബത്തൂത്തയേയും സിയാവുദ്ദീൻ ബർണിയേയും ഇക്കാര്യത്തിൽ മാത്രം മറികടന്ന് നൂറ്റാണ്ടുകൾക്കു ശേഷം ജീവിച്ചിരുന്ന ഫരിഷ്ടയെ സത്യസന്ധനായ ചരിത്രകാരനായി വ്യവഹരിക്കുവാനും അദ്ദേഹത്തിന്റെ ഉദ്ധരണികളുമായി സുൽത്താൻ മുഹമ്മദിന്റെ ഭ്രാന്തൻ പദ്ധതി ഉദാഹരിക്കുവാനും ബദ്ധകങ്കണരായി ഇംഗ്ലീഷ് ചരിത്രകാരന്മാർ പരിശ്രമിക്കുന്നതിന്റെ ഉള്ളുകള്ളി വ്യക്തമാണ്. വിരോധികളോടുള്ള അവരുടെ പൊതു സ്വഭാവത്തിനൊരാമുഖമാണ് ഈ സംഭവം.

ദുരുപദിഷ്ടമായ ഈ കണ്ടുപിടുത്തം ആദ്യമായി നടത്തുന്നത് ഫരിഷ്ടയാണ്. അദ്ദേഹം സമകാലികനായിരുന്നില്ലെന്നു നാം പറഞ്ഞു. ഫരിഷ്ടയെഴുതി: "ചൈനയിലെ അപാരമായ ധനത്തെപ്പറ്റി കേട്ടറിഞ്ഞ സുൽത്താൻ ആ രാജ്യത്തെ കീഴടക്കണമെന്നാഗ്രഹിച്ചു. അദ്ദേഹത്തിന്റെ പ്രഭുക്കളും ഉപദേശകരും ഈ പദ്ധതിയുടെ ബുദ്ധിശൂന്യതയെപ്പറ്റി മനസ്സിലാക്കി കൊടുക്കാൻ ശ്രമങ്ങൾ നടത്തിയെങ്കിലും അവ വൃഥാവിലാവുകയാണ് ചെയ്തത്." (ferishta- briggs vol.1, p. 416) സമകാലീനർ മന:പൂർവം എഴുതിചേർത്ത അതിശയോക്തികളിൽ തന്റെ ഭാവനക്ക് അനുയോജ്യമാംവിധം കൂടുതൽ അത്യുക്തികൂടി കലർത്തി സുൽത്താൻ മുഹമ്മദിന്റെ രൂപം കഴിയുന്നതും വികൃതമാക്കിയ കക്ഷിയാ

ണ് ഫരിഷ്ട. എ. ഡി. 1327 ൽ സുൽത്താൻ മുഹമ്മദ് തലസ്ഥാനം ദേവ ഗിരിയിലേക്കു മാറ്റിയെന്നും അതോടൊപ്പം ജനങ്ങളെ അവിടേക്കു പറ ഞ്ഞയച്ചെന്നും കുറേകഴിഞ്ഞ് അവരോടത്രയും തിരിച്ചുവരാൻ ആജ്ഞാ പിച്ചെന്നുമുള്ള ദുരാരോപണങ്ങൾ ഇയാൾ എഴുതി. അതുകൊണ്ടും തൃ പ്തിവരാതെ എ. ഡി. 1340 ൽ തലസ്ഥാനം വീണ്ടും ഡൽഹിയിൽനി ന്നും ദേവഗിരിയിലേക്കു മാറ്റി സ്ഥാപിച്ചു എന്ന ആരും പറയാത്ത പു ത്തൻകാര്യങ്ങൾകൂടി എഴുതി പിടിപ്പിച്ചിട്ടുള്ള ചരിത്രകാരനാണ് ഫരി ഷ്ട. മുഹമ്മദ് തുഗ്ലക്കിന്റെ സകല പ്രവൃത്തികളും നൈമിഷികമായ വികാര വിക്ഷോഭത്തിന്റെ ഫലമായിരുന്നുവെന്നും വീണ്ടുവിചാരമില്ലാ ത്ത ഒരു ധിക്കാരിയുടെ ഭ്രാന്തൻനയങ്ങളായിരുന്നുവെന്നും ആദ്യന്തം നിഷ്കരുണമായി വിവരിച്ചിട്ടുള്ള എഴുത്തുകാരനാണ് ഫരിഷ്ട എന്ന ചരിത്രകാരൻ. സുൽത്താൻ മുഹമ്മദ് ചൈനയെ ആക്രമിക്കാൻ തന്നെ യാണ് സൈന്യത്തെ അയച്ചത് എന്നു സ്ഥാപിക്കാൻ ഇംഗ്ലീഷ് ചരിത്ര കാരന് കിട്ടിയ ആധികാരികവക്താവ് ഇദ്ദേഹമാണ്.

അതേ സന്ദർഭത്തിൽ സൈന്യത്തിന് ഉന്മൂലനാശം വന്നുവെന്ന് സ മർഥിക്കുവാൻ ബർണിയേയും ബത്തൂത്തയേയും ആണ് ഇംഗ്ലീഷ് ചരി ത്രകാരൻ പൊക്കിപ്പിടിക്കുന്നത്. “ഒരു ലക്ഷം സൈനികരിൽ മൂന്നുപേ രേ അവശേഷിച്ചുള്ളൂ” എന്നു ബത്തൂത്തയും “പത്തുപേർ ബാക്കിയാ യി” എന്നു ബർണിയും എഴുതി. ദുഃഖകരമായ ഈ വാർത്ത അറിയി ക്കുവാൻ മടങ്ങിയെത്തിയ അവരെയും സുൽത്താൻ വധിക്കുകയാണു ചെയ്തത് എന്നാണ് ഇവരിരുവരും പറയുന്നത്. ഈ കഥ സൈന്യത്തി ന്റെ നശീകരണത്തെ കാണിക്കുവാനും തുഗ്ലക്ക് മുഹമ്മദിനെ പമ്പരവി ഡ്ഢിയായി ചിത്രീകരിക്കുവാനും ബ്രിട്ടീഷ് ചരിത്രകാരന്മാർ ഉപയോ ഗപ്പെടുത്തി. അങ്ങനെ ചൈനീസ് ആക്രമണമാണ് നടന്നതെന്നു വ്യ വഹരിക്കുവാൻ ഫരിഷ്ടയേയും, ഒരുലക്ഷത്തിൽപരം സൈന്യങ്ങൾ തീർത്തും നശിച്ചെന്നു സ്ഥാപിക്കുവാൻ ബത്തൂത്തയേയുമാണ് ഇവർ സഹായകമായി കണ്ടത്. ഇതു തീർത്തും ഒരു ചരിത്രവങ്കത്തവും യാ ഥാർഥ്യങ്ങളെ വളച്ചൊടിച്ച് സ്വന്തം അഭിപ്രായത്തെ സ്ഥിരീകരിക്കുവാ നുള്ള പരിശ്രമവും ആണ്.

മൂന്നുപേർ മാത്രമേ അവശേഷിച്ചുള്ളൂ എന്നു പറയുന്ന ബത്തൂത്ത തന്നെ എഴുതുന്നു: ഈ “മലയോരപ്രമാണി ചക്രവർത്തിക്കു കീഴട ങ്ങി. കപ്പം കൊടുത്ത് സാമന്തനാകാമെന്നു സമ്മതിക്കുകയും ചെയ് തു.” ബർണിയും ഇതു തന്നെയാണു പറയുന്നത്. അപ്പോൾ ഒരു ല ക്ഷത്തിൽപരം സൈന്യത്തെ ഉന്മൂലനാശം ചെയ്യാൻ സാധിച്ച ഏതൊ രു എതിരാളിയും സാമന്തനായിത്തീർന്ന് കപ്പംകൊടുത്തു കഴിയാമെ ന്നു സമ്മതിക്കുക യുക്തിക്കോ നീതിക്കോ നിരക്കാത്ത കാര്യങ്ങളാ ണ്. ഇതിൽനിന്നും വ്യക്തമാകുന്നത് ഈ സൈന്യനശീകരണത്തിന്റെ

കാര്യവും കള്ളക്കഥ മാത്രമാണെന്നാണ്. തന്റെ സാമ്രാജ്യാതിർത്തി യിൽ കിടന്നിരുന്ന ഒരു മലയോര പ്രദേശമാണ് ഖരജാൽ. ഇന്നത്തെ ഹിമാചൽ പ്രദേശ് ആണ് ഈ സ്ഥലമെന്നാണ് ഡോക്ടർ ഈശ്വരി പ്ര സാദ് സമർഥിച്ചിട്ടുള്ളത്. കൊയ്ത്തുകാലങ്ങളിൽ മലയോരങ്ങളിൽ നി ന്നും സമതല പ്രദേശത്തേക്ക് ഇറങ്ങി വന്ന് വിള നശിപ്പിക്കുന്ന വെട്ടു കിളികളെപ്പോലെ കൊള്ളനടത്തിയിരുന്ന ഖരജാൽ പ്രദേശത്തെ ജന ങ്ങൾ തുഗ്ലക്കിന്റെ സാമ്രാജ്യത്തിനും ജനങ്ങൾക്കും വലിയ ശല്യമായി രുന്നു. അവരെ നിലക്കു നിർത്തേണ്ടത് രാജ്യത്തിന്റെ സമാധാന സ്ഥാ പനത്തിന് അനിവാര്യമായിരുന്നു. ഈ ലക്ഷ്യത്തെ മുൻ നിറുത്തി ഖര ജാലിലെ കാട്ടരചനെ സാമന്തനാക്കുവാൻ ശ്രമിക്കുകയാണ് ഈ പ്ര തിരോധ നടപടി കൊണ്ടുദ്ദേശിച്ചത്. അത് ഫലവത്താകുകയും ചെയ് തുഎന്ന് സമകാലികരേഖകൾ കൊണ്ടുതന്നെ വ്യക്തമാകുന്നുണ്ട്. അ ങ്ങനെ വിജയകരമായി കലാശിച്ച ഒരു സൈനിക പ്രവർത്തനത്തെയാ ണ് ഏറ്റവും വലിയ അബദ്ധമായും ഭ്രാന്തൻ പ്രവൃത്തിയായും ചിത്രീ കരിച്ചിരിക്കുന്നത്.

ഒരു ലക്ഷത്തിൽപരം യോദ്ധാക്കാളിൽ ബത്തൂത്ത പറയുന്ന മൂന്നു പേരെ ഒഴിച്ച് ബാക്കിയുള്ളവരെ മുഴുക്കെ വകവരുത്താൻ കഴിഞ്ഞ ഒ രെതിരാളി ഒരിക്കലും സാമന്തനായി കഴിയാൻ സമ്മതിക്കുകയില്ല. ക പ്പവും കൊടുത്ത് സുൽത്താന്റെ പരമാധികാരത്തിൻ കീഴിൽ അയാൾ കഴിയാമെന്നുറപ്പുകൊടുക്കുക അസ്വഭാവികവുമാണ്. അതുകൊണ്ടു ത ന്നെ ഈ സൈനിക നശീകരണകഥ വെറും മിഥ്യ മാത്രമാണെന്ന് വ രുന്നു. സുൽത്താൻ മുഹമ്മദ് ചെയ്ത ഏത് പ്രവൃത്തിയും വീണ്ടുവി ചാരമില്ലാത്ത വിഡ്ഢിത്തമായിരുന്നുവെന്ന് വരുത്തിത്തീർത്താലേ ഈ ചരിത്രകാരന്മാർക്ക് മനഃസുഖമുള്ളു. അതിനാവശ്യമായ ഉപകരണങ്ങൾ ബത്തൂത്ത തുടങ്ങിയവർ പ്രദാനം ചെയ്യുകയും ചെയ്തുവെന്നതാണ് പരമാർഥം.

സമകാലിക ചരിത്രകാരന്മാരാരും ഉന്നയിച്ചിട്ടില്ലാത്ത ഈ ചൈനീ സ് ആക്രമണത്തിന്റെ കാര്യം ഡോക്ടർ സ്മിത്തും കൂട്ടരും എത്രമാ ത്രം അത്യുക്തിയോടു കൂടിയാണ് പറഞ്ഞിട്ടുള്ളതെന്ന് നാം പ്രസ്താ വിച്ചതാണ്. ഇതിൽ എടുത്തു പറയേണ്ട മറ്റൊരസാംഗത്യം, ചൈനയെ അക്രമിക്കുവാൻ ഹിമാലയം കയറി മറിഞ്ഞാണ് സൈനിക പ്രവർത്ത നം നടത്താൻ ആജ്ഞാപിച്ചിരുന്നതെന്നത്രേ. ബത്തൂത്ത തന്നെ ചൈ നയിലേക്ക് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സുൽത്താനയച്ച ദൗത്യ സംഘത്തെക്കുറിച്ചും അവരുടെ മാർഗത്തെ സംബന്ധിച്ചും വിശദീകരി ക്കുന്നുണ്ട്. ചൈനയിലേക്കുള്ള വഴി കടൽമാർഗേണ ആയിരുന്നു. ചൈ നയിലേക്ക് പോകുവാൻ നിയോഗിച്ച ബത്തൂത്തയും കൂട്ടരും കോഴി ക്കോട്ടെത്തുന്നത് അങ്ങനെയാണ്. കയറാൻ നിശ്ചയിച്ചിരുന്ന ഓടം ക

ടൽക്ഷോഭത്തിൽ പെട്ട് തകർന്നതുമൂലം ചൈനയിലേക്ക് പോകാൻ സാധിക്കാതെ കേരളക്കരയിൽ തങ്ങിയതും തുടർന്നുള്ള ബത്തൂത്തയുടെ സഞ്ചാരവൃത്താന്തങ്ങളും നാം പ്രതിപാദിച്ചതാണ്. അപ്പോൾ ചൈനയിലേക്കുള്ള വഴി അറിയാത്ത വ്യക്തിയായിരുന്നില്ല തുഗ്ലക്ക് സുൽത്താൻ. 1333 മുതൽ 1366 വരെ തുടർച്ചയായി ചൈനയുമായി നയതന്ത്രബന്ധം ഉണ്ടായിരുന്നതായും ഒരു ചൈനീസ് പ്രതിപുരുഷകാര്യാലയം ഡൽഹിയിൽ പ്രവർത്തിച്ചിരുന്നതായും സമകാലിക രേഖകൾ തെളിയിക്കുന്നുണ്ട്. നിരന്തരം സമ്പർക്കമുണ്ടായിരുന്ന ഒരു സാമ്രാജ്യത്തിലേക്കുള്ള മാർഗം സുൽത്താൻ മുഹമ്മദ് അറിഞ്ഞിരുന്നില്ല എന്നുവരിക വിശ്വസനീയമല്ല. തന്റെ സൈന്യങ്ങളെ നശിപ്പിക്കാൻ വേണ്ടി മഞ്ഞുകട്ടികളാൽ പ്രക്ഷാളനം ചെയ്യപ്പെട്ട ഹിമാലയ കൊടുമുടികൾ മറികടന്ന് ചൈനയിലെത്തുവാൻ സൈന്യത്തെ അയച്ചുവെങ്കിൽ അത് മനഃപൂർവമായിരിക്കണം. ഭ്രാന്തൻ സ്വഭാവത്തിന്റെ ധിക്കാരത്തിന് മാത്രമേ അത്തരം ധാർഷ്ട്യമുണ്ടാകുകയുള്ളൂ. അപ്പോൾ ഇംഗ്ലീഷ് ചരിത്രകാരൻ പറയുന്ന ചൈനീസ് ആക്രമണത്തിന്റെ കാര്യവും തജ്ജന്യമായ സൈനിക നശീകരണത്തിന്റെ സംഗതിയും ചരിത്രത്തിലെ കല്ലുവെച്ച നുണകൾ മാത്രമാണെന്ന് സിദ്ധിക്കുന്നു.

ഇത്തരം ആഭാസകരമായ ചരിത്രവങ്കത്തങ്ങൾ എഴുതി പിടിപ്പിക്കാനുള്ള ധൈര്യം ഇംഗ്ലീഷ് ചരിത്രകാരനു ലഭിച്ചത് ബത്തൂത്ത തുടങ്ങിയവരുടെ അതിശയോക്തി മൂലവും അവരുടെ പക്ഷപാതപരമായ ചരിത്രവിവരണങ്ങൾകൊണ്ടും ആകുന്നു. ചുരുക്കത്തിൽ, ഇംഗ്ലീഷ് ചരിത്രകാരന്മാരുടെ ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന കുപ്രസിദ്ധമായ നയത്തിനനുയോജ്യമല്ലാത്തതും വിരുദ്ധവുമായ രേഖകളെ വിഗണിക്കുവാനും വിസ്മരിച്ചില്ല. അങ്ങനെ സ്വന്തം താല്പര്യത്തെ മുൻനിറുത്തി തങ്ങളുടെ നയത്തിനും ഉദ്ദേശ്യത്തിനും പ്രയോജനകരമായ തെളിവുകൾ തേടിപ്പിടിക്കുകയായിരുന്നു ഇന്ത്യാചരിത്ര ക്രോഡീകരണം നടത്തിയ ബ്രിട്ടീഷ് ചരിത്രകാരന്റെ ലക്ഷ്യം. മഹത്തരമായ ഒരു സംരംഭം സ്വാർഥതാല്പര്യത്തിനുവേണ്ടി കുരുതികൊടുക്കുകയാണ് തന്മൂലം നടന്നത്. ചരിത്രാവിഷ്കരണം കൊണ്ട് സാധിക്കാവുന്ന മഹത്കാര്യങ്ങൾ തന്മൂലം ത്യജിക്കപ്പെട്ടു. അതിന്റെ ഫലമായി ചരിത്രവിചാരം നടത്തുന്നവർക്ക് വർധമാനമായ ദുർഘടവും അമിതമായ പ്രയാസവും ആണ് ഇന്ത്യാചരിത്രം സമ്മാനിക്കുന്നത്. അതോടൊപ്പം ചരിത്രത്തിനു സാധിക്കുന്ന നല്ല സ്വാധീനതകളൊന്നും തന്നെ വിദ്യാർഥികൾക്ക് ലഭിക്കുന്നതുമില്ല. നേരേമറിച്ച് നിരവധി ദൂഷ്യങ്ങൾ ഇതുമൂലം ഉണ്ടായിട്ടുമുണ്ട്. രഞ്ജിപ്പോടും ഒരുമയോടുംകൂടി കഴിയേണ്ട വിവിധ മതക്കാരും ഭാഷക്കാരുമായ ഭാരതീയർ, സങ്കീർണമായ സാമുദായിക വർഗീയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും ഇതുമൂലമാണ്. വിശാലമായ ദേശീയ

വീക്ഷണം ഉണ്ടാകേണ്ടതിനുപകരം കുടുസ്സായ പ്രാദേശികത്വമാണ് നമ്മിലധികമാളുകളിലും രൂഢമൂലമായിരിക്കുന്നത്. അങ്ങനെ നിരവധി ദൂഷ്യങ്ങൾ ഇന്നത്തെ രീതിയിലുള്ള ഇന്ത്യാചരിത്രസംവിധാനങ്ങൾകൊണ്ട് നിലവിലിരിക്കുന്നു. ഇവക്ക് ഉന്മൂലനാശം വരുത്തി സമാധാനവും സൗഹൃദവും ഈ നാട്ടിൽ ഉന്നയിക്കണമെങ്കിൽ ഇന്ത്യാചരിത്രം പുനഃസംവിധാനിച്ചു കൊണ്ടേ സാധ്യമാവുകയുള്ളു. അതിനുള്ള സംരംഭങ്ങൾ നടത്തുമ്പോൾ ഇതുവരെ വിശ്വസിച്ചുപോന്ന പലതിനേയും ചോദ്യം ചെയ്യേണ്ടതായി വരും. ആധികാരിക വക്താക്കളെന്ന് കരുതിപ്പോരുന്ന പലരുടേയും ശരിരൂപം വ്യക്തമാക്കേണ്ടതായും വരും. സമൂലമായ ഒരു പൊളിച്ചെഴുത്ത് അത്യാവശ്യമായിത്തീരുകയും ചെയ്യും. അത്തരം വിഷയങ്ങളിൽ പ്രധാനമായ ഒന്നാണ് ഇബ്നു ബത്തുത്തയുടെ സഞ്ചാരഗ്രന്ഥം.

## 10

# മുഹമ്മദ് തുഗ്ലക്കിന്റെ രക്തദാഹം

തുഗ്ലക്ക് മുഹമ്മദിനെ ചരിത്രത്തിലെ അനാഥപ്രേതമായി ചിത്രീകരിക്കാനുപയോഗിക്കുന്ന മറ്റൊരു വസ്തുതയാണ് സുൽത്താന്റെ നീചവും നികൃഷ്ടവുമായ രക്തവാഞ്ചയുടെ കഥകൾ. ഡോക്ടർ വിൻസന്റ് സ്മിത്ത് അതിശയകരമാം വിധം സുൽത്താന്റെ രക്തദാഹത്തിന്റെ അഭിവാഞ്ച വിസ്തരിച്ച് പ്രതിപാദിച്ച ശേഷം അദ്ദേഹത്തിന്റെ ഭരണത്തെ വിലയിരുത്തുന്നതിപ്രകാരമാണ്: ""He ruled for 26 years of tyranny as atrocious as any in the annals of human devilry". (മാനുഷിക പൈശാചികത്വത്തിന്റെ കഥകളിൽ ക്രൂരമായതാണ് ഇദ്ദേഹം ഭരണം നടത്തിയ ഇരുപത്തിയാറുകൊല്ലം.") (The Oxford History of India-p. 237). ഈ സമീപനത്തിന് അദ്ദേഹത്തിനു പ്രേരണ നല്കിയ പ്രാമാണിക ചരിത്രഗ്രന്ഥം ഇബ്നു ബത്തൂത്തയുടേതാണെന്ന് അദ്ദേഹം തന്നെ പ്രസ്താവിക്കുന്നു. ആധുനികരായ ചരിത്രമെഴുത്തുകാരൊക്കെ മുഹമ്മദ് തുഗ്ലക്കിന്റെ സ്വഭാവപഠനത്തിനാധാരമാക്കുന്ന ആധികാരിക ധാര ബത്തൂത്തയുടെ വിവരണങ്ങളാണ്. ബത്തൂത്ത സുൽത്താന്റെ വിനയവും ദയാശീലവും വിവരിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ രക്തദാഹത്തിന്റെ കാര്യവും സ്വതസിദ്ധമായ ശൈലിയിൽ എഴുതിയിട്ടുണ്ട്. അങ്ങനെയാണ് ഡോക്ടർ സ്മിത്തും കൂട്ടരും തുഗ്ലക്ക് മുഹമ്മദ് 'വൈരുധ്യങ്ങളുടെ സമ്മിശ്ര'മെന്നും 'സൃഷ്ടിയുടെ അത്ഭുത പ്രതിഭാസ'മെന്നും മറ്റും തീരുമാനിച്ചത്.

ബത്തൂത്ത എഴുതുന്നു: "മുഹമ്മദ് തുഗ്ലക്ക് ദയാകാരുണ്യങ്ങളിലെന്നതു പോലെ ചോര ചിന്തുന്നതിലും അതിയായ മോഹമുള്ളവനാണ്. അരമനവാതായനത്തിൽ വധശിക്ഷക്ക് വിധിക്കപ്പെട്ടവരും ദാനധർമ്മാദികൾ പ്രതീക്ഷിച്ചു നിൽക്കുന്നവരും ഇല്ലാത്ത സമയം ദുർല്ലഭമായിരിക്കും. ചക്രവർത്തിയുടെ ഔദാര്യത്തേയും ധീരതയേയും ക്രൂരതയേയും കുറിച്ചുള്ള പല കഥകളും ജനങ്ങൾക്കിടയിൽ പ്രസിദ്ധങ്ങളാണ്.

ഇദ്ദേഹത്തിന്റെ കണ്ണിൽപ്പെട്ടിരുന്ന ഒറ്റ ദരിദ്രനും നിരാശനായി മടങ്ങി പ്പോകേണ്ടി വന്നിട്ടില്ല. ഇസ്‌ലാമിക വിധിയനുസരിച്ചുള്ള ദാനധർമങ്ങൾ മുടക്കമില്ലാതെ അനുഷ്ഠിച്ചുപോന്നിരുന്നു. തിട്ടപ്പെടുത്തുവാനൊക്കാത്ത ത്രെ ദുഷ്പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വിനയം, സത്യസന്ധ ത, നീതിപാലനം തുടങ്ങിയവ സ്തുത്യർഹമായി നിർവഹിച്ചിരുന്ന മ ഹാനായിരുന്നു മുഹമ്മദ് സുൽത്താൻ....”

“.....സുൽത്താന്റെ സത്ഗുണങ്ങളെക്കുറിച്ചാണ് ഇതുവരെ പറഞ്ഞ ത്. അദ്ദേഹത്തിന്റെ വിനയം, നീതിനിർവഹണം, ഭൂതദയ, ഔദാര്യം തുടങ്ങിയ മഹനീയ ഗുണങ്ങളെക്കുറിച്ചാണ് വിവരിച്ചത്. ഇതോടൊപ്പം ഇതിന്റെ മറുപുറവും നോക്കണം. ഈ മഹത്തരമായ ഗുണങ്ങളുടെ വിളനിലമായ ഈ മഹാനിൽതന്നെ ഏറ്റവും നീചമായ സ്വഭാവവൈ കൃതവും കൂടി കുടിയിരിക്കുന്നു. ഉദാരമതിയായ ഈ സുൽത്താൻ ചോ രചിന്തുന്നതിലും മിടുക്കനാണ്. കൊട്ടാരപ്പടിക്കൽ വധിക്കപ്പെട്ടവരുടെ പ്രേതങ്ങൾ കിടക്കുക സാധാരണ സംഭവമാണ്. ഇവിടെ വെച്ച് പലരേ യും കൊല്ലുന്നത് കാണേണ്ട ദൗർഭാഗ്യം എനിക്കുതന്നെ ഉണ്ടായിട്ടു ണ്ട്. വധിക്കപ്പെടുന്നവരുടെ ശവശരീരം ഉടൻ നീക്കുകയില്ലെന്നു മാത്ര മല്ല പല ദിവസങ്ങൾ അവിടെ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യും. ഒരി ക്കൽ ഞാൻ കൊട്ടാരത്തിലേക്ക് വരുമ്പോൾ എന്റെ കുതിര സംശയിച്ച് പെട്ടെന്ന് നിന്നു. ഞാൻ മുമ്പോട്ട് നോക്കിയപ്പോൾ എന്തോ ചിലത് കു ന്നുകൂട്ടിയിട്ടിരിക്കുന്നത് കണ്ടു. കൂടെയുള്ളവരോട് അന്വേഷിച്ചപ്പോഴാ ണ് മനസ്സിലാകുന്നത്, വധിക്കപ്പെട്ടവരുടെ പ്രേതമാണ് അരിഞ്ഞുകൂട്ടി യിരിക്കുന്നതെന്ന്.”

“കുറ്റത്തിന്റെ ആക്കത്തൂക്കം നോക്കാതെ കഠിനശിക്ഷയാണ് സുൽ ത്താൻ നല്കിയിരുന്നത്. പണ്ഡിതന്മാരും പൗരപ്രധാനികളും ഇതിൽ നിന്നും മുക്തരായിരുന്നില്ല. അവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങളോ കുറ്റത്തിൽ നിന്ന് മോചനമോ സുൽത്താനിൽ നിന്നും ലഭിച്ചിരുന്നില്ല. ജയിലിലടച്ചിരുന്ന നൂറുകണക്കിന് കുറ്റവാളികളെ ചങ്ങലക്കിട്ടു നിത്യേ ന സുൽത്താന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. അതിൽ കൊല്ലേണ്ടവരെ കൊല്ലുകയും ദണ്ഡിക്കേണ്ടവരെ മർദ്ദനമുറകൾക്ക് വിധേയമാക്കുക യും ചെയ്തു. വെള്ളിയാഴ്ച ഒഴികെ എല്ലാ ദിവസവും ജയിൽപുള്ളിക ളെ ദർബാറിൽ ഹാജരാക്കുന്നു.....”

“സുൽത്താന്റെ സഹോദരനായിരുന്നു മസ്ഊദ് ഖാൻ. സുൽത്താൻ അലാവുദ്ദീന്റെ പുത്രിയാണ് ഇദ്ദേഹത്തിന്റെ മാതാവ്. ലോകത്തൊരിട ത്തും ഇത്രയും ആകാരസൗഷ്ഠവമുള്ള ഒരു യുവകോമളനെ ഞാൻ കണ്ടിട്ടില്ല. അത്രയും സുന്ദരമായതാണ് ആ ശരീരം. തനിക്കെതിരായി ഗൂഢാലോചനയും വിപ്ലവവും നടത്താനാലോചിച്ചു എന്നതാണ് ഇയാ ളിൽ ആരോപിതമായ കുറ്റം. ഈ കുറ്റം സമ്മതിച്ചാൽ വധശിക്ഷയായി

രിക്കും ലഭിക്കുകയെന്നറിഞ്ഞിട്ടുകൂടി മസ്ഊദ് ഇത് നിഷേധിച്ചില്ല. കുറ്റം സമ്മതിച്ചാൽ ഉടൻ വധിക്കും; നിഷേധിച്ചാൽ ഇഞ്ചിഞ്ചായി മരിക്കേണ്ടിവരും. അതാണ് കുറ്റസമ്മതത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇത്തരം സന്ദർഭങ്ങളിൽ സുൽത്താന്റെ അഭിപ്രായത്തെ എതിർക്കുന്നവർക്ക് നിഷ്ഠൂരവും നീചവുമായ ശിക്ഷകളാണ് ലഭിക്കുക. ഈ മർദ്ദനങ്ങൾ ഭയന്നാണ് മസ്ഊദ് ഖാൻ ആരോപിതമായ കുറ്റം ഏറ്റത്. ഇദ്ദേഹത്തെ കൊല്ലാൻ കല്പനകൊടുത്തു. അങ്ങാടിയിൽ വെച്ചാണ് മസ്ഊദ് ഖാനെ കൊന്നത്. ധാരാളം ജനങ്ങൾ കാഴ്ചക്കാരായുണ്ടായിരുന്നു. മൂന്നു ദിവസം ആ പ്രേതം അതേസ്ഥലത്തു തന്നെ കിടന്നു. രണ്ടു വർഷത്തിനു ശേഷം ഇതേസ്ഥലത്തു വെച്ചു തന്നെയാണ് മസ്ഊദ് ഖാന്റെ മാതാവിനെ കല്ലെറിഞ്ഞ് കൊന്നത്. വ്യഭിചാരകുറ്റമായിരുന്നു അവരിൽ ആരോപിതമായിരുന്നത്.”

“ഡൽഹി പ്രാന്തപ്രദേശത്തോട് തൊട്ടുകിടക്കുന്ന മലയോരങ്ങളിൽ അധിവസിക്കുന്ന അമുസ്ലിംകളുമായി യുദ്ധത്തിന് മാലിക് യൂസുഫ് ബുഹ്റായുടെ നേതൃത്വത്തിലൊരു സൈന്യത്തെ പറഞ്ഞയച്ചു. ഭൂരിപക്ഷം യോദ്ധാക്കളും അദ്ദേഹത്തോടൊപ്പം പോയെങ്കിലും ചിലർ പിന്തിരിഞ്ഞ് പോന്നു. ഈ വിവരം മാലിക് യൂസുഫ് സുൽത്താനെ അറിയിച്ചു. അവരെ മുഴുക്കെ തെരഞ്ഞുപിടിച്ച് തന്റെ മുമ്പിൽ ഹാജരാക്കാൻ കല്പിച്ചതനുസരിച്ച് സുൽത്താന്റെ സമക്ഷത്തിങ്കൽ അവരെ എല്ലാവരേയും ഹാജരാക്കി. അവരെ മുഴുക്കെ കൊല്ലാനാണ് സുൽത്താനാജ്ഞാപിച്ചത്. ഒരു മണിക്കൂറിനുള്ളിൽ 350 പേരുടെ വധം നടന്നു.”

“ശൈഖ് ഷിഹാബുദ്ദീൻ ഖുറാസാനിലെ ശൈഖുൽജാമിന്റെ മകനാണ്. പ്രസിദ്ധനായ ഒരു സിദ്ധനായിരുന്നു അദ്ദേഹം. പതിനാല് ദിവസം തുടർച്ചയായി വ്രതമനുഷ്ഠിക്കുവാനദ്ദേഹത്തിന് കഴിയുമായിരുന്നു. സുൽത്താൻ കുതുബുദ്ദീനും സുൽത്താൻ തുഗ്ലക്കും ഇദ്ദേഹത്തെ വളരെ ആദരിക്കുകയും ചിലപ്പോൾ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ വാങ്ങുകയും പതിവായിരുന്നു. ഒരു യോഗീവര്യനായിട്ടാണ് ഇവർ അദ്ദേഹത്തെ കരുതിയിരുന്നത്. എന്നാൽ മുഹമ്മദ് ഇബ്നു തുഗ്ലക്ക് ചക്രവർത്തിയായപ്പോൾ ഈ സ്ഥിതിക്ക് സാരമായ മാറ്റമുണ്ടായി. പണ്ഡിതന്മാരേയും ശൈഖുകളേയും സൂഫികളേയും തന്റെ ജീവനക്കാരാക്കുവാനാണ് അദ്ദേഹം ഉദ്യമിച്ചത്. എന്നാൽ ശൈഖ് ശിഹാബുദ്ദീൻ സുൽത്താന്റെ ആശ്രിതനാകാൻ സമ്മതിച്ചില്ല. അതിനാൽ ഈ സിദ്ധനെ ദർബാറിലേക്ക് കൊണ്ടുവന്നു. സുൽത്താൻ വീണ്ടും തന്റെ ഉദ്ദേശ്യം അറിയിച്ചപ്പോൾ അദ്ദേഹം ആദ്യം കൊടുത്ത മറുപടി തന്നെ പറഞ്ഞു. തന്റെ ദൃഢമായ അഭിപ്രായം അചഞ്ചലമായിരുന്നു. അത് തുറന്നു പറയാനുള്ള ചങ്കൂറ്റം അദ്ദേഹത്തിനുണ്ടായിരുന്നു. ശൈഖിന്റെ ഈ ഉറച്ച നിലപാട് സുൽത്താനെ കോപാകുലനാക്കി. തന്റെ കല്പന ധിക്കരിച്ച

ശൈഖിന്റെ താടിരോമങ്ങൾ ഓരോന്നായി നുള്ളിപ്പറിക്കാൻ സുൽത്താൻ ആജ്ഞാപിച്ചു. അതിനു നിയോഗിച്ചത് മറ്റൊരു മഹാപണ്ഡിതനായ ശൈഖ് സിയാവുദ്ദീനെയായിരുന്നു. ഈ പാതകം ചെയ്യുവാൻ തന്റെ കരങ്ങൾ ശക്തമാകുകയില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞപ്പോൾ ഇവരിരുവരുടേയും താടിരോമങ്ങൾ നുള്ളിപ്പറിച്ചെടുക്കുവാനാണ് സുൽത്താൻ കല്പിച്ചത്. ഇത് ചെയ്തശേഷം ഷിഹാബുദ്ദീനെ തെലുങ്കാനയിലേക്കും സിയാവുദ്ദീനെ ദൗലത്താബാദിലേക്കും നാടുകടത്തി. ഏതാനും കൊല്ലങ്ങൾക്കു ശേഷം സിയാവുദ്ദീനെ വാറങ്കിയിലെ ഖാസിയായി സുൽത്താൻ നിയമിച്ചു. അവിടെ വെച്ച് അദ്ദേഹം ചരമമടഞ്ഞു. ഷിഹാബുദ്ദീനെയാകട്ടെ ഏഴു വർഷങ്ങൾക്കു ശേഷം തിരിച്ചുവിളിച്ചു. രാജകീയാനുകൂല്യങ്ങളും ബഹുമതികളും നല്കി ആദരിച്ചു. പൂർവവൈരം വിസ്മരിച്ച് അമിതമായ സ്നേഹബഹുമാനങ്ങൾ സുൽത്താൻ അദ്ദേഹത്തോട് കാണിച്ചു. കൊട്ടാരത്തിൽ അദ്ദേഹത്തിനു വലിയ സ്ഥാനമായിരുന്നു. ഉദ്യോഗസ്ഥന്മാർ അദ്ദേഹം പറയുന്നത് ചെയ്യണമെന്ന് സുൽത്താൻ കല്പിച്ചിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഗംഗാതീരത്തു പുതുതായി പണികഴിപ്പിച്ച കൊട്ടാരത്തിലേക്ക് സുൽത്താൻ താമസം മാറ്റിയത്. സർഗ്ദ്വർ എന്നാണിതിനു പേരിട്ടിരുന്നത്. പ്രജകളോടും അങ്ങോട്ടുമാറി താമസിക്കുവാനദ്ദേഹം ആവശ്യപ്പെട്ടു. തലസ്ഥാനത്തു തന്നെ കഴിഞ്ഞുകൂടാൻ അനുവദിക്കണമെന്ന് ശൈഖ് ഷിഹാബുദ്ദീൻ സുൽത്താനോട് അഭ്യർഥിച്ചതനുസരിച്ച് ഡൽഹിയിൽ നിന്നും ആറു മൈൽ ദൂരെയുള്ള ഒരു ഗ്രാമത്തിൽ താമസിച്ചുകൊള്ളാൻ സുൽത്താൻ അനുവദിച്ചു. ശൈഖ് സന്തോഷത്തോടു കൂടി തന്റെ അനുചരന്മാരുമായി അവിടേക്ക് പോയി. അതൊരു തരിശു ഭൂമിയായിരുന്നു. ശൈഖ് അവിടെ വലിയ ഗുഹ പണിയിച്ചു. യമുനാനദിയിൽ നിന്നും വെള്ളം കൊണ്ടുവന്ന് അവിടെ കൃഷിയിറക്കി ഫലസമൃദ്ധിയുണ്ടാക്കി. തന്റെ അടിമകളെ അലസരായി കഴിയാൻ അദ്ദേഹം വിട്ടിരുന്നില്ല. അവരൊക്കെ പണിയെടുത്തു. കൃഷിയിൽ നിന്നും നല്ല ആദായവും ലഭിച്ചു. സുൽത്താൻ മടങ്ങി വരുന്നതു വരെ രണ്ടുകൊല്ലം ശൈഖും കൂട്ടാളികളും അവിടെ സുഖമായി കഴിഞ്ഞുകൂടി. ശൈഖിന്റെ അടിമകൾ പകൽ മുഴുക്കെ വേലചെയ്ത് ഇരുട്ടുമ്പോൾ ഗുഹയിൽ കടന്ന് ഗുഹാമുഖം അടച്ചുകളയുന്നു. മലയോരങ്ങളിൽ കൊള്ളക്കാർ അധിവസിക്കുന്നതു കൊണ്ട് മൃഗങ്ങളെപ്പോലും ഗുഹക്കകത്താണ് സൂക്ഷിക്കുക.”

“സുൽത്താൻ തിരിച്ചുവന്ന വാർത്ത അറിഞ്ഞപ്പോൾ ശൈഖ് അദ്ദേഹത്തെ സ്വീകരിക്കുവാനായി പുറപ്പെട്ടു. ഡൽഹിയിൽ നിന്നും ഏഴു മൈൽ അകലെവെച്ചാണ് സുൽത്താനെ കണ്ടത്. സുൽത്താൻ ശൈഖിനെ ആലിംഗനം ചെയ്തു സ്നേഹപ്രകടനം നടത്തി. അനന്തരം ശൈഖ് തന്റെ ഗുഹയിലേക്ക് മടങ്ങി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ശൈ

ഖിനെ അരമനയിലേക്ക് ക്ഷണിക്കുവാൻ ഒരു രാജദൂതൻ ആഗതനായി. ശൈഖ് സുൽത്താന്റെ ക്ഷണം നിരസിച്ചു. ഇതറിഞ്ഞ ഉടനെ ശൈഖിനെ കൂട്ടി കൊണ്ടുവരാൻ തന്റെ സൈനികമേധാവിയെ സുൽത്താൻ നിയോഗിച്ചു. അദ്ദേഹം ശൈഖിനെ കണ്ട് സുൽത്താന്റെ സ്വഭാവത്തെയും ക്ഷണം നിരസിച്ചാലുണ്ടായേക്കാവുന്ന ദുരന്തഫലത്തേയും പറ്റി സ്നേഹാദരവുകളോടു കൂടിത്തന്നെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. 'ദ്രോഹിക്കു ഞാൻ സേവകനായിരിക്കുകയില്ല' എന്നാണ് ശൈഖ് അവസാനമായി മറുപടി പറഞ്ഞത്. ഈ വിവരം സൈന്യാധിപൻ അറിയിച്ചതോടു കൂടി ശൈഖിനെ ബലമായി ബന്ധനസ്ഥനാക്കി തന്റെ മുമ്പിൽ ഹാജരാക്കാൻ സുൽത്താൻ ആവശ്യപ്പെട്ടു. അങ്ങനെ രാജധാനിയിലേക്കു ശൈഖ് ആനയിക്കപ്പെട്ടു."

"ഞാൻ ക്രൂരനാണെന്ന് നിങ്ങൾ പറയുകയുണ്ടായോ?' സുൽത്താൻ ചോദിച്ചു. 'ഉവ്വ്', ഞാൻ അങ്ങനെ പറഞ്ഞു. നിങ്ങൾ ജനദ്രോഹിയും ക്രൂരനുമാണ്. അതിനെത്ര തെളിവു വേണമെങ്കിലും ഞാൻ ഹാജരാക്കാം.' ചില ഉദാഹരണങ്ങളും അദ്ദേഹം ഉദ്ധരിച്ചു. ഡൽഹി നഗരത്തെ നശിപ്പിച്ചതും അവിടത്തെ ജനങ്ങളെ നിർബന്ധിതമായി സ്ഥലം മാറ്റിയതും മറ്റുമായിരുന്നു അവ. ഇതുകേട്ട മാത്രയിൽ ഉറയിൽ നിന്നും വാളൂരിയെടുത്ത് സദറുൽ ജഹാന്റെ കൈയിൽ കൊടുത്ത് സുൽത്താൻ അട്ടഹസിച്ചു: 'ഞാൻ ജനദ്രോഹിയാണെന്ന് ഇയാൾ പറയുന്നു. നിങ്ങൾക്കും അതാണഭിപ്രായമെങ്കിൽ എന്റെ ശിരസ്സ് ഉടലിൽ നിന്നും വേർപെടുത്തുക."

"നിങ്ങൾ പ്രജാപീഡകനാണെന്ന് തെളിവ് ഹാജരാക്കാനാര് മുതിരും? അതിനാർക്കാണ് ചങ്കൂറ്റം കാണുക? ഇതിനാരും തയ്യാറാവുകയില്ലെങ്കിലും നിങ്ങൾ ചെയ്ത പ്രവൃത്തികൾ നിങ്ങൾക്കു തന്നെ അറിയരുതോ? അതിന് മറ്റാരെയെങ്കിലും സാക്ഷിയായിട്ട് വേണമെന്നുണ്ടോ? ശൈഖിന്റെ മറുപടിയായിരുന്നു ഇത്. ഇതു കൂടിയായപ്പോൾ ശൈഖിനെ പട്ടാളമേധാവിയുടെ കൈയിലേല്പിക്കുവാനുത്തരവിട്ടു. ചങ്ങലക്കിട്ട് ബന്ധിച്ച് അദ്ദേഹത്തെ പതിനാലു ദിവസം യാതൊരുവിധ ആഹാരപാനീയങ്ങളും കൂടാതെ അദ്ദേഹം അതേ നിലയിൽ കഴിഞ്ഞുകൂടി. എല്ലാ ദിവസവും ചങ്ങലക്കിട്ട് അദ്ദേഹത്തെ സുൽത്താന്റെ മുമ്പിൽ കൊണ്ടുവരും. അദ്ദേഹത്തിന്റെ അഭിപ്രായം മാറ്റുവാൻ സൂഫിമാരും ശൈഖുമാരും നിത്യേന പരിശ്രമിച്ചിരുന്നു. എന്നാൽ താൻ ഈ ദ്രോഹിയെ സേവിക്കുകയില്ലെന്ന ദൃഢപ്രതിജ്ഞയാണ് ശൈഖനുവർത്തിച്ചത്. മറ്റുള്ളവരുടെ ഉപദേശങ്ങൾ വൃഥാവിലായി. ഒരു രക്തസാക്ഷിയാകുവാനാണദ്ദേഹം ഉദ്ദേശിച്ചത്. ഉപവാസം തുടങ്ങി പതിനാലാം ദിവസം സുൽത്താൻ കുറെ ഭക്ഷണസാധനങ്ങൾ അദ്ദേഹത്തിന് കൊടുത്തയച്ചു. "ഈ ലോകത്തുള്ള എന്റെ ആഹാരാദികൾ അവസാനിച്ചിരിക്കു

ന്നു. ഇവ സുൽത്താന് തന്നെ കൊണ്ടുകൊടുക്കുക" എന്നു പറഞ്ഞ് അദ്ദേഹമത് മടക്കി. ഇതുകൂടിയായപ്പോൾ സുൽത്താന്റെ കോപം ക്രമാതീതമായി വർധിച്ചു. ശൈഖിനെക്കൊണ്ട് കുറെ മലം നിർബന്ധപൂർവം തീറ്റിക്കുവാൻ സുൽത്താനാജ്ഞാപിച്ചു. അതിനു നിയുക്തരായ കുറെ ഹിന്ദു ഉദ്യോഗസ്ഥർ ശൈഖിനെ മലർത്തിക്കിടത്തി മലം വായിൽ നിറച്ച് വെള്ളമൊഴിച്ചുകൊടുത്തു. എന്നിട്ടും അദ്ദേഹത്തിന്റെ ഉറച്ച തീരുമാനത്തിന് ഇളക്കം തട്ടിയില്ല. അടുത്ത ദിവസം ശൈഖിനെ ഖാസി സദ്റുൽജഹാന്റെ അടുക്കൽ കൊണ്ടുവന്നു. പ്രത്യേക ക്ഷണമനുസരിച്ച് ധാരാളം സൂഫികളും മതപണ്ഡിതന്മാരും പൗരപ്രധാനികളും അവിടെ സന്നിഹിതരായിരുന്നു. അവരൊക്കെയും ശൈഖിനെ വീണ്ടും ഉപദേശിച്ചു നോക്കി. പക്ഷേ അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിന് മാറ്റം വന്നില്ല. അതിനാൽ അവിടെ വെച്ചുതന്നെ അദ്ദേഹത്തെ വധിച്ചു."

"രാജ്യത്ത് വരൾച്ചയുണ്ടായ സന്ദർഭത്തിൽ തലസ്ഥാന നഗരിക്കു സമീപങ്ങളിൽ ധാരാളം കിണറുകൾ സുൽത്താൻ കുഴിപ്പിച്ചു. ഇവയിലെ ജലം പ്രയോജനപ്പെടുത്തി കൃഷി ചെയ്യുവാനദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടു. കൃഷിക്കാവശ്യമായ പണവും വിത്തും മറ്റുപകരണങ്ങളും നല്കി. വിളവ് സർക്കാർ സംഭരണ കേന്ദ്രങ്ങളിൽ കൊടുക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ക്ഷാമനിവാരണത്തിനായി ആസൂത്രണം ചെയ്ത ഈ പദ്ധതിയേയും ചിലർ എതിർത്തു. അവരിൽ പ്രധാനി അഫീഫുദ്ദീനായിരുന്നു. ഈ പ്രവൃത്തികൾ കൊണ്ട് യാതൊരു ഫലവുമുണ്ടാകുകയില്ലെന്നും പറഞ്ഞ് അദ്ദേഹം ജനങ്ങളെ നിരുൽസാഹപ്പെടുത്തി. ഈ വിവരം ചാരന്മാർ മുഖേന സുൽത്താൻ ധരിച്ചു. ഈ ഫക്കീറിന് രാജ്യകാര്യങ്ങളിലിടപെടേണ്ട ആവശ്യമില്ലെന്ന് പറഞ്ഞ് അദ്ദേഹത്തെ ജയിലിലടച്ചു. കുറച്ചുനാളുകൾക്ക് ശേഷം അദ്ദേഹത്തെ വിട്ടയച്ചു. സ്വവസതിയിലേക്ക് അഫീഫുദ്ദീൻ മടങ്ങിപ്പോരുന്ന വേളയിൽ വഴിക്കുവെച്ച് തന്റെ രണ്ട് പൂർവകാല സുഹൃത്തുക്കളെ കണ്ട് കുശലം പറഞ്ഞു. അഫീഫുദ്ദീൻ ശിക്ഷയിൽ നിന്നും മുക്തിനേടിയതിൽ അവർ അല്ലാഹുവിനെ സ്തുതിച്ചു. അതിനു പ്രതിവചനമായി അഫീഫുദ്ദീൻ പറഞ്ഞതാകട്ടെ: "അക്രമികളിൽ നിന്നും നമ്മേ രക്ഷിച്ച അല്ലാഹു വാഴ്ത്തപ്പെടട്ടേ" എന്നായിരുന്നു. അന്യോന്യം ആശീർവാദങ്ങൾ നടത്തി അവർ സ്വവസതികളിലേക്ക് പോയി. പക്ഷേ വീടുകളിൽ അവർ എത്തുന്നതിനു മുമ്പ് ഇവരുടെ സംഭാഷണ വിഷയം സുൽത്താനറിഞ്ഞു. തന്നെ നിന്ദിച്ച ഇവരുടെ നേരെ കലികയറിയ സുൽത്താൻ അവരെ തന്റെ മുമ്പിൽ കൊണ്ടുവരാൻ ആജ്ഞാപിച്ചതനുസരിച്ച് അവരെ ഹാജരാക്കി. ഇവരെ മൂന്നു പേരെയും കൊല്ലുവാനായിരുന്നു സുൽത്താൻ കല്പിച്ചത്. അഫീഫുദ്ദീന്റെ മാറിലും മറ്റുള്ളവരുടെ കഴുത്തിലും വെട്ടി കൊല്ലുവാനായിരുന്നു കല്പന. ഈ ആജ്ഞകേട്ട് ഞെട്ടിപ്പോയ മറ്റു ര

ണ്ടുപേരും സുൽത്താനോടപേക്ഷിച്ചു: 'അഫീഫുദ്ദീൻ പറഞ്ഞ സംഗതി ശിക്ഷാർഹം തന്നെ. പക്ഷേ, ഞങ്ങൾ എന്ത് കുറ്റമാണ് ചെയ്തത്?' അതിന് സുൽത്താൻ നല്കിയ വിചിത്രമായ മറുപടി: 'അഫീഫുദ്ദീൻ ഈ പ്രസ്താവന നടത്തിയപ്പോൾ അതിനെ പ്രതിഷേധിക്കാതെ കേട്ടു നിന്നതാണ് നിങ്ങളുടെ കുറ്റം. അതിന്റെ അർഥം നിങ്ങളും അതിനോട് യോജിക്കുന്നു എന്നതാണ്. നിങ്ങൾക്ക് വിയോജിപ്പുണ്ടായിരുന്നെങ്കിൽ നിങ്ങളതിൽ പ്രതിഷേധിക്കുമായിരുന്നു. അത് നിങ്ങൾ ചെയ്തില്ല. ആ കുറ്റത്തിനാണ് നിങ്ങളെ ശിക്ഷിക്കുന്നത്.' പിന്നെ ഒട്ടും താമസിച്ചില്ല. ഈ മൂന്ന് പണ്ഡിതന്മാരും വധശിക്ഷക്ക് വിധേയരായി. കരുണാനിധിയായ പടച്ചവൻ അവരിൽ ദയ കാണിക്കട്ടെ."

"സിന്ധിലെ രണ്ടു പണ്ഡിതന്മാരോട് നികുതി പിരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഗവർണറോടൊപ്പം നികുതി പിരിക്കാൻ സുൽത്താനാവശ്യപ്പെട്ടു. 'ആ സംസ്ഥാനത്തിലെ ജനങ്ങളുടെ ക്ഷേമം നിങ്ങളെയാണ് ഞാൻ ഏല്പിക്കുന്നത്. ഗവർണറും നിങ്ങളുടെ സഹായിയായിരിക്കും. നിങ്ങൾ നിർദ്ദേശിക്കുന്നതെന്തും അദ്ദേഹം നടപ്പാക്കുകയും ചെയ്യും.' സുൽത്താൻ ഇവർക്ക് കൊടുത്ത ഉത്തരവിൽ ഇവ പ്രസ്താവിച്ചിരുന്നു. ഇതിനു സമാധാനമായി ആ പണ്ഡിതന്മാർ ഇങ്ങനെ പ്രതിവചിച്ചു: 'സത്യമാർഗം ഞങ്ങൾ നിർദ്ദേശിക്കാം. അദ്ദേഹം അതു ചെയ്തു കൊള്ളട്ടെ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ സാക്ഷിയായിരിക്കും.' ഈ പറഞ്ഞത് സുൽത്താൻ തെറ്റിദ്ധരിച്ചു. അദ്ദേഹമലറി: 'എന്റെ ജോലിയിലിരിക്കുകയും എന്നോട് കൂറു പുലർത്താതിരിക്കുകയും ചെയ്യുന്ന നിങ്ങൾ സ്വത്ത് ദുരുപയോഗപ്പെടുത്തുക മാത്രമല്ല, അതിന്റെ ചുമതല ഈ തുർക്കിയിൽ (ഗവർണറിൽ) ചുമത്തി സ്വരക്ഷ നടത്താനുള്ള പരിശ്രമമാണ് ചെയ്യുന്നതെന്ന് ഞാൻ ധരിക്കുന്നു.' സുൽത്താന്റെ ഈ സ്ഥിതി അവരെ വ്യാകുലരാക്കി. ആണയിട്ടുകൊണ്ട് അവർ പറഞ്ഞു: 'തങ്ങൾ മനസ്സിൽപോലും ഊഹിക്കാത്ത അർഥമാണിത്.' എന്നാൽ 'നിങ്ങളർഥമാക്കിയത് ഇതല്ലാതെ മറ്റൊന്നല്ലെ'ന്ന് സുൽത്താൻ ഉറപ്പിച്ചു പറഞ്ഞു. ഇവരെ ശൈഖ് സാദ നിഹവന്തിയുടെ അടുക്കലേക്ക് കൊണ്ടുപോകാൻ കല്പിച്ചു. ഉദ്യോഗസ്ഥന്മാർ ഇവരെ അപ്രകാരം ചെയ്തു. കുറ്റം സമ്മതിക്കാൻ സാദ അവരോടാവശ്യപ്പെട്ടു. 'നിങ്ങളെ സുൽത്താൻ കൊലശിക്ഷക്ക് വിധിച്ചിരിക്കുകയാണ്. കുറ്റം സ്വയം ഏറ്റുപറയുന്നതാണുത്തമം. വധിക്കുമെന്ന് തീർച്ചയാണ്. അല്ലെങ്കിൽ പീഡനങ്ങൾക്ക് വിധേയരായി നിർദ്ദയമായ മർദ്ദനങ്ങളനുഭവിച്ച് കുറേശ്ശ കുറേശ്ശയായി മരിക്കാതെ മരിക്കണം. അതുകൊണ്ട് കഷ്ടപ്പെട്ടു മരിക്കാതെ കുറ്റം സമ്മതിക്കുക.' സുൽത്താൻ ഉദ്ദേശിച്ച അർഥം തങ്ങൾ കണക്കാക്കിയിരുന്നില്ലെന്ന് നിരപരാധികളായ അവർ ആവർത്തിച്ചപ്പോൾ, നിർബന്ധമായി അവരെ കുറ്റം സമ്മതിപ്പിക്കാനുള്ള മാർ

ഗങ്ങളാണ് പിന്നീട് നടത്തിയത്. കുറ്റികൾ തറച്ച് ഇവരെ അതിൽ ബന്ധിച്ച് മലർത്തിക്കിടത്തി അവരുടെ മാറത്ത് പഴുപ്പിച്ച ഇരുമ്പ് പാത്രങ്ങൾ വെച്ചു. കുറേ കഴിഞ്ഞിട്ട് അതെടുത്തു മാറ്റിയപ്പോൾ മാറിലെ മാംസവും ഈ തളികകളോടൊപ്പം ഒട്ടിച്ചേർന്ന് പറിഞ്ഞുപോന്നു. എന്നിട്ട് ഈ വ്രണങ്ങളിൽ മൂത്രമൊഴിക്കുകയും ചാരം നിറക്കുകയും ചെയ്തു. ഈ പണ്ഡിതന്മാരുടെ കൈയക്ഷരത്തിലുള്ള അപേക്ഷയിൽ ഖാസി തന്റെ മുദ്രയും ചാർത്തി. ഇവരുടെ കുറ്റസമ്മതം സ്വമേധയാ ചെയ്തതാണെന്നും യാതൊരുവക നിർബന്ധത്തിനും വഴങ്ങിയിട്ടില്ലെന്നും പ്രത്യേകം എഴുതിച്ചേർത്തിരുന്നു. നിർബന്ധത്തിന് വിധേയമായിട്ടാണെന്ന് സൂചിപ്പിച്ചാൽ ഇതിനേക്കാൾ കനത്ത ശിക്ഷയായിരിക്കും ലഭിക്കുക. കൊലപ്പെടുത്തുമെന്ന് നിശ്ചയമായ നിലക്ക് ഒറ്റവെട്ടിന് മരണമടയുന്നതാണ് അഭികാമ്യമെന്ന് അവരാശിച്ചു. അതാണവർ കുറ്റം സമ്മതിച്ചത്. കുറെക്കഴിഞ്ഞ് അവരുടെ ശിരസ്സുകൾ ഉടലിൽ നിന്നും അറുത്ത് മാറ്റപ്പെട്ടു.”

“മുൾത്താൻകാരനായ ശൈഖ് ഹൂദ് റുക്നുദ്ദീന്റെ പൗത്രനായിരുന്നു. റുക്നുദ്ദീനും അദ്ദേഹത്തിന്റെ സഹോദരൻ ഇമാദുദ്ദീനും സുൽത്താന്റെ സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂതരായിരുന്നു. ഇവർക്ക് പല രാജകീയാനുകൂല്യങ്ങളും ലഭിച്ചിരുന്നു. ഇമാദുദ്ദീന് സുൽത്താനുമായി രൂപസാമ്യമുണ്ടായിരുന്നു. കിശലു ഖാനുമായുണ്ടായ യുദ്ധത്തിൽ അദ്ദേഹം മൃതിയടഞ്ഞു. ഇതറിഞ്ഞപ്പോൾ സന്തപ്തനായ സുൽത്താൻ, ഇമാദുദ്ദീന്റെ ശവകുടീരം സന്ദർശിക്കുന്നവർക്ക് ഭക്ഷണം നല്കുവാനായി നൂറ് ഗ്രാമങ്ങൾ ദാനം ചെയ്തു. ഏതാനും വർഷങ്ങൾക്കു ശേഷം റുക്നുദ്ദീൻ മരണമടഞ്ഞു. പിന്തുടർച്ചാവകാശിയായി അദ്ദേഹം നിശ്ചയിച്ചിരുന്നത് പൗത്രനായ ശൈഖ് ഹൂദിനെയായിരുന്നു. ഇതിനെ അദ്ദേഹത്തിന്റെ സഹോദരപുത്രൻ ചോദ്യം ചെയ്തു. താനാണ് ശരിയായ അവകാശിയെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഇത് അവർ തമ്മിൽ വഴക്കിനും വാദകോലാഹലങ്ങൾക്കുമിടയാക്കി. ഈ അവസരത്തിൽ സുൽത്താൻ ദൗലത്താബാദിലായിരുന്നു. കേസിന്റെ മധ്യസ്ഥതീരുമാനത്തിനായി അദ്ദേഹത്തിന്റെ മുമ്പിൽ വന്നു. സുൽത്താൻ റുക്നുദ്ദീന്റെ മരണപത്രം സസൂക്ഷ്മം പഠിച്ച് ശൈഖ് ഹൂദിയാണ് ശരിയായ അവകാശിയെന്ന് പ്രഖ്യാപിച്ചു. അതോടെ തർക്കവും തീർന്നു.”

“ശൈഖ് ഹൂദിനെ വളരെ ആദരവോടെയാണ് സുൽത്താൻ സ്വീകരിച്ചിരുന്നത്. അദ്ദേഹം ഏതുവീട്ടിൽ എപ്പോൾ കയറിച്ചെന്നാലും അദ്ദേഹത്തെ ബഹുമാനിച്ച് സൽക്കരിക്കണമെന്നുപോലും സുൽത്താൻ കല്പിച്ചിരുന്നു. ദൗലത്താബാദിൽ നിന്നും മുൾത്താനിലേക്ക് അദ്ദേഹം മടങ്ങുമ്പോൾ വഴിനീളെ സ്വീകരണം നല്കണമെന്നും നിർദ്ദേശമുണ്ടായിരുന്നു. ഇതനുസരിച്ച് അദ്ദേഹം തലസ്ഥാന നഗരിയിലെത്തിയപ്പോൾ

ഖാസിമാരും ശൈഖുകളും സൂഫികളും പ്രഭുക്കന്മാരും അദ്ദേഹത്തെ സ്വീകരിക്കുവാൻ സന്നദ്ധരായി വന്നു. അക്കൂട്ടത്തിൽ ഞാനുമുണ്ടായി രുന്നു. ശൈഖ് ഒരു മഞ്ചലിലായിരുന്നു യാത്ര ചെയ്തിരുന്നത്. അത് വ ളരെ പന്തികേടായി എനിക്കു തോന്നിയതുകൊണ്ട് ഞാനദ്ദേഹത്തോട് അക്കാര്യം അറിയിച്ചു. അദ്ദേഹം മഞ്ചലിൽ നിന്നിറങ്ങി ഞങ്ങളോടൊ പ്പം കുതിരപ്പുറത്താണ് പിന്നീട് യാത്രചെയ്തത്. തനിക്ക് നല്ല സുഖമി ല്ലാത്തതു കൊണ്ടാണ് മഞ്ചലിൽ യാത്രചെയ്തിരുന്നതെന്ന് പിന്നീടദ്ദേ ഹം പറയുകയും ചെയ്തു."

"ഡൽഹിയിൽ വന്ന ശൈഖ് ഹൂദിന് ഒരു രാജകീയ വിരുന്ന് ഏർ പാട് ചെയ്തിരുന്നു. ഖാസികൾ, സൂഫികൾ, ശൈഖുകൾ, വിദേശികൾ, പൗരപ്രധാനികൾ മുഴുക്കെ ഇതിൽ സംബന്ധിച്ചിരുന്നു. ഈ സൽക്കാ രത്തിലുണ്ടായിരുന്നവർക്കെല്ലാം അവരവരുടെ സ്ഥാനമാനങ്ങൾക്കനു സൃതമായി പാരിതോഷികങ്ങളും ലഭിച്ചു. പ്രധാന ഖാസിക്ക് 500 ദീനാ റും എനിക്ക് 250 ദീനാറും ലഭിച്ചു. സൽക്കാരങ്ങൾക്കു ശേഷം ശൈഖ് ഹൂദി സ്വദേശത്തേക്ക് മടങ്ങി. ഹൂദിന്റെ പിതാമഹന്റെ സ്മാരകസൗധ ത്തിൽ വെച്ച് അദ്ദേഹത്തിനു വിരുന്ന് നല്കാൻ ശൈഖ് നൂറുദ്ദീൻ ശി റാസിനെ സുൽത്താൻ അദ്ദേഹത്തോടൊപ്പം അയച്ചിരുന്നു."

"പ്രസ്തുത സ്ഥലത്ത് ശൈഖ് കുറേക്കാലം സുഖമായി താമസി ച്ചു. ഇതിനിടക്ക് സിന്ധിലെ ഗവർണർ ഇമാദുൽ മുൽക്ക് സുൽത്താന് ഒരു രഹസ്യ റിപ്പോർട്ട് അയച്ചിരുന്നു. സന്ദർശകർക്കും യാത്രക്കാർക്കും അന്നദാനത്തിനായി നൽകിയിരുന്ന നൂറ് ഗ്രാമങ്ങളിലെ വരുമാനം മുഴു ക്കെ ശൈഖ് സ്വന്തമാവശ്യത്തിനും കുടുംബങ്ങളെ സുഖിപ്പിക്കുവാനു മാണ് ഉപയോഗിക്കുന്നതെന്നും ആർക്കും ഒന്നും തന്നെ ദാനമായി നല് കുന്നില്ലെന്നുമായിരുന്നു രഹസ്യരേഖയിലെ വിവരം. ഇതിന്റെ വെളിച്ച ത്തിൽ ശൈഖിന്റെ ധനം മുഴുക്കെ കണ്ടുകെട്ടാൻ സുൽത്താൻ ആ ജ്ഞാപിച്ചു. ഗവർണർ ശൈഖിന്റെ സ്വത്ത് സംബന്ധിച്ച വിവരങ്ങളാവ ശ്യപ്പെട്ടു. ചിലരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. നിത്യേന 20,000 ദീനാർ വീതം ശൈഖിൽ നിന്നും പിടിച്ചെടുത്ത് അദ്ദേഹത്തിന്റെ അളവ റ്റ ധനം അങ്ങനെ പൊതുഖജനാവിലെത്തിച്ചു. രത്നങ്ങൾ പതിപ്പിച്ച ര ണ്ട് പാദുകങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. 7000 ദീനാറിനാണ് ഈ ചെരിപ്പുകൾ വിറ്റത്. ഇതണിഞ്ഞിരുന്നത് ശൈഖ് ഹൂദിയുടെ പുത്രി യായിരുന്നുവെന്നും അതല്ല അദ്ദേഹത്തിന്റെ ഒരു വെപ്പാട്ടിയായിരുന്നു വെന്നും പക്ഷാന്തരമുണ്ട്. തന്റെ സകല സ്വത്തും നഷ്ടപ്പെട്ട ഹൂദി തുർക്കിയിലേക്ക് ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ഗവർണറുടെ ഉ ദ്യോഗസ്ഥന്മാർ അദ്ദേഹത്തെ സുൽത്താന്റെ മുമ്പിൽ കൊണ്ടുവന്നു. "നിങ്ങൾ എവിടേക്കാണ് ഓടി രക്ഷപ്പെടാൻ ശ്രമിച്ചത്? എന്താണിങ്ങ നെ തോന്നാൻ കാരണം?" സുൽത്താൻ ഒന്നുമറിയാത്ത മട്ടിൽ ചോദി

ച്ചു. ഹൂദി തന്റെ കുറ്റം വിവരിച്ച് ക്ഷമായാചനം നടത്തി. 'തുർക്കികളുടെ നാട്ടിൽ വെച്ച് എനിക്കെതിരായി കുപ്രചരണങ്ങൾ നടത്തി ഈ നാടിനെ ആക്രമിക്കുവാനവരെ പ്രേരിപ്പിക്കുകയായിരുന്നില്ലേ നിങ്ങളുടെ ഉദ്ദേശ്യം? ബഹാവുദ്ദീൻ സക്കരിയായുടെ പുത്രനാണെന്ന് പിൻബലത്തിന് വേണ്ടി നിങ്ങൾ പറയുകയും ചെയ്യും.' ഇതായിരുന്നു സുൽത്താന്റെ നിഗമനം. ഇതൊക്കെ ശൈഖ് നിഷേധിച്ചുവെങ്കിലും സുൽത്താൻ വിശ്വസിച്ചില്ല. സുൽത്താന്റെ നിർദ്ദേശാനുസൃതം അദ്ദേഹത്തെയും കൊന്നു."

"കോയിൽ പട്ടണത്ത് ഒരു വലിയ പുണ്യാത്മാവ് നിവസിച്ചിരുന്നു. താജുൽ ആരിഫിന്റെ പുത്രനായ ശൈഖ് ഷംസുദ്ദീൻ. സുൽത്താൻ ഈ ശൈഖിനെ തന്റെ സന്നിധിയിലേക്കു ക്ഷണിച്ചെങ്കിലും അദ്ദേഹമതിന് വഴങ്ങിയില്ല. തന്മൂലം സുൽത്താൻ അദ്ദേഹത്തിന്റെ സന്നിധിയിൽ പോകാമെന്നു നിശ്ചയിച്ച് പുറപ്പെട്ടെങ്കിലും, അടുത്തെത്തിയപ്പോൾ അദ്ദേഹത്തെ കാണാതെ തിരിച്ചുപോന്നു."

"ഇതിനുശേഷം ഒരു ഗവർണർ സുൽത്താനെതിരായി ഗൂഢാലോചന നടത്തുകയും രാജകീയ കല്പനകളെ പരസ്യമായി ധിക്കരിക്കുകയും ചെയ്തു. ഈ ഗവർണർ ശൈഖിനെ സന്ദർശിച്ചിരുന്നതായും തദവസരത്തിൽ തന്റെ പദ്ധതികളെക്കുറിച്ച് സംസാരിച്ചിരുന്നതായും രഹസ്യ വകുപ്പുദ്യോഗസ്ഥന്മാർ സുൽത്താനെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശൈഖിനേയും കുടുംബാംഗങ്ങളേയും അവിടുത്തെ ഖാസിയേയും ജയിലിലടക്കുവാനാണ് സുൽത്താൻ കല്പിച്ചത്. ഗവർണറുടെ ധിക്കാരപ്രവൃത്തികൾക്ക് ശൈഖ് അനുഗ്രാഹാശിസ്സുകൾ നല്കുമ്പോൾ അത് കണ്ടുകൊണ്ടിരുന്നു എന്നതാണ് ജഡ്ജിയുടെ കുറ്റം. ഇവരുടെ ഇരുവരുടേയും കണ്ണുകൾ ചുഴ്ന്നെടുത്ത ശേഷമാണ് ജയിലിലടച്ചത്. ശൈഖ് കൽതുറുങ്കിൽ കിടന്ന് തന്റെ അന്ത്യം കണ്ടു. ഇദ്ദേഹത്തിന്റെ സന്താനങ്ങൾ ഹിന്ദുക്കളായ കുറേ വിപ്ലവകാരികളുമായിചേർന്ന് ലഹളക്കൊരുങ്ങിയ വിവരം സുൽത്താനറിയാമായിരുന്നു. ശൈഖിന്റെ മരണശേഷം ഇവരെ സുൽത്താന്റെ മുമ്പിൽ കൊണ്ടുവന്നു. 'മേലാൽ ഇത്തരം കുഴപ്പങ്ങൾക്കിടവരുത്തരുതെന്നും, ഇപ്പോൾ ഇവർക്കെല്ലാം മാപ്പുനല്കുന്നുവെന്നും' സുൽത്താൻ അറിയിച്ചു. 'തങ്ങളെന്ത് കുറ്റമാണ് ചെയ്തതെന്നറിഞ്ഞാൽ കൊള്ളാ'മെന്നായിരുന്നു സുൽത്താന്റെ ഈ പ്രഖ്യാപനം കേട്ടപ്പോൾ അവർക്കുണ്ടായിരുന്ന പ്രതികരണം. ഈ ചോദ്യം തന്നെ ധിക്കരിക്കുന്നതായി തോന്നിയ സുൽത്താൻ ഇവരെയെല്ലാം വധിക്കാൻ ആജ്ഞാപിച്ചശേഷം കോയിലിലെ ജഡ്ജിയോട് ആരാഞ്ഞു: 'ഇവരുടെ പ്രവൃത്തികളോട് ബന്ധപ്പെട്ടവർ ഇനി അവിടെ ആരൊക്കെയാണ്? ജഡ്ജി കുറേ ഹിന്ദുപ്രജകളുടെ പേര് പറഞ്ഞു. നാട്ടിൽ കലാപം സൃഷ്ടിക്കുകയാണ് ഇയാളുടെയും ഉദ്ദേശ്യം. തന്മൂലം ഇയാളെയും വധിക്കുക' എന്ന് സുൽത്താൻ കല്പിച്ചു.

ഉദ്യോഗസ്ഥന്മാർ ഉത്തരവ് നടപ്പാക്കുകയും ചെയ്തു.”

“ശൈഖ് അലി ഹൈദരി എന്ന ഒരു സിദ്ധൻ കാംബേ തുറമുഖ പട്ടണത്തിൽ അധിവസിച്ചിരുന്നു. അവിടെയെത്തുന്ന വിദേശ വ്യാപാരികൾ ഇദ്ദേഹത്തിന് കണക്കില്ലാത്ത ധനം സമ്മാനമായി കൊടുത്തിരുന്നു. കാംബേയിലിറങ്ങിയാൽ ശൈഖിനെ കാണാതെയും അദ്ദേഹത്തിൽ നിന്നും അവരെ സംബന്ധിച്ച പ്രവചനങ്ങൾ കേൾക്കാതെയും ആരും പോരുമായിരുന്നില്ല. ആരെങ്കിലും ഏതെങ്കിലും സംഗതിക്കായി നേർച്ച നേരുകയും അത് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാർ പിന്നീടദ്ദേഹത്തിന്റെ സന്നിധിയിൽ എത്തിയാലുടൻ അദ്ദേഹം ചോദിക്കുമായിരുന്നു: ‘നിങ്ങൾ നേർച്ചയായി നേർന്നിരുന്നത് തന്നില്ലല്ലോ’ എന്ന്. ഇതൊക്കെ കാരണം അദ്ദേഹത്തിന് അമിതമായ പ്രശസ്തിയുണ്ടായി.”

“ഈ വേളയിലാണ് ഖാസി ജലാലുദ്ദീൻ അഫ്ഗാനിയും അദ്ദേഹത്തിന്റെ അനുചരന്മാരും സുൽത്താനെതിരായി കലാപങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നത്. ജലാലുദ്ദീനെ തന്റെ അരികിൽ വരുത്തി ശൈഖ് ഹൈദരി തന്റെ തൊപ്പി അദ്ദേഹത്തിന്റെ തലയിലണിയിക്കുകയും അയാളുടെ പ്രവൃത്തികൾക്ക് വിജയാശംസകൾ നേരുകയും ചെയ്ത വിവരം സുൽത്താനറിഞ്ഞു. കലാപകാരികളെ അമർച്ച ചെയ്യുവാൻ സുൽത്താൻ തന്റെ നേതൃത്വത്തിലാണ് സൈനികരെ നിയമിച്ചത്. ജലാലുദ്ദീനും കൂട്ടരും പരാജിതരായി. കുറ്റവാളികളെ തിരക്കു പിടിച്ച് കൊണ്ടുവരുന്നതിനായി അമീർ ശറഫുൽമുൽക് ബഖ്തിയെ കാംബേയിൽ തന്നെ നിർത്തി. കലാപകാരികൾക്ക് ശിക്ഷ വിധിക്കുവാനായി കുറെ ഖാസിമാരേയും പ്രത്യേകമായി നിയമിച്ചു. ശൈഖ് അലി ഹൈദരി സുൽത്താന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു. അദ്ദേഹം കൂസൽ കൂടാതെ കുറ്റം സമ്മതിച്ചു. വധശിക്ഷയാണ് അദ്ദേഹത്തിന് ലഭിച്ചത്. വധം നടപ്പിലാക്കാൻ ഉദ്യോഗസ്ഥന്മാർ തയാറായി ശൈഖിന്റെ ഗളച്ഛേദം ചെയ്യുവാൻ വാൾ ഊക്കോട് കൂടി ഊരി വീശി. പക്ഷേ അദ്ദേഹത്തിന്റെ ദേഹത്ത് ഒരുപോറൽപോലും ഇതുണ്ടാക്കിയില്ല. വെട്ടിയിട്ടും വെട്ടേൽക്കാതിരുന്നതുകൊണ്ട് ജനങ്ങൾ അത്ഭുതപ്പെടുകയും ചെയ്തു. പക്ഷേ സംഭവിച്ചത് മറിച്ചായിരുന്നു. നിയമം നടപ്പാക്കാൻ മറ്റൊരുദ്യോഗസ്ഥൻ ആഗതനായി. അയാൾ ശൈഖിന്റെ കഴുത്തു വെട്ടി തലവേറെയാക്കി.”

“ഫർഗാനയിലെ പ്രഭുക്കളായ തൗഗനും സഹോദരനും സുൽത്താനെ ഒരിക്കൽ സന്ദർശിച്ചു. അവർക്ക് പല സമ്മാനങ്ങളും കൊടുത്ത് സുൽത്താൻ അവരെ സ്വീകരിച്ചു. കുറേക്കാലം അവർ സുഖമായവിടെ താമസിച്ച് കഴിഞ്ഞപ്പോൾ മടങ്ങിപ്പോരാനുള്ള ശ്രമങ്ങൾ അവർ നടത്തി. ഇതിനിടയിൽ ഇവരെപ്പറ്റി ചില ആരോപണങ്ങൾ ചിലർ സുൽത്താന്റെ സമക്ഷത്തിൽ ബോധിപ്പിച്ചിരുന്നു. ഇതിന്റെ സത്യാവസ്ഥയെ

ക്കുറിച്ച് ചിന്തിക്കാതെ സുൽത്താൻ അതേ പടി വിശ്വസിച്ചു. ഇവരെ പിളർന്ന് കൊല്ലുവാനാണ് സുൽത്താൻ ഉത്തരവിട്ടത്. രാജകിങ്കരന്മാർ കല്പന നടപ്പാക്കി. വധിക്കപ്പെട്ടവരുടെ സ്വത്ത് മുഴുക്കെ കുറ്റാരോപണങ്ങൾ നടത്തിയ ആൾക്ക് ലഭിച്ചു. ഇത് ഇവിടത്തെ ആചാരമാണ്. ഒരാൾ മറ്റൊരുത്തനെപ്പറ്റി ചില ആരോപണങ്ങൾ ഉന്നയിക്കുകയും അത് സത്യമാണെന്ന് തെളിയിക്കുകയും ചെയ്താൽ അയാളുടെ ധനമെല്ലാം കണ്ടുകെട്ടി ആരോപണം തെളിയിച്ച ആൾക്ക് കൊടുക്കുക പതിവാണ്."

"സുൽത്താനെതിരായി വിപ്ലവം നടത്തിയ ഐനുൽമുൽക്കുമായി സുൽത്താൻ യുദ്ധം ചെയ്ത് അദ്ദേഹത്തെ തോല്പിച്ചു. അദ്ദേഹത്തേയും അനുയായികളേയും സുൽത്താൻ കാരാഗൃഹത്തിലടച്ചു. പിന്നീട് ഐനുൽമുൽക്ക് വധിക്കപ്പെട്ടു. ഈ സംഗതി പിന്നീട് വിവരിക്കുന്നതാണ്. ഇവരുടെ കൂട്ടത്തിൽ മാലിക് തുജ്ജാറും അദ്ദേഹത്തിന്റെ സ്യാലൻ ഇബ്നു കുത്തുബുൽ മുൽക്കുമുണ്ടായിരുന്നു. സ്നേഹിതന്മാരുടെ നിർബന്ധത്തിന് വഴങ്ങിയിട്ടായിരുന്നു ഇവരിരുവരും ലഹളയിൽ സംബന്ധിച്ചിരുന്നത്. തുജ്ജാറിനെ ഒരു മരക്കൊമ്പിൽ കെട്ടിതൂക്കി അമ്പെയ്ത് കൊല്ലാനാണ് വിധിച്ചത്. ചില രാജകുമാരന്മാരാണിത് നിർവഹിച്ചത്. ഇയാളുടെ വധം നടന്നതിനു ശേഷം ഖ്വാജാ അമീർ അലി തബ്രീസ് എന്ന കാവൽക്കാരൻ പ്രധാന ഖാസിയെ കണ്ട് ഇദ്ദേഹം കുറ്റക്കാരനായിരുന്നില്ലെന്ന് അറിയിച്ചു. 'എന്തുകൊണ്ട് ശിക്ഷ നടപ്പാക്കുന്നതിനു മുമ്പ് ഈ വിവരം പറഞ്ഞില്ല' എന്ന് ആക്ഷേപിച്ചു കൊണ്ട് ശിക്ഷയായി 200 അടി കൊടുക്കുവാനും ജയിലിലടക്കുവാനും പ്രധാന ജഡ്ജി ഉത്തരവിട്ടു. ഇതിനു പുറമേ അദ്ദേഹത്തിന്റെ സ്വത്ത് മുഴുക്കെ ശിക്ഷ നടപ്പിലാക്കിയ ഉദ്യോഗസ്ഥന്മാരുടെ തലവനോട് എടുത്തു കൊള്ളാൻ കല്പിക്കുകയും ചെയ്തു. ഈ സംഭവം കഴിഞ്ഞ് രണ്ടാം ദിവസം ഞാനീ ഉദ്യോഗസ്ഥനെ കാണുകയുണ്ടായി. അയാൾ കാവൽക്കാരന്റെ തൊപ്പിയും അങ്കിയുമണിഞ്ഞിരുന്നതിനു പുറമേ കാവൽക്കാരന്റെ കുതിരപ്പുറത്തായിരുന്നു സവാരി ചെയ്തിരുന്നതും."

"കുറേ കഴിഞ്ഞ് കാവൽക്കാരനെ ജയിൽ വിമുക്തനാക്കി ആദ്യത്തെ ജോലിയിൽ പ്രവേശിപ്പിച്ചു. എന്നാൽ അധികകാലം കഴിയുന്നതിനിടക്ക് എന്തോ കാരണവശാൽ ഇയാൾ സുൽത്താന്റെ കോപത്തിനിരയാകുകയും അയാളെ ഖുറാസാനിലേക്ക് നാടുകടത്തുകയും ചെയ്തു. അദ്ദേഹം ഹൊറാറ്റ് എന്ന സ്ഥലത്താണിതിനുശേഷം വസിച്ചിരുന്നത്. അവിടെ നിന്നും സുൽത്താന്റെ കാരുണ്യവും ദയയും അർഥിച്ചുകൊണ്ട് അദ്ദേഹം ഒരു കത്തെഴുതി. ചെയ്ത തെറ്റുകൾ മനസ്സിലാക്കി പശ്ചാത്തപിക്കുന്നുവെങ്കിൽ മടങ്ങി വന്നുകൊള്ളാൻ പറഞ്ഞുകൊണ്ട് സുൽത്താനതിന് മറുപടിയും കൊടുത്തു. അതനുസരിച്ച് കാവൽക്കാ

രൻ മടങ്ങിവന്ന് പഴയജോലിയിൽ തന്നെ പ്രവേശിച്ചു."

"സുൽത്താൻ തലസ്ഥാനത്തു നിന്ന് എങ്ങോ പോയ ഒരവസരത്തിൽ രത്ന നിക്ഷേപ ഖജനാവിന്റെ മേൽനോട്ടം ഡൽഹിയിലെ പ്രധാന ഖതീബിനെയാണ് ഏൽപിച്ചിരുന്നത്. നിർഭാഗ്യത്തിന് ഈ സന്ദർഭത്തിൽ ഇവ കൊള്ളയടിക്കപ്പെടുകയും കുറേ രത്നങ്ങൾ കള്ളന്മാർ അപഹരിച്ച് കൊണ്ടുപോകുകയും ചെയ്തു. ഖത്തീബിന്റെ നിരുത്തരവാദിത്തം കൊണ്ടാണിത് സംഭവിച്ചതെന്ന് ആരോപിച്ച് സുൽത്താൻ അദ്ദേഹത്തെ തല്ലിക്കൊല്ലാൻ വിധിച്ചു." (Ibn Battuta-pp. 196-213)

ഇതിനോടനുബന്ധമായി മറ്റനവധി ക്രൂരനടപടികളെ സംബന്ധിച്ചും ബത്തൂത്ത വിവരിക്കുന്നുണ്ട്. കലാപകാരികളുടെ തൊലിയുരിഞ്ഞെടുത്ത് വൈക്കോൽ നിറച്ച് പ്രദർശിപ്പിച്ചിരുന്നതും വധിച്ചവരുടെ മാംസം കൊണ്ട് ബിരിയാണി ഉണ്ടാക്കി സ്വന്തക്കാരെക്കൊണ്ട് തീറ്റിച്ചിരുന്നതും മറ്റുമായ ഒട്ടേറെ സംഗതികൾ പറയുന്നുണ്ട്. കലാപകാരികളെ സുൽത്താൻ എതിർത്തിരുന്ന രീതിയും അവർ ബന്ധനസ്ഥരാക്കപ്പെട്ടാൽ കൊടുത്തിരുന്ന പൈശാചികമായ ശിക്ഷയുമൊക്കെ ഇന്ന് നമുക്ക് അനല്പമായ വെറുപ്പും അമിതമായ അമർഷവും ഉണ്ടാക്കുന്നവയാണ്. എന്നാൽ നാടിന്റെ നാനാഭാഗത്തും നിലവിലുണ്ടായിരുന്ന ശിക്ഷാസമ്പ്രദായങ്ങൾ പഠിച്ചാൽ തുഗ്ലക്കിന്റെ കാലത്ത് കൊടുത്തിരുന്ന ശക്ഷയിൽ വിസ്മയിക്കത്തക്കതായി ഒന്നുമില്ലായിരുന്നുവെന്ന് മനസ്സിലാകും. ഇബ്നു ബത്തൂത്ത തന്നെ കേരളത്തിലെയും മറ്റു സ്ഥലങ്ങളിലേയും ശിക്ഷാരീതിയെ വിവരിക്കുന്നതിൽ നിന്നും ഇവ ഗ്രഹിക്കുവാൻ പ്രയാസം നേരിടുകയില്ല. ബത്തൂത്ത കേരളത്തെ സംബന്ധിച്ച് പറയുന്നത് കൂടി കേൾക്കുക:

"മുലൈബാറിനെപ്പോലെ സുരക്ഷിതമായി യാത്ര ചെയ്യാവുന്ന വീഥികൾ ഞാൻ ലോകത്തൊരിടത്തും കണ്ടിട്ടില്ല. കള്ളന്മാർക്ക് കനത്ത ശിക്ഷ നല്കുന്നിടവും വേറെ വിരളമായിരിക്കും. ഒരു നാളികേരം മോഷ്ടിച്ചാൽ ലഭിക്കുന്ന ശിക്ഷ വധമാണ്. നാളികേരമോ മറ്റു ഫലങ്ങളോ വീണിടത്ത് തന്നെ കിടക്കുന്നു. അതിന്റെ ശരിയായ ഉടമസ്ഥന്മാർ വന്ന് എടുക്കുന്നതുവരെ അത് ശ്രദ്ധിക്കുക പോലുമില്ല. വേറെ ആരെങ്കിലും എടുക്കുകയാണെങ്കിൽ മാതൃകാപരമായ ശിക്ഷയാണ് രാജാവ് നല്കിയിരുന്നത്. ഒരിക്കൽ ചില സഞ്ചാരികൾ അടർന്ന് വീണു കിടന്നിരുന്ന നാളികേരം എടുത്തതറിഞ്ഞ രാജാവ് അവരെ തിരഞ്ഞുപിടിച്ച് പലകകളിൽ കിടത്തി കമ്പിയടിച്ച് കയറ്റി കൊന്നശേഷം വഴിക്കവലകളിൽ പ്രേതം നാട്ടിയിരുന്നതായി എന്നോട് ചിലർ പറഞ്ഞു. ഇത്തരത്തിലുപയോഗിക്കാവുന്ന കുറ്റികൾ വഴിനീളെ കാണാൻ കഴിയുന്നുണ്ട്......."

"ഞാൻ കൊല്ലത്തുണ്ടായിരുന്നപ്പോൾ നടന്ന ഒരനുഭവം പറയാം. ഏതോ കലാപത്തെ തുടർന്ന് ധനാഢ്യനായ ഒരു ഇറാഖുകാരൻ മറ്റൊ

രു ഇറാഖുകാരനെ കൊന്നു. ധനാഢ്യനായ ഇറാഖുകാരൻ അവുജിയുടെ വീട്ടിൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിന്റെ കീഴിലുള്ളവർ ശവം മറവുചെയ്യാൻ തുനിഞ്ഞു. രാജാവിന്റെ പ്രതിനിധികൾ അനുവദിച്ചില്ല. കൊലയാളിയെ ഏല്പിച്ചല്ലാതെ ശവം മറവുചെയ്യാൻ സമ്മതിക്കുകയില്ലെന്നവർ അറിയിച്ചു. ശവം ഒരു പെട്ടിയിലാക്കി അവുജിയുടെ വീടിനുമുമ്പിൽ വെക്കുകയും ചെയ്തു. ശവം ചീഞ്ഞുനാറിത്തുടങ്ങി. അവുജി പല പരിശ്രമങ്ങളും നടത്തിയെങ്കിലും രാജാവ് ഒന്നിനും കൂട്ടാക്കിയില്ല. അവസാനം അവുജി ഘാതകനെ രാജാവിനേല്പിച്ച് കൊടുത്ത് അയാൾക്ക് മാപ്പു നല്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. പക്ഷേ നീതിമാനായ രാജാവ് കൊലപ്പുള്ളിക്ക് വധശിക്ഷ തന്നെ നൽകി. അതിനുശേഷമേ അവുജിയുടെ വാതിൽക്കൽ വെച്ചിരുന്ന ശവം മറവുചെയ്യാൻ അനുവദിച്ചുള്ളു.'

"ഈ സംഭവം ഞാൻ പറഞ്ഞുകേട്ട കാര്യമാണ്. ഒരു ദിവസം തന്റെ മകളുടെ ഭർത്താവോടുകൂടി രാജാവ് കൊട്ടാരക്കെട്ടിന് പുറത്ത് തോട്ടങ്ങളിൽ സായാഹ്നസവാരി ചെയ്യുകയായിരുന്നു. നടക്കുന്നതിനിടയിൽ വഴിയരികിൽ കിടന്നിരുന്ന ഒരു ചക്ക മരുമകൻ കൈവശമാക്കിയിരിക്കുന്നതായി രാജാവ് കണ്ടു. മറ്റുള്ളവരുടെ സാധനം അനുവാദമില്ലാതെ എടുത്ത തന്റെ മരുമകനെ രണ്ടായി പിളർന്ന് ചക്കയും രണ്ട് കഷ്ണമാക്കി രാജകുമാരന്റെ വെട്ടിമുറിച്ച രണ്ട് ശരീരഭാഗങ്ങളിൽ വെച്ച് വഴിയിൽ പ്രദർശനം നടത്തി. ജനങ്ങൾക്ക് ശിക്ഷാബോധമുണ്ടാക്കുവാനിത് എത്രമാത്രം പ്രയോജനപ്പെടുമെന്ന് പറയേണ്ടതില്ലല്ലോ. കുറ്റക്കാരനെ നോക്കിയല്ല; കുറ്റത്തിന്റെ സ്വഭാവമനുസരിച്ചാണ് ശിക്ഷകൾ നീതിമാനായ ഈ രാജാവ് നല്കിയിരുന്നത്."

"ഇതുപോലെ ഒരു സംഭവം കാലിക്കോത്ത്(കോഴിക്കോട്) വെച്ചുമുണ്ടായി. സാമൂതിരിയുടെ പ്രധാനമന്ത്രിയുടെ സഹോദരപുത്രൻ ഒരു മുസ്‌ലിം വ്യാപാരിയുടെ വാൾ ബലം പ്രയോഗിച്ച് വാങ്ങിവെച്ചു. ആവശ്യപ്പെട്ടിട്ടും കൊടുക്കാതിരുന്നതു കൊണ്ട് അയാൾ മന്ത്രിയുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. ഉടനെ അന്വേഷിക്കാമെന്ന് മന്ത്രി അറിയിക്കുകയും ചെയ്തു. വീട്ടിൽ ചെന്നപ്പോൾ സഹോദരപുത്രൻ വാളുമായി വരുന്നു. 'ഒരു മുസ്‌ലിം വ്യാപാരിയുടേതല്ലേ ഈ വാൾ?' മന്ത്രി ചോദിച്ചു. 'അതെ.' 'നീ വിലയ്ക്ക് വാങ്ങിയതാണോ?' 'അല്ല.' സംഭാഷണം ഇത്രയുമായപ്പോൾ അദ്ദേഹം സൈന്യാധിപനെ വിളിച്ച് ആ വാളുകൊണ്ട് തന്നെ അയാളുടെ കഴുത്ത് വെട്ടുവാനാജ്ഞാപിച്ചു. സൈന്യാധിപൻ ശിക്ഷ നടപ്പിലാക്കി."

അപ്പോൾ മുഹമ്മദ് തുഗ്ലക്കിന്റെ ശിക്ഷാക്രമത്തെപറ്റി പെരുപ്പിച്ചു പറയാൻ ബത്തൂത്തക്ക് പ്രേരകമായി നിന്നത് അദ്ദേഹം കുറ്റക്കാരായി ഒട്ടനേകം മുസ്‌ലിം പണ്ഡിതന്മാരേയും ശൈഖുകളേയും നിഷ്കരു

ണം വധിച്ചു എന്നതാണ്. സമകാലിക മുസ്‌ലിം ചരിത്രകാരന്മാരൊക്കെയും തുഗ്ലക്ക് മുഹമ്മദിനെപ്പറ്റി നടത്തുന്ന ആരോപണങ്ങളിൽ പ്രധാനമായത് "അദ്ദേഹം നിസാരകുറ്റങ്ങൾക്ക് പോലും കഠിനശിക്ഷ നല്കിയിരുന്നു: നിയമം നടത്തുന്ന കാര്യത്തിൽ പണ്ഡിതനെന്നോ പ്രഭുവെന്നോ രാജകുമാരനെന്നോ സാധാരണക്കാരെന്നോ ഉള്ള വകഭേദം അദ്ദേഹം ചെയ്തിരുന്നില്ല" എന്നതാണ്. മകളുടെ ഭർത്താവിനെ വഴിയിൽ വീണുകിടന്നിരുന്ന ഒരു ചക്ക എടുത്തതു കൊണ്ട് രണ്ടായി പിളർന്ന് പൊതുപ്രദർശനം നടത്തിയ കൊല്ലത്തെ രാജാവ് 'നീതിനിഷ്ഠനും, കുറ്റക്കാരനാരെന്ന് നോക്കാതെ കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ശിക്ഷ നല്കിയിരുന്ന നീതിമാനു'മായി ഇബ്നു ബത്തൂത്ത തന്നെ വ്യവഹരിച്ചിരിക്കുന്നതും നാം കണ്ടു. അതേ മാനദണ്ഡം തന്നെ നീതിനിർവഹണ കാര്യത്തിൽ പുലർത്തിപ്പോന്ന മുഹമ്മദ് തുഗ്ലക്ക് ദുഷ്ട മനഃസ്ഥിതിക്കാരനായ രക്തമോഹിയാകുന്നതെങ്ങനെ? ഇവിടെയാണ് ഈ ചോരക്കൊതിയുടെ കള്ളി വെളിച്ചത്താകുന്നത്. ദൈവികപരിവേഷമണിഞ്ഞും അത്ഭുതങ്ങൾ കാണിച്ചും മാസ്മരിക ശക്തി പ്രദർശനം നടത്തിയും ജനങ്ങളെ വിസ്മയിപ്പിച്ചിരുന്ന ശൈഖുകളേയും സിദ്ധന്മാരേയും കൂറുള്ള പ്രജകളാക്കി മാറ്റുവാൻ മുഹമ്മദ് തുഗ്ലക്ക് പരിശ്രമിച്ചുപോയി എന്നത് മാത്രമാണദ്ദേഹം ചെയ്ത പാതകം. അവരെ രാജ്യകാര്യങ്ങളിൽ ഇടപെടുവാനോ രാജാധികാരത്തേയോ നിയമത്തേയോ ധിക്കരിക്കുവാനോ അനുവദിച്ചിരുന്നില്ലെന്ന് മാത്രമേയുള്ളു.

രാജകല്പനകളും നാട്ടുനിയമങ്ങളും രാജ്യത്തുള്ള എല്ലാ ആളുകളും ഒന്നടങ്കം അനുസരിച്ചാൽ മാത്രമേ അവകൊണ്ട് പ്രയോജനമുണ്ടാകുകയുള്ളൂ. നിയമം ലംഘിക്കുന്നവരും രാജകല്പനകളെ ധിക്കരിക്കുന്നവരും രാജ്യത്തുണ്ടായാൽ നീതി പുലർത്തുവാനോ സമാധാനം സുരക്ഷിതമാക്കുവാനോ അസാധ്യമാകും. മധ്യകാല ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം നമ്മെ പഠിപ്പിക്കുന്നത് കേന്ദ്രീകൃതമായ ഒരു സുശക്ത ഭരണകൂടത്തിനു മാത്രമേ അല്പമെങ്കിലും ഭേദമായ നിയമസമാധാനം സാർവത്രികമാക്കൻ കഴിഞ്ഞിരുന്നുള്ളു എന്നതാണ്. സമാധാനത്തിന്റെയും സമൃദ്ധിയുടെയും കാലഘട്ടം എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ അത് അജയ്യരായ ഏകാധിപതികളുടെ കീഴിൽ മാത്രമായിരുന്നു. തന്റെ കീഴിലുള്ള പ്രഭുക്കന്മാരേയും പൗരോഹിത്യശക്തിയേയും നിലക്കു നിർത്താനൊത്തവർക്ക് മാത്രമേ ഇന്ത്യാചരിത്രത്തിൽ മഹത്തായ വ്യക്തിമുദ്ര പതിപ്പിക്കാൻ തരപ്പെട്ടിട്ടുള്ളൂ. കാലദേശത്തിന്റെ സവിശേഷ സ്വഭാവമായിരുന്നു ഇവ എന്നതു കൊണ്ടു തന്നെ അത്തരം മഹാന്മാരായ ചക്രവർത്തിമാരിൽ പ്രധാനിയത്രേ മുഹമ്മദ് ഇബ്നു തുഗ്ലക്ക്.

അദ്ദേഹം മതത്തേയും പൗരോഹിത്യത്തേയും രാഷ്ട്രീയത്തിൽ നിന്നും ഭരണകാര്യങ്ങളിൽ നിന്നും മാറ്റി നിർത്തി. മതാചാര്യനായിരുന്ന

സുൽത്താൻ മതത്തിന്റെ അങ്കിയുമണിഞ്ഞ് പൗരോഹിത്യത്തിന്റെ പരിരക്ഷയിൻ കീഴിൽ നിന്നുകൊണ്ട് രാഷ്ട്രീയ മുതലെടുപ്പിന് തയ്യാറായ ശൈഖുകളേയും പുരോഹിത വിഭാഗത്തേയും നിരുൽസാഹപ്പെടുത്തി. അവരോട് കൂറുള്ള പ്രജകളായി കഴിയുവാനാജ്ഞാപിച്ചു. ഇത് പലർക്കും പഥ്യമായിരുന്നില്ല. ഇബ്നു ബത്തൂത്തയുടെ ശിക്ഷാനടപടികളെക്കുറിച്ചുള്ള ഭാഗം സുദീർഘമായിത്തന്നെ ഉദ്ധരിച്ചതിനു കാരണം, അവ തന്നെ സംസാരിക്കുന്ന തെളിവായതു കൊണ്ടാണ്. ഓരോ സിദ്ധനേയും പണ്ഡിതനേയും ശിക്ഷിക്കുവാനുള്ള കാരണങ്ങൾ ബത്തൂത്ത തന്നെ പറയുന്നുണ്ട്. അവ ശ്രദ്ധാപൂർവം നിരീക്ഷിച്ചാൽ കാണാവുന്ന പരമാർഥം മുഹമ്മദ് തുഗ്ലക്ക് ഒരിക്കലും അർധദൈവങ്ങളായി ചമഞ്ഞിരുന്ന ഈ സിദ്ധന്മാരേയും ശൈഖുകളേയും രാജ്യകാര്യങ്ങളിൽ ഇടപെടാൻ അനുവദിച്ചിരുന്നില്ലെന്നും മറ്റുള്ള പ്രജകളെപ്പോലെ കുറ്റങ്ങൾക്കനുസരിച്ച് ശിക്ഷകൾ നല്കിയിരുന്നുവെന്നും മാത്രമാണ്.

മുഹമ്മദ് തുഗ്ലക്ക് പലപ്പോഴും പറയാറുണ്ടായിരുന്നതായി മറ്റൊരു സമകാലിക ചരിത്രകാരനായ സിയാവുദ്ദീൻ ബർണി രേഖപ്പെടുന്നതി പ്രകാരമാണ്: “രാജ്യദ്രോഹപ്രവൃത്തികൾ എത്ര നിസ്സാരമാണെങ്കിലും ഞാൻ കഠിന ശിക്ഷകൾ നല്കുന്നു. ഞാൻ ജനക്ഷേമത്തിനായി പരിശ്രമിക്കുകയും അളവറ്റ ധനം പ്രജാപരിപാലനത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്യുന്നു. എന്നിട്ടും ജനങ്ങൾ ലഹളക്കൊരുങ്ങുന്നു. നിഷ്കരുണം ഞാനവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്യും. മരണം വരെ ഞാൻ ഇതിൽ മുടക്കം വരുത്തുകയില്ല. അല്ലെങ്കിൽ ജനങ്ങൾ നിയമാനുസൃതം സമാധാനപ്രിയരായി കഴിയണം.” പക്ഷേ, പ്രഭുക്കന്മാരുടേയും അവരുടെ ആശ്രിതന്മാരായിരുന്ന പുരോഹിതന്മാരുടേയും സ്വാർഥമോഹം മൂലം ധാരാളം കലാപകാരികളെ തുഗ്ലക്ക് മുഹമ്മദ് അന്ന് നിലവിലുണ്ടായിരുന്ന നിയമങ്ങളനുസരിച്ച് ശിക്ഷിച്ചിട്ടുണ്ട്. അപ്പോഴൊക്കെ കുറ്റം ചെയ്തവർ ആരാണെന്ന് നോക്കിയിരുന്നില്ലെന്നത് അദ്ദേഹത്തിന്റെ നീതി ധർമപരിപാലനത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. എന്നാൽ ബത്തൂത്തക്കും അതുപോലെയുള്ള സങ്കുചിത മതവീക്ഷകരായ ചരിത്രകാരന്മാർക്കും ഈ തുല്യമായ നീതിനിർവഹണമാണ് ഏറ്റവും രൂക്ഷമായ വിമർശനത്തിന് പാത്രമായിട്ടുള്ളത്.

രാജ്യത്തെമ്പാടും അന്ന് നിലനിന്നിരുന്ന ശിക്ഷാസമ്പ്രദായങ്ങൾ ഇന്നു നമ്മെ വിസ്മയിപ്പിക്കത്തക്കതായിരിക്കാം. ഇബ്നു ബത്തൂത്ത തന്നെ കേരളത്തിലെ പല ഭാഗങ്ങളിലും പ്രായോഗികമായിരുന്ന ശിക്ഷകളുടെ വിവരണം നല്കുന്നതിൽ നിന്നും സിദ്ധിക്കുന്ന ചരിത്രാംശം ഇന്ത്യയിലെവിടെയും ക്രൂരവും പ്രാകൃതവുമായ ശിക്ഷാ നടപടികളാണ് നിലവിലുണ്ടായിരുന്നത് എന്നാണ്. ഒരു രാജാവിന് നീതി പാലകനെന്ന നിലക്ക് സ്വന്തമിഷ്ടത്തിനെതിരാണെങ്കിലും നിയമമനുസരിച്ച്

കുറ്റങ്ങൾ ചെയ്തവരെ ശിക്ഷിക്കേണ്ടതായിവരും. ക്രമസമാധാനം പുലർത്തുവാനും കുറ്റങ്ങളില്ലാതാക്കുവാനും മാതൃകാപരമായ കനത്ത ശിക്ഷകൾക്കേ സാധിക്കൂ എന്ന് ലോകമെമ്പാടും കരുതിപ്പോന്നിരുന്ന സന്ദർഭവുമായിരുന്നു അത്. അപ്പോൾ രാജ്യത്ത് നിലവിലുണ്ടായിരുന്ന നിയമങ്ങൾക്കു വിധേയമായി തുഗ്ളക്ക് മുഹമ്മദ് ശിക്ഷകൾ കൊടുത്തുവെന്നത് എങ്ങനെ അദ്ദേഹത്തിന്റെ മാത്രം കുറ്റമാകും? എങ്ങനെ ഇതു രക്തദാഹത്തിന്റെ അഭിവാഞ്ഛയായി ഉദാഹരിക്കാം? അങ്ങനെയെങ്കിൽ സുദീർഘമായ പൗരാണിക മധ്യകാലഘട്ടത്തിലെ ഒറ്റ ഭരണാധിപനേയും ഈ ആരോപണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ നമുക്ക് സാധിക്കാതെ വരും. വധശിക്ഷ കൊടുക്കാത്ത ചില പരിഷ്കൃതരാജ്യങ്ങളുണ്ടിന്ന്. പക്ഷേ, ഈ നിയമം വരുന്നതിനു മുമ്പ് കൊലക്കുറ്റം ചെയ്ത ക്രിമിനിൽ പുള്ളിയെ തൂക്കിലിടാൻ വിധിച്ച ന്യായാധിപനെ രക്തദാഹിയായി ചിത്രീകരിക്കാനൊക്കുമോ? അതാതുകാലത്തെ നിയമങ്ങൾ നടപ്പാക്കുകയെന്നതാണ് ന്യായാധിപനും നീതിമാനുമായ ഏതൊരു ഭരണാധിപന്റെയും കർത്തവ്യം. അത് അഭംഗുരം നടപ്പാക്കിയ മുഹമ്മദ് തുഗ്ലക്ക് നീതിപാലകനായ ഒരു ന്യായാധിപൻ ചെയ്യുന്നതിൽ കവിഞ്ഞൊന്നുംതന്നെ അക്കാലത്തു ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ നീതിപീഠത്തോടുള്ള ബഹുമാനം ഇബ്നു ബത്തൂത്ത തന്നെ വിശദീകരിക്കുന്നുണ്ട്.

"വിവാഹം കഴിഞ്ഞ് ഇരുപതു ദിവസത്തിനുശേഷം അമീർ ഗദ്ദ മുൻകൂട്ടി നിശ്ചയിക്കാതെ കൊട്ടാരത്തിലേക്കു വന്നു. (അമീർ ഗദ്ദ സുൽത്താന്റെ സഹോദരിയുടെ ഭർത്താവായിരുന്നു. കല്യാണം കഴിഞ്ഞയുടനെയുണ്ടായ ഒരു സംഭവമാണ് ബത്തൂത്ത വിവരിക്കുന്നത്.) സുൽത്താന്റെ നിർദ്ദേശമില്ലാതിരുന്നതുകൊണ്ട് കാവൽക്കാരൻ തടഞ്ഞു നിർത്തി. അതദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. ബലപ്രയോഗം നടത്തി കാവൽക്കാരനെ ഉന്തി നീക്കുവാൻ ശ്രമിച്ചു. തന്റെ ജോലിയിൽ ബദ്ധശ്രദ്ധനായ കാവൽക്കാരൻ ഇതിനൊന്നും വഴങ്ങിയില്ല. ഗദ്ദ അരികിൽ കിടന്ന ഒരു വടികൊണ്ട് അയാളെ കഠിനമായി മർദിച്ചു. കാവൽക്കാരന്റെ തല വിണ്ടു ചോര പ്രവഹിച്ചു. ഇദ്ദേഹം വളരെ വലിയ ഒരു അമീറാണ്. അദ്ദേഹത്തിന്റെ പിതാവ് ഗസ്നിയിലെ ഖാസിയുമായിരുന്നു. സുൽത്താൻ ഇവർ രണ്ടുപേരോടും ഇഷ്ടവും ബഹുമാനവും കാട്ടിയിരുന്ന ദേഹവുമാണ്. ചോര പുരണ്ട വസ്ത്രങ്ങളും രക്തം പ്രവഹിക്കുന്ന ശിരസ്സും കണ്ടപ്പോൾ സുൽത്താന് കാരണമറിയാൻ ഉത്കണ്ഠയായി. സംഭവമറിഞ്ഞപ്പോൾ ഗദ്ദയുടെ ധിക്കാരത്തിൽ സുൽത്താൻ കോപിഷ്ഠനായി. 'വലിയ അന്യായമാണ് ഗദ്ദ പ്രവർത്തിച്ചിട്ടുള്ളത്. ഇതാവർത്തിക്കുന്നതോ മാപ്പുകൊടുക്കുന്നതോ ഉചിതമല്ല. ന്യായാധിപനാണു തീർപ്പു കല്പിക്കേണ്ടത്. അദ്ദേഹത്തിന്റെ വിധി അനുസരിച്ചു കൊള്ളുക' സുൽത്താൻ തന്റെ അഭിപ്രായം പ്രഖ്യാപിച്ചു.

“ഖാസി കമാലുദ്ദീന്റെ മുമ്പിൽ അന്യായക്കാരനേയും പ്രതിയേയും ഹാജരാക്കി. അമീർ ഗദ്ദ കുറ്റം സമ്മതിച്ചു. അപ്പോഴേക്കും ഇവർ തമ്മിൽഒത്തുതീർപ്പുണ്ടാക്കാനുള്ള ശ്രമം കാവൽക്കാരന്റെ പിതാവ് നടത്തിനോക്കിയെങ്കിലും ഗദ്ദയുടെ അഹങ്കാരംമൂലം അതു സാധിച്ചില്ല. അന്നു രാത്രി മുഴുവൻ ഗദ്ദയെ ജയിലിൽ പാർപ്പിക്കാനായിരുന്നു ജഡ്ജിയുടെ വിധി. അതനുസരിച്ച് അദ്ദേഹത്തെ ജയിലിൽകൊണ്ടുപോയി. യഥാർഥത്തിൽ ആഗ്രഹമുണ്ടായിട്ടും തന്റെ ഭർത്താവിന് ഒരു വിരിപ്പുപോലും കൊടുത്തയക്കാൻ സുൽത്താനെ ഭയമുള്ളതുകൊണ്ട് ആ നവവധു തുനിഞ്ഞില്ല. അടുത്ത ദിവസം അദ്ദേഹത്തെ മോചിപ്പിച്ചു. എന്നാൽ സുൽത്താൻ അമീർ ഗദ്ദ ചെയ്ത കുറ്റത്തെപറ്റി പരസ്യപ്പെടുത്തുകയും അദ്ദേഹത്തിനു നല്കിയിരുന്ന സ്ഥലങ്ങളുടെ ഭരണാധികാരം പിടിച്ചെടുക്കുകയും ചെയ്തു. അയാളെ നാടുകടത്താനായിരുന്നു സുൽത്താൻ വിചാരിച്ചിരുന്നത്.

“എലിയെ തിന്നുന്നവനേയും മുഗീസിനേയും നാടുകടത്തുന്നതാണെന്നു സുൽത്താൻ അടുത്ത ദിവസം വിളംബരം ചെയ്തു. ഗ്രാമീണരായ അറബികൾ കീരിയേയും എലിയേയും തിന്നുന്നതുകൊണ്ട് അറബികളെ ഉദ്ദേശിച്ചായിരുന്നു ഈ പ്രയോഗം നടത്തിയത്. സെയ്ഫുദ്ദീൻ ഗദ്ദ അറബിയായിരുന്നു. മുഗീസ് സുൽത്താന്റെ മറ്റൊരു സഹോദരിയുടെ ഭർത്താവുമാണ്. ഇയാളുടെ മർദനങ്ങൾ കൊണ്ടാണ് തന്റെ സഹോദരി അകാല ചരമമടഞ്ഞതെന്നായിരുന്നു അവരുടെ തോഴിമാരിൽ നിന്നും സുൽത്താന് ലഭിച്ച വിവരങ്ങൾ. ചക്രവർത്തിയുടെ കല്പന നടപ്പിലാക്കാൻ ഉദ്യോഗസ്ഥന്മാർ വ്യാപൃതരായി. തന്റെ ഭാര്യയോട് യാത്ര ചോദിക്കാൻ ഗദ്ദക്ക് അധികസമയം ഉദ്യോഗസ്ഥന്മാർ അനുവദിച്ചില്ല. വീർപ്പുമുട്ടലോടും കണ്ണുനീരോടുകൂടിയുമാണ് അദ്ദേഹം കൊട്ടാരം വിട്ട് പുറത്തു വന്നത്. ഗദ്ദ ഉദ്യോഗസ്ഥന്മാരോടു കൂടി പുറപ്പെട്ടു.”

“ഈ വസ്തുത കേട്ടമാത്രയിൽ ഞാൻ അരമനയിലെത്തി. രാത്രി മുഴുക്കെ അവിടെ ഇരിക്കുന്നതുകണ്ട് ഒരമീർ എന്നോട് എന്താണ് പ്രത്യേക കാര്യമെന്നന്വേഷിച്ചു. ‘അമീർ ഗദ്ദയെ നാടുകടത്താനുള്ള കല്പന റദ്ദുചെയ്യിക്കാനുള്ള മാർഗമാരായുകയാണ് എന്റെ ലക്ഷ്യ’മെന്ന് ഞാൻ പറഞ്ഞപ്പോൾ അത് അസാധ്യമായ സംഗതിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എന്തായാലും ഞാൻ വന്ന കാര്യം നടക്കുന്നതു വരെ ഇവിടെത്തന്നെ ഇരിക്കാനാണ് കരുതിയിരിക്കുന്നതെന്ന് ഞാനദ്ദേഹത്തോടു പറഞ്ഞു. സുൽത്താൻ വരുന്നതും പ്രതീക്ഷിച്ച് ഞാൻ ഇരിപ്പായി. സുൽത്താൻ ആഗതനായപ്പോൾ എന്റെ നിവേദനം ഞാൻ അർപിച്ചു. വളരെ നേരത്തെ വാദപ്രതിവാദത്തിനു ശേഷം നാടുകടത്തൽ കല്പന റദ്ദാക്കാമെന്ന് സുൽത്താൻ പ്രസ്താവിച്ചു. അതിനു പകരമായി ലാഹോറിലെ ഗവർണറായ ഖബൂലയുടെ കീഴിൽ നാലു

കൊല്ലം താമസിപ്പിക്കാമെന്നു തീരുമാനിക്കുകയും ചെയ്തു. ഈ കാലയളവുകൊണ്ട് അമീർ ഗദ്ദയിൽ വളരെ മാറ്റങ്ങളുണ്ടായി. നാട്ടാചാരങ്ങളും നടപടിക്രമങ്ങളും അദ്ദേഹം മനസ്സിലാക്കി. അഹന്തയും ധിക്കാരവുമെല്ലാം മാറി ഒരു നല്ല മനുഷ്യനായിത്തീർന്നു. ഇത് സുൽത്താന് ബോധ്യമായപ്പോൾ ആ അറബിയുടെ സ്ഥിതി വീണ്ടും ഉയർന്നു. സുൽത്താൻ കൂടുതൽ സ്നേഹവും ബഹുമാനവും അയാളിൽ കോരിച്ചൊരിഞ്ഞു. ആദ്യമുണ്ടായിരുന്ന സ്ഥലങ്ങൾ മുഴുക്കെ മടക്കിക്കൊടുക്കുകയും ചെയ്തു."

"ഒരിക്കൽ ഒരു ഹിന്ദുപ്രഭു ഖാസിയുടെ മുമ്പാകെ ഒരു പരാതി ബോധിപ്പിച്ചു. സുൽത്താൻ തന്റെ സഹോദരനെ ഒരു കാരണവും കൂടാതെ കൊലപ്പെടുത്തിയെന്നായിരുന്നു കേസിനാധാരമായിരുന്ന പരാതി. ആ കേസിന്റെ വിചാരണവേളയിൽ കോടതിയിൽ ഹാജരാകാൻ സുൽത്താനോട് ഖാസി ആവശ്യപ്പെട്ടു. കോടതിയുടെ ഉത്തരവിനെ ബഹുമാനിച്ച് ആയുധം ധരിക്കാതെയും കാൽനടയായും സുൽത്താൻ അവിടെ ഹാജരായി. ജഡ്ജിയെ ആദരവോടുകൂടി ഉപചരിച്ചു. സുൽത്താൻ കോടതിയിൽ വന്നപ്പോൾ ജഡ്ജി എഴുന്നേറ്റുനിന്നില്ല. കോടതിയിലായിരിക്കുമ്പോൾ ന്യായാധിപൻ എഴുന്നേറ്റ് സുൽത്താനെ ബഹുമാനിക്കേണ്ടതില്ലെന്നാണ് നടപടിക്രമം. സുൽത്താനേയും അന്യായക്കാരനേയും ജഡ്ജി വിസ്തരിച്ചു. സുൽത്താൻ കുറ്റക്കാരനാണെന്ന് കോടതി പ്രഖ്യാപിക്കുകയും അന്യായക്കാരനെ സന്തോഷിപ്പിക്കത്തക്കവണ്ണം പ്രായശ്ചിത്തം ചെയ്യണമെന്ന് കോടതി വിധിക്കുകയും ചെയ്തു. സുൽത്താൻ അതുപ്രകാരം പ്രവർത്തിച്ച് അയാളെ തൃപ്തിപ്പെടുത്തി."

"മറ്റൊരവസരത്തിൽ ഒരു മുസ്‌ലിം പ്രമാണി സുൽത്താനെതിരായി കേസ് കൊടുത്തു. താനും സുൽത്താനും തമ്മിൽ പണസംബന്ധമായ ചില ഇടപാടുകളുണ്ടായിരുന്നുവെന്നും സുൽത്താനിൽ കുറെ പണം ബാക്കിയുണ്ടെന്നും അത് കൊടുക്കാൻ സുൽത്താൻ കൂട്ടാക്കുന്നില്ലെന്നുമായിരുന്നു പരാതി. ഖാസി ഇരുകൂട്ടരേയും കോടതിയിൽ വരുത്തി വിസ്തരിച്ചു. രണ്ടു ഭാഗത്തു നിന്നും അനുകൂല പ്രതികൂല ന്യായവിചാരം നടന്നു. അവ കൃത്യമായി പരിശോധിച്ച കോടതി സുൽത്താൻ കുറ്റക്കാരനാണെന്നാണ് വിധിച്ചത്. ജഡ്ജി കൊടുക്കാൻ കല്പിച്ച സംഖ്യ സുൽത്താൻ സന്തോഷത്തോടു കൂടി നല്കുകയും ചെയ്തു."

"വേറൊരു സന്ദർഭത്തിൽ ഒരു രാജകുമാരൻ സുൽത്താനെതിരായി കേസ് പറഞ്ഞു. സുൽത്താൻ കാരണമില്ലാതെ തന്നെ അടിക്കുന്നുവെന്നായിരുന്നു പരാതി. വിസ്താരം കേട്ട കോടതി സുൽത്താൻ തെറ്റുകാരനാണെന്ന് കണ്ടു. ഒന്നുകിൽ രാജകുമാരന് പണം നല്കി പ്രായശ്ചിത്തം ചെയ്യുകയോ അല്ലെങ്കിൽ പ്രതികാരം സ്വീകരിക്കുകയോ ചെയ്യണമെന്നായിരുന്നു കോടതി കല്പിച്ചത്. സുൽത്താൻ രാജകുമാരനെ

തന്റെ അരികിൽ വിളിച്ച് ഒരു ചൂരൽ കൊടുത്തുകൊണ്ടു പറഞ്ഞു: “ഞാൻ നിന്നെ അടിച്ചതു പോലെ നീ എന്നേയും അടിച്ചുകൊള്ളൂ.” രാജകുമാരൻ ചൂരൽകൊണ്ട് പ്രഹരം തുടങ്ങി. ഇരുപത്തൊന്ന് അടി സുൽത്താന് കിട്ടി. അടിയുടെ ഊക്കും ഈണവും കൊണ്ട് സുൽത്താന്റെ തൊപ്പി തെറിച്ചുപോയി. ഈ സംഭവം ഞാൻ കണ്ണുകൊണ്ട് കണ്ടതാണ്.”

ഈ വിവരണത്തിൽനിന്നും ചില സംഗതികൾ ഗ്രഹിക്കാം:

1. നീതിപരിപാലനത്തിൽ ഒരു ദയാദാക്ഷിണ്യവും സുൽത്താൻ കാണിച്ചിരുന്നില്ല.

2. കോടതിയേയും നിയമത്തേയും മറ്റെന്തിനേക്കാളും അദ്ദേഹം ബഹുമാനിച്ചിരുന്നു.

3. വെറും പ്രാകൃതമായിരുന്നില്ല തുഗ്ലക്കിന്റെ നിയമനിർവഹണ സമ്പ്രദായം.

4. സുൽത്താന്റെ ഇഷ്ടാനിഷ്ടമനുസരിച്ചായിരുന്നില്ല ശിക്ഷകൾ നല്കിയിരുന്നത്.

5. അവ നിയമാനുസൃതം ന്യായാധിപന്മാർ നല്കിയിരുന്നവയാണ്.

6. രാജ്യത്ത് നിലവിലുണ്ടായിരുന്ന നിപുണമായ ചാരവലയം സാമ്രാജ്യത്തിന്റെ ഏതു കോണിലും നടന്നിരുന്ന വസ്തുതകൾ ഒട്ടും താമസമില്ലാതെ സുൽത്താനെ അറിയിച്ചിരുന്നു. അങ്ങനെ ഏത് നിസ്സാര സംഭവങ്ങളും മുഹമ്മദ് സുൽത്താൻ തക്കസമയത്ത് തന്നെ അറിയുകയും പ്രതിവിധി കണ്ടെത്തുകയും ചെയ്തിരുന്നു.

ഇത്രയും സംഗതികൾ നിശ്ചയമായും നല്ല ഒരു ഭരണസംവിധാനത്തെയാണ് വിഭാവന ചെയ്യുന്നത്. ഏതൊരു രാഷ്ട്രത്തിലും നിഷ്പക്ഷമായ നീതിന്യായ നിർവഹണമാണ് പ്രജകളിൽ സുരക്ഷിതത്വം ഉറപ്പ് നല്കുക. സകലവിധ അധികാരങ്ങളുമുണ്ടായിരുന്ന ഏകാധിപതിയായ ഒരു ചക്രവർത്തി തനിക്കെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്ക് കോടതിയിൽ ഹാജരായി നീതിപീഠത്തിന്റെ വിധിക്ക് സവിനയം വിധേയനാകുന്നത് മറ്റൊരു കാലത്തും ഇന്ത്യാ ചരിത്രം ദർശിച്ചിട്ടില്ല. കോടതിയിൽ ന്യായാധിപൻ ചക്രവർത്തിയെ വന്ദിക്കുന്ന പതിവ് ആചരിച്ചിരുന്നില്ലെന്ന് പറയുന്ന ബത്തൂത്ത, തുഗ്ലക്ക് മുഹമ്മദിന്റെ കാലഘട്ടത്തിൽ നടമാടിയിരുന്ന നിയമവാഴ്ചയുടെ പ്രാധാന്യത്തേയാണ് പുരസ്കരിക്കുന്നത്. ഇന്നും സാധാരണ നിയമകോടതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഉന്നത വ്യക്തികൾ ഏതു രാജ്യത്തുമുണ്ടല്ലോ. 14–ാം നൂറ്റാണ്ടിലെ സ്വേച്ഛാധികാരിയായ ഒരു ചക്രവർത്തി നിയമത്തിന് രാജാധികാരത്തേക്കാൾ ഉത്കർഷം കല്പിച്ച് വിനീതമായി അതിന് വഴങ്ങുക ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ലക്കിൽ നിന്നല്ലാതെ മറ്റൊരു ഏകാധിപതിയിൽ നിന്നും പ്രതീക്ഷിക്കുക പ്രയാസമാണ്. അ

ങ്ങനെ നീതിന്യായം മാതൃകാപരമായി ആവിഷ്കരിച്ച സുൽത്താൻ നിയമലംഘകന്മാരെ നിർദാക്ഷിണ്യം ശിക്ഷിക്കുകയും ചെയ്തുവെങ്കിൽ അത് സഹജമ്മാണല്ലോ.

സ്വയമനുഷ്ഠിക്കുന്ന പ്രവൃത്തികൾ ചക്രവർത്തി തന്റെ പ്രഭുക്കന്മാരിൽ നിന്നും പ്രജകളിൽ നിന്നും പ്രതീക്ഷിച്ചുവെങ്കിൽ അത് സ്വാഭാവികമാണ്. അതിനെതിരെ പ്രവർത്തിച്ച ശക്തിയെ അനുസരണയുള്ളവരാക്കേണ്ട കർത്തവ്യം ഏതൊരു പരിഷ്കൃത ഗവൺമെന്റുകളും അനുവർത്തിക്കുന്നതു പോലെ അദ്ദേഹവും ചെയ്തുവെന്ന് മാത്രമേയുള്ളൂ. നിയമലംഘകന്മാർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുക സമാധാനപ്രിയരായ പ്രജകളുടെ നിയമത്തോടുള്ള കൂറു നഷ്ടപ്പെടുത്തുന്ന കാര്യമാണ്. തന്മൂലം നാട്ടിൽ കലാപവും വിപ്ലവവും സൃഷ്ടിക്കാൻ മുതിർന്നവരേയും അതിനരുനിൽക്കുകയും ആശീർവാദങ്ങൾ നല്കി അനുഗ്രഹിച്ചവരേയും സുൽത്താൻ യാതൊരു ദാക്ഷിണ്യവും കൂടാതെ ശിക്ഷിക്കുകയും ചെയ്തു. ഇത് സാർവത്രികമാക്കിയപ്പോൾ അതുവരെ അന്യായമായി അമിതാവകാശങ്ങൾ അനുഭവിച്ചിരുന്നവർ വിപ്ലവം നടത്തി. അവരധികവും മുസ്ലിം പ്രഭുക്കന്മാരുടെ പിണിയാളുകളായി പ്രവർത്തിച്ചിരുന്ന പുരോഹിതന്മാരായിരുന്നു. ഇബ്നു ബത്തൂത്ത തന്നെ വിവരിക്കുന്ന ശിക്ഷകൾക്ക് വിധേയരായവരധികവും ശൈഖുകളും മത നേതാക്കന്മാരുമാണല്ലോ. തന്മൂലം പൗരോഹിത്യം മുഴുക്കെ സുൽത്താനെതിരായുള്ള ആഭിചാരവാക്കുകളാണ് രേഖപ്പെടുത്തിയത്. അവരുമായി എല്ലാ നിലക്കും ഒട്ടിച്ചേർന്നിരുന്ന ബത്തൂത്തയും വ്യത്യസ്ത സ്വഭാവക്കാരനായിരുന്നില്ലെന്ന് ആദ്യമേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങനെയാണ് ഏറ്റവും മഹത്തും മാതൃകാപരവുമായ ഭരണനേട്ടങ്ങൾ 'ഒരു ഭ്രാന്തൻ ചക്രവർത്തിയുടെ താന്തോന്നിത്തം മാത്രമായി' ഇന്ന് ചരിത്ര വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇബ്നു ബത്തൂത്ത പറഞ്ഞിട്ടുള്ള കാര്യങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്താൽ മാത്രം മതി മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള ഇന്നത്തെ ചിന്താഗതി തിരോഭവിക്കുവാൻ. ഇത് അറിയാത്തതു കൊണ്ടല്ല ഇംഗ്ലീഷ് ചരിത്രകാരന്മാരതിന് തുനിയാതിരുന്നത്. അവർക്കാവശ്യമായ കാര്യങ്ങൾ മാത്രമാണ് അവർ ചികഞ്ഞെടുത്തതെന്ന് നാം പ്രതിപാദിച്ചതാണ്.

പക്ഷേ, ഇന്ത്യൻ പക്ഷത്തുനിന്നും സത്യസന്ധമായ ഒരു സമീപനം ഉണ്ടാകാത്തത് അത്ഭുതം തന്നെ. നമ്മുടെ ദേശത്തിന്റെയും സംസ്കാരത്തിന്റെയും വിധിദായകന്മാരായ ഭരണകർത്താക്കളുടെ ചരിത്രം രചനാത്മകമായി പുനരാവിഷ്കരിക്കേണ്ടത് ഈ രാജ്യത്തോടു ചെയ്യാവുന്ന മഹത്തരമായ സേവനം മാത്രമാണ്. എന്നാൽ അത്തരം സംരംഭങ്ങൾ വിരളമെന്നതിനേക്കാൾ ദൗർഭാഗ്യകരമായത് ഇത്തരം നിർമാണാത്മകമായ ചരിത്രവിചാരം നടത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്ന വി

മർശനമാണ് നാം സാധാരണ നടത്തുക എന്നതത്രേ. ഇംഗ്ലീഷ് ചരിത്ര കാരനാവിഷ്കരിച്ച ചരിത്രപാഠങ്ങളിൽ ഇനിയും മാറ്റം വരുത്താനുള്ള ആത്മധൈര്യമില്ലാഞ്ഞിട്ടോ മറ്റെന്തെങ്കിലും ദുഷ്ടമായ വികാരവിലാസം കൊണ്ടോ നാം നിഷ്കൃഷ്ടമായ ചരിത്രപുനഃസംവിധാനത്തിനിതുവ രെ തുനിഞ്ഞിട്ടില്ലെന്നത് ലജ്ജാകരമാണ്. ഒറ്റയൊറ്റയായ സംരംഭങ്ങൾ നടത്തിയാൽ അവ മിക്കവാറും അഗണ്യകോടിയിൽ തള്ളപ്പെട്ടു വന രോദനമായി അവശേഷിക്കുകയായിരിക്കും ഫലം. ബുദ്ധിമുട്ടേറിയ ഗ വേഷണ ഫലങ്ങൾ അവ എത്രതന്നെ നിലവിലുള്ള നിഗമനങ്ങളെ ചോ ദ്യം ചെയ്യുന്നതാണെങ്കിലും ശരി സത്യസന്ധമാണെങ്കിൽ അവയെ അം ഗീകരിക്കാനുള്ള ചരിത്രപണ്ഡിതന്മാരുടെ ഒരുന്നതാധികാര കമ്മറ്റിയോ മറ്റോ ഉണ്ടാക്കേണ്ടത് നമ്മുടെ നാടിന്റെയും നമ്മുടെയും സ്വഭാവത്തി നനുസരിച്ച് അനിവാര്യമാണ്. കാരണം, പാണ്ഡിത്യത്തിന്റെ കുത്ത കാവകാശം പേറുന്നവരായ പ്രാമാണികന്മാർ പറഞ്ഞാൽ മാത്രമേ അ വയെ ഗൗനിക്കുകയുള്ളു എന്ന മനഃസ്ഥിതി നമ്മിൽ രൂഢമൂലമായിട്ട് വളരെക്കാലമായി. ഈ പണ്ഡിതന്മാരാകട്ടെ തങ്ങളുടെ പരിമിതികളെ ക്കുറിച്ച് ബോധവാന്മാരാണെങ്കിലും അത് തുറന്നു പറഞ്ഞാൽ അനു യായികളുടെ ബഹുമാനം കുറഞ്ഞു പോകുമെന്ന് ധരിക്കുന്നവരാണ്. തന്മൂലം ഒറ്റ പണ്ഡിതനും ഇതുവരെ തന്റെ ആദ്യകാലനിഗമനങ്ങളിൽ പിശകുപറ്റിയിട്ടുണ്ടെന്നും തുടർന്നുള്ള പരിശ്രമത്തിൽ മനസ്സിലായെന്നും തുറന്ന് പറയാനുള്ള ചങ്കൂറ്റം കാട്ടിയിട്ടില്ല. തങ്ങൾ പറഞ്ഞത് അവസാ നവാക്കാണെന്ന് സങ്കോചം കൂടാതെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ചേതന മുരടിച്ച് കൊണ്ടിരിക്കുകയും വർധമാനമാ യി അറിയുവാനുള്ള അന്വേഷണതൃഷ്ണയും ജിജ്ഞാസയും അപകർ ഷകമായി നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

തന്മൂലം ഏറെ പ്രയത്നം മുതൽ മുടക്കിയിട്ടായാലും നിസ്തുലമാ യ സത്യത്തിന്റെ തങ്കക്കനികളായാലും ആരും അത്ര ഗൗനിക്കാത്ത സ്ഥിതിയാണ് ഉളവായിട്ടുള്ളത്. ഇത് ബുദ്ധിപരമായ നമ്മുടെ വളർച യെ ശ്വാസം മുട്ടിക്കുമെന്നും വൈജ്ഞാനിക മണ്ഡലത്തെ കരിങ്കാർ കൊണ്ട് മൂടുമെന്ന് നാം മനസ്സിലാക്കുകയും അതില്ലാതാക്കാനുള്ള ശ്ര മങ്ങൾ നടത്തുകയും ചെയ്യേണ്ടത് ഒട്ടും അമാന്തിക്കാൻ പാടില്ലാത്ത താണ്. അല്ലെങ്കിൽ ഇതിന്റെ ഭവിഷ്യത്ത് എത്രമാത്രമായിരിക്കുമെന്ന് നമുക്ക് ഊഹിക്കാൻ പോലും പ്രയാസമാണിന്ന്. അറിവിനെ അറിഞ്ഞു മാനിക്കാനുള്ള ഒരു ചെറിയ സമൂഹത്തെയെങ്കിലും വളർത്തിക്കൊണ്ടു വരേണ്ടത് നമ്മുടെ സാംസ്കാരിക നിലനില്പിന്റെ തന്നെ കാര്യമാണ്. അത്തരം നല്ല ഒരു സംഘം പുലർന്നാൽ മാത്രമേ ഇന്നത്തെ ഈ ബു ദ്ധിപരമായ നിശ്ചലതക്ക് അറുതി ഉണ്ടാകുകയുള്ളൂ. മറ്റു മേഖലകളി ലെ ചരിത്രപഠനത്തിനും നിർമാണത്തിനും കൂടുതൽ പ്രാധാന്യം നല്

കുകയും വേണം. ചരിത്രപാഠങ്ങളാണ് നാമെല്ലാം ഒന്നാണെന്ന ദേശീയ ബോധവും വൈകാരിക ഐക്യവും രാഷ്ട്രീയ ഉദ്ഗ്രഥനവും സാംസ്കാരികസംഘാതവും സർവോപരി പരസ്പര സ്നേഹവും ഉല്പാദിപ്പിക്കുന്ന അറിവിന്റെ വറ്റാത്ത ഉറവിടം. മഹത്തരമായ ഒരിന്നലെയിൽ പുളകം കൊള്ളാൻ കഴിയാത്തവരും പ്രാക്തനമായ സാംസ്കാരിക പൈതൃകത്തിന്റെ അഭാവത്തിൽ ചൂളിപ്പോകുന്നവരും നല്ല ഒരു നാളെയെ ആത്മധൈര്യത്തോടുകൂടി ആസൂത്രണം ചെയ്യാൻ പതറുന്നവരായിരിക്കും. മഹനീയമായ ഒരു സാംസ്കാരിക കലവറയുള്ള നാം അങ്ങനെ കഴിഞ്ഞകാലത്തിന്റെ കഴമ്പില്ലായ്മയിൽ  പരിഭ്രമിക്കേണ്ടവരല്ല. അപാരമായ സമ്പത്തിന്റെ പിന്തുടർച്ചക്കാരായ നാം അതു പ്രയോജനപ്പെടുത്തേണ്ട രീതിയിൽ പ്രയോഗിക്കുന്നില്ലെന്നു മാത്രമേയുള്ളൂ. നമ്മുടെ പാകപ്പിഴകളും ദൗർബല്യങ്ങളും എവിടെയാണെന്നും എന്തിലാണെന്നും മനസ്സിലാക്കി തീവ്രമായ പ്രയത്നം കൊണ്ട് നാം ഈ കുറവുകൾ പരിഹരിക്കുകയും അനർഹമായ സാംസ്കാരിക പൈതൃകത്തെ പിൻപറ്റുവാൻ അർഹരാണെന്നു തെളിയിക്കുകയും ചെയ്യേണ്ട ചുമതല പുത്തൻ തലമുറക്കുണ്ട്. അവരതിനുള്ള പരിശ്രമങ്ങൾ നടത്തുമ്പോൾ പാണ്ഡിത്യത്തറവാട്ടിലെ തലനരച്ച കാരണവന്മാരെങ്കിലും അവരെ അനുഗ്രഹിക്കുവാനും ആശീർവദിക്കുവാനും തയ്യാറാകുന്നത് ഉചിതമായിരിക്കും.

അനുബന്ധം

# ഇബ്നു ബത്തൂത്തയുടെ സ്ത്രീണാഞ്ചചിത്തം

ഇബ്നു ബത്തൂത്ത പ്രാസംഗികമായി പറഞ്ഞുപോകുന്ന തന്റെ സഹധർമിണിമാരെയും വെപ്പാട്ടികളേയും അടിമപെൺകൊടികളേയും കുറിച്ചുള്ള പരാമർശം അക്കാലത്തെ സാമൂഹിക വൈകൃതങ്ങളുടെ ശരിയായ പ്രതിഫലനമാണ്. അന്നു നിലനിന്നിരുന്ന ആചാരസമ്പ്രദായങ്ങളെ സംബന്ധിച്ച് ആദ്യ അധ്യായങ്ങളിൽ ഞാൻ വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവക്ക് ഉപോൽബലകമായിട്ടാണ് ബത്തൂത്തയുടെ ഈ വിവരണം അനുബന്ധമായി ചേർക്കുന്നത്.

1. "നാസുറുദ്ദീൻ ദിർമിഥി മതപണ്ഡിതനും ദാർശനികനുമായിരുന്നു. ഒരു വർഷത്തിലേറെ അദ്ദേഹം കൊട്ടാരത്തിൽ താമസിച്ചു. അതിനുശേഷം സ്വന്തം നാട്ടിലേക്കു മടങ്ങാനുള്ള ആഗ്രഹം അദ്ദേഹം സുൽത്താനെ അറിയിച്ചു. ആ കൊട്ടാരത്തിലെ തീറ്റമേശയുടെ കാലുകളും വിഭവങ്ങൾ വിളമ്പിയിരുന്ന പാത്രങ്ങളും സ്വർണനിർമിതമായിരുന്നു. ഇവയെല്ലാം നാസറുദ്ദീന് സമ്മാനമായി കൊടുത്തു. ഇതിനുപുറമേ ഒരുലക്ഷം ദീനാറും ഇരുനൂറ് അടിമകളും പാരിതോഷികമായി അദ്ദേഹത്തിനു നല്കപ്പെട്ടു. ഇതിൽ കുറെ അടിമകളെ അദ്ദേഹം സ്വതന്ത്രരാക്കി. അവശേഷിച്ചവരെ കൂടെ കൊണ്ടുപോകുകയും ചെയ്തു." (പേജ് 202)

2. "ഒരു ദിവസം ഞാനെന്റെ ക്യാമ്പിൽ അടിമപെൺകുട്ടികളുമായി സല്ലപിച്ചിരിക്കുകയായിരുന്നു. എന്റെ സേവകനായ സംബൽ ആ അവസരത്തിൽ കയറിവരുന്നതു കണ്ട് ഞാൻ വിവരമന്വേഷിച്ചു. സ്ത്രീകളുമായി ഉല്ലസിച്ചു കഴിയുന്നവരെ കൊല്ലാൻ സുൽത്താൻ ഉത്തരവിട്ടിരിക്കുന്നുവെന്നും എന്നാൽ സൈനികമേധാവികളിടപെട്ടതു കൊണ്ട് ആ കല്പന റദ്ദാക്കിയെന്നും പകരം സകല സ്ത്രീകളെയും കൺവീൽ എന്ന കോട്ടയിലേക്കു മാറ്റാൻ തീരുമാനിച്ചിരിക്കുന്നുവെന്നും അയാൾ പറഞ്ഞു. എല്ലാ സ്ത്രീകളേയും അവിടേക്ക് മാറ്റി. സുൽത്താന്റെ കൂടാരത്തിൽ പോലും സ്ത്രീകളുണ്ടായിരുന്നില്ല. സ്ത്രീ സാമീപ്യമില്ലാതെ

രാത്രി കഴിച്ചുകൂട്ടുക എന്നെ സംബന്ധിച്ചിടത്തോളം പ്രയാസമേറിയ സംഗതിയാണ്. പക്ഷേ, മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല. തന്മൂലം വളരെ വിഷമിച്ചാണ് ആ രാത്രി ഉന്തി നീക്കിയത്. (പേജ് 209)

3. "ഞങ്ങൾ ഇവിടെ വന്ന് ഒന്നരമാസം കഴിഞ്ഞപ്പോൾ ഒന്നരമാസം പ്രായമായ എന്റെ മകൾ മരിച്ചുപോയി. വിവരമറിഞ്ഞ മന്ത്രി ശവസംസ്കാരത്തിനുള്ള ഏർപാടുകളെല്ലാം ചെയ്തു തന്നു. കുറച്ച് ദിവസങ്ങൾക്കു ശേഷം സാധാരണ സ്ത്രീകൾ കയറി സഞ്ചരിക്കുന്ന ഒരു മഞ്ചൽ രാജമാതാവ് കൊടുത്തയച്ചു. അതിൽ എന്റെ ഒരടിമപ്പെണ്ണിനെയും തുർക്കിക്കാരിയായ ഒരു ഭൃത്യയെയും കയറ്റി അയച്ചു. മരിച്ച എന്റെ മകളുടെ അമ്മയായിരുന്നു അവൾ. ഒരു രാത്രി രാജമാതാവിന്റെ കൊട്ടാരത്തിൽ താമസിച്ച് തിരിച്ചുവന്നപ്പോൾ ആയിരം തങ്കവും രത്നവുമുള്ള ഒരു സ്വർണപതക്കവും കഴുത്തിൽ കെട്ടുന്ന സ്വർണ മാലയും സ്വർണക്കസവുള്ള പട്ടുവസ്ത്രങ്ങളും രാജമാതാവ് സമ്മാനമായി കൊടുത്തയക്കുകയും ചെയ്തു." (പേജ് 210)

4. "തടവുകാരികളായി പിടിച്ചിരുന്ന കുറെ ഹിന്ദു വനിതകളിൽ പത്തുപേരെ മന്ത്രി എനിക്കു നല്കി. അതിൽ ഒന്നിനെ കൊണ്ടുവന്ന ഉദ്യോഗസ്ഥന് ഞാൻ കൊടുത്തെങ്കിലും അയാൾ അസന്തുഷ്ടനായിരുന്നു. മൂന്നു പേരെ എന്റെ കൂട്ടുകാർ കൊണ്ടുപോയി. അവർക്കെന്തു സംഭവിച്ചെന്ന് എനിക്കറിയില്ല. തട്ടിക്കൊണ്ടുവരുന്ന ഇത്തരം സ്ത്രീകൾക്ക് ഇന്ത്യയിൽ വില വളരെ കുറവാണ്. വിദ്യാഭ്യാസവും സൗന്ദര്യവും ഉള്ള ധാരാളം പരിഷ്കൃതവനിതകളെ വളരെ വിലകുറച്ച് ലഭിക്കുമ്പോൾ ഈ നാടൻ പെൺകൊടികളെ ആര് ഗൗനിക്കാനാണ്. ഈ നാട്ടിൽ വരുന്നവരെല്ലാം അടിമപ്പെണ്ണുങ്ങളെ വാങ്ങുക പതിവാണ്." (പേജ് 211)

5. "നാൽപത് ദിവസത്തെ വ്രതത്തിനു ശേഷം ഞാൻ വിശ്രമിക്കുകയായിരുന്നു. ആ സന്ദർഭത്തിലാണ് സുൽത്താൻ കൊടുത്തയച്ച സമ്മാനങ്ങളുമായി രാജദൂതന്മാർ വന്നത്. ഏതാനും അടിമ പെൺകുട്ടികൾ, നല്ല കുതിര, കുറെ പട്ടുടയാടകൾ ഇവയൊക്കെയായിരുന്നു ആ സാധനങ്ങൾ." (പേജ് 213)

6. "ചൈനയിലെ ചക്രവർത്തി കൊടുത്തയച്ച സമ്മാനങ്ങൾ ആ ദൗത്യസംഘം സുൽത്താന്റെ മുമ്പിൽ കൊണ്ടുവന്നു. സ്ത്രീ പുരുഷന്മാരടക്കം നൂറ് അടിമകൾ, ഗായികകളും നർത്തകികളും ആയി നൂറ് ഹിന്ദു വനിതകൾ, ഓരോരുത്തർക്കും ഭംഗിയേറിയ വർണാങ്കിതമായ നൂറ്പട്ടുകൾ, നൂറ് സലാഹിയ വസ്ത്രങ്ങൾ, നൂറ് ഷാൻബാഹ് തുണികൾ, പലനിറത്തിലുള്ള അഞ്ഞൂറ് കാശ്മീർ ഷിരിൻബാഹ് വസ്ത്രങ്ങൾ, രോമവസ്ത്രങ്ങൾ, പത്ത് വാളുകൾ, സ്വർണം, വെള്ളി തുടങ്ങിയവയാൽ ഉണ്ടാക്കിയ നിരവധി പാത്രങ്ങളും മറ്റു കൗതുക വസ്തുക്കളുമാണ് സുൽത്താൻ ചൈനയിലെത്തിക്കുവാനേല്പിച്ച സമ്മാനസാധനങ്ങൾ.

” (പേജ് 214–215)

7. “പിന്നീട് ഞങ്ങൾ ചെന്നത് മർഹ് എന്ന പട്ടണത്തിലാണ്. ഇവിടത്തെ സ്ത്രീകൾ മദനലീലാവിലാസിനികളായ സുന്ദരികളാണ്. മറാത്ത, മാലദ്വീപ് എന്നിവിടങ്ങളിലെ സ്ത്രീകളും സൗന്ദര്യത്തിന്റെ കാര്യത്തിൽ ഇവരോടൊപ്പമെത്തും.” (പേജ് 225)

8. “ദൗലത്താബാദിലെ ജനങ്ങൾ മറാത്തികളാണ്. ഇവിടത്തെ സ്ത്രീകൾക്ക് ലാവണ്യവും താരുണ്യവും ഈശ്വരനറിഞ്ഞുതന്നെ കോരിച്ചൊരിഞ്ഞിട്ടുണ്ട്. അവരുടെ മൂക്കും പുരികവും അതീവ സുന്ദരമാണ്. കൗതുകകരമായ ആകാരവും മിഴിവും വടിവുമുള്ള അംഗങ്ങളും ഏറ്റവും മനോഹരമാണ്. കണവന്മാരുമായുള്ള സല്ലാപത്തിലും കൂട്ടുകെട്ടിലും അവർ വളരെ നിപുണതയും വാചാലതയും കാട്ടുന്നതിന് പുറമേ സംഭോഗാവസരങ്ങളിൽ കൃത്രിമമായ ചലനങ്ങൾ കൊണ്ട് കൂടുതൽ ആസ്വാദ്യത ഉണ്ടാക്കുന്നതിലും ഇവർ വിദഗ്ധകളാണ്. ഇത് കലാപരമായിത്തന്നെ നിർവഹിക്കുന്നതുകൊണ്ട് മറ്റൊരുകൂട്ടരും അവരെ അക്കാര്യത്തിൽ മറികടക്കുകയില്ല.” (പേജ് 227)

9. “എന്റെ സ്ത്രീകളും മറ്റും യാത്ര ചെയ്തിരുന്ന കപ്പൽ കൊല്ലം തുറമുഖത്ത് അടുക്കുന്നതാണെന്നും അതിനു മുമ്പ് അവിടെ എത്തുവാനൊത്താൽ അവരുമായി യാത്ര തുടരാനൊക്കുമെന്നും എന്റെ സുഹൃത്തുക്കൾ പറഞ്ഞതനുസരിച്ച് ഞാൻ കൊല്ലത്തേക്ക് പുറപ്പെട്ടു.” (പേജ് 238)

10. “കൂട്ടത്തിൽ എനിക്ക് കിട്ടിയ ഒരു സമ്മാനമായിരുന്നു സുന്ദരിയായ ഒരടിമപ്പെണ്ണ്. ലക്ഷ്മി എന്നായിരുന്നു അവളുടെ പേരെങ്കിലും ഞാൻ മുബാറക് എന്നാണ് വിളിച്ചിരുന്നത്. അവളുടെ ഭർത്താവ് ധാരാളം പണവുമായി മടക്കി ചോദിച്ചെങ്കിലും ഞാൻ കൊടുത്തില്ല.” (പേജ് 240)

11. “ഏതാനും നാൾ അവിടെ(ചാലിയത്ത്) താമസിച്ച ശേഷം കോഴിക്കോട്ടേക്ക് മടങ്ങി. അവിടെവെച്ച് എന്റെ രണ്ട് ദാസന്മാരെ കണ്ടുമുട്ടി. സ്ത്രീജനങ്ങളുടെ വിവരമറിയാനുള്ള എന്റെ ഉത്കണ്ഠ വർധിച്ചു. എന്റെ സുന്ദരിയും ഗർഭിണിയുമായ ഭാര്യയുടെ വിവരമാണാദ്യം അന്വേഷിച്ചത്. അവൾ മരിച്ചുവെന്ന ദുഃഖവാർത്തയാണ് കിട്ടിയത്. മറ്റുള്ള സ്ത്രീകളെ സുമാത്രയിലെ ഭരണാധിപൻ തട്ടിക്കൊണ്ടു പോയെന്നും അവർ പറഞ്ഞു.” (പേജ് 240)

12. “കാലക്കോത്തിൽ നിന്നും പത്തു ദിവസത്തെ യാത്രക്കു ശേഷം മാലദ്വീപിലെത്തി. ഇവിടത്തെ സ്ത്രീകൾ മാറുമറയ്ക്കാറില്ല. റാണിമാർ പോലും ഒറ്റമുണ്ടേ ഉടുക്കാറുള്ളു. വേലക്കാർക്ക് ചുരുങ്ങിയ കൂലിയേ ഉള്ളു. ഓരോ പണക്കാരന്റെ പുരയിടത്തിലും പത്തോ ഇരുപതോ ദാസിമാരുണ്ടായിരിക്കും. വിവാഹം കഴിക്കാൻ ഇവിടെ വളരെ എ

ളുപ്പമാണ്. വിവാഹസമയത്ത് സ്ത്രീകൾക്ക് കൊടുക്കേണ്ട സംഖ്യ തുലോം തുച്ഛമാണെന്നതു കൊണ്ടും ഭർത്താക്കന്മാരുടെ സുഖസംഭോഗത്തിന് സ്ത്രീകൾ ഇഷ്ടാനുസരണം തയ്യാറാണെന്നതു കൊണ്ടും കല്യാണം പ്രയാസമില്ലാതെ നടക്കുന്നു. കപ്പൽ യാത്രക്കാർ വന്നാൽ ഏതെങ്കിലും ഒരു സ്ത്രീയെ കല്യാണം കഴിക്കുകയും പോകുമ്പോൾ ഉപേക്ഷിക്കുകയും പതിവാണ്. ഞാൻ അവിടെനിന്ന് പല സ്ത്രീകളേയും കല്യാണം കഴിച്ചിട്ടുണ്ടെങ്കിലും അവരാരും എന്റെ കൂടെയിരുന്ന് ഭക്ഷണം കഴിച്ചിട്ടില്ല." (പേജ് 244)

13. "സൽക്കാരങ്ങൾ അവസാനിച്ചപ്പോൾ രാത്രി കുറെയായി. മന്ത്രി കൊട്ടാരത്തിലേക്കു പോയി. ഞാനദ്ദേഹത്തെ പിന്തുടർന്നു. അടുത്ത ദിവസം രാവിലെ എനിക്കൊരു സ്ത്രീയെ അയച്ചുതന്നു. ഇവളെ ഇഷ്ടപ്പെടുന്നുവെങ്കിൽ എടുത്തുകൊള്ളാനും അല്ലെങ്കിൽ മറ്റൊരു ദാസിയെ അയച്ചുതരാമെന്നും ഇവളെ കൊണ്ടുവന്ന ഉദ്യോഗസ്ഥൻ പറഞ്ഞു. മൂർഹത്തിയ്യ ദാസിയെയാണ് എനിക്കു പിടിച്ചതെന്ന് പറഞ്ഞപ്പോൾ അവളെ എനിക്ക് കൊടുത്തയച്ചു. അവളുടെ പേര് കുലസ്ഥാ എന്നായിരുന്നു. അവൾക്ക് പേർഷ്യൻ ഭാഷ വശമായിരുന്നതുകൊണ്ട് വളരെ സൗകര്യം തോന്നി. അംബരിയെന്ന പേരോടുകൂടിയ മറ്റൊരു സ്ത്രീയേയും എനിക്ക് അടുത്ത ദിവസം അയച്ചുതന്നു." (പേജ് 247–248)

14. "ശവ്വാൽ രണ്ടിന് സുലൈമാൻ നായിക്കിന്റെ മകളെ വിവാഹം ചെയ്യാൻ തീരുമാനിച്ചു. എന്നാൽ മുഹൂർത്തമായിട്ടും സുലൈമാനെ കണ്ടില്ല. ആളുകളെ വിട്ടന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി മകൾക്ക് സുഖക്കേടാണെന്നായിരുന്നു. ഇതുകേട്ടപ്പോൾ മന്ത്രി എന്നോട് മന്ത്രിച്ചു: 'പ്രായമെത്തിയ അവൾ ഈ കല്യാണത്തിനെതിരായതുകൊണ്ട് അവളുടെ അഭിപ്രായത്തിന് വിരുദ്ധമായി ഒന്നും ചെയ്യാനൊക്കുകയില്ലെന്ന്. അതിഥികൾ വരികയും സൽക്കാരത്തിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്ത നിലക്ക് മന്ത്രി ഒരു സൂത്രം ഉപദേശിച്ചു. രാജ്ഞിയുടെ വളർത്തമ്മയെ വിവാഹം ചെയ്യാനൊരുക്കമാണെങ്കിൽ കാര്യം ഉടൻ നടത്താമെന്നായിരുന്നു അത്. ഞാൻ സമ്മതിച്ചതനുസരിച്ച് മംഗളമായി ആ വിവാഹം നടന്നു." (പേജ് 249–250)

15. "ഖാസിയായതിന് ശേഷം ആദ്യത്തേതിന് പുറമേ മൂന്ന് മംഗല്യങ്ങളും കൂടി നടത്തി. മന്ത്രിയുടെ മകളേയും സുൽത്താൻ ശിഹാബുദ്ദീന്റെ ഭാര്യയായിരുന്ന സ്ത്രീയേയും വിവാഹം ചെയ്തു. മന്ത്രി നല്കിയിരുന്ന തോട്ടത്തിൽ മൂന്ന് ബംഗ്ലാവുകൾ പണിയിച്ചു. നാലാമത്തെ ഭാര്യ അബ്ദുല്ലാ മന്ത്രിയുടെ വളർത്തുപുത്രിയായിരുന്നു. അവൾ അവളുടെ വസതിയിൽ തന്നെയായിരുന്നു താമസം. അവളോടായിരുന്നു എനിക്കേറ്റവും സ്നേഹമുണ്ടായിരുന്നത്." (പേജ് 250)

16. "ഇവിടെ വെച്ച് ഞാൻ ചെയ്ത നാല് വിവാഹങ്ങളിൽ ഒരു സ്

ത്രീയെ വിവാഹമോചനം ചെയ്തു. ഗർഭിണിയായ മറ്റൊരുത്തിക്ക് ഒൻപതു മാസത്തിനകം ഞാൻ വന്നില്ലെങ്കിൽ വിവാഹം വേർപെടുത്തുവാനുള്ള അധികാരം അവൾക്കുതന്നെ കൊടുത്തു. ശിഹാബുദ്ദീൻ സുൽത്താന്റെ റാണിയായിരുന്ന എന്റെ മൂന്നാമത്തെ ഭാര്യയെ അവളുടെ സ്വദേശമായ മലൂക്കുദ്വീപിൽ പിതാവിന്റെ അടുക്കലാക്കാമെന്ന് തീരുമാനിച്ചു. ആദ്യ ഭാര്യയായ റാണിയുടെ സഹോദരിയുടെ അമ്മ എന്റെ കൂടെ വരുന്നത് തടയാൻ ദ്വീപുകാർ പല ശ്രമങ്ങളും നടത്തിനോക്കി. എന്നാൽ അവരുടെ ശ്രമങ്ങളൊന്നും ഫലിച്ചില്ല. അവൾ എന്റെ കൂടെത്തന്നെ യാത്ര പുറപ്പെടാൻ തീരുമാനിച്ചു. എന്റെ ഭാര്യക്ക് കപ്പൽ യാത്ര രുചിക്കായ്കകൊണ്ട് സുഖക്കേടുകൾ പിടിപെടുകയും തീരെ കിടപ്പിലാവുകയും ചെയ്തു. വീട്ടിലേക്ക് പോകണമെന്ന് അവൾ ആഗ്രഹം പ്രകടിപ്പിച്ചു. തന്മൂലം വിവാഹമോചനം ചെയ്ത് അവളുടെ ദ്വീപിലിറക്കിവിട്ടു. ഈ സംഗതി കാണിച്ച് ഞാൻ മന്ത്രിക്കൊരെഴുത്തയച്ചു. മന്ത്രിയുടെ അമ്മായിയമ്മയായിരുന്നു അവൾ. കാലം നിർണയിച്ച് നിർത്തിയിരുന്ന ഭാര്യയേയും ഉപേക്ഷിച്ചു. എനിക്കേറ്റവും അടുപ്പവും സ്നേഹവുമുണ്ടായിരുന്ന ഒരു ദാസിയുമായി ആ ദ്വീപിലിറങ്ങി ചുറ്റിക്കറങ്ങുകയും ചെയ്തു." (പേജ് 252-253)

17. "പിന്നീട് ഞങ്ങൾ മുലൂക്കുദ്വീപിലെത്തിച്ചേർന്നു. അവിടെ എഴുപത് ദിവസമാണ് താമസിച്ചത്. അതിനിടെ രണ്ട് സ്ത്രീകളെ കല്യാണം കഴിച്ചു." (പേജ് 253)

18. "സിലോണിൽ നിന്നും രാജാവിനോടു വിടപറഞ്ഞ് മലബാറിലേക്ക് കപ്പൽ കയറുമ്പോൾ കടൽ ശാന്തമായിരുന്നെങ്കിലും കുറേക്കഴിഞ്ഞപ്പോൾ ക്ഷോഭിച്ചു. രക്ഷപ്പെടാൻ വേണ്ടി ചില മരപ്പലകകൾ കപ്പൽ പണിക്കാർ വെള്ളത്തിലിറക്കി. ഞാനവയിലൊന്നിലേക്കിറങ്ങാനൊരുങ്ങിയപ്പോൾ 'ഞങ്ങളെ വിട്ടേച്ച് പോവുകയാണോ?' എന്ന് എന്റെ രണ്ട് സ്ത്രീകളും സ്നേഹിതന്മാരും ചോദിച്ചു. 'നിങ്ങളെ രക്ഷപ്പെടുത്തിയേ ഞാനിറങ്ങൂ' എന്നു പറഞ്ഞ് കൂട്ടുകാരെ രണ്ടുപേരെയും പലകയിലിറക്കി. എന്റെ ഏറ്റവും പ്രിയപ്പെട്ട ദാസി നല്ല നീന്തൽക്കാരിയായിരുന്നു. എന്റെ മറ്റേ സ്ത്രീയേയും സുഹൃത്തുക്കളേയും പലകയിലിരുത്തി. ഒരു കയർ കൊണ്ട് അതുകെട്ടി. കയറിന്റെ ഒരു തല കടിച്ചുപിടിച്ചുകൊണ്ട് അവൾ നീന്തി കരക്കടുത്തു." (പേജ് 261)

19. "ഞാനും കൂട്ടുകാരും ദാസിയും കുതിരപ്പുറത്ത് കയറി. മറ്റൊരുത്തിയെ പല്ലക്കിലാണ് എടുത്തിരുന്നത്. ഞങ്ങൾ ഹർക്കാത്ത് കോട്ടയിലെത്തി. ദാസികളെയും വേലക്കാരെയും അവിടെ നിർത്തി. രണ്ടാമത്തെ ദിനത്തിൽ രാജധാനിയിലേക്ക് പോയി." (പേജ് 262)

20. "അലാവുദ്ദീൻ മരിച്ചപ്പോൾ മരുമകനായ കുതുബുദ്ദീനാണ് സുൽത്താനായത്. ഇയാളുടെ നടപടി ദൂഷ്യവും സ്വഭാവവൈകല്യവും നിമി

ത്തം നാല്പതു ദിവസം കഴിഞ്ഞപ്പോൾ കൊല്ലപ്പെടുകയും ഗിയാസു ദ്ദീൻ ചക്രവർത്തിയാവുകയും ചെയ്തു. അദ്ദേഹത്തിന്റെ പത്നി സുൽ ത്താൻ ജലാലുദ്ദീന്റെ മകളായിരുന്നു. ആ സ്ത്രീയുടെ സഹോദരിയെ യാണ് ദൽഹിയിൽ വെച്ച് ഞാൻ കല്യാണം കഴിച്ചിരുന്നത്." (പേജ് 262)

21. "ഞാൻ ഫത്തനിൽ താമസിക്കുന്ന അവസരത്തിൽ സംഭോഗ വീര്യം വർധിപ്പിക്കുന്നതിനുള്ള ഒരുതരം ഗുളികകൾ ഗിയാസുദ്ദീന് ഒരു സിദ്ധൻ തയ്യാറാക്കി കൊടുത്തിരുന്നു. ഇവ കൂടുതൽ കഴിച്ചതു മൂലം അദ്ദേഹം രോഗിയായിത്തീർന്നു. അദ്ദേഹം ഫത്തനിൽ വന്നപ്പോൾ ഞാൻ സമ്മാനങ്ങളുമായി അദ്ദേഹത്തെ സന്ദർശിച്ചു... സുൽത്താൻ പ തിനഞ്ചു ദിവസം ഫത്തനിൽ താമസിച്ചശേഷം തലസ്ഥാനമായ മത്തു റയിലേക്ക് മടങ്ങി. പിന്നേയും പതിനഞ്ചു ദിവസം കഴിഞ്ഞാണ് ഞാൻ ഈ സ്ഥലത്തേക്ക് പോയത്.... കോളറ പടർന്നു പിടിച്ച് ധാരാളം ജന ങ്ങൾ മരിച്ചു കൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് ഞാൻ ഈ പട്ടണ ത്തിലെത്തുന്നത്. അവിടെ നിന്നും ആരോഗ്യവതിയായ ഒരു സ്ത്രീയെ ഞാൻ വാങ്ങി. പക്ഷേ, അവളും അടുത്ത ദിവസം മരിച്ചുപോയി.... കൊ ട്ടാരത്തിൽ ചെന്നപ്പോൾ അവിടെ നൂറുകണക്കിന് ദാസികളും അടിമ പെൺകുട്ടികളും മരിച്ചുകിടക്കുന്നതാണ് ഞാൻ കണ്ടത്." (പേജ് 264–265)

22. "മഹൽ ദ്വീപിലെ മന്ത്രി ജലാലുദ്ദീന്റെ മരണാനന്തരം മന്ത്രിയാ യ അബ്ദുല്ലാ ഖദീജാ റാണിയെ വിവാഹം ചെയ്തെന്നും ഗർഭിണിയാ യിരുന്ന എന്റെ സഹധർമിണി ഒരു ആൺകുട്ടിയെ പ്രസവിച്ചെന്നുമു ള്ള വിവരമറിഞ്ഞപ്പോൾ എന്റെ മകനെ കാണാനുള്ള താൽപര്യം ജനി ച്ചു." (പേജ് 266)

23. "വളരെ വലിയ ഒരു രാജ്യമാണു ബംഗാൾ. ഇവിടത്തെ പ്രധാ ന കൃഷി നെല്ലാണ്. അരി ഇത്രയും ആദായത്തിൽ ലഭിക്കുന്ന സ്ഥലം ലോകത്തൊരിടത്തും വേറെ കാണുകയില്ല. മുപ്പതു പെൺകൊടിയെ ഒരു സ്വർണദീനാറിനു വില്ക്കുന്നതു ഞാൻ കണ്ടു. അസുറ എന്ന പേ രോടുകൂടിയ ഒരു പെണ്ണിനെ ഈ വിലയ്ക്കു തന്നെ ഞാനവിടെനിന്നും വാങ്ങി. എന്റെ സ്നേഹിതന്മാർ രണ്ടു ദീനാറിനു ചുറുചുറുക്കുള്ള ഒരു പയ്യനെയാണു വാങ്ങിയത്."(പേജ് 267–329)

"ഇവാലത്താനിൽ അമ്പതു ദിവസം അവിടത്തെ ജനങ്ങളുടെ സൗ ഹൃദസൽക്കാരങ്ങളിൽ സുകൃതം പൂണ്ടു കഴിച്ചുകൂട്ടി.... ഇവിടത്തെ സ് ത്രീകൾ സൗന്ദര്യത്തിൽ അതിശയിപ്പിക്കുന്നവരാണ്. പുരുഷന്മാർക്കിട യിൽ അസൂയയില്ലെന്നു മാത്രമല്ല അവർ സ്ത്രീകളെ ബഹുമാനിക്കു കയും ചെയ്യുന്നു. പിതാക്കന്മാരുടെ സ്വത്തിന് ഇവർ അവകാശികളല്ല. അമ്മാവന്റെ താവഴിയാണിവർ പറയുക; അച്ഛന്റെയല്ല. ഇന്ത്യയിൽ മല ബാറിലൊഴിച്ചു മറ്റൊരിടത്തും ഇത്തരം ഒരു സംഗതി ഞാൻ കണ്ടിട്ടി

ല്ല. ഇവിടെയുള്ളവർ മുസ്ലിംകളും മലബാറിൽ അമുസ്ലിംകളുമാണെന്ന വ്യത്യാസം മാത്രമേയുള്ളൂ. ഇവിടെ മുസ്ലിം സ്ത്രീകൾ പുരുഷന്മാരെ കാണുമ്പോൾ നാണിക്കുന്ന പതിവില്ല. അവർ വളരെ സ്വതന്ത്രമായി പെരുമാറുന്നു. കല്യാണം കഴിക്കാൻ പ്രയാസമില്ലെങ്കിലും ഭാര്യമാരെ ഭർത്താക്കന്മാരുടെ കൂടെ അയക്കുന്ന പതിവില്ല."

"സ്ത്രീകൾക്ക് അവരുടെ കുടുംബാംഗങ്ങളെ കൂടാതെ സ്നേഹിതന്മാരും കൂട്ടുകാരും ഉണ്ടായിരിക്കും. അതുപോലെ പുരുഷന്മാർക്കും അവരുടെ കൂട്ടുകാരികളും സ്നേഹിതകളും ഉണ്ട്. തന്റെ ഭാര്യ അവളുടെ സുഹൃത്തിനെ സൽക്കരിച്ചു കൊണ്ടിരിക്കുന്നതു ഭർത്താവു കണ്ടുകൊണ്ടു വന്നാൽ തന്നെ അയാൾ ഒരെതിർപ്പും കാണിക്കാറില്ല. ഒരു ദിവസം അവിടത്തെ ഖാസിയുടെ വീട്ടിൽ ഞാൻ പോയി. അനുവാദം വാങ്ങി ഞാനദ്ദേഹത്തിന്റെ വീട്ടിൽ കടന്നുചെന്നപ്പോൾ ആകാരസുഷമയുള്ള ഒരു ചെറുപ്പക്കാരി സുന്ദരിയുമായി അദ്ദേഹം സല്ലപിച്ചിരിക്കുന്നതാണു കണ്ടത്. ഇതു കണ്ടപ്പോൾ ഞാൻ മടങ്ങിപ്പോരാൻ ഭാവിച്ചു. നാണം തോന്നുന്നതിനു പകരം സുന്ദരിയായ ആ പെണ്ണ് പരിഹാസത്തോടുകൂടി ചിരിച്ച് എന്നെ കളിയാക്കി. ഖാസി എന്നോടു പറഞ്ഞു: "എന്താണു നിങ്ങൾ പോകാൻ മുതിരുന്നത്? ഇവൾ എന്റെ സ്നേഹിതയാണ്. " എനിക്കവരുടെ പെരുമാറ്റത്തിൽ അത്ഭുതം തോന്നി. അദ്ദേഹം മതപണ്ഡിതനും തീർഥാടനത്തിനു പോകാൻ തയാറെടുത്തു നില്ക്കുന്ന ദേഹവുമാണ്. സുൽത്താന്റെ സമ്മതത്തോടുകൂടി താൻ തന്റെ കൂട്ടുകാരിയുമൊത്താണ് (ഏതു കൂട്ടുകാരിയാണാവോ) ഹജ്ജ് തീർഥാടനത്തിനു പോകാൻ അനുവാദത്തിന്നപേക്ഷിച്ചതെന്നും സുൽത്താൻ അനുവദിച്ചില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. (പേജ് 320–321)

"ഞാൻ തബാക്കയിലായിരുന്നപ്പോൾ വിദ്യാഭ്യാസമുള്ള സ്ത്രീയെ വാങ്ങണമെന്നു വിചാരിച്ചിരുന്നെങ്കിലും പറ്റിയവളെ കണ്ടുകിട്ടിയില്ല. കുറെ കഴിഞ്ഞപ്പോൾ അവിടത്തെ ഖാസിയുടെ സ്നേഹിതന്റെ വക സുന്ദരിയായ ഒരടിമയെ അദ്ദേഹം കൊടുത്തയച്ചു. ഇരുപത്തഞ്ച് മിശ്കാലിനാണു ഞാൻ വാങ്ങിയത്. ഈ കച്ചവടം റദ്ദാക്കി സ്ത്രീയെ മടക്കി കൊടുക്കണമെന്ന് അദ്ദേഹം കുറെ ദിവസം കഴിഞ്ഞാവശ്യപ്പെട്ടു. മറ്റൊന്നിനെ കാണിച്ചുതന്നാൽ തരാമെന്നു ഞാൻ സമ്മതിച്ചതനുസരിച്ച് അലി അഗുയൂൽ എന്നയാളുടെ ഒരടിമസ്ത്രീയെ വില്ക്കാനുണ്ടെന്നദ്ദേഹം പറഞ്ഞു. അവൾ ഇവളെക്കാൾ സുന്ദരിയായിരുന്നു. ഞാനതു വാങ്ങി. കുറെ ദിവസങ്ങൾക്കുശേഷം അവരേയും മടക്കിവാങ്ങാൻ വന്നെങ്കിലും ഞാൻ കൊടുത്തില്ല." (പേജ് 335–336)

ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമൂഹിക സമ്പ്രദായത്തിന്റെ ഒരേകദേശരൂപം മേലുദ്ധരിച്ച ബത്തൂത്തയുടെ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കാം. പ്രഭുക്കന്മാർക്കും അവരുടെ പന്തിയിലേക്കുയർന്നിരു

ന്ന പുരോഹിതന്മാർക്കും സമൂഹത്തിലെ ഈ ദുരവസ്ഥകൾ അവിരാമം അഴിഞ്ഞാട്ടം നടത്താനുള്ള സകല സുഖസജ്ജീകരണങ്ങളും തയാറാക്കിയിരുന്നു. ഇവയെ ശരിക്കും മുതലെടുക്കുകയാണു പണ്ഡിതന്മാരും പുരോഹിതന്മാരും നടത്തിയിട്ടുള്ളത്. ഇബ്നു ബത്തൂത്തയും ഇതിനൊരപവാദമായിരുന്നില്ല. ലൗകിക സുഖങ്ങൾ ആവോളം നുകരുകയും മദാന്ധമായ ഭോഗാലസ്യത്തിൽ തിമിർക്കുകയും ചെയ്തിരുന്ന പ്രഭുക്കളേയും പുരോഹിതന്മാരേയുമാണ് മുഹമ്മദ് തുഗ്ലക്ക് എന്ന സൽസ്വഭാവിയായ ഇന്ത്യൻ ചക്രവർത്തിക്കു നേരിടേണ്ടതായി വന്നത്. സമൂഹത്തിലെ ഈ കൊള്ളരുതായ്മകളെ ഉന്മൂലനം ചെയ്യാൻ പരിശ്രമിച്ച ആദർശശാലിയും സന്മാർഗിയുമായിരുന്നു സുൽത്താൻ. നിഷ്കൃഷ്ടമായി സദാചാര സന്മാർഗങ്ങൾ അനുഷ്ഠിച്ചുപോന്ന സുൽത്താൻ അന്നത്തെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുക സ്വാഭാവികമാണ്. അതാണ് അക്കാലത്തെ രേഖകൾ മുഴുക്കെ അദ്ദേഹത്തെ അപലപിക്കുന്നവയായിത്തീർന്നതും. ഈ വ്യത്യാസം മനസ്സിലാക്കാതെ ചരിത്ര പഠനം സുഗമമാവുകയില്ല.